# പഞ്ചതന്ത്രം

## മഹാകവി കുഞ്ചൻ നമ്പ്യാർ



Published by: http://hinduebooks.blogspot.com

# പഞ്ചതന്ത്രം

## മഹാകവി കുഞ്ചൻ നമ്പ്യാർ

**E-book Published By**
**http://hinduebooks.blogspot.com**
**November 2010**

# ഉള്ളടക്കം

**ആമുഖം** ........ **5**

**പഞ്ചതന്ത്രം കഥാരംഭം** ........ **8**

**പ്രഥമതന്ത്രം മിത്രഭേദം** ........ **12**

1. സഞ്ജീവകന്റെ യാത്ര ........ **12**

2. പിംഗലന്റെ ശങ്ക ........ **14**

3. വാനരാപായം ........ **16**

4. ജംബുകന്മാരുടെ ആമന്ത്രണം ........ **20**

5. ദമനകന്റെ നീതിസൂക്തം........ **25**

6. സിംഹവും വൃഷഭവും സ്നേഹബദ്ധരായത് ........ **31**

7. തങ്ങൾക്കു താനുണ്ടാക്കുന്ന തൃദോഷങ്ങൾ........ **33**

8. കാളസർപ്പത്തെ വധിപ്പിച്ച വായസങ്ങൾ........ **39**

9. മുയൽ സിംഹത്തെ സിദ്ധിപൂകിച്ചത്........ **43**

10. ദമനകന്റെ ഹിതം. ........ **46**

11. പ്രണയബദ്ധരായ മൂട്ടയും പേനും........ **53**

12. ദമനകൻ സഞ്ജീവകന്റെ മുമ്പിൽ ........ **54**

13. ഒട്ടകം ആപത്തിൽ ........ **60**

14. കുളക്കോഴിയും സമുദ്രവും തമ്മിലുള്ള കലഹം........ **65**

15. പിംഗളസഞ്ജീവകന്മാരുടെ യുദ്ധം ........................................ 70

16. സൂചിമുഖിയുടെ അപായം ........................................ 74

17. ധർമ്മബുദ്ധിയും ദുഷ്ടബുദ്ധിയും ........................................ 75

18. കുട്ടിയും ഇരുമ്പുകട്ടിയും ........................................ 80

19. പിംഗലകന്റെ പശ്ചാത്താപം ........................................ 82

**ദ്വിതീയതന്ത്രം മിത്രലാഭം ........................................ 85**

1. കാക്ക, ആമ മുതലായവരുടെ ബന്ധുത്വം ........................................ 85

2. ഭിക്ഷുമഠത്തിൽ എലിക്കു സംഭവിച്ചത് ........................................ 93

3. അന്യമായിട്ടൊരു കാരണം (സ്ത്രീ എള്ളുകൊടുത്ത് എള്ളുമേടിച്ചത്) ........................................ 94

4. ഘോരപാശത്തിൽ പതിപ്പാൻ എന്തു കാരണം? ........................................ 100

5. ബന്ധു എന്ന രണ്ടക്ഷരം ........................................ 103

**തൃതീയതന്ത്രം സന്ധിവിഗ്രഹം ........................................ 107**

1. തദ്വിധന്മാരെച്ചെറ്റും വിശ്വസിക്കരുത്. ........................................ 107

2. നാവടക്കുവാൻ കഴിയാത്തതു കൊണ്ടുള്ള ദോഷം ........................................ 114

3. ദന്തിരാജനക്കൊണ്ടുകൂട്ടത്തെ പിരിപ്പിച്ചത് ........................................ 116

4. പക്ഷിയും ശശകനും അന്തികേ ചെന്നനേരം ........................................ 118

5. ചെണ്ടകൊട്ടിച്ചു നമ്മെക്കഷ്ടം അങ്ങാടിക്കാരൻ ........................................ 122

6. ഉത്തരം നമുക്കിപ്പോളാശ്രിതത്രാണം തന്നെ ........................................ 124

7. മൂഷികസ്ത്രീയും മഹർഷിയും.................................................... 126

8. രിപുക്കളെ സ്കന്ധത്തിൽ വഹിച്ചീടാം...................................... 130

**ചതുർത്ഥതന്ത്രം ലബ്ധനാശനം ....................................................... 134**

1. വനവിടപിയുടെമുകളിൽ മമഹൃദയം........................................... 134

2. ശിവശിവ! കിമിതി വദതി ചപലഹൃദയൻ ഭവാൻ?.................... 138

**പഞ്ചമതന്ത്രം അസംപ്രേക്ഷ്യകാരിത്വം ............................................ 142**

1. അന്തണശ്രേഷ്ഠനു കീരിമൂലം യഥാ ........................................... 142

2. മനോരാജ്യം ഏറെ തുടങ്ങരുത്...................................................... 143

3. ദ്രവ്യമില്ലാഞ്ഞു ദുഃഖിക്കവേണ്ടാ ഭവാൻ .................................... 146

# ആമുഖം

പാടലീപുത്രം എന്ന മഹാനഗരത്തിൽ വിദ്യാസമ്പന്നനും, വീര്യവാനും ഇന്ദ്രസദൃശനുമായ സുദർശനൻ എന്നു പ്രസിദ്ധനായ ഒരു രാജാവുണ്ടായിരുന്നു. സൽക്കർമ്മ നിരതനായ അദ്ദേഹത്തിന് തന്റെ സുകൃതഫലങ്ങളെ ന്നോണം എട്ടോ പത്തോ പുത്രന്മാരുണ്ടായിരുന്നു. എന്നാൽ ആ മഹാരാജാവിന്റെ പുത്രന്മാരെല്ലാം സുഖലോലുപരും, വിദ്യാവിമുഖരും ദുർമാർഗസഞ്ചാരികളുമായി ജീവിതം കഴിച്ചുവന്നു. ഭാഗ്യശാലിയാണെങ്കിലും ആ മഹാരാജാവിനെ പുത്രന്മാരുടെ വിദ്യാവിമുഖത, മന്ദഭാഗ്യനും, ദുഃഖിതനു മാക്കിത്തീർത്തു. വിദ്യയും, വിവേകവും, നീതിയും, വിനീതിയും, സന്ധിവിഗ്രഹാദികളും മനസ്സിലാക്കാത്ത രാജകുമാരന്മാരെക്കൊണ്ട് എന്തു ഫലമാണുള്ളത്, ഗർഭമുണ്ടാകാത്ത പശുവിനെ വളർത്തുമ്പോലെ നിഷ്ഫല മാണല്ലോ, ദുർഗുണമുള്ള പുത്രന്മാരെ വളർത്തിയെടുക്കു ന്നത്, തന്റെ പുത്രന്മാർക്ക്, നീതിശാസ്ത്രമുപദേശിച്ച് പുനർജന്മം കൊടുക്കുവാൻ കരുത്തനായ ഒരാചാര്യനെ എവിടെക്കിട്ടും, എന്നെല്ലാം വിലപിച്ച് കഴിഞ്ഞുകൂടുമ്പോൾ, ഒരു നാൾ സോമശർമ്മാവെന്ന് പേരുള്ളവനും, നീതി ശാസ്ത്രത്തിന്റെ മറുകരകണ്ടവനുമായ വിശിഷ്ടബ്രാഹ്മണൻ, രാജാവിനെ സമീപിച്ച് വിനീതനായി പറഞ്ഞു.

'മഹാരാജാവേ, അങ്ങ് വിഷമിക്കേണ്ട, ഞാൻ ആറു മാസത്തിന്നകം അങ്ങയുടെ പുത്രന്മാരെ, നീതിശാസ്ത്രം മുഴുവൻ പഠിപ്പിച്ചേക്കാം. അങ്ങയുടെ പുത്രന്മാർ ഉന്നതന്മാരും ഉത്തമന്മാരുമായിത്തീരും. പുത്രന്മാർക്ക് അപ്രകാരമുള്ള പരിവർത്തനം ആറുമാസത്തിനകം വരാത്ത പക്ഷം അങ്ങ് എന്നെ നാടുകടത്തിയാലും'.

സോമശർമ്മാവിന്റെ വാക്കുകേട്ട രാജാവ്, അത്യധികം സന്തോഷിച്ചു. അദ്ദേഹം അന്നുതന്നെ പുത്രന്മാരെ അയാളുടെ പക്കൽ വിദ്യാഭ്യാസത്തിനായി ഏല്പിച്ചു കൊടുത്തു. രാജ്യതന്ത്രത്തിൽ അതിപ്രധാനഘടകങ്ങളായ മിത്രഭേദം, സുഹൃല്ലാഭം, സന്ധിവിഗ്രഹം, ലബ്ധനാശനം, അസംപ്രേക്ഷ്യകാരിത്വം എന്നീ അഞ്ചു തന്ത്രങ്ങളും കുമാരന്മാരെ അദ്ദേഹം അതിവേഗം മനസ്സിലാക്കി. സരസമായ കഥകൾ വഴി രാജകുമാരന്മാരുടെ മനസ്സിൽ ആഞ്ഞുപതിക്കത്തക്കവണ്ണം പ്രതിപാദിക്കുന്ന ബോധന രീതിയാണ് സോമശർമ്മവ് സ്വീകരിച്ചത്. തന്മൂലം രാജകുമാരന്മാർക്ക് നീതിശാസ്ത്രത്തിൽ അഭിരുചിയും അവഗാഹവും സിദ്ധിച്ചു. സോമശർമ്മാവ് വാഗ്ദത്തം ചെയ്തപോലെ രാജകുമാരന്മാർ ആറുമാസത്തിനകം ഉന്നതന്മാരും ഉത്തമന്മാരുമായിത്തീർന്നു. സരസങ്ങളും, രാജ്യതന്ത്രപ്രധാനങ്ങളും, ലോകപ്രസിദ്ധങ്ങളുമായ ആ കഥകളാണ് 'പഞ്ചതന്ത്രകഥകൾ' എന്ന് പ്രഖ്യാത മായിട്ടുള്ളത്.

ഇതിലെ കഥാപാത്രങ്ങൾ പക്ഷിമൃഗാദികളാണെന്നുള്ളതാന് ഇതിന്റെ മറ്റൊരു പ്രത്യേകത. സംസ്കൃതത്തിൽ വിരചിച്ച ഈ അമൂല്യഗ്രന്ഥത്തെ തുള്ളൽ പാട്ടുകളായി അവതരിപ്പിച്ച് കൈരളിയുടെ ഈടുവെയ്പിലേക്ക് സംഭാവന ചെയ്തിട്ടുള്ളത് മഹാകവി കുഞ്ചൻ നമ്പ്യാരത്രേ.

അധികവും പക്ഷിമൃഗാദികളുടെ കഥയായ 'പഞ്ചതന്ത്ര'ത്തിൽ നിന്ന് ജീവിതോപയോഗിയായ പലതും പഠിക്കുവാനുണ്ട്. അതാണ് ഈ കഥകളെ ലോകപ്രസിദ്ധങ്ങളാക്കീട്ടുള്ളതും. മനുഷ്യരുടെ വിഭിന്ന സ്വഭാവങ്ങൾ, ജീവിതവിജയത്തിനാവശ്യമായ നയങ്ങൾ, രാജ്യം ഭരിക്കേണ്ടവർ അനുസരിക്കേണ്ട തന്ത്രങ്ങൾ

എന്നിങ്ങനെ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അനായാസമായും സരസമായും ഈ കഥകളിൽ പ്രതിപാദിച്ചിരിക്കുന്നു. രാജ്യം ഭരിക്കുന്നവർ പ്രത്യേകം ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് അനുപേക്ഷണീയമാണ്.

'അധീതേ യ ഇദം നിത്യം നീതിശാസ്ത്രം ശൃണോതി ച
ന പരാഭവമാപ്നോതി ശക്രാദപി കദാചന'

(ഈ നീതിശാസ്ത്രം പാരായണം ചെയ്യുകയും കേൾക്കുകയും ചെയ്യുന്നവന് ഒരിക്കലും, ദേവേന്ദ്രനിൽ നിന്നുകൂടി, പരാജയം ഏൽക്കുകയില്ല) എന്ന് ഗ്രന്ഥത്തിന്റെ മൂലകർത്താവു തന്നെ ഇതിന്റെ പ്രയോജനത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. വിശിഷ്യ സന്മാർഗോപദേശപരമായ ഗുണപാഠങ്ങളുടെ വിളനിലമാണ് ഈ കൊച്ചുഗ്രന്ഥം. അതുകൊണ്ടുതന്നെ മറ്റെല്ലാ കഥാസമാഹാരങ്ങളെക്കാൾ സമാരാദ്ധ്യമായിരിക്കുന്ന ഈ ഭാരതീയകൃതി ലോക മൊട്ടുക്കും മാനിക്കപ്പെടുന്നുവെന്നുള്ളത് നമുക്കഭി മാനകരമാണ്. എങ്കിലും തക്കവിധം ഇതിന്റെ മാഹത്മ്യം മനസ്സിലാക്കി നമ്മുടെ യുവതലമുറ ഇതു പാരായണം ചെയ്യുന്നുണ്ടോ എന്ന് സംശയമാണ്. അവിടവിടെ ചിലത് ഊന്നിപ്പറയുക മാത്രം പോരാ. നമ്മുടെ വിദ്യാർത്ഥികൾ ലോകമാകമാനം ഇതിനെ ഹൃദിസ്ഥമാക്കുന്നത് ഏറ്റവും പ്രയോജനകരമായിരിക്കുമെന്നത് സംശയരഹിതമാണ്.

# പഞ്ചതന്ത്രം കഥാരംഭം

പഞ്ചമരാഗം കൊണ്ടു പാട്ടുകൾ പാടുന്നൊരു
പഞ്ചവർണ്ണിനിക്കിളിപ്പെൺമണിമാണിക്കമേ!
പഞ്ചസാരയും, തേനും, പായസം, ഗുളങ്ങളും
പഞ്ചമെന്നിയേ തരുന്നുണ്ടു ഞാനെടോ ബാലേ
പഞ്ചതന്ത്രമാം മഹാനീതിശാസ്ത്രത്തെസ്സുഖം
പഞ്ചധാ വിഭാഗിച്ചു പാട്ടു പാടുകവേണം
എന്നതുകേട്ടു കിളിപ്പെൺ കിടാവുര ചെയ്താൾ
എന്നുടെ ഗുരുക്കന്മാർ അന്തണപ്രവരന്മാർ
മന്നിടം തന്നിലവരീശ്വരന്മരായതും
സന്നതന്മാർക്കു വരം നൽകുവാനാളായതും
അങ്ങനെയുള്ള മഹാബ്രാഹ്മണപ്രസാദത്താൽ
എങ്ങുമേ ഭംഗം കൂടാതിന്നു ഞാനുരചെയ്യാം,
ശ്രീമനു, ബൃഹസ്പതി, ശുക്രനും വേദവ്യാസൻ
ധീമതാം വരൻ വിഷ്ണുഗുപ്തനാം ചാണക്യനും
മാമുനി പരാശരൻ മറ്റുള്ള ബുധന്മാരും
സാമദാനാദിനീതിശാസ്ത്രകർത്താക്കളല്ലോ.
അജ്ജനങ്ങളെയെല്ലാം അഞ്ജലി കൂപ്പിക്കൊണ്ടു
സജ്ജനപ്രസാദത്താൽ ശാസ്ത്രമൊന്നുരചെയ്യാം.
ഗ്രന്ഥവിസ്താരേ ഭയമുള്ള ബാലകന്മാർക്കും
അന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും
ചന്തമോടറിവാനായ് പഞ്ചതന്ത്രാഖ്യം നീതി
ഗ്രന്ഥതാല്പര്യം കിഞ്ചിൽ ഭാഷയായ് ചൊല്ലീടുന്നേൻ.
പാടലാധരിമാർക്കു കേളിസാങ്കേതസ്ഥാനം
പാടലീപുത്രമെന്നു നാമമാം മഹാപുരം
വാടകൾ കിടങ്ങുകൾ വാടികളങ്ങാടികൾ
നാടകാഗാരങ്ങളും നഗരസ്ഥാനങ്ങളും
ഹാടകാലയങ്ങളും ഹസ്തിമന്ദിരങ്ങളും
മാടവും മഹാമണിമേടകൾ മഠങ്ങളും

മാടുകൂടുകൾ മണിതോരണശ്രേണികളും
തോടുകൾ നദികളും കൂപങ്ങൾ കുളങ്ങളും
കേടുകൾ കൂടാതുള്ള കേളിസൗധാദികളും
കോട്ടകൾ നിറഞ്ഞുള്ള കേരവും ക്രമുകവും
വീടുകൾ തോറുമുള്ള ധാന്യസംഭാരങ്ങളും
ശൈവമന്ദിരം വിഷ്ണുക്ഷേത്രവും ദുർഗ്ഗാലയം
ദേവതാഗേഹം ബഹുബ്രാഹ്മണാഗാരങ്ങളും
ഏവമുള്ളൊരു മഹാരാജമന്ദിരംതന്നിൽ
ദേവനായകോപമൻ ഭൂപതിസുദർശനൻ
(വീര്യവാൻ വിദ്യാശാലി വിത്തവാൻ വിവേകവാൻ)
കാര്യസാരജ്ഞൻ പ്രാജ്ഞൻ കാമസന്നിഭാകാരൻ
താമസിക്കാതെയോരോ സൽക്കർമ്മം ദിനേദിനേ
ഭൂമിദേവന്മാരെക്കൊണ്ടാദരാൽ ചെയ്യിപ്പിച്ചു.
എന്നതിൻ മൂലം മഹാഭാഗ്യവാൻ മഹീപാലൻ
നന്ദനന്മാരെ ലഭിച്ചീടിനാനെട്ടോ പത്തോ
നന്ദനന്മാർക്കു ചെറ്റും വിദ്യയില്ലായ്ക മൂലം
മന്ദഭാഗ്യൻ ഞാനെന്നു ദുഃഖിച്ചു സുദർശനൻ
ചിന്തിച്ചു മനക്കാമ്പിൽ വിദ്യയും വിവേകവും
സന്ധിവിഗ്രഹാദിയും നീതിയും വിനീതിയും
സന്തതം ഗ്രഹിക്കാതെ പുത്രരെക്കൊണ്ടു കാര്യ-
മെന്തുള്ളു ശരീരികൾക്കെത്രയും പാരം കഷ്ടം!
ഗർഭമുണ്ടാകാതുള്ള ഗോവിനെ വളർത്തുന്ന
ദുർഭഗന്മാർക്കു ഫലമെന്തഹോ വിചാരിച്ചാൽ?
ഘോരമാം രോഗം പോലെ ക്രൂരമാം വിഷം പോലെ
ദാരുണൻ മഹാപാപി തൻ കുലം മുടിച്ചീടും
യൗവനം കാമം ദ്രവ്യപ്രാഭവം മൂഢത്വവും
ദുർവിധം ചതുർവിധം നാശകാരണം നൃണാം
എന്നതിലനർത്ഥത്തിനൊന്നുമാത്രമേ പോരൂ;
പിന്നെയെന്തിനു നാലുമേകനിൽ സ്വരൂപിച്ചാൽ.
നമ്മുടെ മക്കൾക്കിപ്പോൾ ധർമ്മബുദ്ധിയുമില്ല

നിർമ്മലവിവേകവും നീതിശാസ്ത്രവുമില്ല
ദുർമാർഗ്ഗങ്ങളിൽ മനസ്സുണ്ണികൾക്കെല്ലാവർക്കും
വെൺമയിലുണ്ടു താനുമെന്തു ഞാൻ ചെയ്യേണ്ടുന്നു?
ആരുവാനൊരു ശാസ്ത്രി ബ്രാഹ്മണനത്ര വന്നു
ചാരുവാം നീതിശാസ്ത്രമിവരെബ്ബോധിപ്പിച്ചു
സാരമാം പുനർജ്ജന്മമിവർക്കു സമ്പാദിപ്പാൻ
ധീരനായ് വരാനിന്നിപ്പരിടം തന്നിലിപ്പോൾ.

ഭൂമിപൻ സുദർശനൻ ഇങ്ങനെ വിചാരിച്ചു
ഭാമിനിമാരോടൊന്നിച്ചാദരാൽ മേവും കാലം
സോമശർമ്മാവെന്നൊരു ഭൂമിദേവാഗ്രേസരൻ
(സൗമ്യവാൻ വേദപ്രിയൻ നീതിശാസ്ത്രാംഭോനിധി
വിശ്രുതൻ ബൃഹസ്പതിസന്നിഭൻ) തത്ര വന്നു.
വിശ്രമിച്ചരചനോടിങ്ങനെ ചൊല്ലീടിനാൻ:–
മന്നവ! കേൾക്ക ഭവനാറുമാസത്തിൻ മുമ്പേ
നിന്നുടെ സുതന്മാർക്കു നീതിശാസ്ത്രങ്ങളെല്ലാം
ഒന്നൊഴിയാതെകണ്ടു സാദരം ഗ്രഹിപ്പിക്കാ
മുന്നതന്മാരായവരുത്തമന്മാരായും വരും.
എന്നതു വന്നില്ലെങ്കിലെന്നെ നീ നിന്റെ രാജ്യം
തന്നിൽ നിന്നാട്ടിപ്പുറത്താക്കുകേ വേണ്ടൂ നൃപ!
എന്നതുകേട്ടു നൃപൻ നിർഭരം പ്രസാദിച്ചു
തന്നുടെ തനൂജവൃന്ദങ്ങളെ വിളിച്ചുടൻ
സോമശർമ്മാഖ്യദ്വിജശ്രേഷ്ഠന്റെ സമീപത്തു
താമസം വിനാപറഞ്ഞാക്കിനാൻ വിദ്യാഭ്യാസേ.
സോമശർമ്മാവും മുദാ രാജനന്ദനന്മാരെ
സ്സാമദാനാദിശ്രീമന്നീതിശാസ്ത്രങ്ങളെല്ലാം
സാദരം ഗ്രഹിപ്പിപ്പാനാശു താനാരംഭിച്ചു
സല്ക്കഥാകഥനമെന്നുള്ളൊരു മാർഗ്ഗത്തൂടേ.
പഞ്ചതന്ത്രങ്ങളെല്ലാം പാർത്ഥിവന്മാർക്കു ധർമ്മം
അഞ്ചിലും പ്രധാനമായുള്ളൊന്നു മിത്രഭേദം,

നല്ലൊരു സുഹൃല്ലാഭമെന്നതു രണ്ടാം തന്ത്രം
ചൊല്ലുവൻ പിന്നെ സന്ധിവിഗ്രഹം മൂന്നാം തന്ത്രം,
ലബ്ധനാശമെന്നല്ലോ ചൊല്ലുന്നു നാലാം തന്ത്രം,
സിദ്ധമാമസമ്പ്രേക്ഷ്യകാരികത്വമഞ്ചാം തന്ത്രം.

# പ്രഥമതന്ത്രം മിത്രഭേദം

## 1. സഞ്ജീവകന്റെ യാത്ര

എങ്കിലോ പണ്ടു മഹാസിംഹവും വൃഷഭവും
തങ്ങളിൽച്ചേർന്നു മഹാസ്നേഹമായ് വാഴും കാലം
ഏഷണിക്കാരനേകൻ ജംബുകൻ ചെന്നുകൂടി
ദൂഷണം പറഞ്ഞവർ തങ്ങളിൽ ഭേദിപ്പിച്ചു
ധൃഷ്ടനാം ക്രോഷ്ടാവിനെ ജംബുകനെന്നും ചൊല്ലും
സ്പഷ്ടമാക്കേണമെങ്കിലായവൻ കറുനരി.
ഇക്കഥാവിശേഷത്തെ വിസ്തരിച്ചുരചെയ്തു
കേൾക്കേണമെന്നു നൃപനന്ദനന്മാരും ചൊന്നാർ.
ഉണ്ടുപോൽ മഹീതലേ മഹിളാരോപ്യമെന്നു
പണ്ടുപണ്ടുള്ളപുരം ദക്ഷിണരാജ്യം തന്നിൽ
വർദ്ധമാനനെന്നൊരു വ്യാപാരി ചെട്ടിശ്രേഷ്ഠൻ
വർദ്ധിതദ്രവ്യൻ ഭവ്യൻ തത്ര പണ്ടുണ്ടായിപോൽ.
വിത്തസമ്പത്തുകൊണ്ടു വിത്തനാഥനെപ്പോലും
ചിത്തത്തിലൊരു ബഹുമാനവുമവനില്ല
തദ്ധനങ്ങൾക്കു ചെറ്റു സംഖ്യയില്ലെന്നാകിലും
വർദ്ധനം വ്യാപാരങ്ങൾക്കൊട്ടുമേ കുറവില്ല.
അങ്ങനെ വേണം താനും അർത്ഥമുണ്ടായാലതും
തങ്ങളേ യത്നം ചെയ്തു വർദ്ധിതമാക്കീടേണം.
മുന്നമേ ലഭിക്കാതുള്ളർത്ഥങ്ങൾ ലഭിക്കേണം
പിന്നെയും ലഭിച്ചതു സാദരം രക്ഷിക്കേണം
രക്ഷിതധനം പിന്നെസ്സന്തതം വർദ്ധിപ്പിച്ചു.
തത്ക്ഷണം സല്പാത്രങ്ങൾക്കർപ്പണം ചെയ്തീടേണം
രക്ഷണം ചെയ്തില്ലെന്നാൽ തൽക്ഷണം നശിച്ചീടും
ലക്ഷണമതിന്നു കർപ്പൂരമെന്നറിഞ്ഞാലും.
കർപ്പൂരം മുളകുമിട്ടിങ്ങനെ സൂക്ഷിക്കാഞ്ഞാ–

ലെപ്പോഴെന്നറിയാതെ നാസ്തിയാമെന്നേ വേണ്ടൂ
പെട്ടിയിൽ ധനം പൂട്ടിക്കെട്ടിയിങ്ങിരിക്കയും
പട്ടിണിയിട്ടുകൊണ്ടുതാനങ്ങു കിടക്കയും
യഷ്ടികൾക്കല്ലാതതു തോന്നുമോ കഷ്ടം കഷ്ടം!
ചെട്ടികൾക്കതുചിതമല്ലെടോ ബാലന്മാരേ!
അർത്ഥമുണ്ടായാലതുകൊണ്ടനുഭവിക്കാഞ്ഞാൽ
അർത്ഥമുള്ളോനുമിരപ്പാളിയുമൊരുപോലെ.
ബുദ്ധിമാനായുള്ളൊരു ധനവാൻ ധനങ്ങളിൽ
പത്തിലൊന്നർത്ഥികൾക്കു ദാനവും ചെയ്തീടേണം.
സൽക്കാരവ്യയം തന്നെ രക്ഷണം ദ്രവത്തിനെ
ന്നുൾക്കാമ്പിലെല്ലാവർക്കും ബോധമുണ്ടായിടേണം.
വട്ടമുള്ളോരു കുളമെങ്കിലും ജലം വന്നു
കെട്ടി നിൽക്കുമ്പോൾ തീരം പൊട്ടി വാർന്നൊക്കെ പോകും.
ഓവുവച്ചതിൽക്കൂടി വാർത്തുവാർത്തിരുന്നാകിൽ
പോകയില്ലതിലുള്ള വെള്ളമെന്നറിയേണം.
എന്നതുപോലെ മഹാബുദ്ധിമാൻ വർദ്ധമാനൻ
പിന്നെയും ധനമാർജ്ജിക്കേണമെന്നുറച്ചവൻ
ചാടുമുണ്ടാക്കി ദ്രവ്യമായതിലേറ്റിക്കൊണ്ടു
നാടുകൾ തോറും ചെന്നു വ്യാപാരം ചെയ്തീടുവാൻ
നന്ദിപൂണ്ടുതൻ പുറപ്പെട്ടിതു ചെട്ടിശ്രേഷ്ഠൻ
നന്ദനന്മാരെ ദേഹരക്ഷണത്തിനുമാക്കി
നന്ദികൻ സഞ്ജീവകനിങ്ങനെ നാമത്തോടെ
നന്ദികൾ തനിക്കു രണ്ടുണ്ടിഹ മുമ്പേ തന്നെ.
നന്ദികളെന്നുചൊന്നാൽ കാളകളെന്നു നൃപ–
നന്ദനന്മാരെ! നിങ്ങൾക്കർത്ഥമുണ്ടായീടേണം.
മന്ദമെന്നിയേ രണ്ടുനന്ദിവീരന്മാരെയു
മൊന്നിച്ചു ശകടത്തിൽ ബന്ധിച്ചു താനുമേറി
ഘോരമാം കാന്താരത്തിൽപ്പുക്കുടൻ ഗമിക്കുമ്പോൾ
ഭാരത്തെവലിച്ചുകൊണ്ടോടുന്ന കൂറ്റന്മാരിൽ
സാരമാം സഞ്ജീവകൻ തന്നുടെ പാദം തന്നിൽ

ക്രൂരമാം പാഷാണം വന്നടിച്ചുകാലുപൊട്ടി
പെട്ടെന്നു മഹീതലേ വീണപ്പോൾ വർദ്ധമാനൻ
കെട്ടഴിച്ചങ്ങുവിട്ടുകാട്ടിലങ്ങൊരുദിക്കിൽ
വെള്ളവും പുല്ലും നല്കി രക്ഷിപ്പാൻ ഭൃത്യന്മാരെ-
യുള്ളതിൽ നാലുപേരെപ്പാർപ്പിച്ചു പതുക്കവേ
ഒറ്റയായ് ചമഞ്ഞൊരുകൂറ്റനെക്കൊണ്ടും തന്റെ
മറ്റുള്ള ഭൃത്യന്മാരെക്കൊണ്ടുമശ്ശകടത്തെ
തെറ്റെന്നു വലിപ്പിച്ചു തൻപുരന്തന്നിൽച്ചെന്നു-
പറ്റിയെന്നതേവേണ്ടൂ പാരമാധിയും പൂണ്ടു
കാളയെ രക്ഷിപ്പാനായ്പാർക്കുന്ന ഭടന്മാരും
കാനനം കണ്ടുപേടിച്ചൊക്കവേ മാറിപ്പോന്നു
കാളയും ചത്തുപോയെന്നുള്ളൊരു ഭോഷ്കുണ്ടാക്കി
നീളവേ നടന്നുകൊണ്ടായവർ വീട്ടിൽപ്പുക്കു.

അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം
സുരക്ഷിതം ദൈവഹതം വിനശ്യതി
ജീവത്യനാഥോപി വനേ വിസർജ്ജിതഃ
കൃതപ്രയത്നോപി ഗൃഹേ ന ജീവതി

## 2. പിംഗലന്റെ ശങ്ക

ജീവശേഷത്തിൽ പ്രഭാവം കൊണ്ടു സഞ്ജീവകൻ
ജീവിച്ചു പതുക്കവേ പാദവും നേരായ് വന്നു
വെള്ളവും നല്ലപുല്ലും തണുപ്പുമുള്ള കാട്ടിൽ
വെള്ളെരുതായുള്ളവൻ വെള്ളിമാമലപോലെ
മുഷ്കരൻ നടന്നങ്ങു മുക്കുറയിടുന്നേരം
ദിക്കുകൾ മുഴങ്ങുന്നു ജന്തുക്കൾ പേടിക്കുന്നു.
അക്കാലമൊരു സിംഹം പിംഗലകാഖ്യൻ മഹാ-
വിക്രമനിഹഘോരൻ വിശ്വവിശ്രുതൻ വീരൻ

അക്കാട്ടിന്നധിപതി വക്കാണക്കാരൻ തത്ര
പൊക്കമേറുന്ന ഗിരിഗഹ്വരേ മേവീടുന്നു.
സ്നാനവുമില്ല തത്ത്വജ്ഞാനവുമില്ല വിഷ്ണു–
ധ്യാനവുമില്ല വിദ്യാഭ്യാസവുമില്ലെന്നാലും
വിക്രമം കൊണ്ടു വിശ്വം ജയിച്ചു വിപിനത്തിൽ
ചക്രവർത്തിയായ് വന്നു കേസരിപ്രവരന്താൻ
ഹസ്തങ്ങൾ കൊണ്ടു മഹാഹസ്തിവീരന്മാരുടെ
മസ്തകം കുത്തിപ്പിളർന്നസ്തശങ്കമാം വണ്ണം
രക്തവും പാനം ചെയ്തു മുത്തുരത്നങ്ങൾ നഖേ
കോർത്തുകൊണ്ടോടിച്ചാടി ധൂർത്തുകൊണ്ടൂറ്റക്കാരൻ.
പാർത്തലം തന്നിൽ സിംഹം സിംഹമെന്നതു കേട്ടാൽ
പാർത്ഥിവന്മാരും കൂടെ പേടിച്ചുവിറയ്ക്കുന്നു
പാർത്ഥിവാത്മജന്മാരേ! നിങ്ങൾക്കു ബോധിക്കേണം
കീർത്തിയുണ്ടാവാൻ ഭുജവിക്രമം തന്നെ മൂലം.
അങ്ങനെ ഗിരിഗുഹാഗർഭത്തിൽ വസിക്കുന്ന
പിംഗലാഖ്യനാം മഹാകേസരിവീരന്താനും
ഏകദാ ജലം കുടിച്ചീടുവാൻ പുറപ്പെട്ടു
ലോകവിശ്രുതമായ യമുനാതീരേ ചെന്നു
വെള്ളവും കുടിച്ചുകൊണ്ടുള്ളവും തണുപ്പിച്ചു
പള്ളയും വീർത്തുമെല്ലെപ്പോവാനായ് പുറപ്പെട്ടു
പണ്ടുകേട്ടറിവില്ലാതുള്ളൊരു ശബ്ദം കേട്ടു
രണ്ടു ചോടിങ്ങുവാങ്ങിക്കിഞ്ചന ഭയപ്പെട്ടു
മുഷ്കരനാകുന്നോരു കൂറ്റന്റെ കണ്ഠദ്ധ്വാനം
മുക്കുറശബ്ദമെന്നു മർത്ത്യന്മാർ ചൊല്ലീടുന്നു.
കേസരിശ്രേഷ്ഠനതു കേട്ടിട്ടുമില്ല മുന്നം
കേവലമിടിപോലെ കേട്ടപ്പോൾ ഭയപ്പെട്ടു
തത്ര വന്നിതു മഹാമന്ത്രിയാം ക്രോഷ്ടാവിന്റെ
പുത്രന്മാരിരുവരുണ്ടെത്രയും സമർത്ഥന്മാർ
അഗ്രജൻ കരടകൻ സോദരൻ മദനകൻ
വ്യഗ്രമെന്നിയേയവർ തങ്ങളിലുരചെയ്തു

സോദരൻ ദമനകൻ ചോദിച്ചു പതുക്കവേ
സാദരം സൂക്ഷിച്ചലുമഗ്രജ! മഹാത്മാവേ!
നമ്മുടെ സ്വാമിക്കിപ്പോളെന്തൊരു ഭയമുള്ളിൽ
ദുർമ്മദം വിട്ടുപാരം ദീനനായ് മേവീടുന്നു.
ചൊല്ലിനാനതുനേരമഗ്രജൻ കരടകൻ
വല്ലതുമാകട്ടെങ്കിൽ കാര്യമില്ലതുകൊണ്ടു
'കാര്യമില്ലാതവസ്തു ചിന്തിച്ചു പ്രവർത്തിച്ചാൽ
കാരണം കൂടാതുള്ളൊരനർത്ഥം ഭവിച്ചീടും'
പണ്ടൊരു കുരങ്ങച്ചൻ പാഴിലുള്ളാരംഭത്തെ
ക്കൊണ്ടുടൻ തരം കെട്ടു ചത്തതുകേട്ടിട്ടില്ലേ?
ഞാനതു ജ്യേഷ്ഠാ! കേട്ടിട്ടില്ലെന്നു സഹോദരൻ;
വാനരാപായം കേട്ടുകൊൾകെന്നു കരടകൻ

## 3. വാനരാപായം

വൻപനാമൊരു നൃപൻ തന്നുടെ നാട്ടിൽ നല്ലോ
രമ്പലം കേടുവന്നു കൂടവും കൂടെ വീണു,
ആയതുപണിചെയ്‌വാനാശാരിപ്പരിഷകൾ
ആയതമ്മഹാമരം കാമരം വച്ചുകാട്ടിൽ
ഈർച്ചയും തുടർന്നുകൊണ്ടാണികൾ പോടിപ്പോടി-
ത്താഴ്ച കൂടാതെ പാതിപിളർന്നുനിർത്തിക്കൊണ്ടു
ഭക്ഷണത്തിനുകാലമാകയാൽ പണിചെയ്യും
തക്ഷകപ്പരിഷകൾ ഗ്രാമത്തിൽ പോയനേരം
മർക്കടക്കൂട്ടം പലദിക്കീന്നും ചാടിച്ചാടി-
ത്തക്കത്തിൽ തത്ര വന്നുനിറഞ്ഞു ദേവാലയേ.
ആയതിലൊരു മരഞ്ചാടി താൻ ചാടിച്ചെന്നു
അർദ്ധതീർന്നിരിക്കുന്നദാരുവിൻ മുകളേറി
രണ്ടുഭാഗത്തും കാലുകുത്തി വാൽ പൊക്കിക്കരം
കൊണ്ടുടൻ കുറ്റികുലുക്കീടുവാനാരംഭിച്ചു,
അന്നേരം മരത്തിന്റെ വിള്ളലിൽ കുരങ്ങിന്റെ

അണ്ഡവുമകപ്പെട്ടു പൊണ്ണനും ബോധിച്ചീല
തട്ടിയങ്ങേല്പിച്ചൊരു കുറ്റിമേൽ ബലമൊക്കെ
കാട്ടിയ കുരങ്ങച്ചൻ കുറ്റിയെ വിടുത്തപ്പോൾ
ദാരുഭാഗങ്ങൾ തമ്മിൽ ചേർന്നിട്ടു കപിയുടെ
സാരമാമണ്ഡം പൊട്ടിച്ചതഞ്ഞു താനും ചത്തു.
'തങ്ങൾക്കു ഫലമില്ലാതുള്ളതു പ്രവർത്തിച്ചാൽ
ഭംഗമേ വരുമെന്നു സർവ്വരും ബോധിക്കേണം'
എന്തിനു വൃഥാ തനിക്കാവശ്യമില്ലാത്തതു
ചിന്തിച്ചു മനഃക്ലേശം ചെയ്യുന്നു സഹോദര!
ഒട്ടേടം ഭുജിച്ചു നാമിട്ടേച്ചു പോന്നീലയോ
പുഷ്ടമായൊരു മാംസമായതു തിന്മാൻ പോകു
ന്നെന്നതു കേട്ടു പറഞ്ഞീടിനാൻ ദകനകൻ
നന്നിതു മഹാമതേ! താനിങ്ങനെ വനാന്തരേ
രാജമന്ത്രിയെന്നൊരു പേരോടെ നടക്കുന്നു?
തന്നുടെ ബന്ധുക്കളെ സന്തതം രക്ഷിപ്പാനും
തന്നുടെ ശത്രുക്കളെയൊക്കവേ ശിക്ഷിപ്പാനും
ഉന്നതി വരേണമെന്നാഗ്രഹിച്ചല്ലോ ലോക-
മന്നവന്മാരെച്ചെന്നു മാനുഷർ സേവിക്കുന്നു.
തന്നുടെ ജഠരത്തെപ്പൂരിക്കേ വേണ്ടുവെങ്കിൽ
അന്യവസ്തുക്കൾ പലതുണ്ടല്ലോയെളുപ്പത്തിൽ.
യാതൊരു പുമാനിഹ ജീവിച്ചു വസിക്കുമ്പോൾ
ആതുരന്മാരാം ബഹുജന്തുക്കൾ ജീവിക്കുന്നു
അപ്പുമാനത്രേ ഭൂമൗ കേവലം ജീവിക്കുന്നു
സല്പുമാനവൻ തന്നെ സാധുതാനവൻ തന്നെ.
തക്കത്തിൽ തന്റെ ഭുക്തി മാത്രമേ വേണ്ടുവെങ്കിൽ
പക്കത്തിൽ ചോറും തിന്നു കോയിക്കൽ പാർക്കേണമോ?
പൊക്കത്തിൽ പറക്കുന്ന പരുന്തും കിളികളും
ഒക്കവേതന്നെത്തന്നെ പോറ്റിരക്ഷിക്കുന്നില്ലേ?
അക്കണക്കുള്ളജനം ചത്താലും ജീവിച്ചാലും
മിക്കതുമന്വേഷണമാർക്കനുമുണ്ടോ ജ്യേഷ്ഠ!

ഒക്കവേ നിരൂപിച്ചാൽ ഭൂപതിസേവകൊണ്ടു
തൽക്കുലത്രാണന്തന്നെസാദ്ധ്യമെന്നറിഞ്ഞാലും
തന്നുടെ ബലത്തിനും പൗരുഷത്തിനും താഴ്ച
വന്നു പോകാതെ തന്നെ വല്ലതും സാധിക്കണം
ഭുക്തിമാത്രമേയല്ല മാനികൾക്കഭിപ്രായം
ശക്തികാട്ടേണമെന്നേയേവർക്കും തൃപ്തിയുള്ളൂ.
ഗോക്കടേ ശവം തിന്നാനാഗ്രഹിച്ചടുക്കുന്ന
ശ്വാക്കളും തമ്മിൽതമ്മിൽ കുരച്ചും കലഹിച്ചും
തരിമ്പും മാംസമില്ല ഞരമ്പുമില്ല നല്ലോ–
രിരുമ്പുകണ്ടം പോലുള്ളസ്ഥിമേൽ പിടിപെട്ടു
കരിമ്പിൻ ചണ്ടിപോലെ കടിച്ചും കൊന്നും തമ്മിൽ
ഉരമ്പിഘോഷിക്കെന്യേ കുക്ഷിപൂരണം നാസ്തി
തനിച്ചു സിംഹങ്ങൾക്കു തന്നുടെ മുമ്പിൽ വരും
തടിച്ച ക്രോഷ്ടാക്കളെ വധിപ്പാൻ മോഹമില്ല
മദിച്ച കൊലയാനക്കൊമ്പനോടമർ ചെയ്തു
വധിച്ചു കടുരക്തം കുടിച്ചേ തൃപ്തിയുള്ളൂ,
എന്നതുകൊണ്ടു ചൊന്നേൻ തന്നുടെ ബലം കാട്ടാ–
തന്യമാകുന്നോരന്നം ഭക്ഷിപ്പാൻ ചിതം പോരാ.
പട്ടിക്കങ്ങുരുളയും കൊണ്ടുചെല്ലുമ്പോളവൻ
കാട്ടുന്ന ഗോഷ്ഠികണ്ടാലെത്രയും ചിരിയാകും
വട്ടത്തിലോടും പിന്നെ വാലങ്ങുവിറപ്പിക്കും
മുട്ടുകൾ കുത്തിക്കുനിഞ്ഞൂഴിയിൽ പറ്റെത്താഴും
പെട്ടെന്നു ദാതാവിന്റെ വക്ത്രവുമുദരവു–
മൊട്ടൊട്ടു നോക്കിച്ചിലശബ്ദങ്ങൾ പുറപ്പെടീ–
ച്ചിങ്ങിനെ വികൃതികൾ കാട്ടാതെ ഭക്ഷിപ്പാൻ തൻ
ചങ്ങാതിക്കൊരുനാളും സംഗതി വരത്തില്ല.
കുംഭിരാജന്നു തിന്മാൻ വല്ലതും കൊടുത്തെന്നാൽ
സംഭ്രമം കൂടാതെവൻ മേടിച്ചു ഭക്ഷിച്ചീടും
ഗംഭീരവിലോകനഭാവവും ഭയങ്കരം
വമ്പനാം പുരുഷന്റെ ഭാവമിങ്ങനെ വേണ്ടൂ.

'തന്നുടെ വിദ്യ കൊണ്ടും തന്നുടെ ശൗര്യം കൊണ്ടും
തന്നുദരത്തെപ്പൂരിപ്പിക്കുന്നവന്മഹാധന്യൻ.
ശ്വാവിനെപ്പോലെ കിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ
കേവലം കൃമിപ്രായനെന്നതേ ചൊൽവാനുള്ളൂ.'
വിക്രമം കൊണ്ടും വിജ്ഞാദികൾ കൊണ്ടും പത്തു-
ദിക്കുകൾ വെളുപ്പിക്കും കീർത്തിധാവള്യത്തോടെ
യാതൊരു പുമാൻ മഹാമാനിയായ് ജീവിക്കുന്നു
നീതിമാനവൻ ജീവജീവനെന്നുരചെയ്യാം
മറ്റുള്ള മഹാമൂഢൻ കൊറ്റിനു മാത്രം കൊള്ളാം
മറ്റുമീ ഗുണമൊന്നും പറ്റാതെ ജീവിക്കുന്നോൻ
പെറ്റ മാതാവിനുള്ള യൗവനമാകും വൃക്ഷം
പറ്റെ ഖണ്ഡിപ്പാനൊരു കോടാലിതന്നേയവൻ
ആരാനും ബലിയിട്ടു കൈകൊട്ടുകേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നങ്ങു പിണ്ഡം കൊത്തി-
ത്തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു;
എന്നതുപോലെ മഹാമന്ദനും ജീവിക്കുന്നു.
സ്വല്പബുദ്ധിയായുള്ള മാനുഷൻ മഹാദീനൻ
സ്വല്പഭാവത്തെക്കൊണ്ടു തൽക്ഷണം പ്രസാദിക്കും
അല്പമാം ജലാധാരം പൂരിപ്പാൻ മഴത്തുള്ളി
സ്വല്പമുണ്ടായാൽ പോരുമായതു നിറഞ്ഞീടും.
മൂഷികൻ തന്റെ കൊച്ചുകൈ രണ്ടും ജലം കൊണ്ടു
രൂഷിതമാക്കീടുവാനെത്ര പാനീയം വേണം
'കൃത്യവുമകൃത്യവും ധർമ്മവുമധർമ്മവും
നിത്യവുമനിത്യവും സത്യവുമസത്യവും
ഇത്ഥമുള്ളതിലൊന്നും ചെറ്റുമേ ഗ്രഹിക്കാത-
മർത്ത്യനും പശുക്കളുമേതുമേ ഭേദം നാസ്തി.'
എപ്പോഴുമാഹാരവുമപ്പൊഴേ നിർഹാരവും
തല്പരമുറക്കവും മൈഥുനവ്യാപാരവും
ഇപ്പറഞ്ഞതു നാലുമൊക്കവെ പശുക്കൾക്കും
സ്വല്പബുദ്ധിയാം പുരുഷാധമന്മാർക്കും തുല്യം.

എന്നതിലല്ല കൂടും നമ്മുടെ സ്വാമി സിംഹം
എത്രയും മഹാവീരൻ ബുദ്ധിമാൻ വിവേകവാൻ.
അങ്ങനെയുള്ള സിംഹത്തമ്പുരാന്താനുമിപ്പോൾ
ഇങ്ങനെ വിഷണ്ണനായീടുവാനെന്തു മൂലം?

## 4. ജംബുകന്മാരുടെ ആമന്ത്രണം

ചൊല്ലിനാൻ കരടകൻ കാരിയം ക്ലേശിക്കുന്നോ–
രല്ലല്ലോ നീയും ഞാനുമെന്നതുകൊണ്ടുചെന്നു
അപ്രധാനന്മാരാകും നമുക്കീ വിചാരം കൊ–
ണ്ടല്പവുമൊരു കാര്യമില്ലെടോ സഹോദര!
ഇത്തരമുര ചെയ്തു സോദരൻ ദമനകൻ
സുപ്രധാനത്വം പിന്നെ നമുക്കു വരാമല്ലോ
അപ്രധാനനായുള്ള പുരുഷൻ ക്രമത്താലെ
സുപ്രധാനനായിട്ടും മറിച്ചും കാണുന്നില്ലേ?
മറ്റൊരുത്തന്റെ ശക്തി കൊണ്ടല്ല മനുഷ്യന്മാർ
ഊറ്റക്കാരാകുന്നതും മൂഢന്മാരാകുന്നതും
എന്തിനു മറ്റുള്ളോർക്കു കുറ്റമുണ്ടാക്കീടുന്നു
ചിന്തിച്ചാൽ തന്റെ ഗുണദോഷവും താനുണ്ടാക്കും.
ഉന്നതിവരുത്തുവാനെത്രയും പരാധീനം
പിന്നെയങ്ങധോഗതിക്കെത്രയുമെളുപ്പമാം.
എത്രയും കനത്തൊരു കല്ലുകളുരുട്ടിക്കൊ–
ണ്ടദ്രിതൻ മുകൾപ്പാട്ടിലേറ്റുവാൻ പാരം ദണ്ഡം
ആയതു കീഴ്പോട്ടേയ്ക്കു ചാടിപ്പാനെളുപ്പമാ–
മായാസം ചെറ്റും വേണ്ടാ താഴത്തു വന്നേ നില്പൂ
തന്നുടെ ഗുണത്തിനും തന്നുടെ ദോഷത്തിനും
തന്നുടെ ജീവാത്മാവെന്നുള്ളതു തന്നേ മൂലം.
എന്നതു കേട്ടു തദാ ചോദിച്ചു കരടകൻ
നിന്നുടെ വാക്കിന്നഭിപ്രായമെന്തെടോ സഖേ!
എന്നുടെ വാക്കിന്നഭിപ്രായമിത്തമ്പുരാന്റെ

ഖിന്നതാമൂഢത്വവും ഭീതിയും കാണ്ക തന്നെ.
ഇങ്ങനെ ദമനകൻ ചൊല്ലിനാനിദമിപ്പോൾ
എങ്ങനെയറിഞ്ഞു നീയെന്നഗ്രജനുര ചെയ്താൻ
ഇങ്ങു തോന്നിയതെല്ലാമടിയനുണർത്തിക്കാം
ചൊല്ലുന്ന വാക്കു കേട്ടു ഗോക്കളും പ്രവർത്തിക്കും
തല്ലു പേടിച്ചു മരം വലിക്കും ഗജങ്ങളും
വല്ലതും കെട്ടിപ്പുറത്തേറ്റിയാൽ കഴുതയും
കല്ലിലും പേറിക്കൊണ്ടു മണ്ടുമെന്നതേ വേണ്ടൂ.
ചൊല്ലു കൂടാതെ തന്നെ മർത്ത്യന്റെ മനോഗതം
തെല്ലുമേ തേറീടാതെ ബോധിക്കും മഹാജനം
അന്യചിത്താഭിപ്രായം ലഭിപ്പാനല്ലോ മർത്ത്യൻ
തന്നുടെയുള്ളിൽ ബുദ്ധിസാരത്തെ വഹിക്കുന്നു.
ജംബുകൻ തന്നെ നാമെന്നാകിലും നമുക്കുള്ളിൽ
ബിംബിതം പ്രഭുവിന്റെ ചിത്തസംക്ഷോഭം ദൃഢം
നമ്മുടെ ബുദ്ധി കൊണ്ടു നമ്മുടെ തമ്പുരാനെ
നമ്മുടെ പാട്ടിലാക്കിത്തീർക്കേണമന്നു തന്നെ
എന്തെടോ! നമുക്കുണ്ടോ രാജസേവാഭിജ്ഞത്വം
എന്നുടൻ കരടകനന്നേരം ദമനകൻ
എന്നോളം രാജസേവാധർമ്മത്തെ ഗ്രഹിച്ചവൻ
പിന്നെ മറ്റാരുമില്ലെന്നഗ്രജൻ ഗ്രഹിക്കേണം.
മന്ത്രിയായ് വസിക്കേണ്ടുമ്മാർഗ്ഗവും സംസാരവും
മന്ത്രിച്ചു മറ്റുള്ളോരെച്ചതിപ്പാനുപായവും
കൈക്കാണം മേടിപ്പാനും കണ്ടവരോടും ചേർന്നു
വക്കാണം കൂട്ടി ദ്രവ്യം കൈക്കലാക്കീടുവാനും
കാര്യങ്ങൾ തീരുന്നേരം സ്വാമിക്കു ചെല്ലേണ്ടുന്ന
കാണങ്ങൾ പാതീലേറ്റം പറ്റുവാനുപായവും
മറ്റൊരുവിധം നാട്ടിൽ തീരുന്ന വർത്തമാനം
മറ്റൊരുവിധം ചെന്നു സ്വാമിയെ ബോധിപ്പിക്ക
പറ്റിലുള്ളോർക്കും കാര്യമൊക്കവേ സാധിപ്പിക്ക
മറ്റുള്ള ജനത്തിന്റെ കൊറ്റങ്ങു മുടക്കുക

കൊറ്റിനു വകയുള്ള സാധുക്കൾക്കൊരുവിധം
കുറ്റമുണ്ടാക്കി ദ്രവ്യമൊക്കവേ ഹരിക്കയും
ഇത്തരം ദുർമ്മന്ത്രികൾക്കുള്ളൊരു തൊഴിലുകൾ-
ക്കൊത്തൊരുവിധമെങ്കിലായതും നമുക്കുണ്ടു
പാരിടം തന്നിൽ നല്ല സാമർത്ഥ്യമുള്ളോർക്കേതും
ഭാരമാകുന്ന കാര്യമൊക്കവേ സാധിപ്പാനും
സ്വൈരമാം വണ്ണം മണ്ടിനടക്കും നരന്മാർക്കു
ദൂരമായൊരുദിക്കുമില്ലെന്നു ബോധിക്കേണം.
ധന്യരാം വിദ്വാന്മാർക്കു തന്നുടെ ദേശമെന്നും
അന്യന്റെ ദേശമെന്നും ഭേദമില്ലൊരേടത്തും
എത്രയും പറഞ്ഞർച്ചിച്ചീടുന്ന പുമാന്മാർക്കും
ശത്രുവില്ലെന്നു കേട്ടിട്ടില്ലയോ മഹാത്മാവേ!
ഊചിവാൻ കരടകനിന്നിതു ദമനക-
രോചിതമിദം നിറെ സന്നാഹമെന്നാകിലും
സേവയ്ക്കുള്ളവസരം കാണാതെ തിരുമുമ്പി-
ലാവലാതിക്കു ചെന്നാലബദ്ധമായിത്തീരും.
ചൊല്ലിനാൻ ദമനകനായതു സത്യം തന്നെ
വല്ലാത്തോരവസരേ ചെല്ലുകിലബദ്ധമാം.
ആനയ്ക്കു മദപ്പാടങ്ങുള്ളോരു നേരം ചെന്നാൽ
ആനക്കാരനെപ്പോലുമായവൻ കുത്തിക്കൊല്ലും.
ഏവനെന്നാലും പിന്നെ സന്നിധൗ സദാകാലം
സേവിച്ചുനിൽക്കുന്നോരിൽ സ്വാമിക്കു കൃപയുണ്ടാം
വംശശുദ്ധിയുമില്ല ബുദ്ധിയുമില്ല കണ്ടാൽ
വർക്കത്തു തെല്ലുമില്ല വിദ്യയുമൊന്നുമില്ല
ഇക്കണക്കുള്ള പുമാനെങ്കിലും തിരുമുൻപിൽ
തക്കവും നോക്കി മൂക്കിൽ വിരലും തള്ളി നിന്നാൽ
മന്നവന്മാർക്കു പാരം പക്ഷമായ് വരും ക്രമാൽ
അന്യസേവകന്മാരിലഗ്രഗണ്യനാമവൻ
പാർത്ഥിവന്മാരും പരസ്ത്രീകളും ലതകളും
പാർശ്വസേവിയെപ്പാരം പാട്ടിലാക്കീടും ദൃഢം.

ഇന്ദ്രനോടൊക്കും സ്വാമി ചന്ദ്രനോടൊക്കും ഭവാ-
നെന്നെല്ലാം സ്തുതിച്ചുകൊണ്ടെപ്പോഴും പിരിയാതെ
സന്നിധൗ പാർക്കുന്നവൻ പാർത്ഥിവന്നഭിമതൻ
പിന്നെയെന്തഹോ ബഹു ദുർഭഗനെന്നാകിലും
തന്നുടെ ഹിതം നോക്കിപ്പാർക്കുന്ന പുരുഷനെ
തന്വംഗിമാരും മുദാ കൈക്കൊള്ളും ക്രമത്താലെ.
മുള്ളുള്ള വൃക്ഷത്തെയുമന്തികസ്ഥിതമായാൽ
വള്ളിയും ചുറ്റിപ്പറ്റിക്കേറുമെന്നറിഞ്ഞാലും.
ഇന്നതു പ്രയോഗിച്ചാൽ കോപിക്കും മഹീപതി
ഇന്നതു പ്രയോഗിച്ചാൽ മന്നവൻ പ്രസാദിക്കും
എന്നുള്ള വിശേഷങ്ങൾ കണ്ടുകൊണ്ടുപാന്തികേ
നിന്നു സേവിച്ചീടേണമെപ്പോഴുമിളകാതെ.
എന്നിയേ നിരസിച്ചുവെങ്കിലും കൂട്ടാക്കാതെ
പിന്നെയും ചുറ്റിക്കൂടിപ്പിന്നാലെ നടക്കേണം.
ഇങ്ങനെ പലദിനം ചെയ്യുമ്പോൾ പ്രഭുക്കളും
തന്നുടെ വശത്തായിത്തീരുമെന്നതേ വേണ്ടൂ.
ചോദിച്ചു കരടകനെന്തു നീയുണർത്തിപ്പാൻ
ഭാവിച്ചു സിംഹാന്തികം പ്രാപിപ്പാനൊരുമ്പെട്ടു?
ഉക്തവാൻ ദമനകൻ വല്ലതുമുണർത്തിച്ചാൽ
ഉത്തരം കേൾക്കാമതിനുത്തരമപ്പോൾ തോന്നും
ഉത്തരം തന്നിൽ നിന്നങ്ങുത്തരമുണ്ടാകുന്നു
വിത്തിൽ നിന്നല്ലോ പിന്നെ വിത്തുകളുണ്ടാകുന്നു.
കണ്ടത്തിൽ വിതയ്ക്കുന്ന നെല്ലുകൾ മുളച്ചു നെ-
ല്ലുണ്ടാകുമതു തന്നെ വിത്തായിത്തീരുമല്ലോ
രണ്ടു വാക്കവിടേയ്ക്കു ചെന്നു ഞാനുണർത്തിച്ചാൽ
കണ്ടുകൊള്ളേണം മേന്മേലുത്തരം ബഹുവിധം.
ഏതൊരു വസ്തു ചെയ്താലപ്പോഴേ കെടും കാര്യം
ഏതൊരു വസ്തു ചെയ്താൽ കാര്യങ്ങൾസാധിച്ചീടും
ആയതു രണ്ടും മുമ്പേ നീതിയുള്ളവർ കാണും
ആയതിനൊത്തപോലെ കാര്യത്തിൽ പ്രവേശിക്കും.

ഉത്തമനധമനും മദ്ധ്യമനെന്നീവണ്ണം
മർത്ത്യന്മാർ മൂന്നുവിധമുണ്ടെന്നു ബോധിക്കേണം.
എന്നതിലധമന്താൻ വിഘ്നത്തിൽ ഭയം കൊണ്ടു
ഒന്നുമേ തുടങ്ങാതെ സ്വസ്ഥനായിരുന്നീടും
മദ്ധ്യമൻ പിന്നെക്കാര്യം തുടങ്ങും മുടങ്ങുമ്പോൾ
ബുദ്ധിയും കെട്ടുപാരം മടങ്ങിയടങ്ങീടും
ഉത്തമൻ മദ്ധ്യേമദ്ധ്യേ മുടക്കം വന്നെങ്കിലും
സിദ്ധമാവോളം കാര്യം കൈവിടുകയില്ല.
ഇന്നു ഞാനവസരമെന്തെന്നു ഗ്രഹിക്കാതെ
ചെന്നുചാടുകയുമില്ലെന്നു ബോധിക്ക ഭവാൻ.
ദേവകൾക്കാചാര്യനാം ഗീഷ്പതി താനെങ്കിലും
കേവലമവസരം ബോധിക്കാതുരചെയ്താൽ
ലംഘനം ഭവിച്ചീടും കാര്യവും വരാ തന്റെ
ശ്ലാഘിതത്തിനും ഹാനി വന്നുപോമസംശയം
നല്ലൊരു കാലേ ചെന്നു ചൊല്ലുകിലസാരനും
വല്ല കാര്യമെന്നാലും സാധിച്ചുപോരാം താനും.
ദേശവും കാലവും സംചിന്തിയാതൊരു കാര്യം
ലേശവും തുടങ്ങരുതാത്മബോധമുള്ളവൻ.
ആശയേ പരിപാകമില്ലാത പുമാനോടു
സ്വാശയാഭിപ്രായത്തെച്ചൊല്ലാതൊരുനാളും.
നിഷ്കൃപന്മാരെക്കാര്യം കേൾപ്പിച്ചാൽ സമീഹിതം
നിഷ്ഫലമായിത്തീരുമെന്നതും തന്നെയല്ല
ചിന്തിയാതുള്ളോരനർത്ഥങ്ങളുമകപ്പെടും
എന്തിനു മൂഢന്മാരെച്ചെന്നഹോ സേവിക്കുന്നു?
യാതൊരു ഗുണം കൊണ്ടു വൃത്തിസൗഖ്യങ്ങൾ വരൂ?
യാതൊന്നു കൊണ്ടു സജ്ജനവും പ്രശംസിപ്പൂ?
അങ്ങനെയുള്ള ഗുണമുണ്ടാവാൻ ക്ലേശിക്കണം.
എങ്ങുമേ ലോഭം കൂടാതഗ്ഗുണം രക്ഷിക്കേണം.
അഗ്രജൻ ചൊന്നാനപ്പോൾ ഭൂമിപാലന്മാരോടും
സുഗ്രഹന്മാരല്ലവർക്കെങ്ങനെ പക്ഷമെന്നും

ആഗ്രഹമെന്തെന്നതുമാരംഭമെന്തെന്നതും
വ്യഗ്രമെന്നിയേ പാർത്തു ബോധിപ്പാനെളുതല്ല.
സോദരൻ ചൊന്നിതപ്പോളങ്ങുന്നു പറഞ്ഞതു–
മാദരിക്കേണ്ടും പരമാർത്ഥമെന്നിരിക്കിലും
വങ്കടൽക്കരെച്ചെന്നു നില്ക്കുമ്പോൾ ശിവശിവ!
സങ്കടമിതിലിറങ്ങീടുവാനെന്നു തോന്നും
ഒട്ടുനാളിറങ്ങിയും മുങ്ങിയും തിരവന്നു
തട്ടിയിട്ടലഞ്ഞുമിങ്ങൊട്ടേടം ചെന്നും പോന്നും
പെട്ടെന്നു പരിചയിച്ചീടിനാലൊരുവഴി
കിട്ടുമങ്ങതിൽ നീന്തിക്രീഡിച്ചുമേവീടുവാൻ
എന്നതുപോലെ ചെന്നു വന്ദനം ചെയ്തു നിന്നു
ചൊന്നതുകേട്ടും കണ്ടും സൂക്ഷിച്ചും പരീക്ഷിച്ചും
മന്നവൻ തന്റെ ശീലഭാവവും പതുക്കവേ
തന്നുള്ളിലാക്കിക്കൊണ്ടാൽ പിന്നെ വൈഷമ്യമില്ല.
അങ്ങനെ വശത്താക്കാമെന്നൊരു പക്ഷമിപ്പോൾ
ഇങ്ങനെ മനക്കാമ്പിൽ നിൻ കൃപയുണ്ടെന്നാകിൽ
എന്നതു കേട്ടു മുദാ ചൊല്ലിനാൻ കരടകൻ
നന്നിതു സഹോദര! നല്ലതു വന്നീടണം
നിന്നുടെ മാർഗ്ഗം ശുഭമായ് വരും നിരൂപിച്ച–
തൊന്നുമേ ഭംഗം കൂടാതസ്തു തേ ശുഭമതേ!

## 5. ദമനകന്റെ നീതിസൂക്തം

ജ്യേഷ്ഠനെത്തൊഴുതുകൊണ്ടപ്പോഴേ ദമനകൻ
ശ്രേഷ്ഠനാം സിംഹപ്രഭു സ്വാമിയെ പ്രാപിച്ചുടൻ
ദൂരവേ തന്നെ നിന്നു പാണികൾ കൂപ്പിക്കൂപ്പി–
ച്ചാരവേ പതുക്കവേ ചെന്നൊരു ദശാന്തരേ
പിംഗലകനുമുര ചെയ്തിതു ദമനക!
ഇങ്ങുവന്നാലും പലനാൾ കൂടിക്കാണുന്നിപ്പോൾ.
എന്തെടോ നീയും നിന്റെ ജ്യേഷ്ഠനുമെന്നെ വന്നു

സന്തതം സേവിക്കാത്ത സംഗതി കഥിക്ക നീ.
വമ്പനാം ദമനകൻ വന്ദനം ചെയ്തു ചൊന്നാൻ:–
തമ്പുരാനടിയനെക്കൊണ്ടെന്തു പ്രയോജനം?
കൊമ്പനാനയെക്കൊന്നു തലച്ചോർപഴയരി
സമ്പാദിപ്പതിനിങ്ങു സാമർത്ഥ്യം പോരായല്ലോ.
എങ്കിലുമമാത്യന്റെ മക്കളായടിയങ്ങൾ
നിങ്കഴലിണ പണിഞ്ഞീടാതെ പൊറുക്കുമോ?
ഓർക്കുമ്പോളൊരുത്തരെക്കൊണ്ടുപകാരമില്ലെ–
ന്നാർക്കുമേ വരികയില്ലെന്നതുമുണർത്തിക്കാം.
പുല്ലുകൾ കൊണ്ടുമുപകാരമുണ്ടാകും തന്റെ
പല്ലുകൾ തേപ്പാൻ കൊള്ളാം പയ്ക്കളെത്തീറ്റാൻ കൊള്ളാം
മെല്ലവേ കർണ്ണങ്ങളിലിട്ടുടൻ ചെറുക്കിയാൽ
തെല്ലു സൗഖ്യമുണ്ടാകിലാ വിധത്തിനും കൊള്ളാം.
കാൽ കരം കണ്ണും മൂക്കുമുള്ളൊരു ജന്തുക്കളാൽ
ഏകനെങ്കിലും കാര്യമില്ലാതെ ഭവിക്കുമോ?
സാരനാം പുരുഷനെപ്പാരമിട്ടിടിച്ചാലും
സാരശക്തിയെ ത്യജിച്ചീടുമാറില്ല നൂനം.
തീയെരിയുന്ന കൊള്ളി കീഴാക്കിപ്പിടിച്ചാലും
തീയുടെ ജ്വാല മേല്പോട്ടല്ലാതെ ജ്വലിക്കുമോ?
ജീവജന്തുക്കളെല്ലാമൊന്നുപോലെന്നുള്ളൊരു
ഭാവവും ഭവാന്മാർക്കു ചേർച്ചയില്ലറിഞ്ഞാലും.
തങ്ങൾക്കു മറ്റുള്ളോരിൽ ഭേദമുണ്ടെന്നുള്ളതും
സംഗതി വരും ദിക്കിൽ കാണിക്കും സമർത്ഥന്മാർ
വിത്തുകളെല്ലാം കൂടിക്കലർന്നു വിതച്ചാലു–
മുത്തമൻ കിളിക്കുമ്പോൾ തന്മഹത്വത്തെക്കാട്ടും
ഉത്തമസ്ഥലങ്ങളിൽ ശ്രീകാര്യം വിചാരിപ്പാൻ
ഉത്തമന്മാരാം കാര്യക്കാറരെക്കല്പിക്കേണം
ശുദ്ധഭൂസുരക്ഷേത്രസ്ഥാനങ്ങൾക്കധികാരം
ബൗദ്ധനുകൊടുക്കുന്ന മന്നവൻ മഹാമൂഢൻ
കങ്കണം കരങ്ങളിൽ കുണ്ഡലം കർണ്ണങ്ങളിൽ

കാഞ്ചികൾ കടീതടേ ഹാരങ്ങൾ വക്ഷസ്ഥലേ
ഇങ്ങനെ തങ്ങൾക്കുള്ള ഭൂഷണസ്ഥലങ്ങളിൽ
ഭംഗിയിൽ ചേർത്തെങ്കിലേ ഭൂഷണം ശോഭിച്ചീടൂ.
കണ്ഠത്തിലരഞ്ഞാണം കങ്കണം കർണ്ണങ്ങളിൽ
കൊണ്ടുപോയ്ക്കെട്ടിതൂക്കിക്കൊണ്ടങ്ങു പുറപ്പെട്ടാൽ
കണ്ടവർ കരം കൊട്ടിക്കൊണ്ടുടൻ ചിരിച്ചീടും.
തണ്ടുതപ്പിയെന്നൊരു നാമവും ലഭിച്ചീടും.
എത്രയും നീചന്മാരാം ബൗദ്ധജാതിജന്മാർക്കു
ഛത്രവും പല്ലക്കതും ദീപയഷ്ടിയും നൽകി
ക്ഷത്രിയബ്രഹ്മസ്ഥാനേ മന്ത്രിയാക്കീടുന്നൊരു
ധാത്രീപാലരെപ്പാരം നിന്ദിക്കും മഹാജനം
തന്നെത്താനറിയാതെ ദുഷ്പ്രഭുക്കളെച്ചെന്നു
വന്ദിച്ചുസേവിക്കുന്ന മാനുഷപ്പശുക്കൾക്കു
ഇന്നിപ്പോളിഹലോകസൗഖ്യമില്ലവർ ചത്താൽ
ചെന്നൊരു നരകത്തിൽ ചാടുമെന്നില്ലാതില്ല
മെച്ചമേ സുവർണ്ണത്തിൽച്ചേർക്കേണ്ടും മഹാരത്നം
പിച്ചളപ്പതക്കത്തിൽച്ചേർക്കുന്ന പുരുഷനെ
സജ്ജനം തന്നെയല്ല ദുർജ്ജനങ്ങളും കൂടെ
തർജ്ജിക്കും തത്സമ്പർക്കം വർജ്ജിക്കുമെല്ലാവരും.
ബുദ്ധിയും വിവേകവും വീര്യവും പ്രഭുക്കളിൽ
ഭക്തിയുമുള്ള ഭൃത്യൻ സ്വാമിയെ നികത്തീടും.
ശക്തിയില്ലാതുള്ളോന്റെ ഭക്തി നിഷ്ഫലം ദൃഢം,
ശക്തിയുണ്ടൊരുത്തനു ഭക്തിയില്ലാഞ്ഞാൽ നന്നോ?
ശക്തിയും നല്ല സ്വാമിഭക്തിയും തികഞ്ഞൊരു
ഭൃത്യനുണ്ടെന്നാകിലേ വർദ്ധിപ്പൂ മഹീപതി
ശക്തിയുമില്ല സ്വാമിഭക്തിയുമില്ലാതോർക്കു
ഭുക്തി നല്കീടും നൃപനെത്രയുമവിവേകി.
ആയവൻ ഭുജിക്കുന്നോരോദനമെല്ലാമൊരു
നായിനു കൊടുത്തെങ്കിലായതു പാഴായ്പോകാ.
നായിനു ചോറു നല്കും നായകന്മാരെക്കുറി–

ച്ചായതസ്നേഹത്തിനു മായമില്ലൊരുനാളും.
ആയവന്തനിക്കുള്ള കായത്തെക്കൊണ്ടു തനി-
ക്കാകവേ മമ സ്വാമിക്കെപ്പോഴും സഹായിക്കും.
ശസ്ത്രവും കുതിരയും ശാസ്ത്രവും വീണപാണി
ക്ഷാത്രവും നരന്മാരും വാണിയുമിവയെട്ടും
സജ്ജനത്തോടു ചേർന്നാലെത്രയും പ്രകാശിക്കും;
ദുർജ്ജനത്തോടു ചേർന്നാലെത്രയുമിളപ്പെടും.
അഭ്യാസമുള്ള വീരൻ വാളെടുത്തിളക്കുമ്പോൾ
സഭ്യന്മാരതുകണ്ടു കൊണ്ടാടി സ്തുതിച്ചീടും
അഭ്യാഗൻ മഹാഭോഷൻ വാളെടുക്കുന്നതു കണ്ടാൽ
അപ്പൊഴേയെല്ലാവരും വാളെടുക്കയേയുള്ളൂ.
അശ്വപ്പോർ ഗ്രഹിച്ചവരശ്വത്തിലേറിക്കണ്ടാൽ
വിശ്വവാസികളെല്ലാം വിസ്മയിച്ചീടും ദൃഢം.
അല്ലാത്ത മൂഢൻ ചെന്നങ്ങശ്വത്തിലേറുന്നേരം
വല്ലാതെ പിഴച്ചുപോമെല്ലാരും ഹസിച്ചീടും.
ഇങ്ങനെതന്നെ പിന്നെച്ചൊന്നതും നാലും രണ്ടും
ഭംഗിക്കുമഭംഗിക്കും പാത്രഭേദമേ മൂലം.
ഞാനൊരുകറുനരിക്കുട്ടനെന്നതുകൊണ്ടു
മാനസേ നിന്ദാഭാവം സ്വാമിക്കു വേണ്ടാതാനും
പത്മനാഭനും പണ്ടു പന്നിയായ്പിറന്നില്ലേ!
പാവനനെന്ന മുനി മാനായി മേവുന്നീലേ?
ഷൺമുഖഭഗവാനുമാടിന്റെ വേഷം മുദാ
വെണ്മയിൽ ധരിച്ചതു തമ്പുരാൻ കേട്ടിട്ടില്ലേ?
ഭൃത്യന്റെ ഗുണഗണമൊക്കെയുമടിയനു-
ണ്ടത്യന്തം ഭക്തി ശക്തി യുക്തിയുമെനിക്കുണ്ടു.
ഭക്തിയില്ലാതുള്ളോന്റെ ശക്തി കൊണ്ടെന്തു ഫലം?
ശക്തിയില്ലാതുള്ളോന്റെ ഭക്തി കൊണ്ടെന്തു ഫലം?
സേവകന്മാരിൽ നിന്ദാശീലനാം നരേന്ദ്രനെ-
സ്സേവിപ്പാനാരുമില്ലെന്നായ് വരും ക്രമത്താലെ
ബന്ധുഭൃത്യരുമില്ലാതായ് വരുന്നേരം നൃപ-

ന്നെന്തു പൗരുഷം പിന്നെ ക്ഷീണമാം പ്രഭുത്വവും.
പ്രാഭവം കുറയുമ്പോൾ പ്രായശോ വിദ്വാന്മാർക്കും
ലോഭമില്ലാതാമവരാഗമിക്കയുമില്ല.
നിത്യവും സമീപത്തു വിദ്വാന്മാരില്ലാതായാൽ
കൃത്യവുമകൃത്യവും ബോധമില്ലാതായ് വരും.
പാർത്ഥിവന്മാർക്കു നീതിജ്ഞാനമില്ലെന്നു വന്നാൽ
പാർത്തലേ വസിക്കുന്നോരൊക്കവേ നശിച്ചീടും.
എന്നതുകൊണ്ടു പറഞ്ഞീടുന്നേൻ മമ സ്വാമി
ക്കുന്നതി വരാൻ നല്ല ഭൃത്യന്മാർ തന്നെ വേണം.
എന്നതു കേട്ടു മഹാസിംഹവുമുര ചെയ്തു:–
നന്നെടോ! ദമനക! നിന്നുടെ നീതിവാക്യം
നമ്മുടെ സചിവന്റെ നന്ദനനല്ലോ ഭവാൻ
നന്മ മേൽവരാനുള്ള യത്നം നീ ചെയ്തിടണം
ചോദിച്ചു ദമനകൻ നിന്തിരുവടിയിപ്പോൾ
മോദിച്ച ജലപാനം ചെയ്വതിന്നെഴുന്നള്ളി
അംഭസ്സിന്നുപാന്തികേ വാണരുളുമ്പോൾ ബുദ്ധി
സ്തംഭിച്ചകണക്കു കാണുന്നിതു കിം കാരണം?
ഉത്തരമുരചെയ്തു കേസരിശ്രേഷ്ഠന്താനും
സ്വസ്ഥമല്ലെന്റെ മനസ്സിങ്ങനെ തീർന്നു കഷ്ടം!
നമ്മുടെ വനം തന്നിലിന്നൊരു ജന്തു വന്നു
ദുർമ്മദം പൂണ്ടു ശബ്ദിക്കുന്നതു കേൾക്കുന്നീലേ?
എത്രയുമതിക്രൂരം ദുഷ്ടന്റെ കണ്ഠധ്വാനം
ശ്രോത്രരന്ധ്രത്തിൽപ്പുക്കു സങ്കടപ്പെടുത്തുന്നു.
മറ്റുമീ മഹാരണ്യവാസവും വെടിഞ്ഞു താൻ
മറ്റൊരു വനാന്തരം പ്രാപിപ്പാൻ ഭാവിക്കുന്നു.
കണ്ഠശബ്ദത്തെക്കേട്ടാലൂഹിക്കാമവനേതും
കണ്ഠനല്ലഹോ! മഹാവിക്രമി മഹാവീരൻ
രണ്ടുപക്ഷമില്ലെനിക്കായവന്തന്നെക്കേട്ടും
കണ്ടും കൊണ്ടിവിടത്തിൽ പാർക്ക വൈഷമ്യന്തന്നെ
എന്നതുകേട്ടു മുദാ ചൊല്ലിനാൻ ദമനകൻ:–

എന്നുടെ സ്വാമി വൃഥാ ചാഞ്ചല്യം തുടങ്ങണ്ട
ശബ്ദമാത്രത്തെക്കേട്ടു ശങ്കിക്കാനെന്തു മൂലം?
ശക്തിമാനല്ലോ ഭാവനെന്തിനു പേടിക്കുന്നു?
ആറുകൾ ജലം പൊങ്ങി സേതുഭഞ്ജനം ചെയ്യും
ആറുകർണ്ണങ്ങൾ പുക്കാൽ മന്ത്രവും ഭേദിച്ചീടും
ഏഷണി പ്രയോഗിച്ചാൽ സ്നേഹവും നശിച്ചീടും
ഭീഷണിവാക്കു കൊണ്ടു ഭീരുക്കൾ ഭയപ്പെടും
കണ്ടപ്പോളതിൽ ബഹുമാംസമുണ്ടെന്നു തോന്നി
ചെണ്ടയിലുൾപ്പുക്കപ്പോൾ ചർമ്മവുമൊരുമര–
ക്കണ്ടവും മാത്രംതന്നെ കണ്ടതുള്ളു ഞാനെന്നു
പണ്ടൊരു ജന്തു പറഞ്ഞിങ്ങനെ കേട്ടിട്ടുണ്ട്.
ചൊല്ലെടോ! പുരാവൃത്തമെന്നു കേസരിശ്രേഷ്ഠൻ;
ചൊല്ലുവൻ ശ്രവിച്ചാലുമെന്നുടൻ ദമനകൻ.

പണ്ടൊരു കുറുനരി ഭക്ഷണം കിട്ടായ്കയാൽ
കുണ്ഠിതം പൂണ്ടു വിശന്നങ്ങനെ നടക്കുമ്പോൾ
കുത്രചിൽ പ്രദേശത്തു യുദ്ധഭൂതലം കണ്ടു
തത്ര സൈന്യങ്ങൾ ചത്തുകിടക്കുന്നതും കണ്ടു.
അത്രയല്ലൊരു പൊണ്ണച്ചെണ്ടയും കണ്ടാനവൻ
തത്ര നിന്നൊരു ശബ്ദം ശ്രവിച്ചു ഭയപ്പെട്ടാൻ
വയു വന്നടിക്കുമ്പോളായതു താനേ തന്നെ
തോയദധ്വനിപോലെ ശബ്ദിക്കുന്നതും കേട്ടു.
എന്തുവാനിതങ്ങൊരു ജന്തുവായ് വരുമെന്നാൽ
ബന്ധുവാരെനിക്കയ്യോ! നമ്മെയും കൊല്ലുമിവൻ
അന്തികെ ചെന്നു നോക്കിക്കൊണ്ടുപോരികെന്നുള്ളിൽ
ചിന്തിച്ചു ധൈര്യത്തോടെ മെല്ലെ മെല്ലവേ ചെന്നാൻ.
ഭക്ഷണത്തിന്നു വേണ്ടും ചോരയും മാംസങ്ങളും
തൽക്ഷണമതിനകത്തുണ്ടെന്നു തോന്നീടുന്നു
ലക്ഷണം ശുഭം നമുക്കേഷ ഞാനുള്ളിൽപ്പുക്കു
ഭക്ഷണം വഴിപോലെ ചെയ്കയെന്നുറച്ചവൻ

ചർമ്മത്തെക്കടിച്ചൊരു ദ്വാരമുണ്ടാക്കിക്കൊണ്ട
ദ്ദുർമ്മോഹി സൃഗാലനങ്ങകത്തു പ്രവേശിച്ചാൻ.
ആയവനപ്പോളുര ചെയ്തൊരു ശ്ലോകാർത്ഥം ഞാൻ
മായമെന്നിയേ ചൊന്നേൻ കണ്ടിപ്പോളതിലൊന്നും.

# 6. സിംഹവും വൃഷഭവും സ്നേഹബദ്ധരായത്

ആയതു മനസ്സിൽവച്ചിങ്ങനെ പറഞ്ഞു ഞാൻ
ആയതധ്വാനംകേട്ടു ഭീതിയെന്തിത്ര വൃഥാ?
കേവലം മഹാശബ്ദം കേൾക്കുന്നു വനം തന്നിൽ
സാവധാനനാമഹം ചെന്നിഹ വന്നീടുന്നേൻ
എന്തൊരു ശബ്ദമെന്നുമെന്തൊരു ജന്തുവെന്നു-
മെന്തൊരു ഭാവമെന്നുമൊക്കവെ ബോധിക്കുന്നേൻ.
ഇത്തരമുരചെയ്തു ധൃഷ്ടനാം ക്രോഷ്ട്യപ്രൗഢൻ
സത്വരം സഞ്ജീവകക്കാളതൻ മുന്നിൽചെന്നു
ആരെടോ! താനെന്നവൻചോദിച്ചനേരം വൃഷം
നേരുവാക്കുരചെയ്തു ഞാനോരു കാളക്കൂറ്റൻ
വർദ്ധമാനനെന്നൊരു വാണിഭക്കാരൻ നമ്മെ
വർദ്ധിപ്പിച്ചതുമിപ്പോളിങ്ങിനെ വെടിഞ്ഞതും
അർദ്ധമാർഗ്ഗത്തിൽവീണു കാലൊടിഞ്ഞടവിയിൽ
അർദ്ധമാസത്തിൽപ്പുറം ദുഃഖിച്ചുകിടന്നു ഞാൻ
ദൈവകാരുണ്യംകൊണ്ടു ദണ്ഡവും ശമിച്ചു ഞാൻ
ഏവമിപ്രദേശത്തു സൗഖ്യമായ് നടക്കുന്നേൻ.
ചൊല്ലിനാൻ ദമനകൻ നമ്മുടെ സ്വാമിവീരൻ
ചൊല്ലേറൂം മഹാസിംഹം പിംഗലകാഖ്യൻധീരൻ
ചൊല്ലിവിട്ടിതു നമ്മെസ്സത്വരം കൂട്ടിക്കൊണ്ടു-
ചെല്ലുവാൻ ഭവാനെയങ്ങെത്രയും കൗതൂഹലാൽ
സമ്മതമിദമെങ്കിൽ സ്വാമിയോടുണർത്തിച്ചു
സത്വരം വരാമെന്നു കേട്ടപ്പോൾ സഞ്ജീവകൻ

സിംഹനായകൻ മഹാവീര്യവാനവൻ നമ്മെ–
സ്സംഹരിക്കില്ലെന്നാകിൽ സംശയം വിനാ വരാം.
വിശ്വസിച്ചവർകളെ വഞ്ചന ചെയ്തീടുമോ
വിശ്വവിശ്രുതൻവീരൻ വിക്രമി മൃഗാധിപൻ?
എങ്കിൽ ഞാൻവരാമെന്നു കാള ചൊന്നതു കേട്ടു
കിങ്കരൻദമനകൻ വന്നിതു സിംഹാന്തികേ
വന്ദനം ചെയ്തുചൊന്നാൻ: ചണ്ഡനാം സമീരണൻ
മന്ദമെന്നിയേ വിശ്വമിളക്കുമെന്നാകിലും
എത്രയുമസാരമായുള്ളൊരു തൃണങ്ങളെ
ധാത്രിയിൽനിന്നു പറിച്ചീടുമോ? മഹാമതേ!
ഉന്നതങ്ങളായുള്ള  വൃക്ഷങ്ങളെല്ലാം പാടേ
ഭിന്നമാക്കുവാൻ കുറവൊട്ടുമേയില്ല താനും.
വീര്യമുള്ളവൻ മറ്റുവീര്യമുള്ളവനോടു
വിക്രമം പ്രയോഗിപ്പൂ ദുർബലന്മാരിലല്ല.
എന്നതു മൂലം ഭവാൻ കാളയെ വധിക്കയി–
ല്ലെന്നൊരു വിശ്വാസംകൊണ്ടത്ര ഞാൻവരുത്തുന്നേൻ.
എന്നതുകേട്ടു പ്രാസാദിച്ചുരചെയ്തു സിംഹം:–
നിന്നുടെ സഖിയേ ഞാൻ കൊല്ലുമോ ദമനക!
എന്തെടോ! സഞ്ജീവകനെന്നു പേരെന്നുകേട്ടു
ഹന്ത! മേ മഹാസുഖമായവൻ ബന്ധുവായാൽ,
താമസം കൂടാതിങ്ങുകൊണ്ടുപോന്നാലും ഭവാൻ
കാമസംപ്രാപ്തിപ്രിയൻ ഞാനെന്നുബോധിക്കേണം.
അപ്രകാരങ്ങൾ ചെന്നുപറഞ്ഞു ദമനകൻ
തൽപ്രകമ്പത്തെപ്പോക്കിക്കാളയെകൊണ്ടുപോന്നു
നന്ദിരാജനെ സ്വാമി സന്നിധി തന്നിലാക്കി
നന്ദിപൂണ്ടരികത്തു സേവിച്ചുനിന്നീടിനാൻ.
അന്നുതൊട്ടന്യോന്യസ്നേഹാകുലന്മാരായ്ത്തീർന്നു
നന്ദിയാം സഞ്ജീവകൻ പിംഗലമൃഗേന്ദ്രനും.
അന്യരാം ഭൃത്യന്മാരിലാസ്ഥയില്ലാതായ് വന്നു
ധന്യനാം മൃഗേന്ദ്രനു നന്ദിസമ്പർക്കംമൂലം.

കാളയും കണ്ഠീരവശ്രേഷ്ഠനും ഗുഹാന്തരേ
പാളയം പുക്കു തമ്മിൽ പ്രാണവിശ്വാസത്തോടെ
കേളിസല്ലാപം കൊണ്ടു കേവലം ദിനേദിനേ
മേളിച്ചു മഹോത്സവക്രീഡയാ മേവും കാലം
ഭൃത്യന്മാരമാത്യന്മാർ ചേർച്ചക്കാർ ബന്ധുക്കളും
നിത്യസേവകന്മാരും പിള്ളരും കാവൽക്കാരും
നിത്യവൃത്തിക്കു ലഭിക്കായ്കകൊണ്ടഹോ കഷ്ടം
പ്രത്യഹം പരാധീനപ്പെട്ടുഴലുന്ന കാലം
ഏകദാ ദമനകൻ പൂർവജൻകരടനും
വ്യകുലംപൂണ്ടു തമ്മിൽ സംസാരം തുടങ്ങിനാർ.

ചൊല്ലിനാൻ ദമനകൻ നമ്മുടെ സ്വയംകൃതം
അല്ലയോ മഹാദോഷമിങ്ങനെ സംഭവിപ്പാൻ?
തങ്ങൾതാനുണ്ടാക്കുന്ന ദോഷങ്ങൾ മൂന്നുകൂട്ടം
സംഗതിവരുമെന്നു സജ്ജനം ചൊല്ലിക്കേൾപ്പൂ.
മേഷയുദ്ധംകൊണ്ടൊരു ജംബുകൻ മരിച്ചുപോയ
ആഷാഢഭൂതിമൂലം നമുക്കുംനാശംവന്നു
തന്തുവായെന്റെമൂലം ദൂതിക്കുനാശംവന്നു;
താന്തന്നെദോഷത്രയമിങ്ങനെ ജനിപ്പിച്ചു
എന്നൊരുയതിശ്രേഷ്ഠൻ പണ്ടരുൾചെയ്തുപോലും
എന്നതു ഭവാൻ കേട്ടിട്ടില്ലയോ മഹാത്മാവേ!
ആയതുകേൾക്കേണമെന്നഗ്രജനുരചെയ്താൻ;
പ്രായശോ നിവേദനംചെയ്തിതു സഹോദരൻ.

## 7. തങ്ങൾക്കു താനുണ്ടാക്കുന്ന തൃദോഷങ്ങൾ

ദേവശർമ്മാവെന്നൊരു സന്യാസിപണ്ടുണ്ടായി
കേവലം ബ്രഹ്മധ്യാനം ചെയ്തു മേവുന്നകാലം
എത്രയും ബഹുദ്രവ്യമുണ്ടായി നമുക്കിതു

കത്ര സംഗ്രഹിക്കേണമെന്നുടൻ വിചാരിച്ചു
തന്നുടെ കുപ്പായത്തിൽവെച്ചുടൻ തുന്നിക്കെട്ടി
തുന്നലുണ്ടാക്കിത്തന്റെ ദേഹത്തിലിട്ടുകൊണ്ടു
സവൈരമായ് നടക്കുമ്പോളാഷാഢഭൂതിയെന്നു
പേരുമായൊരുവിപ്രൻ സേവിച്ചുകൂടീടിനാൻ:
സാരമാം ബഹുദ്രവ്യമിദ്ദേഹം കുപ്പായത്തിൽ
ചേരുമാറിട്ടു തുന്നിക്കൊണ്ടല്ലോ നടക്കുന്നു
ഇദ്ധനം കരസ്ഥമാക്കീടുന്നതുണ്ടു ഞാനും
ലുബ്ധനോടർത്ഥം കൈക്കലാക്കിയാൽ ദോഷമില്ലാ.
ഇത്തരം വിചാരിച്ചു പാദശുശ്രൂഷ ചെയ്തു
വൃദ്ധനാം സന്യാസിയെ വിശ്വസിപ്പിച്ചു ധൂർത്തൻ.
ശുദ്ധനാഷാഢഭൂതി നന്നിവനിവൻ കയ്യിൽ
മദ്ധനം സൂക്ഷിപ്പാനായ് കൊടുത്താൽ ദോഷമില്ല
ഇത്ഥമങ്ങുറച്ചൊരു വാസരേ ഭിക്ഷുശ്രേഷ്ഠൻ
സ്നിഗ്ദ്ധനാമവൻ കയ്യിൽ കുപ്പായം സമർപ്പിച്ചു
കാനനനദിതന്നിൽ സ്നാനത്തിന്നെഴുന്നള്ളി
സ്നാനവുംചെയ്തു ജപിച്ചങ്ങനെ നിൽക്കന്നേരം,
ഉദ്ധതന്മാരാം രണ്ടു മേഷങ്ങൾ പരസ്പരം
യുദ്ധമങ്ങാരംഭിച്ചു വാഹിനീതീരന്തന്നിൽ.
ആടുകൾരണ്ടും ബഹുദൂരവേ വാങ്ങിക്കൊണ്ടി
ങ്ങോടിവന്നുടൻ മുട്ടിപ്പിന്നെയും മാറിപ്പോകും
പിന്നെയും വന്നുമുട്ടും തമ്മിലീവണ്ണമുള്ള
സന്നാഹം ക്രമത്താലങ്ങെത്രയും മുഴുത്തപ്പോൾ
ഭിന്നമാം മുഖങ്ങളിൽ നിന്നുടൻ ചോരക്കട്ട
ചിന്നിയും ചിതറിയും ഭൂതലേ പതിക്കുന്നു.
അന്നേരമൊരു ഭോഷൻ ജംബുകൻ ചെന്നുകണ്ടു
നന്നിതു ചോരത്തുള്ളി നമുക്കു പാനംചെയ്പാൻ,
എന്നവൻവിചാരിച്ചു മേഷങ്ങൾ വാങ്ങുന്നേരം
ചെന്നുടൻ ചോര നക്കിക്കുടിച്ചു തുടങ്ങിനാൻ.
പെട്ടെന്നു മേഷങ്ങളും വന്നുമുട്ടുമ്പോൾ മദ്ധ്യേ

പെട്ടൊരു കുറുനരി ചതഞ്ഞു ചത്തുവീണാൻ.
അമ്മുനിയപ്പോളൊരു ശ്ലോകപാദത്തെച്ചൊല്ലി:–
'ജംബുകോ മേഷയുദ്ധേനേതി' താനനന്തരം
കാഷായംധരിച്ചവനിങ്ങെഴുന്നള്ളുന്നേരം
ആഷാഢഭൂതിയേയും കണ്ടില്ലെന്നതേവേണ്ടു.
ശേഷമങ്ങൊരുപാദം പൂരിച്ചു തദാ വയം
'ആഷാഢഭൂതിനേതി' പ്രസ്ഥാനംചെയ്തുപിന്നെ
കുപ്പായംനിറച്ചുള്ള പൊന്നുറുപ്പികയെല്ലാം
എപ്പേരും കൊണ്ടുപോയാനാഷാഢഭൂതിദ്വിജൻ
അന്തിയുമടുത്തപ്പോൾ സന്യാസി ചെന്നങ്ങൊരു
തന്തുവായനെ വീട്ടിൽ പുക്കുവാണരുളിനാൻ.
നൂലുനൂല്ക്കുന്നകൂട്ടം ചാലിയന്മാരിലൊരു
ചാലിയൻ കള്ളുംകുടിച്ചങ്ങനെ ചാഞ്ചാടുന്നു
ആയവൻകെട്ടിക്കൊണ്ടുവന്നൊരു ചാലിയത്തി
ആയിരംധൂളീ ചത്തു പിറന്നോളെന്നുതോന്നും
മാരമാൽകൊണ്ടു ദാസീദത്തമാം മാർഗ്ഗത്തൂടെ
ജാരനെസ്സന്ദർശിപ്പാൻ ഗൂഢമായ് പോകുന്നേരം
മദ്യപനവളുടെ വല്ലഭൻ തന്തുവായൻ
മദ്ധ്യമാർഗ്ഗത്തിൽ വച്ചു കണ്ടെത്തിപ്പിടികൂടി
എങ്ങുപോന്നെടീ ധൂളിയെന്നവൻ ചോദിച്ചപ്പോൾ
നിങ്ങളെത്തിരഞ്ഞു ഞാൻ വന്നേനെന്നവൾ ചൊന്നാൾ.
ഉള്ളിലെക്കപടം ഞാൻ ബോധിച്ചു കൊള്ളാം തൊഴിൽ
കള്ളത്തീ! നിന്നെത്തൂണിൽബന്ധിച്ചേ മതിയാവൂ.
ഇങ്ങനെ കയർത്തൊരു ചാലിയൻ കയർകൊണ്ടു
പെണ്ണിനെത്തൂണിൽ വരിഞ്ഞെങ്ങുപോയുറങ്ങിനാൻ.
മത്തനാമവനങ്ങു ചത്തപോലുറങ്ങുമ്പോൾ
അത്തൽകൂടാതെ ദാസി തത്ര വന്നിതു മുദാ
തന്തുവായസ്ത്രീയുടെ ബന്ധനമഴിച്ചവൾ
ബന്ധുവായതിനുടെ മാഹാത്മ്യം കാട്ടീടുവാൻ
തന്നെത്താൻ പാശംകൊണ്ടു ബന്ധിച്ചുനിന്നു മറ്റേ

കന്നൽത്താർമിഴിയാളെ ജാരങ്കൽ നിയോഗിച്ചാൾ.
കണ്ഠനാം തന്തുവായനന്നേരമുണർന്നുടൻ
ശണ്ഠകൾതുടങ്ങിനാൻ തന്നുടെ കളത്രത്തെ.
ശുണ്ഠിയും കടിച്ചവൻ ഘോഷിക്കുന്നേരമൊന്നും
മിണ്ടാതെതന്നെനിന്നു ദൂതിയാമവൾതാനും.
കണ്ടകനെഴുന്നേറ്റു ദാസിതന്നുടെ മൂക്കു
കണ്ടിച്ചു കത്തികൊണ്ടു കശ്മലൻ മഹാജളൻ
പിന്നേയും ചെന്നു കിടന്നുറക്കം തുടങ്ങിനാൻ.
അന്നേരമവിടെയ്ക്കു ചാലിയത്തിയുംവന്നു
എന്തെടൊ ദൂതീ! നിന്റെ വർത്തമാനമെന്നവൾ
എന്തൊടോ പറയുന്നു നമ്മുടെ വൃത്താന്തങ്ങൾ
എന്നെ നീ പാശക്ലേശം വേർപെടുത്തയച്ചാലും
എന്നതുകേട്ടു പാശമഴിച്ചുവിട്ടാളവൾ.
പിന്നെയും മുന്നേപ്പോലെതന്നെത്താൻബന്ധിച്ചുകൊ-
ണ്ടുന്നതസ്തനി തൂണുചേർന്നുനിൽക്കുന്നനേരം
ചാലിയനുണർന്നതു ബോധിച്ചുചൊന്നാളവൾ:-
കാലിയെപ്പോലെയെന്നെക്കെട്ടിയിട്ടൊരു ദുഷ്ട!
നമ്മുടെ നാസാഛേദംചെയ്തതു പാരം കഷ്ടം
ദുർമ്മതേ! നീയെൻപാതിവൃത്യമോർക്കുന്നീലയോ?
എന്നുടെകൗമാരമാം വയസ്സിൽത്തുടങ്ങി ഞാൻ
അന്യപൂരുഷസ്പർശംചെയ്തിട്ടില്ലെന്നുള്ളൊരു
സത്യമുണ്ടെനിക്കതുകാരണം വൈരൂപ്യംതീർ
ന്നദ്യ ഞാൻ മുന്നേപ്പോലെ മൂക്കിനെലഭിച്ചീടും.
പ്രത്യേകമിതുലോകപാലന്മാർ കേട്ടിടേണം.
പ്രത്യേകം പിതൃക്കളുമൊക്കെവേ ശ്രവിക്കണം.
നോക്കെടോ! വന്നു മമ ചന്ദ്രനോടൊക്കുംമുഖം
മൂക്കുകണ്ടാലും നല്ലൊരെൾക്കുസുമത്തെപ്പോലെ
മൂർഖനാമവനതുകേട്ടപ്പോൾ വേഗം വന്നു
മൂക്കുമമ്മുഖത്തെയും കണ്ടപ്പോൾ വിസ്മയിച്ചു
കാൽക്കൽ വീണവൻ കൂപ്പിച്ചൊല്ലിനാനെന്റെ ദുഷി-

വാക്കുമീവ്യാപാരവുമൊക്കെ നീ പൊറുക്കണം
തീക്കനൽപോലെനിന്റെ ചാരിത്ര്യം ചാലിപ്പെണ്ണേ!
നീക്കമില്ലെടോ ബാലേ! നിന്നേ ഞാൻ വണങ്ങുന്നേൻ
ഇത്ഥമങ്ങുരചെയ്തു  കെട്ടഴിച്ചുപാന്തികേ
നിർത്തിക്കണ്ണുനീർ വാർത്തു പുണർന്നുമേവീടിനാൻ.

തത്ര സംഭവിച്ചൊരു വാർത്തമാനങ്ങളെല്ലാം
പാർത്തുകൊണ്ടനങ്ങാതെ ഭിക്ഷുവും വസിക്കുന്നു.
ദാസികതാനുമപ്പോൾ ഖണ്ഡിതമായുള്ളൊരു
നാസികാഖണ്ഡത്തെയും കയ്യിൽവച്ചിരിക്കുന്നു.
അന്നേരമവളുടെവല്ലഭൻ ക്ഷൗരക്കാരൻ
വന്നുടൻ ക്ഷൗരക്കത്തിസ്സഞ്ചികൊണ്ടുവാ പെണ്ണേ!
എന്നതു കേട്ടങ്ങൊരുകത്തിമാത്രത്തെയെടു–
ത്തങ്ങോട്ടുകൊടുത്തിതു നാപിതസ്ത്രീയാമവൾ.
നാപിതന്മാഹാമൂർഖൻ സഞ്ചികിട്ടാഞ്ഞു പാരം
കോപിച്ചു കത്തിയെടുത്തെറിഞ്ഞാനകത്തേയ്ക്കു
അയ്യയ്യോ! മാലോകരേ! നമ്മുടെ ഭർത്താവിന്റെ
കയ്യാലെൻമൂക്കുപോയി, മൂഢനാം മഹാപാപി,
മൂർച്ചയുള്ളൊരുകത്തികൊണ്ടെറിഞ്ഞവനെന്റെ
മൂക്കുകണ്ടിച്ചാനിതുകണ്ടാലും ശേഷഖണ്ഡം.
ഇങ്ങനെപലരെയും വിളിച്ചുകാട്ടീടിനാൾ
അംഗനാജനത്തോളം ദുർബുദ്ധി മറ്റാർക്കുള്ളൂ?
അക്കഥകേട്ടു നൃപൻകല്പിച്ചു ഭടന്മാരും
ചിക്കെന്നുവന്നു പിടിപെട്ടിതു ക്ഷുരകനെ;
നോക്കേടാ മൂഢാ,നീയിപ്പെണ്പിറന്നവളുടെ
മൂക്കുഖണ്ഡിപ്പാനെന്തുകാരണം ദുരാത്മാവേ!
ആർക്കുമേ തോന്നാതുള്ള ദുഷ്കർമ്മം ചെയ്ത നിന്റെ
നാക്കുകണ്ടിച്ചു തീയിലെരിച്ചേ മതിയാവൂ.
പെണ്ണിനെദ്രോഹിച്ചവൻ ശൂലാഗ്രേ നക്ഷത്രങ്ങ
ളെണ്ണിക്കോണ്ടനേകം നാളിങ്ങനെ കിടക്കണം.

എന്നതുകേട്ടു സന്യാസീശ്വരനരുൾചെയ്തു:–
കൊന്നുപോകേണ്ട വൃഥാ ഭീതനാം ക്ഷുരകനെ.
ദാസിയാമവളുടെ നാസികച്ഛേദമിപ്പോൾ
നാപിതനല്ല ചെയ്തു നാമെല്ലാം ബോധിക്കുന്നു
തന്തുവായിയാം നാരി കാരണം മഹാമൂഢൻ
തന്തുവായന്താനിതു ചെയ്തതു ഭവാന്മാരേ.
ശ്ലോകർത്ഥമൊന്നുചൊല്ലിബോധവും വരുത്തീടാം;
ലോകാപവാദന്തീരുന്നാപിതന്നിതുകേട്ടാൽ.
മേഷയുദ്ധംകൊണ്ടൊരു ജംബുകം നശിച്ചുപോ–
യാഷാഢഭൂതിമൂലം നമുക്കും നാശംവന്നു
തന്തുവായന്റെമൂലം ദൂതിക്കും നാശം വന്നു
താന്തന്നെജ്ജനിപ്പിച്ചോരനർത്ഥത്രയമിദം
ഇത്തരമരുൾചെയ്തു സന്യാസി ഗമിച്ചിതു;
തത്വമായ് ഭടന്മാർക്കും ബോധിച്ചു വഴിപോലേ.
ശിഷ്ടനാം ക്ഷുരകനെ രക്ഷിച്ചു സമ്മാനിച്ചു;
ദുഷ്ടയാം ക്ഷുരകിയെ ദൂരവെ വിസർജ്ജിച്ചു;
തന്തുവായിക്കമൊരുവൈരൂപ്യം നൽകിവിട്ടു;
തന്തുവായനെക്കൊണ്ടു പിഴയും ചെയ്യിപ്പിച്ചു.

ജംബുകോ മേഷയുദ്ധേന;
വയം ചാഷാഢഭൂതിനാ;
ദൂതികാ പരകാര്യേണ;
ത്രയോ ദോഷാസ്സ്വയംകൃതാഃ

# 8. കാളസർപ്പത്തെ വധിപ്പിച്ച വായസങ്ങൾ

ഏന്നതുകേട്ടു മുദാ ചൊല്ലിനാൻ കരടകൻ:–
നന്നിതു സഹോദര! നീതിഭേദങ്ങളെല്ലാം.
നമ്മുടെ കാര്യം കൊണ്ടു ചിന്തിക്കു ദമനക!
നമ്മമേൽ പ്രജകൾക്കു വർദ്ധിപ്പാനെന്തുവേണ്ടൂ?
നല്ലതുവരാൻ വഴിചൊല്ലിനാൻ ദമനകൻ
വല്ലതുമുപായമൊന്നുണ്ടാകും വിചാരിച്ചാൽ
നഷ്ടമാംകാര്യം പുനഃ സത്വരം സാധിപ്പാനും
പുഷ്ടമാം കാര്യം പരിപൂർണ്ണമായ് വരുത്താനും
പ്രാപ്തമനർത്ഥത്തെ ക്ഷിപ്രമങ്ങൊഴിപ്പാനും
പാത്രമാം മന്ത്രം പരം യന്ത്രമെന്നറിയുന്നു.
പിംഗലകനും മഹാതുംഗനാം വൃക്ഷഭനും
തങ്ങളിൽ കലഹിപ്പിക്കേണമെന്നെന്റെ പക്ഷം.
അങ്ങിനെസാധിക്കുമോയെന്നിതു കരടകൻ;
സംഗതി വരുത്തുന്നുണ്ടെന്നിഹ ദമനകൻ
തൽക്കാര്യമുപായം കൊണ്ടഞ്ജസാ സാധിക്കുന്നു;
തൽക്കാര്യം പരാക്രമം കൊണ്ടു സാധിക്കയില്ല.
കാകപ്പെണ്ണൊരു കടീസൂത്രത്തെക്കൊണ്ടു മുന്നം
കാളസർപ്പത്തെ വധിപ്പിച്ചതു കേട്ടിട്ടില്ലേ?
ചൊല്ലെടോ ദമനക, കീദൃശമിദമെന്നു;
ചൊല്ലിനാൻ ദമനകൻതാനുമഗ്രജനോടു:–
പൊക്കമുള്ളൊരു മരന്തന്നുടെ ശിഖരത്തിൽ
കാക്കയും കാക്കപ്പെണ്ണും കൂടിയങ്ങിരിക്കുമ്പോൾ,
കാകി പെറ്റുണ്ടാകുന്ന മുട്ടകൾ കാണ്മാനില്ല;
ശോകമായതുകൊണ്ടു കാകനും കാകസ്ത്രീക്കും.
ഗൂഢമായ്ത്തിരഞ്ഞപ്പോൾ തങ്ങടെ മരത്തിന്റെ
കോടരന്തന്നിലൊരു കൃഷ്ണസർപ്പത്താനുണ്ട് ;
ആയവൻ വന്നുതിന്നു സർവ്വവും മുടിക്കുന്നു;
ആയതു വിചാരിപ്പാനാരെയും കാണുന്നീല;

വായസിക്കതുകാലം ഗർഭവും തികഞ്ഞിതു;
വായസം പുറപ്പെട്ടു തന്നുടെ സഖിയാകും
ഗോമായുപ്രവരനോടിക്കഥ ബോധിപ്പിച്ചു;
ഗോമായുപ്രവരനും കാകനോതുരചെയ്താൻ
കൊക്കെന്നുള്ളൊരുപക്ഷി നീറ്റിലെമത്സ്യങ്ങളെ-
യൊക്കേവേ തക്കംനോക്കിപ്പാർത്തവൻ കൊത്തിത്തിന്നും.
ദുർഘടമിവ ചെയ്യും കൊമ്മിനെയൊരുദിനം
കർക്കടംകുടിച്ചാശു കൊന്നതു കേട്ടിട്ടില്ലേ?
കാകാനും പറഞ്ഞിതു ഞാനതു കേട്ടിട്ടില്ലാ;
നീ കഥിക്കെന്നു തദാ, ചൊല്ലിനാൻ ഗോമായുവും.

കൊക്കെന്നുപേരായുള്ള വൃദ്ധനാമൊരുപക്ഷി;
പൊക്കത്തിൽപ്പറപ്പാനും ശക്തിയില്ലവനൊട്ടും
ചിക്കെന്നങ്ങൊരുദിനം കാനനസരസ്സിന്റെ
വക്കത്തുചെന്നു പാരം ദുഃഖിച്ചുവസിക്കുമ്പോൾ,
കർക്കടാഖ്യനായുള്ള സമർത്ഥൻ ജലജന്തു
കൊക്കിനോടുരയെയ്താനെന്തെടോ! താനിങ്ങനെ
ദുഃഖിതനെന്നപോലെ ഭക്ഷണംവെടിഞ്ഞൊരു-
ദിക്കിൽവന്നനങ്ങാതെ പാർക്കുന്നു പറഞ്ഞാലും,
ജീവനം നമുക്കെടോ! മത്സ്യമാംസമേയുള്ളൂ;
കേവലമതുകൊണ്ടു ജീവിച്ചുവസിക്കുന്നു.
കൊക്കുജാതികൾക്കെല്ലാം നീറ്റിലെമത്സ്യമെന്യേ
മറ്റൊരുവകയില്ല കൊറ്റിനെന്നറിഞ്ഞാലും.
ഇന്നിപ്പോളൊരു കഥ കേട്ടുഞാൻ കൈവർത്തന്മാർ
വന്നിഹ വലവീശാൻ ഭാവിച്ചുപുറപ്പെട്ടു;
മുക്കുവർവന്നിവിടെ മത്സ്യത്തെപ്പിടിച്ചെങ്കിൽ
പോകുമിജ്ജനത്തിന്റെ ഭക്ഷണമെടോ ഞണ്ടേ!
ഇത്തരം ബകത്തിന്റെ വാക്കുകൾ കേട്ടനേരം
തത്ര മേവുന്ന മഹാമത്സ്യങ്ങൾ ഭയപ്പെട്ടു.
വമ്പനാംകൊമ്പൻശ്രാവും കണ്ണനും കരിമീനും

ചെമ്പനുംപരൽമീനുമെന്നിവർ മഹായോഗം
സംഭ്രമത്തോടെചേർന്നു കൊക്കിനെത്തൊഴുതുകൊ–
ണ്ടുംഭസ്സിൽനിരന്നുനിന്നിത്ഥമൊന്നുരചെയ്തു:–
ഇജ്ജനങ്ങളെബ്ഭവാൻ പാലനം ചെയ്തീടണം
ദുർജനന്മാരയുള്ള ദാശന്മാരത്രവന്നു;
ഉള്ളത്തിൽ കനിവില്ലാതുള്ളവർ വലയിട്ടു,
വെള്ളത്തിൽക്കിടക്കുന്ന ഞങ്ങളെപ്പിടിക്കാതെ
കള്ളത്തിലൊരുതൊഴിലങ്ങുന്നു വിചാരിച്ചു
കള്ളന്മാരുടെ ദുർമ്മര്യാദത്തെ നിർത്തിടേണം.
യാതൊരേടത്തുനിന്നു സങ്കടം സാധുക്കൾക്കു
ജാതമായവരോടു കൈതവം പ്രയോഗിക്കാം.
വാമനൻ വ്യാജംപൂണ്ടു മാബലിയോടു പണ്ടു
ഭൂമി, പാതാളം, സ്വർഗ്ഗം മാധവൻ വീണ്ടില്ലയോ?
മത്സ്യശത്രുക്കളാകും ദാശന്മാരോടു ചെന്നു
മത്സരിപ്പതിനഹോ കൊക്കുകൾ മതിയാമോ?
മുറ്റുമിന്നുപകാരമത്രമാത്രം ഞാൻ ചെയ്യാം.
മറ്റൊരുജലാശയേ നിങ്ങളെക്കൊണ്ടുചെന്നു
കുറ്റമെന്നിയേ തത്ര പാർപ്പിക്കാമവിടത്തിൽ
ചെറ്റുമിദ്ദാശന്മാരെപ്പേടിക്കവേണ്ടതാനും.
ഇങ്ങനെ ബകത്തിന്റെ ചൊൽകേട്ടു മത്സ്യങ്ങളും
അങ്ങനെ കൊള്ളാമെന്നു പറഞ്ഞു പിരിഞ്ഞിതു.
അന്നു തൊട്ടോരോ ദിനമോരോരോ മത്സ്യങ്ങളെ–
ച്ചെന്നുടൻകൊത്തിക്കൊണ്ടു മറ്റൊരുഗൂഢസ്ഥലേ
കൊണ്ടുചെന്നമ്മത്സ്യത്തെബ്ഭക്ഷിച്ചു മഹാമൂഢൻ
രണ്ടു മൂന്നുമാസങ്ങളിങ്ങനെ കഴിഞ്ഞിതു.
ഉണ്ടിതിന്നൊരുവ്യാജമന്നുശങ്കിച്ചു തദാ
ഞാണ്ടുചെന്നുരചെയ്തു കൊക്കിനോടൊരുദിനം,
ഇന്നു നീ നമ്മെക്കൊണ്ടുപോകേടോ! ബകാധീശാ!
നന്നുപോലപ്രദേശം നമുക്കു വാണീടുവാൻ,
എന്നതുകേട്ടു ബകം ചിന്തിച്ചാൻ കുളീരത്തെ–

ക്കൊന്നുതിന്നതിലുള്ള സ്വാദുമിന്നറിഞ്ഞീടാം,
ഇത്ഥമങ്ങുറച്ചവനങ്ങനെ കൊത്തിക്കൊണ്ടു
തത്ര നിന്നാശു വധ്യസ്ഥാനത്തെ പ്രവേശിച്ചു.
തൽപ്രദേശത്തു ബഹുമത്സ്യാസ്ഥിക്കൂട്ടംകണ്ടു
ക്ഷിപ്രമാശയേ ചിന്തിച്ചീടിനാൻ കുളീരേന്ദ്രൻ.
തൽക്ഷണം മഹാദുഷ്ടൻ മത്സ്യത്തെക്കൊണ്ടന്നിഹ
ഭക്ഷണംകഴിക്കയോ ചെയ്യുന്നു വിലക്ഷണം?
എങ്കിൽ ഞാനിവനുടെ സംഹാരം ചെയ്തീടുന്നേൻ;
ശങ്കയില്ലെനിക്കതു സാധിക്കും ദൈവാശ്രയാൽ.
സാധ്യമല്ലെങ്കിൽത്തന്റെ പ്രാണനെയുപേക്ഷിക്കാം;
സാധുരക്ഷാർത്ഥമായി മരിച്ചാൽ മോക്ഷം ഫലം.
യുദ്ധം ചെയ്തില്ലെങ്കിലും മൃത്യു നിശ്ചയമിപ്പോൾ;
യുദ്ധത്തിൽ രണ്ടുംവരും സംശയസ്ഥാനം യുദ്ധം.
അങ്ങനെ വരുംദിക്കിൽത്തങ്ങടെ ശക്തിക്കൊക്കും
സംഗരം ചെയ്യാമെന്നു സാധുക്കൾ ചൊല്ലിക്കേൾപ്പൂ.
കർക്കടകാധീശ്വരനിങ്ങനെ വിചാരിച്ചു
കൊക്കിന്റെ കൊക്കിൽനിന്നു കുതിച്ചുചാടീടിനാൻ.
വക്കാണം തുടങ്ങിനാനുൽക്കട കോപത്തോടെ;
ധിക്കാരം കണ്ടു കൊക്കും കോപിച്ചു യുദ്ധംചെയ്തു.
കണ്ഠത്വം വെടിഞ്ഞുടൻ ഞണ്ടു തൽബകത്തിന്റെ
കണ്ഠത്തിൽക്കടിച്ചവനഞ്ജസാ കൊലചെയ്തു.

ചൊല്ലിയെന്നതുകൊണ്ടു ശത്രുനിഗ്രഹം ചെയ്‌വാൻ
വല്ലതുമുപായമുണ്ടായ്‌വരും സാധുക്കൾക്കും.
എന്തു ഞാൻ ചെയ്‌വനിപ്പോളെന്നു ചോദിച്ചു കാകൻ;
ബന്ധുവാം ക്രോഷ്ടാവുരചെയ്തു നല്ലുപദേശം.
അന്തികേ നൃപാലയേ ഭൂപന്റെ മഹിഷിയാം.
ദന്തിഗാമിനിയുണ്ടു വാപിയിൽ കുളിക്കുന്നു.
ഉന്നതസ്തനിതന്റെ പൊന്നാരഞ്ഞാണമഴി–
ച്ചന്യഭാഗത്തുവച്ചു മുങ്ങുവാൻ ഭാവിക്കുമ്പോൾ

സത്വരം പറന്നു ചെന്നുത്തരംകടിസൂത്രം
കൊത്തി നിൻ കൊക്കിലാക്കിക്കൊണ്ടു പോന്നാലും സഖേ!
ആയതു മരത്തിന്റെ തുഞ്ചത്തു തൂക്കിക്കൊണ്ടു
വായസ! ഭവാനനങ്ങതെയങ്ങിരുന്നാലും,
ആ വഴി വരുന്നൊരു പാന്ഥന്മാരതു കണ്ടാൽ
ആയതു കരസ്ഥമാക്കീടുവാൻ യത്നം ചെയ്യും
ഉന്നതദ്രുമം തന്നിലേറുവാൻ തുടങ്ങുമ്പോൾ
പന്നഗമതിൽനിന്നു പത്തിയുമുയർത്തീടും.
ദംശിപ്പാൻ വരുന്നൊരു സർപ്പത്തെപ്പഥികന്മാർ
സംശയം കൂടാതവർ തല്ലി നിഗ്രഹിച്ചീടും,
അങ്ങനെ വന്നാൽ നിന്റെ സങ്കടമെല്ലാം തീരും;
തങ്ങൾക്കു പാമ്പിൻ പക സംഭവിക്കയുമില്ല.
കാകനുമവൻ പ്രബോധിപ്പിച്ചൊരുപായത്തെ
വ്യാകുലം കൂടാതനുഷ്ഠിച്ചതു കുതൂഹലാൽ.
അങ്ങനെതന്നെ കൃഷ്ണഭോഗിതൻ വിനാശവും
സംഗതിവന്നി,തതുകൊണ്ടു ഞാനുരചെയ്തേൻ.
യൽക്കാര്യമുപായം കൊണ്ടഞ്ജസാ സാധിക്കുന്നു.
തൽക്കാര്യം പരാക്രമം കൊണ്ടു സാധ്യമല്ലെന്നു.

## 9. മുയൽ സിംഹത്തെ സിദ്ധിപൂകിച്ചത്.

ബുദ്ധിയുണ്ടെങ്കിലവനായതു ബലന്തന്നെ;
ബുദ്ധിയില്ലെങ്കിലവനൊട്ടുമേ ബലമില്ല.
ബുദ്ധിമാനൊരു മുയൽ പണ്ടൊരു സിംഹത്തിനെ-
സ്സിദ്ധിപൂകിച്ചാനതു മഗ്രജൻ കേട്ടിട്ടില്ലേ?
ആയതുമാത്രം കേട്ടിട്ടില്ലെന്നു കരടകൻ;
ഭൂയസാ വദാമി ഞാനെന്നുടൻ ദമനകൻ.
പണ്ടങ്ങു മദോൽക്കടനെന്നൊരു മഹാസിംഹം
കണ്ടെത്തും മൃഗങ്ങളെയൊക്കവേ ഭക്ഷിക്കുന്നു.
കുണ്ഠതപൂണ്ടു മൃഗക്കുട്ടങ്ങൾ സ്വരൂപിച്ചു

കൊണ്ടവർ മൃഗേന്ദ്രനെ പ്രാപിച്ചു ചൊല്ലീടിനാർ.
തമ്പുരാനൊരു കഴിവുണ്ടെങ്കിലടിയങ്ങൾ
തങ്ങൾ തങ്ങടെ രാജ്യത്തിരുന്നു പൊറുത്തീടാം.
ശക്തിയില്ലെന്നു വന്നാലിങ്ങനെ ദുരാചാരം
ശക്തിമാൻ തുടങ്ങിയാൽ ദിക്കുകൾ നശിച്ചുപോം.
രക്ഷണം ചെയ്യേണ്ടുന്ന രാജാക്കൾ പ്രജകളെ–
ബ്ഭക്ഷണം ചെയ്താൽപ്പരം കഷ്ടമെന്നതേ വേണ്ടൂ
ഇക്ഷണം നിർമ്മാര്യാദം കാട്ടുന്ന പ്രജകളെ–
ശ്ശിക്ഷണം ചെയ്പാൻ കാലനെന്നിയേ മറ്റാരുള്ളു?
ഓരോരോ ദിനന്തോറുമോരോരോ മൃഗങ്ങളെ
യാരോമൽ ഭുജിച്ചരുളേണമേ സ്വാമിൻ ഭവാൻ.
ഊഴമിട്ടടിയങ്ങൾ തമ്പുരാൻ തിരുമുമ്പി–
ലൂനമെന്നിയേ വരാമായതു ഭുജിച്ചാലും.
പക്ഷിരാജനു പണ്ടു പാമ്പുകൾ ദിനംതോറും
ഭക്ഷിപ്പാൻ ക്രമത്താലേ വ്യവസ്ഥവച്ചപോലെ
അങ്ങനെ ചെയ്യാമെന്നു സിംഹവുമുരചെയ്തു;
മംഗലം കലർന്നിങ്ങു പോന്നിതു മൃഗങ്ങളും.
അന്നുതൊട്ടോരോ മൃഗമോരോ വാസരങ്ങളിൽ
ചെന്നങ്ങു സിംഹത്തിനു ഭക്ഷണമേകീടുന്നു.
ഇത്ഥമങ്ങൊരു മാസം ചെന്നപ്പോൾ വിദ്ഗദ്ധനായ്
വൃദ്ധനാമൊരു ശശത്തിന്നുമങ്ങൂഴം വന്നു.
നമ്മുടെ മൃത്യുദിനം വന്നിതു മഹാകഷ്ടം!
ജന്മമുണ്ടെങ്കിൽ മൃത്യുപ്രാപ്തിയും ദൃഢമല്ലോ.
ദുർമ്മരണമെന്നതു സങ്കടമതുമെന്റെ
വല്ലതുമുപായമെന്നുണ്ടാക്കിസ്സിംഹേന്ദ്രനെ–
ക്കൊല്ലുക തന്നെ നല്ലൂ കില്ലതിനില്ലതെല്ലും;
ബുദ്ധിമാൻ വിചാരിച്ചാൽ വല്ല കാര്യമെന്നാലും
സിദ്ധിപ്പാൻ തടവില്ലെന്നൂറ്റക്കാർ പറയുന്നു
തെറ്റെന്നു വിചാരിച്ചു തത്ര ചെല്ലുവാൻ കാലം
തെറ്റിച്ചു മന്ദംമന്ദം നടന്നുചെന്നു മുയൽ.

നിത്യവും ശീലിച്ചൊരു കാലത്തു കാണയ്കയാൽ
ക്ഷുത്തുകൊണ്ടവശനാം സിംഹവും കോപിച്ചിതു.
എന്തെടോ! നേരം വൈകാൻ സംഗതി ശശാധമാ!
മത്ത! ഞാൻ വിശപ്പുകൊണ്ടെത്രയും ദുഃഖിക്കുന്നു.
കൈകളും കൂപ്പിക്കൊണ്ടു പറഞ്ഞു ശശം; കാലം
വൈകുവാൻ മൂലം സ്വാമിനേഷ ഞാനുണർത്തിക്കാം.
മറ്റൊരു സിംഹം മാർഗ്ഗേ വന്നുടൻ നമ്മെത്തിന്മാ
നേറ്റവും മുതിർന്നടുത്തീടിനാൻ മഹാഘോരൻ.
മുറ്റുമത്തടിയനെപ്പേടിച്ചു കാട്ടിൽക്കൂടെ
മറ്റൊരുവഴി വളച്ചിങ്ങിഹ വിടകൊണ്ടേൻ.
കുറ്റമില്ലടിയനെന്നോർത്തു രക്ഷീച്ചീടണം;
കൂറ്റുകാരന്റെ പിഴ സ്വാമികൾ സഹിച്ചീടും.
മറ്റു സിംഹങ്ങൾ വന്നു വമ്പുകൾ കാട്ടുന്നതു
മാറ്റുവാൻ സ്വാമിയല്ലാതരുള്ളു മഹീതലേ?
എങ്ങെടോ മഹാമൂഢൻ നമ്മുടെവനേ വരാൻ
സംഗതിയെന്തു വേഗാൽ സംഹരിക്കുന്നുണ്ടു ഞാൻ.
തൽക്ഷണമസ്സിംഹത്തെക്കൊല്ലാതെ നമുക്കിനി
ബ്ഭക്ഷണം ഭാവമില്ല കുത്ര മേവുന്നു ഭോഷൻ?
ഇങ്ങനേ സിംഹത്തിന്റെ ഹുംകൃതി കേട്ടു ശശ
മിങ്ങോട്ടേക്കെഴുന്നള്ളാമെന്നവൻ വഴികാട്ടി.
എത്രയും കുണ്ടുള്ളൊരു കൂപത്തിൻ തീരെ ചെന്നു
തത്ര നിന്നുരചെയ്തു തൃക്കൺ പാർത്തരുളേണം,
കൂപത്തിന്മീതേ ചെന്നു നോക്കിയാൽ സിംഹത്തിന്റെ
രൂപത്തെക്കീഴേ കാണാം സ്വാമിയെപ്പോലെ തന്നെ.
എന്നതുകേട്ടു സിംഹം കോപിച്ചു കൂപത്തിന്റെ
സന്നിധൗ നിന്നു കീയ്പോട്ടു നോക്കീടിനാൻ
തന്നുടെ പ്രതിരൂപംപോലെ കൂപത്തിൽക്കണ്ടു
തന്നുടെ പ്രതിയോഗി സിംഹമെന്നോർത്തു മൂഢൻ
ഊറ്റത്തിൽ സിംഹനാദം ചെയ്തപ്പോൾ കിണറ്റീന്നും
മറ്റൊലിക്കൊണ്ടു മഹാസിംഹനാദത്തെക്കേട്ടു.

എന്നുടെ ശബ്ദം പോലെ നീ കൂടെത്തുടങ്ങിയാൽ
നിന്നുടെ ശരീരത്തെബ്ഭഗ്നമാക്കുന്നുണ്ടു ഞാൻ
എന്നവൻ പറഞ്ഞപ്പോളങ്ങനെ തന്നെ കൂപ
ന്തന്നിൽ നിന്നുടൻ പ്രതിശബ്ദവുമുണ്ടായ്‌വന്നു.
കൊല്ലുന്നുണ്ടു ഞാൻ നിന്നെയെന്നവൻ പറഞ്ഞപ്പോൾ
കൊല്ലുന്നുണ്ടു ഞാൻ നിന്നെയെന്നിങ്ങും കേൾപ്പാറായി.
ക്രുദ്ധനാകിയ സിംഹം കുണ്ടുകൂപത്തിന്നുള്ളിൽ
സ്സ്വത്വരം കുതിച്ചു ചാടിടിനാൻ മഹാജളൻ.
ഉള്ളത്തിൽ മദമേറും മൂഢനാമവൻ കൂപേ
വെള്ളത്തിൽ മുങ്ങിപ്പൊങ്ങിക്കൈകാലും കുഴഞ്ഞഹോ!.
വെള്ളവും കുടിച്ചാശു പള്ളയും വീർത്തു പൊട്ടി–
ത്തൊള്ളയും പിളർന്നവൻ ചത്തുപോയന്നേ വേണ്ടൂ.

## 10. ദമനകന്റെ ഹിതം.

വൃദ്ധനാകിയശശം ബുദ്ധി കൗശലംകൊണ്ടു
ശത്രുസംഹാരം ചെയ്ത ബുദ്ധിമാഹാത്മ്യമിദം;
ഭദ്രമസ്തു തേ സഖേ! കാര്യസിദ്ധയേ ഭവാ–
നദ്രികന്ദരേ ചെൽമെന്നുക്തവാൻ കരടകൻ,
നന്ദിപിംഗലകന്മാർ മേളിച്ചുവസിക്കുന്ന
കന്ദരം തന്നിൽച്ചെന്നു വന്ദിച്ചു ദമനകൻ.
രണ്ടുവാക്കടിയനു ഗൂഢമായുണർത്തിപ്പാ–
നുണ്ടതിനവസരമുണ്ടാമോ? മഹാമതേ!
എന്നതുകേട്ടു സിംഹം മറ്റൊരു ഗുഹതന്നിൽ
ച്ചെന്നുനിന്നുര ചെയ്തു വന്നാലും ദമനാകാ!
നിന്നുടെ ഹിതമെല്ലാമെന്നോടു കഥിക്ക നീ–
യെന്നതു കേട്ടു ചൊന്നാൻ ഗൂഢമായ് ദമനകൻ.
തമ്പുരാനടിയനിലുള്ളൊരു സ്നേഹം കൊണ്ടു
കമ്പമുണ്ടായിലല്ലീയെന്നൊരു ശങ്കമൂലം
സാമ്പ്രതമപരാധം പേടിച്ചങ്ങുണർത്തിപ്പാൻ

സംശയിക്കുന്നു തഥാ വിദ്വാന്മാർ കഥിക്കുന്നു.
കാര്യങ്ങൾ വിചാരിപ്പാൻ കാരിയക്കാരനാക്കി-
ക്കല്പിക്കാത്തവൻ വന്നു കാര്യങ്ങളറിയിച്ചാൽ
മന്നവന്മാർക്കു തങ്കൽ മുന്നമേയുള്ള സ്നേഹം
ഭിന്നമായ് വരും തന്റെ ദുസ്സാമർത്ഥ്യത്തെക്കൊണ്ടു
സാദരമുര ചെയ്തു പിംഗലകനും തദാ:-
സോദരസ്നേഹം നിങ്കലുണ്ടെനിക്കെടോ സഖേ!
എന്തു നീയുര ചെയ്വാൻ ഭാവിച്ചു ദമനക-
നന്തരംകൂടതതു ചൊൽക നീ മടിയാതേ.
ഉക്തവാൻ ദമനകൻ നമ്മുടെ സഞ്ജീവകൻ
ശക്തനെങ്കിലും മഹാലുബ്ധനെന്നറിയേണം.
ശക്തികൾ മൂന്നുവിധമുത്സാഹം പ്രഭുത്വവും
യുക്തിയുക്തമാകുന്ന മന്ത്രവുമിവ മൂന്നും
സംപൂർണ്ണം മമ സ്വാമിക്കായതു സഞ്ജീവകൻ
സമ്പ്രതി നിന്ദിക്കുന്നു ഞങ്ങളും കേൾക്കെത്തന്നെ
എന്തിനു പലവസ്തു ചെല്ലുന്നു സഞ്ജീവകൻ
നിന്തിരുവടിയുടെ രാജ്യത്തെക്കാംക്ഷിക്കുന്നു.
ആയതു കേട്ടു കിഞ്ചിൽ ഭീതിയുമാശ്ചര്യവു-
മാശയേ ജനിക്കയാൽ മിണ്ടാതെ നിന്നു സിംഹം.
പിന്നെയും ദമനകൻ ചൊല്ലിനാന്മമ സ്വാമി
തന്നുടേ പ്രധാനമന്ത്രീശ്വരൻ സഞ്ജീവകൻ
എന്നതിൽ വരുന്നൊരു ഘോഷവുമുണർത്തിക്കാ-
മെന്നുടെ സൃഷ്ടിയല്ല വിദ്വാൻന്മാർ പറയുന്നു.
ഉന്നതമായുള്ളൊരു മന്ത്രി തൻ കഴുത്തിലും
മന്നവൻ കഴുത്തിലും പാദങ്ങൾ രണ്ടുംവച്ചു
നിൽക്കുന്ന രാജ്യശ്രീതാനായവളൊരുത്തനെ-
ത്തക്കത്തിലുപേക്ഷിക്കും സ്ത്രീസ്വഭാവത്തിൻ മൂലം.
രണ്ടു പേർ പുരുഷന്മാരുണ്ടായാൽ വേശ്യാസ്ത്രീയും
രണ്ടുപേരിലും തുല്യസ്നേഹമായ് വരികില്ല.
ലോകസമ്മതം മഹാചാപല്യമുണ്ടാകയാ-

ലേകനെപ്പരിത്യജിച്ചന്യനെ സ്വീകരിക്കും
രാജ്യലക്ഷ്മിയും തഥാ മന്ത്രിയെ ത്യജിച്ചു ത–
ദ്രാജനെപ്പരിഗ്രഹിച്ചീടിനാളെന്നു വരും
ഭൂപനെ ത്യജിച്ചു തന്മന്ത്രിയെബ്ഭജിച്ചെന്നും
ഭൂയസാ വരുമേവം കാണുന്നു പലേടവും.
എന്നതുകൊണ്ടു ചൊന്നേനേകമന്ത്രിയെത്തന്നെ
മന്നവൻ പ്രധാനിയായ് കല്പിച്ചാൽ ചിതം വരാം.
ലോകങ്ങൾ വിചാരിപ്പാനൊക്കവേ പ്രമാണമാ–
യേകനെത്തന്നെ നൃപൻ മന്ത്രിയായുറപ്പിച്ചാൽ
ആയവനുള്ളിലഹംഭാവവും വർദ്ധിപ്പീടും
കാര്യങ്ങൾക്കുപേക്ഷയുമുണ്ടാകും ക്രമത്താലേ.
തന്നുടെ താന്തോന്നിത്തം മുഴുത്തു പതുക്കവേ,
തന്നെ വർദ്ധിപ്പിച്ചൊരു സ്വാമിയേ ദ്വേഷിച്ചീടും,
തക്കവാറിനും തനിക്കുൽക്കർഷം വർദ്ധിക്കുമ്പോൾ
പൊക്കമാമധീശനും മക്കളും ബന്ധുക്കളും
നിത്യവും തനിക്കുപകാരത്തെച്ചെയ്യുന്നോരിൽ
പ്രത്യുപകാരം ചെയ്യും മർത്ത്യനെക്കണ്ടീലില്ല.
തന്നുടെ സ്ഥാനം വന്നാലായതു സാധിപ്പിച്ച
മന്നനെ മറന്നുപോമപ്പൊഴേ മഹാപാപി.
അക്കണക്കുള്ള ദുഷ്ടൻ മൂത്തുപോവതിൻ മുമ്പേ
ചിക്കനെപ്പരിത്യജിച്ചീടുന്ന നൃപൻ നൃപൻ.
അന്നത്തിൽ വിഷം കണ്ടാലാകവേ ത്യജിക്കേണം;
പിന്നെത്താനതിലൊട്ടുമാഗ്രഹിക്കയും വേണ്ട.
പല്ലുകളിളകിയാലപ്പോഴേ പറിക്കണം;
തെല്ലുപേക്ഷിച്ചാൽ ശേഷമുള്ളതുമിളകിപ്പോം
ദുഷ്ടനാമമാത്യന്റെ കൂട്ടുകാരെക്കൂടെ–
പ്പെട്ടെന്നു മൂലച്ഛേദം ചെയ്യാതെ സുഖം വരാ
തൊട്ടതിന്നവരുടെ മക്കൾക്കും പെണ്ണുങ്ങൾക്കും
തട്ടുമിദ്ദോഷമവർക്കിങ്ങെങ്ങുമില്ലാതാകും
നമ്മുടെ സഞ്ജീവകൻ സ്വാതന്ത്ര്യം തുടങ്ങുന്നു;

സമ്മതമല്ലിപ്രജകൾക്കിവൻ കാര്യക്കാരൻ.
നാളേക്കു ഗുണം വരുത്തീടുവാൻ വിചാരമി-
ക്കാളയ്ക്കു ഭവിക്കുമോ! കാര്യമൊന്നറിയാമോ?
കണ്ഠത്തിൽ നുകംവച്ചു കണ്ടത്തിലുഴവിന്നു
കൊണ്ടുപോകേണ്ടുമൊരു പണ്ടമല്ലയോയിവൻ?
എന്തിനു കാര്യക്കാരനിങ്ങനെയൊരുത്തനെ-
സ്സന്ധിപ്പിക്കുന്നു നൃപൻ താന്തന്നെ പോരാഞ്ഞിട്ടോ,
സ്നേഹവും കാര്യാകാര്യജ്ഞാനവും തികഞ്ഞൊരു
ദേഹമെന്നാകിലിവൻ മന്ത്രിയായെന്നാൽക്കൊള്ളാം
ലക്ഷണമില്ലാതുള്ള മന്ത്രികൾ രണ്ടുനേരം
ഭക്ഷണം കഴിച്ചുറങ്ങീടുവാൻ മാത്രംകൊള്ളാം
അങ്ങനെയുള്ള പുമാനെങ്ങാനും കാണ്മാനുണ്ടോ?
തിങ്ങിനധനം കണ്ടാലാഗ്രഹം കൂടാതെയും
അംഗനമാരെക്കണ്ടാലാശയില്ലാതെ കണ്ടും,
തങ്ങടെ ദ്രവ്യത്തിങ്കൽ താൽപര്യമില്ലാതെയും,
തങ്ങടെ ഗൃഹങ്ങളിൽ സ്സമ്പത്തുള്ളവർ രാജ-
പുംഗവന്തന്നെ സ്സേവിച്ചീടുവാൻ പുറപ്പെടാ.
ശക്തിയുമില്ല ഗൃഹേ ഭുക്തിക്കുമില്ലാത്തവൻ
ഭക്തിയും ഭവിച്ചുകൊണ്ടെപ്പൊഴും പ്രഭുക്കടെ
ഭൃത്യരായിട്ടും ചിലർ കാര്യസ്ഥന്മാരായിട്ടും
നിത്യരായിട്ടും ചിലർ കാര്യക്കാരരായിട്ടും
പണ്ടാരമുതലെല്ലാം ഭക്ഷിച്ചു വകയാക്കാ-
നുണ്ടാകും മനുഷ്യരെക്കോണ്ടെന്തു ഫലം വിഭോ
കല്ലുകളില്ലാതുള്ള കാനനേ കിളിർക്കുന്ന
പുല്ലുകളിവൻ തിന്നു കാനനം വെളിവാക്കാ-
നല്ലാതങ്ങൊരു കാര്യം ചിന്തിപ്പാനിവൻ പോരാ;
വല്ലാത്ത വൃഷഭത്തെ സ്നേഹിപ്പാനെന്തു മൂലം?
പിംഗലകനും ചൊന്നാനിങ്ങനെയെന്നാകിലും
പുംഗവൻ തന്നിൽ സ്നേഹം പാരമുണ്ടെനിക്കെടോ!
യാതൊരു ജനത്തിന്നു യാതൊരു ജനം പ്രിയം

ജാതിഹീനനാകിലും ദുഷ്ടശീലനെങ്കിലും;
ആയവന്നവൻ പ്രിയൻ ദുഷ്ടനെന്നാലും തന്റെ
കായത്തെയുപേക്ഷിപ്പാനാർക്കാനും തോന്നീടുമോ?
ചൊല്ലിനാൻ ദമനകനാരുടെ ദോഷമിതെ-
ന്നുള്ളതു വിചാരിച്ചാൽ സ്വാമിതാനുപേക്ഷിക്കും.
മറ്റുള്ള ഭൃത്യന്മാരെയൊക്കവേയുപേക്ഷിച്ചു
മുറ്റുമീ വൃഷഭത്തെപ്പോറ്റുന്ന സ്വാമി തന്റെ
കുറ്റമറ്റുള്ള രാജ്യം ഹരിപ്പാൻ മോഹിക്കുമി-
ക്കൂറ്റനിൽക്കുറുണ്ടാവാനെന്തുപോലവകാശം?
പുത്രനെന്നാലുമുറ്റമിത്രമെന്നാലും സ്വാമി-
ക്കെത്രയും പ്രിയനവനെന്നിഹ വരുന്നേരം
ധാത്രിയിലുള്ള സമ്പത്തൊക്കവേ തനിക്കാകും
ഗാത്രം മാത്രമേ പിന്നെ സ്വാമിക്കു ശേഷിച്ചീടൂ.
സജ്ജനാചാരങ്ങളേ ത്യജിച്ചു സദാകാലം
ദുർജ്ജനാചാരങ്ങളെ സ്വീകരിക്കുന്ന പുമാൻ
സ്വസ്ഥാനഭ്രംശം വരുന്നേരത്തു ശത്രുക്കടെ
സ്വസ്ഥാനംതന്നിൽച്ചേർന്നു സ്വാമിയെ ദ്രോഹിച്ചീടും,
കേൾക്കുമ്പോൾ ശ്രോത്രപ്രിയമല്ലെന്നുവരികിലും
ഓർക്കുമ്പോൾമേലിൽ ഗൂണമായുള്ള വാക്കുകളെ
ചൊല്ലുന്ന ജനമുള്ള യാതൊരു നൃപാലയേ
നല്ലോരുസമ്പത്തുകളെപ്പൊഴേ വർദ്ധിച്ചീടും.
പാട്ടിലുള്ളമാത്യരെ ത്യജിച്ചു വൃഥാ മറു-
നാട്ടിലുള്ളവർക്കധികാരത്തെക്കൊടുക്കുന്ന
ദുഷ്പ്രഭുവിന്റെ രാജ്യം ഛിദ്രിപ്പാനൊരു വ്യാധി
തൽപരം മറ്റൊന്നില്ലെന്നോർത്തുകൊള്ളേണം ഭവാൻ
ഉക്തവാൻ മൃഗാധിപൻ നീയിവന്നഭയത്തെ
ദത്തവനായിക്കൂട്ടികൊണ്ടുവന്നിവടത്തിൽ
വർത്തനം ചെയ്യിപ്പിച്ചു ഞങ്ങളിൽ വിശ്വാസവും
വർദ്ധനം ചെയ്യിപ്പിച്ചു നിയതു മറന്നിതോ?
അങ്ങനെയുള്ള ഭവാനിങ്ങനെ വിരോധിച്ചാൽ

എങ്ങനെ നമുക്കതു സമ്മതമായിടേണ്ടൂ?
ചൊല്ലിനാൻ ദമനകനിത്രദുസ്സഹനെന്നു
തെല്ലുമേ മുന്നം ഗ്രഹിച്ചീല ഞാൻ മഹാമതേ!
ദുർജ്ജനങ്ങൾക്കു ബഹുസൽക്കാരം ചെയ്താകിലും
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും.
എണ്ണാതേപ്പിച്ചു പിടിച്ചുഴിഞ്ഞു ദണ്ഡിച്ചാലും
പൊണ്ണനാം ശ്വാവിന്റെ വാൽ വളഞ്ഞേ നിൽപ്പൂ ദൃഢം
ദുഷ്ടരാം ബാലന്മാരെ സ്തുതിച്ചു നന്നാക്കുവാ-
നൊട്ടുമേയെളുതല്ല നല്ലൊരു വിദ്വാന്മാർക്കും
എപ്പോഴുമമൃതു കൊണ്ടാകവേ നനച്ചാലും
സൽഫലം പുറപ്പെടീച്ചീടുമോ വിഷദ്രുമം?
പഞ്ചസാരയും തേനും ചേർത്തങ്ങു കുഴച്ചിട്ടു
കിഞ്ചനകാലം പരിപാലിച്ചു കുളിർപ്പിച്ചു
എപ്പൊഴും ക്ഷീരം കൊണ്ടു നനച്ചു വളർത്താലും
വേപ്പിന്റെ കയ്പു ശമിച്ചീടുമോ? ചിന്തിച്ചാലും,
തങ്ങളുടെ യജമാനന്നാപത്തുവരാതെ ക-
ണ്ടങ്ങനെ രക്ഷിക്കേണമെന്നുള്ള കൂറ്റുകാരൻ
ഇങ്ങോട്ടു ചോദിച്ചീലെന്നാകിലും ശുഭാശുഭം
അങ്ങോട്ടു പറഞ്ഞറിയിക്കണം കൂടെക്കൂടെ.
ത്യാജ്യനാമവനെങ്കിലായവൻ ചോദിച്ചാലും
യോജ്യമായതു പറഞ്ഞീടരുതെന്നു ശാസ്ത്രം.
സങ്കടെ രക്ഷിക്കുന്നമനുഷ്യരല്ലോ ബന്ധു;
സങ്കടം കൂടാതനുഷ്ഠിക്കുന്നതല്ലോ കർമ്മം;
ഭർത്തൃശുശ്രൂഷ ചെയ്തു മേവുന്നോളല്ലോ നാരി;
സത്തുക്കൾ ബഹുമാനിക്കുന്നവനല്ലോ വിദ്വാൻ:
ദുർമ്മദം ജനിപ്പിച്ചില്ലെങ്കിലേ ശ്രീയായുള്ളു;
ദുർമ്മോഹമില്ലാത്തവനെങ്കിലേ സുഖിയാവൂ;
എങ്ങുമേ തടവില്ലെന്നാകിലെ മന്ത്രം നല്ലൂ;
തിങ്ങിന വിഷയഭ്രാന്തില്ലെന്നേ പുമാൻനല്ലൂ.
ഇങ്ങനെ ഹിതം പറഞ്ഞാലുമെൻ സ്വാമിക്കിപ്പോൾ

പുംഗവസ്നേഹത്തിനു ഭംഗമുണ്ടാകുന്നില്ല.
അത്യയമിതുകൊണ്ടു മേൽവരുന്നേരം പിന്നെ
ഭൃത്യദോഷമെന്നതേ, സംഭവിക്കയുമുള്ളു
സ്ത്രീകളിൽ കാമംകൊണ്ടും മദ്യപാനാദികൊണ്ടും
ലോകനിന്ദിതനായി സ്വച്ഛന്ദം പ്രവർത്തിച്ചും
മത്തദന്തിയെപ്പോലെ മദിക്കും മഹീപതി–
ക്കത്തൽവന്നകപ്പെടും ബുദ്ധിമുട്ടുന്നനേരം
ഭൃത്യദോഷമെന്നതേ ബോധിപ്പൂ നൃപന്തന്റെ
കൃത്യദോഷമെന്നതു ചിന്തിക്കുപോലുമില്ല.

പിംഗലനുരചെയ്താനെന്തൊരു കുറ്റംചൊല്ലി–
പ്പുംഗവപ്രവരനെ വേർപെടുത്തയയ്ക്കേണ്ടൂ?
ചൊല്ലിനാൻ ദമനകൻ വേർപെടുത്തയച്ചാലും
വല്ലന്തിവരും നമുക്കായതു ചിന്തിക്കേണം.
മറ്റുമിക്കൂറ്റൻ മഹാദുർമ്മദൻ കയർത്തുപോയ്
മറ്റൊരു പ്രബലനെച്ചെന്നു സേവിച്ചു പട–
കൊണ്ടുവന്നിട്ടിക്കെല്ലാം നഷ്ടമാക്കീടും ശഠൻ
കണ്ടതുകണക്കല്ല കശ്മലൻ കയർക്കുമ്പോൾ
ഇണ്ടലുണ്ടാകും നമുക്കെന്നത്രേ തോന്നീടുന്നു.
ശണ്ഠ കൂടുമ്പോൾ പിന്നെ സ്നേഹവും വെടിഞ്ഞീടും
സിംഹവുമുരചെയ്താനെന്തിവൻ ചെയ്യും നമ്മെ–
സ്സംഹരിപ്പതിനിവൻപോരുമോ ദമനക!
ഉക്തവാൻ ദമനകൻ ദുസ്സ്വഭാവികളുടെ
ചിത്തമാർക്കറിയാവൂ ശീലമൊന്നറിയാതെ.
വിട്ടിപോയെന്നാൽ തരംകെട്ടുപോമിഹ വലി–
ച്ചിട്ടതുതന്നെ നമുക്കൊട്ടുമേ നന്നായില്ല.
ശീലത്തെ ബോധിക്കാതെ കൊണ്ടന്നു പാർപ്പിക്കയി–
ക്കാലത്തു ചിതംവരാ വാശ്ശവനെന്നാകിലും.
ഡിണ്ഡികൻമൂലം പണ്ടു മന്ദവി സരിപ്പിണി–
പ്പെണ്ണിനു നാശം വന്നുവെന്നു ഞാൻ കേട്ടിട്ടുണ്ട്.

അക്കഥ സ്വാമിക്കിപ്പോൾ കേൾക്കണമെങ്കിൽചൊല്ലാം
മക്കുണം പേനും തമ്മിലുണ്ടായ നേരംപോക്ക്.

ന യസ്യ ചേഷ്ടിതം വിദ്യാൽ
ന കുലം ന പരാക്രമം
ന യസ്യ വിശ്വഃ സൽപ്രാജ്ഞോ
യതി ചേൽ ശ്രീയമാത്മനഃ

## 11. പ്രണയബദ്ധരായ മൂട്ടയും പേനും

പണ്ടൊരു പാർത്ഥിവന്റെ പള്ളിമെത്തമേൽക്കുടി
കൊണ്ടൊരു പേനുണ്ടായി മന്ദവി സർപ്പണ്യാഖ്യ.
പട്ടുമെത്തമേലവൾവാഴുമ്പോൾ വന്നാനൊരു
മൂട്ടയെന്നുള്ള ജന്തു ദൈവയോഗത്താലപ്പോൾ
മക്കുണമെന്നു പറയുന്നിതു മൂട്ടയ്ക്കുള്ള
സംസ്!കൃതം യൂകമെന്നു പേനിനും പേരാകുന്നു
മക്കുണം വന്നനേരം യൂകപ്പെൺവഴിപോലെ
സൽകൃതി ചെയ്തു മെല്ലെ സ്വാഗതം ചോദിച്ചുടൻ
സൽക്കഥ പറഞ്ഞുകൊണ്ടിരുന്നു ഭവാനിനി–
പ്പൊയ്ക്കൊൾകെന്നവളുരചെയ്തിതു പതുക്കവേ.
ഡിണ്ഡികൻ മൂട്ടയ്ക്കപ്പോളാഗ്രഹം പാരം യൂക
പ്പെണ്ണിനോടൊരുമിച്ചു നാലുനാൾ പാർത്തീടുവാൻ.
മക്കുണം വിസർപ്പിണി യൂകിയോടുരചെയ്തു:–
ത്വൽകൃപയുണ്ടെന്നാകിലിന്നത്തെ രാത്രി തന്നിൽ
നിന്നോടുകൂടി വസിച്ചീടുവാനിങ്ങുമോഹം.
പിന്നെയുമൊരുമോഹമുണ്ടെടോ വിസർപ്പിണീ!
തമ്പുരാൻതിരുമേനി തന്നിലെച്ചോരകുടി–
ച്ചിമ്പമോടിവിടെ നീയെന്നയും പാർപ്പിക്കണം
ക്രൂരദന്തങ്ങൾകൊണ്ടു സ്വാമിയെക്കടിച്ചുടൻ
പേരുമാത്രവും കിട്ടാ പോക നീ വൈകിടാതെ.

ഇത്തരംപറഞ്ഞൊരു യൂകകാമിനിയുടെ
കാൽത്തളിർകൂപ്പിക്കൊണ്ടു മക്കുണം നിർബന്ധിച്ചാൻ;
ഖണ്ഡിച്ചുപറഞ്ഞു കൂടായ്കയാൽ യൂകസ്ത്രീയും
ഡിണ്ഡികൻതന്റെ മതം സമ്മതിച്ചുരചെയ്തു.
സ്വാമിതാനെഴുന്നള്ളി കാമിനീസമേതനായ്
കാമലീലാനന്തരം സുപ്തനാകുന്ന നേരം
കെല്പോടു കടിച്ചു നീ ചോരയും കുടിച്ചഥ
അപ്പൊഴേ മണ്ടിഗ്ഗമിച്ചീടുക മഹാത്മാവേ;
എന്നതുകേട്ടു മുദാ മക്കുണം മഹീപതി
വന്നങ്ങുശയിച്ചപ്പോൾ ചെന്നങ്ങു കടികൂടി
മന്നവൻ കാവൽക്കാരെ വിളിച്ചങ്ങരുൾചെയ്തു;
എന്നെവന്നൊരുജന്തു കടിച്ചു നോക്കിക്കാണിൻ.
എന്നതു കേട്ടു കാവൽക്കാർ ചെന്നു വിളക്കുമായ്
അന്നേരം ചെണ്ടക്കാരൻ മൂട്ടുയങ്ങോടിപ്പോയാൻ.
പള്ളിമെത്തമേലവർ സൂക്ഷിച്ചു നോക്കുനേരം
കള്ളപ്പേനിതാകൂവാ പിടിച്ചുകൊന്നീടുവിൻ
ഇങ്ങനെപ്പറഞ്ഞവർ നഖത്തിലാക്കിഞെക്കി-
പ്പേനിനെസ്സംഹരിച്ചു വന്ദനംചെയ്തുപോയാർ.

# 12. ദമനകൻ സഞ്ജീവകന്റെ മുമ്പിൽ

എന്നതുകൊണ്ടു ചൊന്നേനേവനെന്നാലുംശീല-
മെന്തെന്നു ബോധിക്കാതെ സൽക്കാരം മഹാദോഷം.
ദ്രോഹിക്കും വൃഷഭമെന്നെങ്ങനേ ബോദ്ധ്യമെന്നു
ചോദിച്ചു മൃഗേന്ദ്രനും ചൊല്ലിനാൻ ദമനകൻ:-
മാത്രമൊന്നുപദ്രവിച്ചീടുകിൽഭയംഭാവി-
ച്ചത്ര പാദാന്തേ മരുവുന്നേരം ബോധംവരും.
ഇത്ഥമങ്ങുരചെയ്തു വന്ദിച്ചു ദമനകൻ
തത്ര പോയ് സഞ്ജീവകൻതന്നുടെ മുമ്പിൽച്ചെന്നു;
ചോദിച്ചു സഞ്ജീവകൻ സൗഖ്യമോ ദമനകാ!

ചൊല്ലിനാൻ ദമനകൻ ഭൃത്യന്മാർക്കെന്തു സൗഖ്യം?
ആശ്രയിച്ചിരിക്കുന്നോർക്കാത്മജീവനിൽപോലും
വിശ്വാസമില്ലാ തനിക്കൊത്തതു ചെയ്തുകൂടാ;
ദ്രവ്യമുണ്ടാകുന്നേരം ഗർവിക്കാതാരാനുണ്ടോ?
ഭവ്യനെന്നാലും കാമിക്കാപത്തു കൂടാതുണ്ടോ?
തന്വംഗിമാർക്കു വശമല്ലാത പുമാനുണ്ടോ?
മന്നവന്മാർക്കു ഹിതനായുള്ള പുമാനുണ്ടോ?
അന്തകാലയം തന്നിൽ പ്രാപിക്കാതാരാനുണ്ടോ?
സന്തതമിരപ്പാളിക്കുൽക്കർഷമെങ്ങാനുണ്ടോ?
മൂർഖന്മാരുടെ കൂട്ടം തന്നിൽച്ചെന്നകപ്പെട്ടാൽ
സൗഖ്യമിങ്ങെന്നുള്ളതുമാരിങ്ങു ബന്ധുവെന്നു-
മേതൊരു ദേശമെന്നുമെപ്പൊഴും ചിന്തിക്കണം.
തന്നുടെ വരവെത്ര? തന്നുടെ ചെലവെത്ര?
തന്നുടെ ശക്തിയെത്ര? താന്തന്നെയാരെന്നതും;
ഇപ്രകാരങ്ങളെല്ലാനേരവും വിചാരിക്കും.
സൽപുമാന്മാർക്കുദോഷമൊന്നുമേ വരാനില്ല.
ഇക്കാലം നമുക്കെന്തുയോഗ്യമെന്നതു കനി-
ഞ്ഞക്കാള ചോദിച്ചതിനുത്തരമവൻ ചൊന്നാൻ.
രാജവിശ്വാസംകൊണ്ടു വന്നിഹ വസിക്കുന്നു;
പൂജനീയനാം ഭവാനെന്നതു സത്യം തന്നേ.
എങ്കിലും നൃപന്മാരെ വിശ്വസിക്കരുതെടോ!
ശങ്കിച്ചു വസിക്കേണം സേവകനെന്നാകിലും.
ദുർജ്ജനങ്ങളിൽച്ചേരും സ്ത്രീകളും നൃപന്മാരും;
സജ്ജനങ്ങളിൽ നിന്നു ദ്രവ്യമുണ്ടാകീലല്ലോ
നീചജാതിക്കേ ധനം വർദ്ധിപ്പൂ മഴചെയ്താൽ
നീചദിക്കിലേ നിൽപ്പൂ വെള്ളമെന്നതും ദൃഢം.
ദുഷ്ടന്മാരായുള്ളവർ മന്നന്മാർക്കു പാര-
മിഷ്ടന്മാരായിക്കാണുന്നില്ലയോ കാളശ്രേഷ്ഠ!
ശിഷ്ടന്മാർ ഗുണം പറഞ്ഞെങ്കിലും തത്രനിന്നു
ഭ്രഷ്ടന്മാരാകുന്നതും സ്പഷ്ടമേ കാണുന്നില്ലേ?

എന്നതുകേട്ടു ചൊന്നാൻ ശങ്കയാ സഞ്ജീവക–
നെന്നോടു മഹാസിംഹം കോപിച്ചീടുമോ സഖേ!
ചൊല്ലിനാൻദമനകൻ കാരണംകൊണ്ടു കോപം
വല്ലജാതിയുമുണ്ടാമായതു തീരുന്താനും,
കാരണം കൂടാതെതാൻ കോപിക്കും നൃപന്മാരെ
വാരണം ചെയ്പാനാരാനുണ്ടാമോ മഹാമതേ!
രാത്രിയിലൊരു സിംഹം തന്നെ വന്നൊരു ശബ്ദ
മോർക്കാതെ തടവിനാനതിനാൽ നാശംവന്നു.
രാത്രിയിലൊരു ശശം പെൺകുതിരതൻമുൻപിൽ
പ്പേർത്തുചെന്നതിൽമൂലമായവനറുതിയായ്.
രാത്രിയിലൊരു ഹംസം വെൺകുമുദമെന്നോർത്തു
തത്ര മേവുന്നവെള്ളിപ്പെക്ഷിയെച്ചെന്നു തൊട്ടു
അന്നേരമവൾ കൊത്തിക്കൈവിരൽ വ്രണപ്പെട്ടു.
ഖിന്നനാമന്നം വന്നു പൊയ്കതൻകരക്കേറി.
അന്നുതൊട്ടവൻ പിന്നെ വെള്ളാമ്പൽപ്പൂക്കൾകണ്ടാൽ
വെള്ളപ്രാവെന്നു ചിന്തിച്ചദ്ദിക്കിൽചെല്ലുന്നീലാ
മർത്ത്യന്മാരസത്യത്തിൽനിന്നുടൻ ഭയപ്പെട്ടാൽ
സത്യത്തിൽനിന്നും ഭീതന്മാരെന്നുവരുമല്ലോ.
വൈദ്യന്മാർ വിദ്വാന്മാരും മന്ത്രികളിവരെല്ലാം
സാധ്യമാം ദ്രവ്യം മോഹിച്ചീശനെ സ്തുതിച്ചുതാൻ
പത്ഥ്യത്തെ ഗ്രഹിപ്പിച്ചാലായവന്നപത്ഥ്യമാം;
മിത്ഥ്യമാമിവരുടെ കാര്യവും പ്രയത്നവും
ചോദിച്ചു സഞ്ജീവകൻ തന്നുടെ സ്വാമിക്കു ഞാ–
നാധിക്കുമെന്നുമിന്നു മപ്രിയമെന്തുചെയ്തു?
അപ്രിയം ചെയ്യാതൊരു നമ്മോടു മൃഗാധിപൻ
വിപ്രിയം ചെയ്തീടുമോ സംഗതിയില്ല ദൃഢം.
ഇത്തരമുരചെയ്തു സാദരം ദമനകൻ:–
ശുദ്ധരാം നിങ്ങൾക്കറിയാവതോ രാജമതം?
ഏതുമേ ഹേതുവേണ്ടാ മന്നവന്മാർക്കു ധൂമ
കേതുവെന്നതുപോലേ ലോകരെപ്പീഡിപ്പിപ്പാൻ.

സജ്ജനം ചെയ്തൊരുപകാരവുമപകാരം;
ദുർജ്ജനം ചെയ്തോരപകാരവുമുപകാരം;
രാജസേവയെന്നുള്ളതെത്രയും പരാധീനം.
പൂജനീയരാം യോഗീന്ദ്രന്മാർക്കുമെളുതല്ല;
മൂർച്ചയുള്ളൊരുകത്തി ലേഹനംചെയ്തീടുമോ
മൂർഖപ്പാമ്പിന്റെ മുഖം ചുംബനം ചെയ്തീടുമോ?
സിദ്ധമാമിതെങ്കിലും സിദ്ധിയാ നൃപാർച്ചനം.
നല്ലവസ്തുക്കളെല്ലാം നല്ലവരോടുചേർന്നേ
നല്ലവണ്ണമായ്വരൂ വല്ലാതാമല്ലെന്നാകിൽ;
നിർമ്മലം നദീജലം സാഗരം തന്നിൽചേർന്നാൽ
നിശ്ചയം പുളിച്ചുപോമെന്നതു കാണുന്നില്ലേ?
സ്വല്പമെങ്കിലും ഗുണം സൽപുരുഷങ്കൽചേർന്നാൽ
ശില്പമാംവണ്ണം പ്രകാശിക്കുമെന്നറിഞ്ഞാലും.
ചന്ദ്രന്റെരശ്മി വെള്ളിക്കുന്നിൽമേൽ ച്ചേരുന്നേരം
സാന്ദ്രമായ്പതിന്മടങ്ങേറ്റവും പ്രകാശിക്കും
സജ്ജനങ്ങൾക്കു ഗുണമേറ്റമുണ്ടെന്നാകിലും
ദുർജ്ജനങ്ങളിൽചേർന്നാലൊക്കവേ നശിച്ചുപോം.
അഞ്ജനാചലേ ശശിരശ്മികൾ തട്ടുന്നേരം
അഞ്ജസാ കറുത്തുപോമെന്നതു ബോധിക്കേണം.
നഷ്ടമാമുപകാരം ദുഷ്ടരിൽചെയ്തെന്നാകിൽ;
നഷ്ടമാം സുഭാഷിതം ദുഷ്പാത്രങ്ങളിൽച്ചേർന്നാൽ;
ഓട്ടുപാത്രത്തിൽ ദധി പകർന്നുവച്ചാലതു
കൂട്ടുവാൻനന്നോ? മഹാകൂറ്റന്മാർക്കധീശ്വരാ!
എത്രയും മഹാവനേ ചെന്നു രോദിക്കുമ്പോലെ,
ചീർത്തൊരു ശവത്തിനെക്കോപ്പിടുവിക്കുമ്പോലെ;
സാരസം പറിച്ചങ്ങു പറമ്പിൽ നടുമ്പോലെ
യോരുള്ള നിലങ്ങളിൽ മാരിപെയ്യുന്നപോലെ,
ശ്വാവിന്റെ പുച്ഛം ചെമ്മേ നേരാക്കുന്നതുപോലെ,
കേവലം ബധിരനെപ്പാട്ടു കേൾപ്പിക്കുമ്പോലെ,
കണ്ണുകാണാതുള്ളവൻ കണ്ണാടി നോക്കുംപോലെ,

കൈകുറുതായുള്ളവൻ കങ്കണമിടുമ്പോലെ,
ബുദ്ധിയുമൗദാര്യവും വിദ്യയുമില്ലാതൊരു
ലുബ്ധനെസ്സേവിക്കുന്ന ഭോഷന്റെ വിചേഷ്ടിതം.
ചന്ദനദ്രുമങ്ങളിൽ സർപ്പങ്ങൾ ചെന്നുകൂടും;
ചാരുവാന്നീരാഴിയിൽ നക്രങ്ങൾ വന്നുകൂടും;
നല്ല രാജാക്കന്മാരിൽ ദുർമ്മന്ത്രി ചേർന്നുകൂടും;
നല്ലവേശ്യസ്ത്രീകളിൽ മൂർഖന്മാർ ചെന്നുകൂടും
ഇങ്ങനെ ഗുണമുള്ള വസ്തുകൊണ്ടനുഭവ–
മെങ്ങുമേ വരത്തില്ല ദുഷ്ടസമ്പർക്കംമൂലം,
നമ്മുടെ സ്വാമിസിംഹം കാണുന്ന ജനത്തോടു
സൻമുഖം സൗജന്യവും സ്നേഹവും ഭാവിക്കുന്നു
അങ്ങനെയെല്ലാം മനസ്സെത്രയും മഹാക്രൂരം;
തങ്ങൾക്കു പരമാർത്ഥമെങ്ങെടോ സഞ്ജീവകാ!
ധൂർത്തനായുള്ള പുമാൻ പാന്ഥന്മാർ വരുന്നേരം
പാർത്തിരിയാതങ്ങൊരു പടിക്കൽച്ചെന്നുനിൽക്കും;
ചെന്നുടൻ കൈയ്ക്കുപിടിച്ചാശ്ലേഷംചെയ്തു കണ്ണിൽ
നിന്നങ്ങു മഹാശ്രൂക്കൾ പൊഴിക്കും മഹാകള്ളൻ.
സാദരം കുശലപ്രശ്നങ്ങളും ചോദിക്കുന്താ
മോദനമൊരുവറ്റെന്നാകിലും കൊടുക്കാതെ;
വല്ലതുമൊരുകള്ളം പറഞ്ഞു കബളിച്ചു
മെല്ലവേയൂർദ്ധ്വമാക്കിയയയ്ക്കും ദുർമ്മാനുഷൻ
വെള്ളത്തീന്മീതേപോവാൻ കപ്പലുംപറ്റംതോണി
വള്ളവും വഞ്ചീ പടവെന്നെല്ലാം താനുണ്ടാക്കി;
പെട്ടന്നങ്ങിരുട്ടത്തു രാത്രിയിൽ സഞ്ചരിപ്പാൻ
ചൂട്ടെന്നും വിളക്കെന്നുമായതു സമ്പാദിച്ചു;
കാറ്റില്ലാതുള്ളനേരം വീശുവാനാലവട്ടം
പോറ്റിയും വിശറിയുമിത്തരങ്ങളും തീർത്തു,
കാട്ടിലുള്ളാനത്തലവന്മാരെ വശത്താക്കാൻ
തോട്ടിയും കോലും കുന്തമെന്നിവയുളവാക്കി.
കണ്ടുകൂപത്തിലുള്ള വെള്ളത്തെക്കരക്കേറ്റി–

ക്കൊണ്ടുപോവാനും തുലായന്ത്രവുമങ്ങുണ്ടാക്കി,
ഇങ്ങനെയുപകാരമെന്തെല്ലാം ചെയ്തു നമു
ക്കുങ്ങനേയുള്ള മഹാധർമ്മിഷ്ഠവിദ്വാന്മാർക്കും
ചെന്നേടം നശിപ്പിക്കും ദുർജ്ജനങ്ങടേ ചിത്തം
നന്നാക്കിവയ്പാനൊരു കൗശലം തോന്നീലല്ലോ.
ഇങ്ങനെ ദമനകൻ ദുർജ്ജനങ്ങളെക്കൊണ്ടു
തിങ്ങിന വൈരത്തോടെ ദുഷിക്കുന്നതുകേട്ടു
ശുദ്ധനാം സഞ്ജീവകൻ ചിന്തിച്ചു മനക്കാമ്പിൽ
ലുബ്ദ്ധരാം ജന്തുക്കടെ കൂട്ടത്തിലായല്ലോ ഞാൻ.
ശഷ്പവും ഭക്ഷിച്ചുകൊണ്ടിരിക്കും നമുക്കിപ്പോൾ
നിഷ്ഫലമിഹവന്നു സിംഹസേവനം ദുഃഖം.
ക്രോഷ്ടാക്കളിവർതന്നെ സിംഹത്തെ ഭേദിപ്പിച്ചു
മോഷ്ടാക്കാളോടുകൂടി വസിച്ചാലിതേവരൂ.
യുക്തികൾ ചിലവസ്തു ഞാൻകൂടെപ്പറയുമ്പോൾ
യുക്തികളൊട്ടു ശമിച്ചീടുമിക്രോഷ്ടാവിനും.
ദുർമ്മാർഗ്ഗംതുടങ്ങിയാൽ ദൂരവേയുപേക്ഷിച്ചു
സന്മാർഗ്ഗസ്ഥിതന്മാരേസ്സേവിക്കുമാപത്തിങ്കൽ.
ഇങ്ങനെ വിചാരിച്ചു പുംഗവൻ സഞ്ജീവകൻ
ഭംഗിവാക്കുകൾതാനുമോരോന്നങ്ങുരചെയ്തു.
അന്തിവന്നടുക്കുമ്പോളബ്ബുജം കൂമ്പുമെന്നു
ചിന്തിപ്പാൻ ബുദ്ധിയില്ലാതുള്ളൊരു വണ്ടിൻകൂട്ടം
അന്ധതകൊണ്ടു രാത്രൗ പങ്കജോദരംതന്നിൽ
ബന്ധനംപ്രാപിക്കുന്നതെന്തൊരുകഷ്ടം സഖേ!
എന്തിനി വരുമെന്നു മേല്പോട്ടുവിചാരിപ്പാൻ
ജന്തുക്കൾക്കറിവില്ലാ തെല്ലുമെന്നതേവേണ്ടൂ.
അന്തിക്കു വിടരുന്ന പിച്ചകപ്പൂവും പിന്നെ-
ച്ചന്തത്തിൽ കുറുമൊഴി മുല്ലയും കൈതപ്പൂവും
പങ്കജങ്ങളുമിത്ഥം സന്മധുപുഷ്പങ്ങളെ
ശ്ശങ്ക കൂടാതെ വെടിഞ്ഞീടിന ഭൃംഗങ്ങളും
മത്തവാരണത്തിന്റെ ഗണ്ഡത്തിൽ മദജല

മേറ്റമുണ്ടെന്നു മോഹിച്ചൊക്കവേ കൂടെച്ചെന്നു;
തത്ര മേവുമ്പോൾ കർണ്ണദ്വന്ദതാഡനംകൊണ്ടു
ചത്തുപോകല്ലാതൊരു ലാഭമില്ലവയ്ക്കെടോ!
എന്നതുപോലെ ഖലന്മാരുടെ മുമ്പിൽചെന്നാ
ലെന്നുടെ പ്രാണങ്ങൾക്കും ഹാനിയുണ്ടാകും ദൃഢം
ദുഷ്ടഗോമായുവ്യാഘ്രധ്വാക്ഷന്മാരൊക്കെക്കൂടി–
യൊട്ടകത്തിനെക്കൊലചെയ്തതു കേട്ടിട്ടില്ലേ?
അക്കഥമാത്രം കേട്ടിട്ടില്ലെന്നു ദമനകൻ;
കേൾക്ക നീയെന്നു വൃഷഭോത്തമൻ സഞ്ജീവകൻ.

## 13. ഒട്ടകം ആപത്തിൽ

കാനനേ മദോൽക്കടനെന്ന പേരോടു കൂടെ
മാനശാലിയാമൊരു സിംഹം താനുണ്ടായിപോൽ
കാകനും ഗോമായുവും വ്യാഘ്രവുമിവർമൂന്നു–
കാര്യക്കാററുമവനുണ്ടായി സമർത്ഥന്മാർ
ധൃഷ്ടരാമവർ വനേ സഞ്ചരിക്കുമ്പോൾ നല്ലൊ
രൊട്ടകം വരുന്നതു കണ്ടവർ ചോദിച്ചിതു:–
ഏങ്ങുന്നു വരുന്നു താനേതു ജാതിയിലുള്ളൂ?
ഇങ്ങനെ നടപ്പാനും കാരണമെന്തു സഖേ!
ഒട്ടകം പറഞ്ഞിതു വാണിഭക്കാരന്മാർക്കു
കെട്ടുകൾ ചുമക്കുന്നോരൊട്ടകം ഞാനാകുന്നു.
കെട്ടുകൾ പേറിപ്പേറിയലഞ്ഞ കൂട്ടക്കാരെ
വിട്ടു ഞാനൊളിച്ചു വങ്കാട്ടിൽ സഞ്ചരിക്കുന്നു.
മന്ത്രിവീരന്മാരതു കേട്ടപ്പോൾ ഹിതാഹിതം.
മന്ത്രിച്ചു വശത്താക്കി സ്വാമിയെക്കാണിപ്പിച്ചു.
സ്വാമിയും കഥനകനെന്നൊരു പേരുനൽകി,
സ്വാധീനമാക്കിക്കൊണ്ടു മേളിച്ചുമേവുംകാലം,
തന്നുടെ ഭൃത്യന്മാർക്കും തനിക്കും ചിലവിനു
ചെന്നുടൻ മൃഗങ്ങളെക്കൊന്നുകൊണ്ടന്നീടുവാൻ

അംഗവൈകല്യംകൊണ്ടു നമുക്കു പരാധീനം;
നിങ്ങളിന്നമാത്യന്മാർ കൊണ്ടന്നു പൂരിക്കേണം.
പണ്ടു നാം ജനിച്ചന്നേ കാൽക്കൊരുമുടവു തെ-
ല്ലുണ്ടതുമൂലം വനേ സഞ്ചാരമെളുതല്ല;
ഭൃത്യവർഗ്ഗങ്ങളെല്ലാം ഭക്ഷണമില്ലായ്കയാൽ
ചത്തപോൽ വശംകെട്ടു കാനനേ കിടക്കുന്നു.
വ്യാഘ്രവും ഗോമായുവും കാകനുമിവർമൂന്നും
ശീഘ്രഗാമികളല്ലോ മന്ത്രിപുംഗവന്മാരെ!
നിങ്ങൾക്കു വഴിപോലെ ഭുക്തിയും ചെയ്തുകൊള്ളാം.
ഇങ്ങനെ മദോൽക്കടൻ കല്പിച്ചോരനന്തരം
തൽക്ഷണം സചിവന്മാർ കാനനങ്ങളിൽ നീളെ-
ഭക്ഷണാർത്ഥങ്ങൾ തിരഞ്ഞെങ്ങുമേ ലഭിയാഞ്ഞു
ഇങ്ങു പൊന്നിരുന്നു കൊണ്ടൊട്ടകം ഗ്രഹിയാതെ
തങ്ങളിൽ വിചാരിച്ചു വായസമുരചെയ്തു:-
എന്തെടോ! കഥനകനെന്നുള്ള രൂപത്തെക്കൊ
എന്തൊരു കാര്യം നമുക്കെന്നങ്ങു വിചാരിപ്പിൻ;
കള്ളനു മാസംവേണ്ട കാനനേ പെരുത്തൊരു
മുള്ളുവള്ളി ഭുജിച്ചെങ്കിലേ രുചിയുള്ളു.
ഇന്നത്തെച്ചെലവിനീയൊട്ടകം കൊള്ളാം നമു-
എന്നതു കേട്ടു ചൊന്നാൻ വ്യാഘ്രവും ഗോമായുവും
സ്വാമി താനഭയവും കൊടുത്തു പാർപ്പിക്കുന്നു.
നാമിപ്പോൾ വധിക്കയെന്നുള്ളതും ചിതം വരാ;
എങ്കിൽ നാം ചാകേയുള്ളൂവെന്നു കാകനും ചൊന്നാ
നെന്നതുകേട്ടു പറഞ്ഞീടിനാരിരുവരും.
പട്ടിണി കിടക്കുന്ന സ്വാമിയെക്കൊണ്ടുതന്നെ-
യൊട്ടകത്തിന്റെ വധം സമ്മതിപ്പിക്കവേണം;
എത്രയും വിശക്കുമ്പോൾ പെറ്റ മാതാവു തന്നേ
പുത്രനെക്കൊന്നു തന്റെ പ്രാണനെ രക്ഷിക്കുന്നു.
മുട്ടുമ്പോൾ സർപ്പസ്ത്രീയും താൻ പ്രസവിച്ചുള്ളൊരു
മുട്ടകളൊട്ടും മടി കൂടാതെ ഭക്ഷിക്കുന്നു.

തന്നുടെ ജഠരത്തെ രക്ഷിപ്പാൻ ശരീരികൾ–
ക്കിന്നതേ ചെയ്യാവുവെന്നില്ലെടോ കാര്യക്കാരേ!
‘ക്ഷുത്തു വർദ്ധിക്കുന്നേരം കാരുണ്യമില്ലാതാകും
സത്തുക്കൾക്കുപോലു,മിജ്ജന്തുക്കൾക്കെന്തുപിന്നെ?‘
ഇത്തരം വിചാരിച്ചു മൂവരുമൊരുമിച്ചു
സത്വരംച്ചെന്നു മഹാസിംഹത്തെക്കൂപ്പീടിനാർ
കാകനങ്ങുണർത്തിച്ചു ഭക്ഷണദ്രവ്യങ്ങളി
ലേകമെന്നാലും ലഭിച്ചില്ലഹോ കാന്താരത്തിൽ;
എന്തുപായമെന്നതു ചോദിച്ചു മദോൽക്കടൻ;
ജന്തുഹിംസയല്ലാതെ പിന്നെയെന്തെന്നു കാകൻ;
ഭക്ഷിപ്പാനെന്തുവക കണ്ടു നീയെന്നു സിംഹം;
ഭക്ഷിപ്പാൻ കഥനകധ്വംസനമെന്നു കാകൻ;
സിംഹവും ചെവിപൊത്തിക്കൊണ്ടുതാനുര ചെയ്തു:–
സാഹസം ശിവ! ശിവ! ചെയ്യരുതൊരു നാളും;
അന്നദാനവും പിന്നെഗ്ഗോദാനം ഭൂമിദാനം
തന്നുടെ ദേഹദാനമിത്തരം ദാനങ്ങളിൽ
ഉത്തമമഭയദാനവ്രതം മഹത്തരം;
തത്തഥാ മയാ കൃതമെങ്ങനെ മോചിക്കേണ്ടു?
അശ്വമേധാദിയാഗം ചെയ്തുള്ള ഫലത്തെക്കാൾ
ആശ്രിതത്രാണത്തിനു പുണ്യമേറുന്നു നൂനം.
എന്നതുകേട്ടു കാകൻ ചൊല്ലിനാനിതു സത്യം
തന്നെയെങ്കിലുമൊരു ശാസ്ത്രമുണ്ടടിയനും;
ഏകനെ ത്യജിച്ചിട്ടും കുലത്തെ രക്ഷിക്കണം;
ആകുലമെന്യേ കുലം ത്യജിക്കാം ഗ്രാമസ്യാർത്ഥേ;
ഭുമിയെ ത്യജിച്ചീടാമാത്മരക്ഷണം ചെയ്‌വാൻ;
തമ്പുരാനറിയേണ്ട വാശ്ശതുമടിയങ്ങൾ
സാമ്പ്രതമശനാർത്ഥമുണ്ടാക്കിക്കൊണ്ടുവരാം;
ഒട്ടകത്തിനെത്തന്നെ ഭക്ഷിപ്പാനനുവാദം
പെട്ടെന്നു നല്കുമതിനുള്ള കൗശലമുണ്ടാം;
എന്നതു കേട്ടിട്ടൊന്നും മിണ്ടാതെ നിന്നു സിംഹം;

തന്നിതു മൗനാനുവാദമെന്നവർ വച്ചു.
മൂവരും കൂടിച്ചെന്നു വന്ദിച്ചു നിന്നാരവർ
മുല്പാടു കാകൻ ചൊന്നാനെന്നെ ഹിംസിക്ക സ്വാമിൻ!
നിന്നുടെ ശരീരത്തിലെന്തുള്ളു മാംസം ഭോഷ!
നിന്നെ ഹിംസക്കയില്ലെന്നുക്തവാൻ മദോല്ക്കടൻ;
എന്നെ ഹിംസിക്കാമെന്നു ഗോമായു പറഞ്ഞപ്പോൾ
മുന്നമുക്തമായതു സിംഹവുമുര ചെയ്തു;
രണ്ടു പേരെക്കാൾ മാംസമേറെയുണ്ടെനിക്കെന്നെ
ക്കൊണ്ടു ഭക്ഷണമിന്നു ചെയ്താലും തമ്പുരാനേ!
ഇത്തരം വ്യാഘ്രം ചെന്നു കേൾപ്പിച്ച വാക്യത്തിനു-
മുത്തരം മുന്നെപ്പോലെ ചൊല്ലിനാൻ മദോല്ക്കടൻ.
തന്നെ നിഗ്രഹിക്കയില്ലെന്നൊരു വിശ്വാസത്താൽ
ചെന്നുര ചെയ്താനെന്നെക്കൊൽകെന്നു കഥനകൻ.
വ്യാഘ്രവും ഗോമായുവുമായതു കേട്ടനേരം
ശീഘ്രമൊട്ടകത്തിനെപ്പിളർന്നു കൊന്നീടിനാർ
സിംഹവും മന്ത്രികളുമുഷ്ട്രത്തെബ്ഭുക്തിക്കായി-
സ്സംഹരിച്ചത്ര മുന്നമിങ്ങനെ കേട്ടിട്ടുണ്ടു.
'ബഹവഃ പണ്ഡിതാഃ ക്ഷുദ്രാഃ സർവേ മായോപജീവിനഃ
കുര്യുഃ കൃത്യമകൃത്യം വാ ഉഷ്ട്രേ കാകാദയോ യഥാ.'
എന്നതുകൊണ്ടു ചൊന്നേൻ ശുദ്ധരാം സാധുജനം
ദുർന്നയന്മാരിൽച്ചേർന്നാൽ ദൂഷണമകപ്പെടും;
പിന്നെയും പറഞ്ഞിതു സാധുവാം സഞ്ജീവകൻ:-
മന്നവന്മാരെസ്സേവിച്ചീടുവാന്മഹായത്നം.
മന്നവന്മാരും പിന്നെ ക്ഷുദ്രന്മാരോടു ചേർന്നാൽ
തന്നുടെ ഗുണം വൃഥാഭൂതമാമസംശയം;
നാടുവാഴിയാം നൃപൻ ഹീനജാതിയെന്നാലും
കൂടുന്ന പരിജനം നന്നെങ്കിൽത്താനും നന്നാം.
ഗൃദ്ധ്യമെങ്കിലുമരയന്നങ്ങൾ ഭൃത്യരായാ-
ലുത്തമനവനെന്നു വന്നീടും ക്രമത്താലേ
മാംസത്തെബ്ഭുജിക്കുന്ന ഗൃദ്ധ്യങ്ങൾ ഭൃത്യരായാൽ

ഹംസവുമിളപ്പെട്ടു നീചനായ് വരും ദൃഢം.
കഷ്ടമിസ്സിംഹേന്ദ്രനു നമ്മിലുള്ളൊരു സ്നേഹം
ദുഷ്ടനാമൊരു മന്ത്രി മന്ത്രിച്ചു വേർപെടുത്തു.
അങ്ങനെ വരുന്താനും ദുർജ്ജനം കൂടെക്കൂടെ-
സ്സംഗതി നോക്കിക്കൊണ്ടുമേഷണി പ്രയോഗിച്ചാൽ.
ഇങ്ങനെയറിഞ്ഞു പോകായിന്നു മഹാജന-
മെങ്ങുമേ ഖലന്മാർക്കോ താഴ്ചയില്ലല്ലോ താനും
വാക്കിനാൽബ്ബുധന്മാരെ ദൂഷണംച്ചൊല്ലിച്ചൊല്ലി
നാക്കിനു തഴമ്പുറച്ചീടിന കൂട്ടമല്ലോ.
ദുഷ്ടന്മാർ പലവിധം ഭേദ്യത്തെച്ചെയ്തെങ്കിലു
മൊട്ടുമേ ബോധിക്കയില്ലുത്തമക്ഷിതീശ്വരൻ
തേജസ്തേജസ്സുമിടിത്തീയുമെന്നിവ രണ്ടും
തേജസ്സിൻ സമൂഹത്തിലെത്രയുമുൽകൃഷ്ടങ്ങൾ
മുന്നം ഞാൻ പറഞ്ഞിതു സർവത്ര പ്രകാശിക്കും;
പിന്നെ ഞാൻ ചൊന്നതൊരുദിക്കിൽ മാത്രമേയുള്ളൂ.
യത്ര നിന്നപായത്തെശ്ശങ്കിച്ചു സിംഹത്തിന്റെ
തത്ര സിംഹത്തെച്ചെന്നു സേവിപ്പാൻ ഭാവമില്ല.
അങ്ങനെ ചെയ്യാമെന്നു ചൊല്ലുന്നു ശാസ്ത്രങ്ങളി-
ലിങ്ങോട്ടു ദ്രോഹിക്കുന്നോർ തൽഗുരുവെന്നാകിലും
ദുർമ്മദം തുടങ്ങിയാൽ ദൂരവേയുപേക്ഷിച്ചു
സന്മാർഗ്ഗസ്ഥിതന്മാരെസ്സേവിക്കാമാപത്തിങ്കൽ.
ആയതു നമുക്കിപ്പോൾ ഭാവമില്ലവനോടു-
മായവണ്ണമാം യുദ്ധം ചെയ്വതിന്നൊരുമ്പെട്ടേൻ.
ആയുധം നമുക്കിപ്പോളെപ്പൊഴും പിരിയാതെ-
യായതങ്ങളാം രണ്ടു കൊമ്പുകളുണ്ടുതാനും
യാഗങ്ങൾ ചെയ്തു ചിലർ സ്വർഗ്ഗത്തെ പ്രാപിക്കുന്നു;
യോഗങ്ങൾ കൊണ്ടു ചിലർ ദ്യോവിനെഗ്ഗമിക്കുന്നു;
ദാനങ്ങൾകൊണ്ടു ചിലർ സ്വർലോകം ഗമിക്കുന്നു;
മൗനങ്ങൾ കൊണ്ടു ചിലർ മോക്ഷത്തെ പ്രാപിക്കുന്നു.
ഇത്ഥമുള്ളതിലെല്ലാമുത്തമം ജനങ്ങൾക്കു

യുദ്ധത്തിൽ മരിച്ചുടൻ സത്വരം സ്വർഗ്ഗപ്രാപ്തി.
ഭൂരികർമ്മങ്ങൾ കൊണ്ടു ദിവ്യരാകുന്നു ചിലർ;
വൈരിനിഗ്രഹം കൊണ്ടു ഭവ്യരാകുന്നു ചിലർ;
രണ്ടു സൗഖ്യവുമ്മഹാവീരന്മാർ സംഗ്രാമത്തെ
ക്കൊണ്ടുതാൻ ലഭിക്കുന്നു ദേഹമോചനം ചെയ്താൽ.
അല്ലാതെ ശത്രുക്കളാൽ ദത്തമാം ചോറും തിന്നു
വല്ലാതെ വസിക്കയും ചാകയുമൊരു പോലെ.
യാതൊരു ദിക്കിൽ യുദ്ധം ചെയ്തീലെന്നാകിലും മൃത്യു
ചെയ്തുവെന്നാകിൽപ്പിന്നെസ്സംശയമൊന്നേയുള്ളു.
അദ്ദിക്കിൽ വരുന്നേരം സംഗരം യോഗ്യമെന്നു
വിദ്വാന്മാർ പറയുന്നതദ്ദിക്കു വന്നു മമ.

## 14. കുളക്കോഴിയും സമുദ്രവും തമ്മിലുള്ള കലഹം

ഉക്തവാൻ ദമനകൻ ശത്രുവാം ജനത്തിന്റെ
ശക്തി താനറിയാതെ പിണങ്ങും ജനങ്ങൾക്കു
ടിട്ടിഭം തന്നിൽ നിന്നു വാരിധിക്കെന്നപോലെ
കിട്ടീടും പരാഭവമെന്നതു ബോധിക്കേണം.
അക്കഥ ശ്രവിക്കേണമെന്നുടൻ സഞ്ജീവകൻ
സൽക്കഥാവിശാരദൻ ചൊല്ലിനാൻ ദമനകൻ
ടിട്ടിഭനെന്നുള്ളൊരു പക്ഷിയുമവനുടെ
കെട്ടിയപ്പെണ്ണും കൂടിസ്സാഗരതടന്തന്നിൽ
കിട്ടിയ ശിശുകൃമി കീടാദിമാംസത്തെക്കൊ–
ണ്ടഷ്ടിയും കഴിച്ചുകൊണ്ടാസ്ഥയാ മേവുങ്കാലം,
ടിട്ടിഭമെന്നാൽ കുളക്കോഴിയെന്നറിയേണം;
ടിട്ടിഭസ്ത്രീക്കു ഗർഭം പൂർണ്ണമായതുകാലം,
ടീട്ടിഭത്തോടു ചൊന്നാളിന്നു ഞാൻ പ്രസവിച്ചു
കുട്ടികളുണ്ടായ് വരുമീറ്റുനോവുണ്ടു കിഞ്ചിൽ.

ഏതൊരു ദിക്കിൽ വേണ്ടു നമുക്കു പ്രസവമെ–
ന്നാതുരഭാവത്തോടെ ചോദിച്ചനേരം, പക്ഷി
വാരിധിതീരേ പെറ്റുകൊൾകയെന്നുരചെയ്തു;
ഉക്തവാൻ കുളക്കോഴി സാഗരം നമ്മെ വെൽവാൻ
ശക്തനല്ലെടോ ബാലേ! ശങ്കയെന്തിനു പാഴിൽ?
ടിട്ടിഭി ചെന്നാളംബുരാശിയും നീയും തമ്മി–
ലൊട്ടുമേ തടുക്കയില്ലെന്തൊരു മോഹം നാഥാ!
തന്നെത്താനറികയെന്നുള്ളതു വൈഷമ്യമായ്
വന്നുപോയതുമൂലമാപത്തു ഭവിച്ചീടും;
തന്നുള്ളിൽ വിചാരമുണ്ടെന്നാകിലനർത്ഥങ്ങൾ
വന്നു പോകയുമില്ല വൈഷമ്യമെങ്ങുമില്ല.
ചൊല്ലിനാനതു നേരം ടിട്ടിഭൻ മഹാധീരൻ:–
വല്ലഭേ! വരിക നീ വാക്കുകൾ കേൾക്കേവേണ്ടൂ;
ബന്ധുക്കൾ പറയുന്ന സൽഗുണം ഗ്രഹിക്കാത്ത
ജന്തുക്കൾ മൂഢത്വം കൊണ്ടന്ധരായ്പതിച്ചീടും;
ബന്ധുവാക്യത്തെ ശ്രവിക്കായ്കകൊണ്ടൊരുകൂർമ്മം
ബന്ധമെന്നിയേ വീണു ചത്തുപോയല്ലോ മുന്നം.

എങ്ങനെയതെന്നവൾ; കേട്ടാലുമെന്നു കാന്ത–
നങ്ങൊരു ദിക്കിലൊരു വാപിയിൽ മേവിടുന്ന
കച്ഛപം കംബുഗ്രീവമെന്നു പേർ സരസ്സിന്റെ
കച്ഛത്തിൽസ്സുഖിച്ചു മേവീടിനാൻ മഹാഭാഗ്യൻ;
സങ്കടേ സഹായിപ്പാൻ മന്ത്രികൾ രണ്ടുണ്ടുപോൽ
സങ്കടൻ വികടനും രാജഹംസന്മാരവർ;
വർഷമില്ലായ്കകൊണ്ടു ഖിന്നരാമിവർ തമ്മിൽ
കർഷസന്താപം കൊണ്ടു താന്തന്മാരുര ചെയ്തു
മറ്റൊരു സരസ്സിങ്കൽപ്പോക നാമെടോ! വെള്ളം
വറ്റുകയില്ലാതുള്ള വാപികൾ പലതുണ്ടു
നമ്മുടെ കംബുഗ്രീവകൂർമ്മത്തോടറിയിച്ചു:–
സമ്മതി വരുത്തിക്കൊണ്ടാശു പോകണന്താനും;

ഇങ്ങനെ കൂർമ്മത്തോടു ചെന്നിവർ ധരിപ്പിച്ചു;
നിങ്ങൾ പോകുന്ന ദിക്കിൽ ഞാൻ കൂടിപ്പോന്നീടുവാൻ
നിങ്ങൾക്കു ചിറകുണ്ടു പറന്നുപോകാമല്ലോ:
എങ്ങനെ നമ്മെക്കൂടെ കൊണ്ടുപോകുന്നു നിങ്ങൾ?
ഞങ്ങൾ ചൊന്നതുപോലെ കേൾക്കുന്നാകിൽ നിന്നെ
ഞങ്ങൾ കൊണ്ടങ്ങുപോകുന്നുണ്ടെന്നു ഹംസങ്ങളും;
ഒന്നുമേയുരിയാടാതങ്ങിനെ പാർത്തീടേണ–
മെന്നതു ചെയ്യാമെന്നു കൂർമ്മവുമുരചെയ്തു.
നീളമുള്ളൊരുകോലും കൊത്തിക്കൊണ്ടന്നു ചൊന്നാർ;
മേളമോടിക്കോലിന്മേൽ കടിച്ചുതൂങ്ങിക്കൊൾക
ഹംസങ്ങൾ ഞങ്ങൾ രണ്ടുപേരുമായ് പ്പതുക്കവേ
അംസത്തിലേറ്റിക്കൊണ്ടു പറന്നുഗമിച്ചീടാം:
മിണ്ടരുതൊന്നും ഭവാനൊന്നുരിയാടിപ്പോയാൽ
ചെണ്ടകൊട്ടുമേ സഖേ! കച്ഛപ കംബുഗ്രീവ!
അങ്ങനെയെന്നു കൂർമ്മം കോലിന്മേൽ കടിച്ചുടൻ
തൂങ്ങിനാനന്നങ്ങളും കൊണ്ടങ്ങു പറന്നിതു.
അങ്ങാടിത്തെരുവിന്റെ മേൽഭാഗേ ചെല്ലുന്നേര–
മങ്ങാടിക്കാരെല്ലാരും താഴത്തുവന്നുകൂടി;
നോക്കെടോ മേൽഭാഗത്തങ്ങെന്തൊരുകൂട്ടം പറ–
ന്നൂക്കോടെ ഗമിക്കുന്നു പണ്ടെങ്ങും കണ്ടിട്ടില്ല;
ഇങ്ങനെ പലർ കൂടിക്കൈകൊട്ടിച്ചിരിച്ചപ്പോൾ
തിങ്ങിന കോലാഹലമുണ്ടായി മഹീതലേ;
ആഘോഷം കേട്ടു ഭയപ്പെട്ടൊരു കമഠമാ–
മാഭോഷൻ വായും പിളർന്നയ്യയ്യോയെന്നു ചൊന്നാൻ.
അക്കോലും കടിവിട്ടു കച്ഛപം കീഴ്പോട്ടേയ്ക്കു
ചിക്കെന്നു പതിച്ചിതു ചൊൽക്കീഴില്ലായ്കമൂലം
മിണ്ടരുതെന്നു ഹംസം ചൊന്നതു കൂട്ടാക്കാതെ
ചുണ്ടുകൾ രണ്ടും പിളർന്നൊന്നവൻ പറഞ്ഞപ്പോൾ
തണ്ടുതപ്പിക്കു കടിവിട്ടുപോയധോഭാഗേ
കണ്ടുനിൽക്കുന്ന ഭടന്മാർ ചെന്നങ്ങെടുത്തുടൻ

കൈകൊണ്ടു ഞെക്കിക്കൊന്നു കണ്ടിച്ചു കലത്തിലി–
ട്ടാകവേ പാകം ചെയ്തുഭക്ഷിച്ചാരെന്നേ വേണ്ടൂ.
എന്നതുകൊണ്ടു ചൊന്നേൻ ബന്ധുക്കൾ കനിവോടെ
ചൊന്നതു കൂട്ടാക്കാതെയിങ്ങനെ വിനാശവും.
പിന്നെയുമുരചെയ്തു ടിട്ടിഭം മമ പ്രിയേ!
നിന്നെ ഞാനിനിനിയൊന്നു പറഞ്ഞു ബോധിപ്പിക്കാം.
പണ്ടു നീ ഗതവിധാതാവെന്നങ്ങൊരു മത്സ്യം,
രണ്ടാമൻ പ്രത്യുല്പന്നമതിയെന്നൊരു മത്സ്യം,
യത്ഭവിഷ്യനെന്നൊരു മൂന്നാമൻ മഹാമത്സ്യ–
മത്ഭുതമിവരുടെ വൃത്താന്തം കേട്ടീടണം.
നല്ലൊരു വാപി തന്നിൽ മൂവരുമൊരുമിച്ചു
അല്ലൽ കൂടാതെ തത്ര സുഖിച്ചു മേവും കാലം,
ദാശന്മാർവന്നു വലവീശുവാൻ പുറപ്പെട്ടു
ദാശന്മാരവർ തമ്മിൽപ്പറഞ്ഞു പതുക്കവേ
ഇസ്സരസ്സിങ്കൽ വെള്ളമേറ്റമില്ലെടോ, നല്ല–
മൽസ്യങ്ങളനേകമുണ്ടത്ര നാമിറങ്ങുക
ആയവർ പറഞ്ഞതു കേട്ടുകൊണ്ടനാഗതൻ
മായമെന്നിയേ മറ്റു രണ്ടുപേരോടും ചൊന്നാൻ.
പോക നാം വൈകീടാതെ മറ്റൊരു തടാകത്തിൽ;
ശോകമൊന്നകപ്പെടുമത്ര നാം പാർത്തീടുകിൽ
ഉല്പന്നമതി പറഞ്ഞീടിനാൻ വരുമെന്നു
കല്പിച്ചുഭയപ്പെടുന്നെന്തിനു പാഴിൽത്തന്നെ
ആപത്തുവന്നാലുടൻ ചിന്തിക്കാമെന്നേ വേണ്ടൂ;
ആപത്തിന്നവകാശമില്ലിപ്പോൾ നമുക്കെടോ!
ദുർഘടം വരുന്നേരമുൾക്കാമ്പിലുപദേശം
തക്കത്തിൽ തോന്നുന്നവർക്കെങ്ങുമേ തടവില്ല,
യത്ഭവിഷ്യനെന്നുള്ള മത്സ്യത്തിന്നുള്ളിൽ ഭയ–
മുത്ഭവിച്ചില്ല തെല്ലും മേവിനാനനങ്ങാതെ.
മുറ്റുമിങ്ങനാഗതൻ പേടിച്ചു പുറപ്പെട്ടു
മറ്റൊരു ജലാശയം പ്രാപിച്ചു മരുവിനാൻ.

പിറ്റേന്നാൾ പുലർകാലേ ദാശന്മാർ വാപിതന്നിൽ
തെറ്റെന്നു വലയിട്ടു മീൻപിടി തുടർന്നപ്പോൾ
ഉല്പന്നമതി മത്സ്യം ചത്തപോലനങ്ങാതെ–
യപ്പുതന്മീതേ വയും പിളർന്നു കിടന്നിതു
ചത്തുവെന്നോർത്തു മുക്കോൻ പിടിച്ചു കരയേറ്റി–
ത്തത്രവെച്ചുറപ്പിച്ചു പോന്നിതു വലവീശാൻ
മുക്കോരങ്ങകന്നപ്പോൾച്ചെന്നൊരു ചെളിതന്നിൽ
പുക്കുകൊണ്ടിരുന്നിതു ദാശന്മാർഗമിപ്പോളം
ഉല്പന്നമതി മത്സ്യമങ്ങനെ ജീവിച്ചിതു.
യല്ഭവിഷ്യനാം മത്സ്യം സംഭ്രമിച്ചുഴലുമ്പോൾ,
ദാശന്മാർ വലയിട്ടു പിടിച്ചു തല്ലിക്കൊന്നു
പാശങ്ങൾ കൊണ്ടുകെട്ടുച്ചുമന്നു കൊണ്ടുപോയാർ
എന്നതുകൊണ്ടു ചൊന്നേനാപത്തു ശമിപ്പിപ്പാ–
നന്നേരമൊന്നുതോന്നും ദൈവമല്ലയോ സാക്ഷി.
ടിട്ടിഭി സമുദ്രത്തിൻ തീരത്തു പ്രസവിച്ചു;
മുട്ടകൾ നാലഞ്ചങ്ങു ഭൂമിയിൽ വീണശേഷം
പെട്ടെന്നു സമുദ്രവും വേരലച്ചതിൽക്കൂടെ–
തട്ടിയിട്ടുരുട്ടിക്കൊണ്ടാകവേ കൊണ്ടുപോയാൻ
ടിട്ടിഭി കരഞ്ഞുകൊണ്ടങ്ങു ചെന്നറിയിച്ചു
ടിട്ടിഭൻ പറഞ്ഞിതു വല്ലഭേ ഖേദിക്കേണ്ട;
വല്ലതും യത്നം ചെയ്തു വാരിധിതന്നിൽ നിന്നു
നമ്മുടെ പുത്രന്മാരെ ഞാനിങ്ങു വരുത്തുവൻ
എന്നുര ചെയ്തു പക്ഷിസംഘത്തെയെല്ലാമവ–
നൊന്നൊഴിയാതെകണ്ടു വരുത്തി സ്വരൂപിച്ചു
പക്ഷിസംഘത്തോടൊന്നിച്ചപ്പോഴേ പുറപ്പെട്ടു
പക്ഷിരാജനാം ഗരുഡൻ വസിക്കുന്ന ദിക്കിൽ,
ചെന്നു വന്ദിച്ചുനിന്നു കാര്യവുമുണർത്തിചു
തന്നുടെ ജാതിസ്നേഹാൽ താർക്ഷ്യനും ചെന്നു മുദാ
പാൽക്കടൽ താന്നിൽപ്പള്ളികൊള്ളുന്ന ഭഗവാനോ–
ടിക്കഥ ബോധിപ്പിച്ചു വന്ദിച്ചു നിന്നീടിനാൻ.

വൈകുണ്ഠൻ വരുണനെ വിളിച്ചങ്ങരുൾ ചെയ്തു
വൈകാതെ ടിട്ടിഭന്റെ മുട്ടകൾ കൊടുത്താലും
കല്പന കേട്ടപ്പോഴേ വന്ദിച്ചു വരുണനും
കെൽപ്പോടെ കൊടുത്തിതു മുട്ടകളെല്ലാം തദാ;
ഇക്കഥാപ്രസംഗത്തിന്നർത്ഥത്തെ വിചാരിച്ചാൽ
വിക്രമമേറുന്നൊരു വൈരിയോടമർ ചെയ്‌വാൻ
ദുർബ്ബലന്മാർക്കു മനസ്സുണ്ടാകയില്ലെന്നൊരു
സൽഫലമിതുകൊണ്ടു സംഭവിച്ചീടും സഖേ!

രാജാബന്ധുരബന്ധൂനാം രാജാ ചക്ഷുരചക്ഷുഷാം
രാജാ പിതാ ച മാതാ ച സർവേഷാം ന്യായവർത്തിനാം

## 15. പിംഗളസഞ്ജീവകന്മാരുടെ യുദ്ധം

ഇങ്ങനെ ദകനകൻ ചൊന്നതുകേട്ടു മഹാ
നിംഗിതമറിഞ്ഞുരചെയ്തിതു സഞ്ജീവകൻ
സംഗരം ഭവിക്കുമ്പോൾ പിംഗലൻ തന്റെ ഭാവ-
മെങ്ങനെയെന്നുമപ്പോൾ സംഗതിയെന്നും ചൊല്ക.
ചൊല്ലിനാൻ ദമനകൻ ചോടുകളുറപ്പിച്ചു
പല്ലുകൾ പുറത്താക്കി വക്ത്രവും പിളർന്നിവൻ
കണ്ണുകൾ ചുവപ്പിച്ചു കർണ്ണങ്ങൾ കൂർപ്പിച്ചൊരു
ദണ്ഡതുപോലെ വാലുമുയർത്തിക്കൊണ്ടു സിംഹം
നിൽക്കുന്നു കാണാമതുനേരത്തു ഭവാൻ ചെന്നു
വക്കാണത്തിനു തുടങ്ങീടുക മഹാത്മാവേ!
ഇത്ഥമങ്ങുരചെയ്തു പോന്നിതു ദമനകൻ
ബുദ്ധിമാൻ കരടനെ പ്രാപിച്ചു കൂപ്പീടിനാൻ.
എന്തെടോ ദമനക! നിന്നുടെ മന്ക്കാമ്പിൽ
ചിന്തിച്ചകാര്യം സിദ്ധമായിതോ വഴിപോലെ?
ഇങ്ങനെ കരടകൻ ചോദിച്ചു; ദമനക-
നങ്ങനെ ഭേദോപായം സിദ്ധമെന്നുര ചെയ്തു

മുന്നമേതന്നെ കിഞ്ചിൽബ്ഭിന്നമായവർ തമ്മിൽ
പിന്നെ ഞാൻ വഴി പോലെ വേർപെടുകയും ചെയ്യും
അർദ്ധഭിന്നമായുള്ള സാധനം ഭേദ്യം ചെയ്‌വാൻ
ബുദ്ധിമാന്മാർക്കു തെല്ലും വൈഷമ്യമില്ലയല്ലോ.
സാരനാം ദമനകൻ സിംഹസന്നിധൗ ചെന്നു
സാരമാമുപദേശം ചെയ്തിതു പരിചോടെ
പുംഗവൻ വരുന്നേരം യുദ്ധസന്നാഹം കൂടി
തുംഗമാം അംഗുലവുമുയർത്തിക്കയർത്തൊരു
ഭാവവും ഭാവിച്ചിരുന്നീടുക മമ സ്വാമിൻ!
സാവധാനത വേണം സംഗരമുണ്ടായ് വരും
എന്നതുകേട്ടു സിംഹമങ്ങനെ സ്ഥിതിചെയ്താ–
നന്നേരമവിടത്തിൽച്ചെന്നിതു സഞ്ജീവകൻ
മുന്നമേ ദമനകൻ ചൊന്നതുപോലെ തന്നെ
ഉത്സാഹത്തോടുനില്ക്കും സിംഹത്തെക്കണ്ടു വൃഷം
കൊമ്പുകളുയർത്തിക്കൊണ്ടടുത്തു യുദ്ധം ചെയ്‌വാൻ:
വമ്പനാം പഞ്ചാനനശ്രേഷ്ഠനുമൊരുമ്പെട്ടാൻ
എത്രയും ഭയങ്കരം യുദ്ധമുണ്ടായി തമ്മിൽ
വൃത്രനും മഹേന്ദ്രനും തങ്ങളിൽ യുദ്ധം പോലെ
ഊക്കേറും വൃഷഭന്റെ മുക്കുറഘോഷങ്ങളും
മുഷ്കേറും സിംഹത്തിന്റെ സിംഹനാദഘോഷവും
കുത്തുകളടികടിമാന്തുകൾ തട്ടും മുട്ടും
ക്രുദ്ധരാമവരുടെ യുദ്ധമെത്രയും ഘോരം
ദുർവിധമിതു കണ്ടു പറഞ്ഞു കരടകൻ:–
ദുർമതേ ദമനക! നിന്നുടെ ദുരാചാരം
ദുർന്നയപ്രയോഗത്തിലിങ്ങനെ മമ സ്വാമി
ദുഷ്പ്രമേയത്തിൽപ്പതിച്ചീടിനാൻ കഷ്ടം! കഷ്ടം!
സാമവും ദാനം ഭേദം ദണ്ഡമെന്നിവ നാലിൽ–
സ്സാമമെന്നതേ സമാരംഭിച്ചീടാവൂ സഖേ!
സാമത്തെ പ്രയോഗിച്ചാലൊക്കവേ സാധിച്ചീടും;
കാമത്തിന്നനുകൂലകാര്യവും സാധിച്ചീടും;

ദാനഭേദാദി മൂന്നുമെങ്ങുമേ ചിതം വരാ;
മാനസംഖ്യാനം ചെയ്‌വാൻ പാത്രമേ കൊള്ളിക്കാവൂ;
സൂര്യരശ്മികൾ കൊണ്ടും പാവകപ്രഭകൊണ്ടും
സൂര്യകാന്താദിമണിശ്രേണി തേജസ്സുകൊണ്ടും
വൈരമാമന്ധകാരം ശമിക്കയില്ല ദൃഢം.
സാരമാം സാമം കൊണ്ടേ ശമിപ്പൂ ദമനകാ!
മന്ത്രിരാജന്റെ മകൻ ഞാനെന്നു മദിച്ചു നീ
മന്ത്രിച്ചു മമ സ്വാമിക്കാപത്തു വലിച്ചിട്ടാൽ
എന്തിനിക്കഴിഞ്ഞതു ചിന്തിച്ചാൽ ഫലം വരാ;
ദന്തിവൈരിയും വൃഷശ്രേഷ്ഠനുമിവർ തമ്മിൽ
സന്ധിപ്പനുപായത്തെച്ചിന്തിക്ക സഹോദരാ!
സന്ധിയെന്നുള്ള നീതി സർവദാ മനോഹരം
തങ്ങളിൽപ്പറഞ്ഞു ചേർക്കുന്നവർ പാരം തുച്ഛം
ഭിന്നിക്കും ജനങ്ങളെച്ചേർക്കുന്ന പുരുഷനും
സന്നിക്കു ചികിത്സിച്ചു ശമിപ്പിപ്പവൻ താനും
തന്നുടെ സാമർത്ഥ്യത്തെക്കാട്ടേണമെങ്കിൽത്തമ്മിൽ
ബ്ഭിന്നരും സന്നിക്കാരുമുണ്ടെന്നേ ഫലം വരൂ
മറ്റുള്ള മൂഢന്മാരുമേതുമേ ഭേദം നാസ്തി;
നീചമാർഗ്ഗങ്ങളിൽ ചെന്നു ചാടുന്ന പ്രഭുക്കളും
നീരാഴമുള്ള കൂപേ പതിക്കും പശുക്കളും
മേല്പോട്ടു കരേറുവാനെത്രയും പരാധീനം;
കീഴ്പ്പോട്ടുപ്പതിപ്പതിനെത്രയുമെളുപ്പമാം.
ചൊല്ലെടോ! ദമനക! നീ തന്നെ മുന്നം ശ്രമി–
ച്ചില്ലയോ സഞ്ജീവകക്കാളയെക്കൊണ്ടുവന്നു.
സൽഗ്ഗുണൻ മമ സ്വാമി കാളവന്നതിൽപ്പിന്നെ
നിർഗ്ഗുണൻ നിരീശ്വരനായ് വന്നു മഹാകഷ്ടം!
മന്നവൻ ഗുണവാനെന്നാകിലും ദുർമന്ത്രികൾ
വന്നുചേരുമ്പോളാർക്കും വേണ്ടാതായ് വരും നൃപൻ;
നല്ക്കുളങ്ങളിൽജ്ജലം നിർമ്മലമെന്നാകിലും
നക്രമുണ്ടെന്നു കേട്ടാലാരാനുമിറങ്ങുമോ?

ഗോപിതമാകും ദിക്കിലെപ്പോഴുമധിവാസം
ഭൂപതിപ്രവരന്മാർക്കൊട്ടുമേ ഗുണമല്ല.
സജ്ജനങ്ങടെ മദ്ധ്യേ സർവരും വസിക്കേണം;
ദുർജ്ജനങ്ങളോടുള്ള സമ്പർക്കം ത്യജിക്കണം.
സർവസമ്മതഗുണമുള്ളൊരു സചിവന്മാർ
സർവദാ സുഖസ്ഥിതന്മാരായാൽ മഹാസുഖം
മാധുര്യം ഭാവിക്കയും മാനസേ കപടവും
ജാതമാമമാത്യന്മാർ കേവലം വിഷം തന്നെ.
ബുദ്ധിയിൽ പരദ്രോഹം ചിന്തിച്ചുമേവും ഭവാൻ
ബുദ്ധിമാനെല്ലന്നതു വന്നീടും ദമനകാ.
ശാഠ്യത്തെ വിടാതെകൊണ്ടുള്ളൊരു സൗഹാർദ്ദവും
മൗഢ്യം വേർപെടാതെ കണ്ടുള്ളൊരു ധർമ്മങ്ങളും
ലോകരെ ദ്വേഷിച്ചുകൊണ്ടുണ്ടാക്കും ധനങ്ങളും
ലൗകികം കൂടാതുള്ള സാധുസൽക്കാരങ്ങളും
നിത്യവും സുഖിച്ചിരുന്നുള്ള വിദ്യാഭ്യാസവും
ചിത്തപാരുഷ്യത്തോടേ കാമിനീസംസർഗ്ഗവും
ഇച്ഛിക്കും പുരുഷന്മാരെത്രയുമധമന്മാർ;
തുച്ഛബുദ്ധികളവരെന്നു ബോധിക്ക ഭവാൻ.
ബാലക! ദമനക നിന്നുടെ പിതാവിന്റെ
ശീലമിന്നുപമിക്കാം നിന്നെടെ ശീലം കണ്ടാൽ.
താതന്റെ സ്വഭാവവും പുത്രന്റെ സ്വഭാവവും
ഭേദമില്ലെന്നു പറയുന്നതു പരമാർത്ഥം.
കൈതമേലുണ്ടാകുന്ന കായ്ക്കൾക്കും മുള്ളുണ്ടല്ലോ!
കൈതവപ്രയോഗങ്ങൾ താതങ്കൽ നിന്നുണ്ടായി.
എന്തിനു ഹിതോപദേശത്തെ ഞാൻ ചെയ്തീടുന്നു?
ചിന്തിക്കിൽ നിനക്കൊരു നേർവഴി കാണുന്നില്ല;
നല്ലൊരു കടുപ്പമുള്ളായുധം കല്ലിൽ വെച്ചു
തല്ലിയാൽ വളയുമോ? പൊട്ടുകേയുള്ളു ദൃഢം.
നല്ലതു പറഞ്ഞിട്ടു തനിക്കു നാശം വന്നു.
എങ്ങനെയതെന്നുടൻ ചോദിച്ചു ദമനക–

നെങ്കിൽ നീ കേൾക്കെന്നുര ചെയ്തിതു കരടകൻ.

## 16. സൂചിമുഖിയുടെ അപായം

മർക്കടക്കൂട്ടം മഹാശീതത്തെസ്സഹിയാഞ്ഞു
ഒക്കവേ വിറച്ചൊരു ദിക്കിൽ വന്നിരിക്കുമ്പോൾ
തീക്കനൽ തിരഞ്ഞൊരു വാനരൻ പുറപ്പെട്ടാൻ.
നീക്കമില്ലെടോ നല്ല തീയിതാ പറക്കുന്നു;
എന്നു നിശ്ചയിച്ചവൻ ചെന്നുടൻ മിന്നാമിനു–
ങ്ങെന്നുള്ള പ്രാണികളിലൊന്നിനെപ്പിടിപെട്ടാൻ;
പൃഷ്ഠത്തിൽ പ്രകാശമുണ്ടജ്ജന്തു പറക്കുമ്പോൾ
പൊട്ടന്താനതുകണ്ടു പാവകനെന്നുറച്ചു.
കൂട്ടക്കരിരിക്കുന്ന യോഗത്തിൽ കൊണ്ടുവന്നു
ചെണ്ടക്കാരനുമൂതിക്കത്തിപ്പാൻ തുടങ്ങുന്നു.
അന്നേരം സൂചിമുഖനെന്നൊരു പക്ഷി മെല്ലെ–
ച്ചെന്നങ്ങു കുരങ്ങിന്റെ കർണ്ണത്തിൽ മന്ത്രിച്ചിതു
വഹ്നിയല്ലിതു സഖേ വാനര! മിന്നാമിനു
ങ്ങെന്നൊരു പ്രാണിയിതങ്ങൂതിയാലെരിയുമോ?
എന്നതു കേട്ടങ്ങുണർത്തീടിനാൻ കുരങ്ങച്ചാ–
രെന്തെടോ! നിന്നോടുണ്ടോ ചോദിച്ചുവെന്നങ്ങവൻ
പക്ഷിയെപ്പിടിച്ചാശു പാറമേലടിച്ചുടൻ
തൽക്ഷണം കൊലചെയ്തു ഭക്ഷണം കഴിച്ചിതു
എന്നതുകൊണ്ടു ഞാനും നാനാമ്യശ്ലോകം ചൊന്നേൻ

നാനാമ്യോനാമ്യതേ ദാരുഃ
നാശ്മനി സ്യാൽ ക്ഷുരക്രിയാ
സൂചിമുഖീം വിജാനീഹി
നിശിഷ്യായോപദിശ്യതേ.

എന്നുടെ ദമനക! ദുഷ്പ്രയത്നങ്ങൾ വൃഥാ,

തന്നുടെ ബുദ്ധികൊണ്ടും തന്നുടെ ശക്തികൊണ്ടും
തന്നുടെ ദ്രവ്യം കൊണ്ടും തന്നുടെ ധർമ്മം കൊണ്ടും
ഗോത്രത്തെ രക്ഷിക്കുന്നതേതൊരു പുമാനവൻ
പുത്രനായ് വരും മാതാവല്ലയോ മാതാവെടോ!
ഇങ്ങനെ കരടകൻ ചൊല്ലിയ വാക്കുകേട്ടു
മങ്ങിനെ മുഖത്തോടെ ഭൂതലം നോക്കിക്കൊണ്ടു
കുണ്ഠിതം വഴിപോലെ തോന്നിച്ചു ദമനകൻ
മിണ്ടാതെ നിന്നങ്ങുരചെയ്തിതു കരടകൻ:–
ദുഷ്ടബുദ്ധിയും ധർമ്മബുദ്ധിയുമിരുവരിൽ
ദുഷ്ടബുദ്ധിയാമവൻ തന്നുടെ പിതാവിനെ
വല്ലാതെ സ്ഥലത്തിങ്കൽകൊണ്ടുപോയ്പ്പാർപ്പിക്കയാൽ
വല്ലാതെ മരിപ്പിച്ചാനെന്നതു കേട്ടിട്ടില്ലേ?
അഗ്രജ! നമുക്കതു കേൾക്കണമെന്നു തമ്പി
ക്കാഗ്രഹം സാധിപ്പിപ്പാനുക്തവാൻ കരടകൻ.

## 17. ധർമ്മബുദ്ധിയും ദുഷ്ടബുദ്ധിയും

ചെട്ടികൾ വസിക്കുന്ന പട്ടണം തന്നിലൊരു
ചെട്ടിക്കു  രണ്ടുമക്കളുണ്ടായി വളർന്നിതു;
അഗ്രജൻ ദുഷ്ടബുദ്ധി; സോദരൻ ധർമ്മബുദ്ധി;
വ്യഗ്രമെന്നിയേ സുഖിച്ചങ്ങനെ മേവുങ്കാലം,
അർത്ഥമാർജ്ജിക്കാനവരന്യദേശങ്ങൾ തോറും
സ്വസ്ഥരായ് നടക്കുമ്പോളേകദാ വനാന്തരേ
ജ്യേഷ്ഠനാം ദുഷ്ടബുദ്ധി മുൻഭാഗേ നടക്കുന്നു;
പൃഷ്ഠഭാഗത്തു നടന്നീടിനാൻ ധർമ്മബുദ്ധി,
കാട്ടിലങ്ങൊരുമരം പുഴങ്ങിവീഴുന്നേരം
മുട്ടിൽ നിന്നൊരുനിധികുംഭവും പ്രകാശിച്ചു,
ധർമ്മബുദ്ധിക്കുകിട്ടി തൽക്കുംഭം മഹാധനം
നിർമ്മലസ്വർണ്ണംകൊണ്ടു പൂർണ്ണമെത്രയും സാരം
കുട്ടകം തട്ടിക്കൊണ്ടിട്ടിങ്ങനെ ചെന്നു മുദാ

ദുഷ്ടബുദ്ധിയോടുരചെയ്തിതു സഹോദരൻ.
അഗ്രജ! നമുക്കൊരു നിക്ഷേപം ലഭിച്ചിതു;
ദുർഗ്രഹമിതു ഭവാൻകൂടവേ പിടിക്കേണം
വള്ളികൾ കൊണ്ടുകെട്ടിത്തണ്ടുമിട്ടെടുത്തവർ
മെല്ലവേ നടന്നു തൽപട്ടണമടുത്തപ്പോൾ
ദുഷ്ടബുദ്ധിയും ചൊന്നാൻ സോദര! നമുക്കിതു
പട്ടണം പ്രവേശിപ്പിച്ചീടിനാൽ ദോഷം വരും
അത്ര നല്ലൊരു ദിക്കിൽ കുഴിച്ചുസ്ഥാപിച്ചു കൊ
ണ്ടെത്രമാത്രവും കൈക്കലെടുത്തു പോക നല്ലൂ.
അങ്ങനെയെന്നു ധർമ്മബുദ്ധിയുമനുവദി–
ച്ചങ്ങൊരു പെരുമരം തന്നുടെ മൂലത്തിങ്കൽ
കുട്ടകം കുഴിച്ചിട്ടു മണ്ണുകൊണ്ടാച്ഛാദിച്ചു
പട്ടണം പുക്കു ഗൃഹേ മേവിനാരിരുവരും.
ഒട്ടുനാൾ കഴിഞ്ഞപ്പോളൊളിച്ചങ്ങൊരു ദിനം
ദുഷ്ടബുദ്ധിതാൻ ചെന്നു കുട്ടകം കയ്യിലാക്കി,
അന്നുരാത്രിയിൽത്തന്നെ കൊണ്ടന്നു പണിപ്പെട്ടു
തന്നുടെ പുരമുറിതന്നിലേ കുഴിച്ചിട്ടാൻ,
പെട്ടെന്നങ്ങൊരുദിനം ധർമ്മബുദ്ധിയെ വിളി
ച്ചിഷ്ടഭാവം പൂണ്ടുരചെയ്തിതു ദുഷ്ടബുദ്ധി,
പണ്ടു നാം സ്ഥാപിച്ചൊരു കുട്ടകമിങ്ങു തന്നെ
കൊണ്ടുപോരണമിനിക്കൊണ്ടന്നാൽ ദോഷമില്ല.
എന്നതുകേട്ടു ധർമ്മബുദ്ധിതാൻ മഹാശുദ്ധൻ
ചെന്നുനോക്കുന്നനേരം കുട്ടകം കണ്ടില്ലല്ലോ.
പട്ടണേ ചെന്നു ദുഷ്ടബുദ്ധിയോടുരചെയ്തു:–
കുട്ടകം ഭവാന്തന്നെ മോഷ്ടിച്ചുകൊണ്ടുപോന്നു;
കട്ടതു നീ താനെന്നു ദുഷ്ടബുദ്ധിയുമിതു
കട്ടതു ഭവാനെന്നു ധർമ്മബുദ്ധിയും തമ്മിൽ
ശണ്ഠയിട്ടിരുവരും രാജധാനിയിലെത്തി–
ക്കുണ്ഠതകൂടാതറിയിച്ചിതു നൃപനോടു.
ധർമ്മരക്ഷണത്തിനു ശക്തരാം കാര്യക്കാരെ–

ദ്ധാർമ്മികൻ നരപതി കല്പിച്ചു നിയോഗിച്ചു
ധർമ്മബുദ്ധിയാമിവൻ കുട്ടകം കട്ടാനെന്നു
ദുർമ്മദത്തോടെയുരചെയ്തിതു ദുഷ്ടബുദ്ധി.
സാക്ഷിക്കാരങ്ങു ചെൽവിനെന്നു മന്ത്രികൾ ചൊന്നാർ
സാക്ഷിയായതു വൃക്ഷമെന്നവരുരചെയ്തു.
വാശ്ശതുമടുത്ത നാൾ വൃക്ഷത്തിൻ മൂലേ ചെന്നി-
ട്ടീശ്വരപരീക്ഷയും ചെയ്യേണമിരുവരും;
അട്ടിക്കിൽച്ചെന്നു വിരൽ മുക്കേണമിരുവരും;
ആദ്യം പൊയ്ക്കൊൾവിൻ നാളെ ഞങ്ങളും വരുന്നുണ്ട്.
അങ്ങനെ പറഞ്ഞാശു പിരിഞ്ഞാരമാത്യന്മാർ
തങ്ങളുമിരുവരും പോന്നിങ്ങു ഗൃഹം പുക്കാർ.
അന്തിക്കു ദുഷ്ടബുദ്ധി അച്ഛനാം ശ്രേഷ്ഠീന്ദ്രന്റെ-
യന്തികം തന്നിൽച്ചെന്നുനിന്നുകൊണ്ടുര ചെയ്തു:-
താതനങ്ങൊരുവാക്കു പറഞ്ഞെങ്കിലീ ദ്രവ്യം
താമസം കൂടാതിങ്ങു ലഭിക്കുമൊക്കെത്തന്നെ.
എന്തു ഞാൻ പറയേണ്ടുന്നാരോടു പറയേണ്ടൂ?
എന്തൊരുകാര്യമെന്നു ചോദിച്ചു ജനകനും;
അച്ഛനിന്നൊരു തരുകോടരംതന്നിൽ പുക്കു
പ്രച്ഛന്നം വസിക്കണം യാമിനി കഴിവോളം;
സൂര്യനങ്ങുദിമ്പോൾ കാര്യക്കാരവിടേയ്ക്കു
കാര്യങ്ങൾ കേൾപ്പാൻ വരും ഞങ്ങളും കൂടെ വരും;
ഭവ്യരാമമാത്യന്മാർ ചോദിക്കുന്നേരം ഭവാൻ
ദിവ്യവാക്യത്തെപ്പറഞ്ഞീടണം നിഗൂഢമായ്;
ദ്രവ്യത്തെ മോഷ്ടിച്ചതു ധർമ്മബുദ്ധിതാനെന്നു
സർവരും കേൾക്കെപ്പറഞ്ഞീടണമെന്നാൽ മതി.
ദുഷ്ടബുദ്ധിയോടുര ചെയ്തിതു ജനകനും:-
നഷ്ടമാം നീയും ഞാനുമിങ്ങനെചെയ്തീടിനാൽ
ഏവനുമുപായത്തെച്ചിന്തിക്കുന്നേരം തന്നെ
കേവലമപായത്തെച്ചിന്തിച്ചേ ഗുണം വരൂ.
സവൈരമായ് ബകത്തിന്റെ മുട്ടകൾ തിന്നും സർപ്പം

കീരിയാൽ താനും തന്റെ മക്കളും നശിച്ചല്ലോ.
എങ്ങനെയതെന്നുടൻ ചോദിച്ചു ദുഷ്ടബുദ്ധി
സംഗതിപ്രകാരത്തെച്ചൊല്ലിനാൻ കനകനും:
പൊക്കമുള്ളൊരു വൃക്ഷേ കൊക്കിന്റെ കളത്രവും
കൊക്കുമായ് വിനോദിച്ചു തത്ര മേവീടും കാലം;
കൊക്കിന്റെ ഗൃഹിണി പെറ്റുണ്ടാകും ശിശുക്കളെ-
യൊക്കവേയൊരു സർപ്പം വന്നുടൻ ഭക്ഷിക്കുന്നു
ദുഃഖിതനായ ബകം ചെന്നൊരു വാപീതീരേ
നില്ക്കുന്ന നേരം തന്റെ ബന്ധുവാം കുളീരകൻ
ചോദിച്ചു താനെന്തെടോ! ഖേദിച്ചു വസിക്കുന്നു?
ഖേദത്തിൻ മൂലം ബകം ഞണ്ടിനെ ഗ്രഹിപ്പിച്ചു;
ഞണ്ടുമങ്ങുപദേശം ചൊല്ലിനാൻ മത്സ്യങ്ങളെ-
ക്കൊണ്ടുപോയ്ക്കീരി നിത്യം വസിക്കും പൊത്തിൽനിന്നു
പന്നഗം പാർക്കുന്നൊരു സുഷിരത്തോളമൊക്കെ
ച്ചിന്നിയിട്ടേച്ചു ഭവാൻ സ്വസ്ഥനായിരുന്നാലും.
അന്നേരം നകുലവും മത്സ്യവൃന്ദത്തെയെല്ലാം
തിന്നുതിന്നഹിരന്ധ്രത്തിങ്കലും ചെന്നുകേറും
പന്നഗത്തെയും പുത്രന്മാരെയുമെല്ലാം കീരി
കൊന്നുടുക്കീടുമെന്നാൽ തന്നുടെ താപം തീരും.
എന്നതു കേട്ടു ബകം ബന്ധുവാം കുളിരേന്ദ്രൻ
ചൊന്നതുപോലെചെയ്തു പന്നഗം നശിച്ചിതു.
പിന്നെ വന്മരത്തിന്മേൽ കൂടിനെക്കണ്ടു കീരി
ചെന്നുകൊക്കുകളുടെ വംശത്തെയൊടുക്കിനാൻ.
എന്നതുകൊണ്ടു ചൊന്നേനിങ്ങനെ പ്രയോഗിച്ചാൽ
എന്നുണ്ണീ! നീയും ഞാനും ജീവിക്കയില്ലാ ദൃഢം.
ഇത്തരം പറയുന്ന താതനെപ്പിടിച്ചവൻ
സത്വരം മരത്തിന്റെ കോടരദ്വാരം തന്നിൽ
കൊണ്ടുപോയൊളിപ്പിച്ചു തിരിച്ചു പോന്നീടിനാൻ.
കണ്ടു ഭാസ്കരനുദിക്കുന്നതുമതുനേരം
ദുഷ്ടബുദ്ധിയും ധർമ്മബുദ്ധിയും ബന്ധുക്കളും

ശിഷ്ടരാം ജനങ്ങളും രാജസേവകന്മാരും
പക്ഷവാദികളമാത്യന്മാരുമൊക്കെച്ചെന്നു
വൃക്ഷമൂലത്തിൽ മഹായോഗമിങ്ങനെ കൂടി
കൈവിരൽ മുക്കാനുള്ള വൈമ്പുമുണ്ടാക്കിക്കൊണ്ടു
കൈതവം നേരും തിരിച്ചീടുവാൻ നെയ്യും തീയും
വട്ടങ്ങൾകൂട്ടിക്കൊണ്ടു ചോദിച്ചു സചിവന്മാർ:-
കുട്ടകം മോഷ്ടിച്ചവരാരെന്നു പറഞ്ഞാലും
ദിവ്യഭാരതി വൃക്ഷകോടരേ നിന്നുണ്ടായി
ദ്രവ്യത്തെ മോഷ്ടിച്ചതു ധർമ്മബുദ്ധി താനെന്ന്.
ആയതുകേട്ടനേരമെല്ലാരും വിസ്മയിച്ചു.
മായമെന്നതേ വരൂയെന്നുടൻ ധർമ്മബുദ്ധി.
നിശ്ചയമറിവാനായ് വൃക്ഷത്തിൻ മുകളേറി
ക്കച്ചിയും തൃണങ്ങളും കോടരദ്വാരേ വച്ചു,
തീയിട്ടുപുകച്ചപ്പോളച്ഛനും തലപൊക്കി-
ച്ചെയ്യൊല്ലാ മമ വധം വീർപ്പുമുട്ടുന്നു പാരം.
പൊയ്യല്ല മമ സുതൻ ദുഷ്ടബുദ്ധി താനിതു
ചെയ്യിപ്പിച്ചതും ദ്രവ്യം കട്ടതുമവൻ തന്നേ
ഇത്തരമുരചെയ്തു കാലന്നൂർപുക്കു മഹാ-
വൃദ്ധനാം വണിഗീശൻ പുത്രന്റെ ചൊൽകേൾക്കയാൽ
ധാർമ്മികൻ മഹീപതിയദ്ധനമശേഷമേ
ധർമ്മബുദ്ധിക്കു നൽകിസ്സമ്മാനിച്ചയച്ചിതു
ദുഷ്ടബുദ്ധിയെശ്ശൂലാരോഹണം ചെയ്യിപ്പിച്ചു;
പുഷ്ടശോഭമായ് വന്നു പട്ടണം മനോഹരം.
എന്നതുകൊണ്ടു ചൊന്നേൻ ദുഷ്ടബുദ്ധിയെപ്പോലെ
വന്നുപോകൊലാ ഭവാനെന്നുടെ സഹോദരാ!
പിന്നെയും കരടകൻ ചൊല്ലിനാൻ ദമനകാ;
നിന്നുടെ ദുസ്സാമർത്ഥ്യംകൊണ്ടഹോ കുലക്ഷയം.
വാരിരാശിയിലോളമാറ്റിലേയൊഴുക്കുള്ളു,
നാരീവിശ്വാസത്തോളം ബന്ധുസ്നേഹവുമുള്ളു,
സ്മൃചകശ്രുതിയോളം മന്ത്രഗോപനമുള്ളു;

നീചനന്ദനനോളം നിർമ്മലകുലമുള്ളു.
ശാഠ്യമുള്ളവരോടു ശാഠ്യവും വേണന്താനും.
പാഠ്യമാമൊരു പദ്യം കേട്ടിട്ടില്ലയോ ഭവാൻ?
ആയിരം തുലാമിരുമ്പൊക്കവേ കൂട്ടിത്തന്റെ
വായിലാക്കിനാനൊരു മൂഷികൻ യസ്മിൻ ദേശേ,
അദ്ദേശേ ശ്യേനനാകും പക്ഷിയും വണിക്കിന്റെ
പുത്രനെക്കൊണ്ടുപോയെന്നുള്ളതു വരാത്തതോ?
എങ്ങനെയതെന്നുടൻ ചോദിച്ചു ദമനക
നെങ്കിലോ കേൾക്കെന്നുരചെയ്തിതു കരടകൻ

# 18. കുട്ടിയും ഇരുമ്പുകട്ടിയും

പണ്ടൊരു നഗരത്തിൽ വാണിഭം ചെയ്തുകൂട്ടി
ക്കൊണ്ടൊരു വണിക്കുതാന്തന്നുടെ സുഹൃത്താകും
വാണിഭക്കാരൻ കയ്യിലമ്പതു ഭാരം ലോഹം
പ്രാണവിശ്വാസം മൂലം സൂക്ഷിപ്പാൻ കൊടുത്തവൻ
വിത്തവിക്രയം ചെയ്വാൻ ഗമിച്ചു തെക്കേദിക്കിൽ-
പ്പത്തുമാസങ്ങൾ തത്ര താമസിച്ചിങ്ങുവന്നു.
തന്നുടെപക്കൽത്തന്ന ലോഹത്തെത്തരികെടോ!
എന്നുടെ വീട്ടിൽബ്ബഹുമൂഷികന്മാരുണ്ടവർ
തിന്നുതിന്നിതുമ്പെല്ലാമില്ലാതായ്‌വന്നു കഷ്ടം!
എന്തു ഞാൻ ചെയ്വനെന്നു ചെട്ടിയുമുരചെയ്തു;
ബന്ധുവെങ്കിലുമവനെത്രയും മഹാധൂർത്തൻ.
ആയതുകേട്ടു മറ്റേച്ചെട്ടിയും വിചാരിച്ചു:-
മായമിപ്പറഞ്ഞതു മറച്ചുവെച്ചാനവൻ;
പോയതുകൊണ്ടു പറഞ്ഞാലിനി ഫലമെന്തെ
ന്നായവൻ പറഞ്ഞങ്ങു യാത്രയും ചൊല്ലിപ്പോന്നു.
പിന്നെയങ്ങൊരുദിനം തന്നുടെ സുഹൃത്തിന്റെ
നന്ദനൻ കളിപ്പാനായ്പോകുന്നദശാന്തരേ,
ചെന്നുടൻ പിടിപെട്ടു വലിച്ചുകൊണ്ടുപോന്നു

തന്നുടെ വീട്ടിലൊരു ഗൂഢസ്ഥാനത്തങ്ങാക്കി,
വാതിലുമടച്ചാശു മുടക്കനിട്ടുപൂട്ടി
വാണിഭക്കാരനനങ്ങാതങ്ങു വാണീടിനാൻ.
ബദ്ധനായ്ക്കിടക്കുന്ന ബാലനാ വണിക്കിന്റെ
വൃദ്ധനായുള്ള താതൻ പുത്രനെക്കാണായ്കയാൽ
ബദ്ധപ്പെട്ടോടിവന്നു ചോദിച്ചു സുഹൃത്തോടു:–
പുത്രനെക്കണ്ടില്ലെടോ! താനുണ്ടോ കണ്ടു സഖേ?
അന്നേരമുരചെയ്താൻ മറ്റവൻ, മഹാമതേ!
ഇന്നൊരു പരുന്തുവന്നെടുത്തു കൊണ്ടുപോയാൻ
പുത്രനു പതിനെട്ടു വയസ്സുമവനായി–
പ്പത്രിയാം പരുന്തുണ്ടോ കൊണ്ടുപോകുന്നു സഖേ!
താനെന്റെ തനയനെക്കൊന്നിതോ കളഞ്ഞിതോ?
ഞാനിനിച്ചെന്നു നാടുവാഴിയോടറിയിപ്പൻ.
ഇത്ഥമങ്ങുരചെയ്തു കോയിക്കൽച്ചെന്നു വണി–
ക്ക്രെയും വിഷാദിച്ചു കരഞ്ഞുനിന്നീടിനാൻ.
ശ്രേഷ്ഠരാമമാത്യന്മാർ ചോദിച്ചാരവസ്ഥകൾ;
ചെട്ടിയുമുര ചെയ്താനെന്നുടെ തനയനെ
മറ്റൊരു ചെട്ടിയൊളിപ്പിക്കയോ വധിക്കയോ
മറ്റുമിപ്പരമാർത്ഥമന്വേഷിക്കണം നിങ്ങൾ,
പറഞ്ഞാനവനൊരു പരുന്തുകൊത്തിക്കൊണ്ടു
പറന്നുപോയെന്നതുമങ്ങനെ വരുന്നതോ?
എന്നതുകേട്ടു മഹാമന്ത്രികൾ വണിക്കിനെ–
ച്ചെന്നിങ്ങു കൂട്ടിക്കൊണ്ടുവരുവാൻ നിയോഗിച്ചു.
ഭൃത്യന്മാർ വണിക്കിനെക്കൂട്ടിച്ചുംക്കൊണ്ടുവന്നു;
സത്യം നീ പറകെന്നു കല്പിച്ചു കാര്യക്കാരൻ.
പുത്രനെപ്പരുന്തുവന്നെടുത്തുകൊണ്ടുപോയെ–
നത്ര നിന്നുരചെയ്താനച്ചെട്ടി താനുമപ്പോൾ.
ലൗകികമല്ലാതുള്ള വാക്കുകൾ പറഞ്ഞാലീ–
ലോകർ സമ്മതിക്കുമോ ചൊല്ലെടോ! പരമാർത്ഥം?
ഇത്തരം കയർത്തൊരു മന്ത്രികൾ ചൊന്നവാക്കി–

നുത്തരമുരചെയ്തു പേടികൂടാതെ ചെട്ടി:–
ആയിരം തുലാം ഇരുമ്പൊക്കവേ കൂടെത്തന്റെ
വായിലാക്കിനാനൊരു മൂഷികൻ യസ്മിൻ ദേശേ
അദ്ദേശേ പരുന്താശു വന്നൊരു വണിക്കിന്റെ
പുത്രനെക്കൊണ്ടുപോയെന്നുള്ളതു വരാഞ്ഞതോ?
ചൊന്നതു കേട്ടു ചിരിച്ചീടിനാരമാത്യന്മാർ
മുന്നമീ വണിക്കേവം വ്യാജത്തെപ്പറഞ്ഞിതോ?
നന്നെടോ! നിന്റെ തല പോവതിനടുത്തിനി–
ചെന്നുടനിരുമ്പെല്ലാം കൊണ്ടന്നുകൊടുത്താലും
അന്നേരം കാണാം നിന്റെ നന്ദനൻ വരുന്നതും;
അന്യായം പറഞ്ഞതിനുള്ളൊരു ഫലമിപ്പോൾ
അമ്പുരാൻ കല്പിക്കുന്ന ദ്രവ്യങ്ങളൊക്കെത്തിരു–
മുമ്പിൽ വയ്ക്കേണ്ടിവരുമെന്നവരുരചെയ്തു.
ആയതുകേട്ടുവണിക്കായിരം തുലാമിരു–
മ്പായവൻ കയ്യിൽ കൊടുത്തേല്പിച്ചോരനന്തര–
മായവൻ സുതനേയും കൊണ്ടന്നു ദാനം ചെയ്താൻ.

## 19. പിംഗലകന്റെ പശ്ചാത്താപം

ആയതുകൊണ്ടു ശഠന്മാരോടു ശാഠ്യം വേണ–ാ
മേകദാ പറഞ്ഞതു മനസ്സിൽ കടക്കാതേ
ലോകരിൽഗ്ഗുണം പറയുന്നതു പാഴിൽത്തന്നെ
കല്ലു പോൽ നിന്റെ ചിത്തമെന്നുടെ ദമനകാ!
നല്ലതുമാകാത്തതുമൊന്നും നീയറിയുമോ?
ശുദ്ധബുദ്ധികൾ പിന്നെദ്ദോഷങ്ങൾ ഗുണങ്ങളും
ബുദ്ധിയിലാക്കിക്കൊണ്ടു സഞ്ചരിച്ചീടും സദാ
മാരുതൻ മഹീതലേ ദുർഗ്ഗന്ധം സുഗന്ധവും
ചാരു തൻവശത്താക്കിക്കൊണ്ടല്ലോ ചരിക്കുന്നു?
നാമിനി വൈകീടാതെ പോകെടോ ദമനകാ!
സ്വാമിയും വൃഷഭവും തങ്ങളിൽ സമരത്തിൽ.

സ്വാമിക്കോ പരാഭവം കാളയ്ക്കോ പരാഭവം?
നാമിപ്പോളതുചെന്നു ബോധിച്ചേ മതിയാവൂ.
ഇങ്ങനെ പറഞ്ഞവരങ്ങു ചെല്ലുന്നനേരം
തിങ്ങിനവിഷാദവും പൂണ്ടുടൻ മഹാസിംഹം
മിത്രസഞ്ജീവകക്കാളയെ വധിക്കകൊ-
ണ്ടെത്രയും പശ്ചാത്താപം മാനസേ ഭവിക്കയാൽ
വക്ത്രവും താഴ്ത്തിത്തന്റെ കാൽവിരൽ നഖംകൊണ്ടു
ധാത്രിയിൽ വരച്ചുകൊണ്ട് ജീവിക്കുന്നു.
തങ്ങളാൽ വർദ്ധിക്കപ്പെട്ടൊരു ജനങ്ങളെ-
ത്തങ്ങളേ ക്ഷയിപ്പിപ്പാനൊട്ടുമേ യോഗം പോരാ.
താന്തന്നെ വിഷവൃക്ഷമെങ്കിലും നട്ടുണ്ടാക്കി-
ത്താന്തന്നെ പിന്നെച്ഛേദിക്കുന്നതെത്രയും കഷ്ടം!
എന്നെല്ലാം വിചാരിച്ചുവസിക്കും സിംഹത്തിനെ-
ച്ചെന്നുവന്ദിച്ചു മന്ത്രിപുത്രന്മാരിരുവരും
ഉക്തവാൻ ദമനകൻ കുണ്ഠിതം വേണ്ട സ്വാമിൻ!
യുക്തമീവിധമെന്നു ഞങ്ങൾക്കു തോന്നീടുന്നു.
താതനെന്നാലും തന്റെ ഭ്രാതാക്കളെന്നാകിലും
മാതുലനെന്നാകിലും ബന്ധുക്കളെന്നാകിലും
വിഗ്രഹം ചെയ്വാൻ വന്നു പിണങ്ങുന്നവർകളെ
നിഗ്രഹം ചെയ്കതന്നെ മന്നവന്മാർക്കു ധർമ്മം.
ആചാരഭ്രംശം വന്ന ഗുരുവെ ത്യജിച്ചീടാം
നീചന്മാരോടുചേരും നാരിയെയുപേക്ഷിക്കാം
ധർമ്മത്തെധ്വംസിക്കുന്ന പുത്രനെക്കളഞ്ഞീടാം
ദുർമ്മാർഗ്ഗം തുടങ്ങുന്ന മന്ത്രിയെ വെടിഞ്ഞീടാം;
ചാരുത്വം വിനാ പകൽ കാണുന്ന ശശാങ്കനും
താരുണ്യം പോയി വളർന്നീടുന്ന കൃശാംഗിയും
താമരപ്പൂവില്ലാത്ത പൊയ്കയും കണ്ടാൽ നല്ല
കാമനെപ്പോലുള്ളൊരു മൂഢനാം പുരുഷനും
പാരിലെ ദ്രവ്യമെല്ലാം മോഹിക്കും നരേന്ദ്രനും
ദാരിദ്ര്യം മുഴുത്തുള്ള സജ്ജനങ്ങളും തഥാ;

മന്നവന്മാരിൽച്ചേർന്നു നിൽക്കുന്ന ദുർമ്മന്ത്രിയു–
മെന്നിവ നമുക്കേഴു ശല്യങ്ങൾ മനക്കാമ്പിൽ.
എന്നതുകൊണ്ടു മഹാദുഷ്ടനാം വൃഷഭത്തെ–
ക്കൊന്നതുകൊണ്ടു തെല്ലും കുണ്ഠിതം നമുക്കില്ല
ക്രൗര്യവും മനക്കാമ്പിൽക്കാരുണ്യമില്ലായ്കയും
വൈരവും വധങ്ങളും കൈതവപ്രയോഗവും
ദൂഷണം മറ്റുള്ളതു മനുഷ്യർക്കതുതന്നെ
ഭൂഷണം ഭൂപാലന്മാർക്കെന്നിവ കേട്ടീടുന്നു.
സത്യമുണ്ടെന്നുതോന്നും വ്യാജമുണ്ടെന്നുതോന്നും
കൃത്യമുണ്ടെന്നുതോന്നുമകൃത്യമെന്നും തോന്നും
ലോഭമുണ്ടെന്നും തോന്നും മൗഢ്യമുണ്ടെന്നും തോന്നും
ലാഭമുണ്ടെന്നും തോന്നും ചേതമുണ്ടെന്നും തോന്നും,
മന്നവന്മാർക്കും വേശ്യാസ്ത്രീകൾക്കുമൊരുപോലെ
തന്നുടെഭാവം തനിക്കൊത്തതുപോലെ കാണാം.
തമ്പുരാനിതുകൊണ്ടു സംഭ്രമമൊട്ടും വേണ്ടാ;
കമ്പവും വേണ്ടാ മനസ്താപവും വേണ്ടാ വിഭോ!
സംഭൃതാനന്ദം സദാ സർവഭൃത്യന്മാരുടെ
സമ്പത്തുവരുത്തിക്കൊണ്ടിത്ര വാണരുളേണം.
ഇങ്ങനെ ദമനകൻ ചൊല്ലിനാനതുതന്നെ
ഭംഗിയിൽ കരടകൻ താനുമങ്ങുരചെയ്തു.
പിംഗലകനാം സിംഹമെത്രയും പ്രസാദിച്ചു
മംഗലം വർദ്ധിപ്പിച്ചു മേവിനാൻ ശുഭം ശുഭം!

**മിത്രഭേദം എന്ന പ്രഥമതന്ത്രം സമാപ്തം.**

# ദ്വിതീയതന്ത്രം മിത്രലാഭം

## 1. കാക്ക, ആമ മുതലായവരുടെ ബന്ധുത്വം

പഞ്ചവർണ്ണക്കിളിപ്പെൺ കിടാവേ! ശുഭേ!
പഞ്ചതന്ത്രം മഹാശാസ്ത്രം മനോഹരം
രണ്ടാമതാകും സുഹൃല്ലാഭതന്ത്രവും
കൊണ്ടാടി വർണ്ണിച്ചുചൊൽകെടോ! ശാരികേ!
സോമശർമ്മാഖ്യനാം ഭൂമിദേവോത്തമൻ
ഭൂമിപാലാത്മജന്മാരോടു ചൊല്ലിനാൻ:–
എങ്കിൽ സുഹൃല്ലാഭമെന്നുള്ള തന്ത്രവു–
മെങ്കൽനിന്നാകർണ്ണനം ചെയ്ക ബാലരേ!
വിത്തമില്ലെങ്കിലും വിദ്യയില്ലെങ്കിലും.
ചിത്തത്തിലന്യോന്യബന്ധുത്വമുള്ളോരു
സത്തുക്കൾക്കെത്തും സമസ്തകാര്യങ്ങളും.
വസ്തുഭേദം ജാതിഭേദവുമില്ലെടോ!
കാകകൂർമ്മാദി ജന്തുക്കൾക്കു തങ്ങളി–
ലേകാന്തബന്ധുത്വമുണ്ടാക കാരണം.
ശോകസന്ത്രാസാദിസങ്കടം വേർവിട്ടു
സാകമെല്ലാവരും സാധു മേവീടിനാർ.
അക്കഥ കേൾക്കണമെന്നു ഭൂപാലന്റെ
മക്കൾ ചോദിച്ചു; പറഞ്ഞു മഹീസുരൻ.
ചൊൽക്കൊണ്ട മിഹിളാരൂപ്യഗേഹാങ്കണേ
പൊക്കത്തിൽ നിർക്കും മഹാമരത്തിലൊരു
വായസശ്രേഷ്ഠൻ വസിക്കുന്നു തന്നുടെ
ജായയും മക്കളുമൊക്കെയും കൂടവേ.
ലഘുപതനനെന്നു പേരായ കാകൻ മുദാ
ലഘുതരമുദിച്ചു സൂര്യൻ വിളങ്ങുംവിധൗ,
ശരവുമൊരുവില്ലും ധരിച്ചൊരുവേടന്റെ
വരവുകഥകണ്ടുപേടിച്ചു ചിന്തിച്ചുതാൻ,
ഇവനൊരു മഹാപാപി ദുഷ്ടശീലൻ ശഠൻ
ശിവശിവ! മൃഗങ്ങളെക്കൊന്നുതിന്നുന്നവൻ
പറവകൾ പറക്കുന്ന ദിക്കിലും ചെന്നിവൻ

പലവകവധിച്ചു ഭക്ഷിക്കുമിക്കശ്മലൻ.
ഇവനുടെ സമാരംഭമെന്തെന്നറിവോളം
ഇവിടെയതിഗൂഢമായ്!പ്പാർക്കയുള്ളൂ വയം.
ഇതി മനസി കാകനും ചിന്തചെയ്തീടിനാൻ.
വലയുമഥ കൊണ്ടുവന്നാകവേ കാനനേ
നലമൊടുപതുക്കവേ കെട്ടിപ്പരക്കവേ
അടിയിലരിയും നെല്ലുമാകെ വിതച്ചുതാൻ
വടിവൊടു മരമറഞ്ഞങ്ങു നിന്നീടിനാൻ.
വലയിലടിപ്പെട്ടു ചിത്രഗ്രീവനെന്നുള്ള
വലിയൊരുകപോതവും തന്നുടെ കൂട്ടരും.
വിരവൊടു കിരാതനും മാടപ്പിറാക്കളെ
തരമൊടു പിടിപ്പതിന്നോടിയെത്തുംവിധൗ,
വലയിലകപ്പെട്ടൊരു മാടപ്പിറാക്കൂട്ടങ്ങൾ
വലയുമഥ കൊണ്ടുമേൽപ്പോട്ടുയർന്നീടിനാർ.
വനചരനു കുണ്ഠിതം പക്ഷിവൃന്ദങ്ങൾമേൽ
വലയുമഥ കൊണ്ടുപോയെന്തു ചേയ്യേണ്ടു ഞാൻ?
ഒരു ദിശിയിലൊക്കവേ താഴത്തുവീഴുമി–
തതുകരുതി വേടനും താഴേ നടന്നിതു.
ലഘുപതനകാഖ്യനാം കാകാനും പിന്നാലെ
ലഘുതരമുടൻ പറന്നെത്തിനാനങ്ങനെ,
അതുസമയമന്തിയുമായിതു; വേടനും
അതുവഴി നടന്നുടൻ വീടു പുക്കീടിനാൻ.
കനിവൊടു കപോതരാജൻ പറഞ്ഞീടിനാ–
നിനിയൊരുപദേശമിങ്ങുണ്ടെടൊ കൂട്ടരേ!
മമ സഖി ഹിരണ്യനെന്നുണ്ടൊരു മൂഷികൻ;
മമതയുമവന്നുണ്ടു കണ്ടുകൊള്ളാമിനി;
വലയിൽ വലയുന്ന നാം തത്ര ചൊന്നാലവൻ
വലയിതു കടിച്ചു ഖണ്ഡിക്കുമേ മൂഷികൻ.
എലിയൊടു നമുക്കു ബന്ധുത്വമുണ്ടാകയാൽ
ഫലമിതു ഭവാന്മാർക്കു കണ്ടുകൊള്ളാമുടൻ
ഇതി ബത പറഞ്ഞു ചിത്രഗ്രീവപക്ഷിയും
ഹിതജനവുമൊക്കവേ തത്ര ചെന്നിടീനാർ
വിവിധപതഗങ്ങളെക്കണ്ടുപേടിച്ചുടൻ
വിവരമഥ ഹിരണ്യനമ്പോടു പുക്കീടിനാൻ.

നലമൊടു കപോതവും ചെന്നു വിലമുഖേ
എലിവരനെയും വിളിച്ചീടിനാൻ മെല്ലവേ.
വെളിയിലഥ വന്നുടൻ മൂഷികാഗ്രേസരൻ
തെളിവൊടു പറഞ്ഞു ചിത്രഗ്രീവനോടവൻ:–
പ്രിയസഖ! ഭവാന്മാർക്കിതെന്തൊരാപത്തഹോ!
നയഗുണനിധേ സഖേ! ചൊൽകെടോ സത്വരം.
വിരവൊടു കപോതവും ചൊല്ലിനാൻ മൂഷികാ!
'വിധിവിഹിതമേവനും ലംഘിച്ചു കൂടുമോ?'
'ഇവനിതു ഭവിക്കേണമിന്നകാലം വേണ
മവശത ഭവിക്കേണമർത്ഥനാശം വേണം;
ഇതി വിധി വിധിച്ചതിപ്രാണികൾക്കൊക്കെയും
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ'
തദനു ച ഹിരണ്യനും തത്വമെന്നൂചിവാൻ;
തവ വചനമെത്രയും സത്യമല്ലോ സഖേ!
അനവരതമംബരേ നിന്നു ദൂരസ്ഥമാം
അവനിയിലെ വൃത്താന്തമൊക്കെ ഗ്രഹിപ്പവൻ
പടുതരവിദഗ്ദ്ധനാം ഗൃദ്ധ്രനും പാശത്തിൽ
അടിപെടുമൊരിക്കലെന്നോർത്തുകൊൾക ഭവാൻ.
വലിയകൊലയാനയും ഘോരസർപ്പങ്ങളും
ബലികളവരെങ്കിലും മാനുഷന്മാരുടെ
വചനമതു കേൾക്കയും തല്ലുകൾ കൊൾകയും
അവരുടെ നിയോഗേന നിന്നു കൂത്താടിയും
ശിവ! ശിവ! തരംകെടുന്നില്ലയോ പിന്നയെ–
ന്തതിലൊരു ശതാംശമുൽക്കർഷമില്ലാത്ത നാം?
സകലഭുവനങ്ങളിൽ പ്രൌഢതേജോവര
പ്രകടതരമൂർത്തിയാം സൂര്യനും ചന്ദ്രനും
ഒരു ദശയിലങ്ങഹോ രാഹുവക്ത്രാന്തരേ
വിരവൊടു പതിച്ചുഴന്നീടുന്നതില്ലയോ?
സലില നിധിവാരിതന്നുള്ളിലുള്ളിൽചെന്നു
സിലളിത സുഖംപുണ്ടുസന്തതം മേവുന്ന
വലിയജലജന്തുവൃന്ദങ്ങളും വന്നിങ്ങു
വലകളിലകപ്പെട്ടു ചാകുന്നതില്ലയോ?
സകലദിശി മേവുന്ന സർവജന്തുക്കളും
സപദി വിഷയാനലേ ചെന്നു ചാടിദ്രുതം

സതതമപി വെന്തു ഭസ്മീഭവിക്കും ദൃഢം;
സുഖമസുഖമെന്നുതോന്നുന്നതും നിഷ്ഫലം.

(വൃത്തഭേദം)

ഇത്ഥം പറഞ്ഞു ഹിരണ്യക മൂഷികൻ
ബദ്ധനായുള്ള ചിത്രഗ്രീവപക്ഷിതൻ–
പാശം കടിച്ചു മുറിച്ചു സഖിയുടെ
ക്ലേശംകളഞ്ഞു മറ്റുള്ളമാടപ്പിറാ–
സ്സംഘത്തിനുള്ളോരു ബന്ധനം ഖണ്ഡിച്ചു
സങ്കടം തീർത്തു സുഖിച്ചു മേവീടിനാൻ,
മാടപ്പിറാക്കൾക്കു നാഥൻ കപോതവും
കൂടെത്തുടർന്നൊരു പക്ഷിവൃന്ദങ്ങളും
അന്നത്തെ രാത്രിയിൽത്തത്ര വസിച്ചുകൊ–
ണ്ടന്നപാനാദികഴിച്ചു യഥാസുഖം,
യാത്രയും ചൊല്ലിഗ്ഗമിച്ചോരനന്തരം
തത്ര വൃത്താന്തങ്ങൾ കാൺകയാൽ കാകനും
എത്രയുംപാരം പ്രസാദിച്ചു മൂഷികം
മിത്രമാക്കീടുവാനിച്ഛിച്ചു ചൊല്ലിനാൻ:–
ഭോ! ഭോ! ഹിരണ്യക! വിസ്മയം വിസ്മയം
ശോഭനം തദ്ഭവാൻ മൂഷികാഗ്രേസരൻ;
നിന്നോടുകൂടെസ്സഖിത്വം ലഭിക്കണ–
മെന്നുണ്ടു മോഹം നമുക്കിതു ചെയ്ക നീ.
എന്നതു കേട്ടു പറഞ്ഞു ഹിരണ്യകൻ:–
നിന്നെ ഞാനാരെന്നറിഞ്ഞീലെടോ സഖേ!
ചൊന്നാൻ പതനകൻ കാകനാകുന്നു ഞാൻ.
എന്നാൽ ചിതം വരത്തില്ലെന്നു മൂഷികൻ
തങ്ങളിൽച്ചേരുവാൻ സംഗതിയില്ലാത്ത–
നിങ്ങളും ഞങ്ങളും തമ്മിലൊന്നിക്കുമോ?
ഭോക്താക്കൾ നിങ്ങളും ഭോജനം ഞങ്ങളും;
ഓർത്താൽ സഖിത്വമുണ്ടാകുമോ വായസാ!
മൂഷികന്മാരെ ബ്ഭുജിക്കുന്ന് കാക്കയ്ക്കു
മൂഷികന്മാരിൽക്കനിവു ജനിക്കുമോ?
കാകൻ പറഞ്ഞിതു നിന്നെബ്ഭുജിപ്പതി–

ന്നേകനുണ്ടന്തകനെന്നു പേരായവൻ.
പക്ഷിപ്പരിഷയെ രക്ഷിച്ച നിന്നെയി–
പ്പക്ഷിയാകുന്ന ഞാൻ ഭക്ഷിക്കുമോ സഖേ!
തങ്ങളിലേകൻ കയർത്തുവെന്നാകിലും
തങ്ങളിലേതും ഫലിക്കയില്ല ദൃഢം.
ചൂട്ടെരിച്ചങ്ങു സമീപത്തു കാട്ടിയാൽ
ചൂടുപിടിക്കുമോ സാഗരവാരിയിൽ
ക്ഷീണനായുള്ള ചിത്രഗ്രീവപക്ഷിയെ
ത്രാണനം ചെയ്ത ഭവാനെച്ചതിപ്പതി–
ന്നാണുങ്ങളായുള്ള ഞങ്ങൾ ചിന്തിക്കുമോ?
നാണമില്ലാത്തവനാണല്ല നിർണ്ണയം.
മൂഷികൻ ചൊല്ലിനാൻ ചാപല്യമെന്നുള്ള–
ദോഷമിക്കാകജാതിക്കൊക്കെയുണ്ടെടോ.
ചാപല്യമുള്ളവൻ ബന്ധുവായാൽ ജന്മ–
സാഫല്യമില്ല വിനാശവും നിർണ്ണയം.
ശക്യമല്ലാതുള്ളകാര്യം പ്രയത്നേന
ശക്യമാക്കീടുവാൻ മോഹം വൃഥാഫലം,
വെള്ളമില്ലാദ്രിക്കിൽ വള്ളം നടക്കുമോ?
വെള്ളത്തിലോടുമോ ചാടും രഥങ്ങളും?
ദുർജ്ജനം വന്നുനിറഞ്ഞു ഭൂമണ്ഡലേ;
സജ്ജനം പാരം ചുരുങ്ങിച്ചമഞ്ഞിതു;
എന്തെന്നുമേതെന്നുമാരെന്നുമില്ലാത്ത
ജന്തുക്കൾ ബന്ധുക്കളായാൽ ശരീരികൾ–
ക്കെന്തുള്ളു സൗഖ്യം മഹാമൂഢതാരൂപ
സിന്ധുതോയത്തിൽക്കിടക്കയെന്യേ സഖേ!
പണ്ടുള്ള ശബ്ദമീ ബന്ധുവെന്നുള്ളൊരു
രണ്ടക്ഷരം കൊണ്ടു കെട്ടിച്ചമച്ചിതു.
ഇക്കാലമായതിന്നർത്ഥമെന്തായതെ–
ന്നുൾക്കാമ്പിലോർക്കുന്ന മാനുഷൻ ദുർല്ലഭം
സാരനെന്നാകിലും മുന്നം തനിക്കുപ–
കാരങ്ങൾ ചെയ്തൊരുദേഹമെന്നാകിലും
വീരനെന്നാകിലും വിദ്യാവിശേഷേണ,
ധീരനെന്നാകിലും നല്ലപുരുഷനെ–
ക്കണ്ടാൽ മനുഷ്യർക്കു ഞാനിപ്പുരുഷനെ

പ്പണ്ടു കണ്ടിട്ടുമില്ലെന്നഭാവം സഖേ!
വേണ്ടാതനത്തിന്നൊരുത്തൻ തുടങ്ങിയാൽ
രണ്ടാമനായിപ്പുറ്റപ്പെടും മറ്റവൻ.
അന്നവും പാലും കൊടുത്തങ്ങു തന്മടി-
തന്നിൽക്കിടത്തി ലാളിക്കും മനുഷ്യനെ-
ത്തന്നെ കടിച്ചുകൊന്നീടുകെന്നല്ലാതെ
പന്നഗത്തിന്നൊരു സംസാരമില്ലെടോ
എന്നതുപോലിന്നൊരുത്തനൊരുത്തനോ-
ടന്യോന്യസൗഹാർദ്ദമില്ല ഭൂമണ്ഡലേ,
സ്നേഹമില്ലാതുള്ള പെണ്ണിന്നു തന്നുടെ
ദേഹത്തിലർദ്ധം പകുത്തുകൊടുക്കിലും,
തെല്ലുപോലും വശത്താകയില്ലെന്നല്ല
കൊല്ലുവാൻകൂടെ ശ്രമിച്ചുവെന്നും വരും.
ജാത്യാ വിരുദ്ധരായുള്ളവർ തങ്ങളിൽ-
ചേർത്താലുമായവർ ചേരുകില്ലാ ദൃഢം,
പൂച്ചയൊടിജ്ജനം മൂഷികന്മാർ ചെന്നു
ചേർച്ചയ്ക്കു ഭാവിക്ക നന്നായ്‌വരുന്നതോ
അങ്ങോട്ടപകൃതി ചെയ്തതില്ലെങ്കിലു-
മിങ്ങോട്ടുപദ്രവിച്ചീടുന്നു ദുർജ്ജനം.
വ്യഘ്രത്തെയാരാനുപദ്രവിച്ചോ ചെന്നു
ശീഘ്രംകടിച്ചുകൊല്ലുന്നു പശുക്കളെ?
എന്നതുകൊണ്ടു പറഞ്ഞു ഞാൻ വായസ!
നന്നല്ല നാം തമ്മിലുള്ള സമ്മേളനം
വായസം ചൊല്ലിനാൻ വാക്കിനു ഹന്ത തേ
മായസംബന്ധമില്ലേതും മഹാമതേ
സാധോ! ഹിരണ്യക! സഖ്യം ഭവാനോടു
സാധിക്കയില്ലെങ്കിലെന്തിനുജീവിതം?
പ്രായോപവേശേന കേവലം നമ്മുടെ
കായോപസംഹൃതി ചെയ്യുന്നതുണ്ടു ഞാൻ
ലോഹവും ലോഹവും തങ്ങളിൽച്ചേരുവാൻ
മോഹമുണ്ടെങ്കിൽ ദ്രവിപ്പിച്ചു ചേർക്കണം
പക്ഷിമൃഗാദിയെ സ്വാധീനമാക്കുവാൻ
ഭക്ഷണം മാധുര്യമോടു കൊടുക്കണം
വിത്തംകൊടുത്തും ഭയപ്പെടുത്തും മൂഢ-

മർത്ത്യരെ സ്വാധീനമാക്കും പതുക്കവേ
സാധുക്കൾ തങ്ങളിൽച്ചേരുവാനേകദാ
സന്ദർശനമ്മാത്രമേ വേണ്ടു മൂഷികാ
മൺകുടം വെക്കം പിളർക്കാമിദം പുനഃ
സംഘടിപ്പിപ്പാൻമഹാപ്രയത്നം സഖേ!
പൊൻകുടം പൊട്ടിക്കാൻ വൈഷമ്യമായതു
സംഘടിപ്പിക്കാൻ പരാധീനമില്ലെടോ
ദുർജ്ജനാശ്ലേഷവും സജ്ജനാശ്ലേഷവു
മിച്ചൊന്നപോലെ ഭവിക്കും ഹിരണ്യകാ!
എന്നതുകൊണ്ടു ഭവദ്ദർശനാദേവ
വന്നിതുനമ്മുടെ സംബന്ധമുത്തമം.
ചൊന്നാൻ ഹിരണ്യകൻ നന്നെടൊ വായസാ!
നിന്നോടു സംഗമം ഭംഗമില്ലേതുമേ.
സോപകാരം മിത്രലക്ഷണം പ്രായേണ;
സാപകാരം ശത്രുലക്ഷണം കേവലം.
ആജീവനാന്തം ഭവിക്കേണമേ പിണ്ഡ
ഭോജിയാംനിന്നോടു സഖ്യം നമുക്കെടോ!
ഇത്ഥം നഖത്തോടു മാംസം കണക്കിനെ
ബ്ബദ്ധം തദാ കാകമൂഷികസ്നേഹവും.
അന്നപാനാദിചെയ്തീടുവാൻ മൂഷികൻ
തന്നുടെ പൊത്തിന്നകത്തു പുക്കീടിനാൻ.
തോഷിച്ചു കാകൻ കടുവാ ഭുജിച്ചതിൽ–
ശേഷിച്ച മാംസം ഭുജിച്ചുവന്നീടിനാൻ.
കാകൻ പറഞ്ഞു ഹിരണ്യനോടേകദാ:
പോകുന്നു ഞാനെടോ! മറ്റൊരുകാനനേ.
ഇദ്ദിക്കിലഷ്ടിക്കു കഷ്ടിച്ചു കിട്ടുന്ന–
തൊട്ടും നമുക്കു സുഖംവരുന്നില്ലെടോ!
അങ്ങൊരു ദിക്കിൽ സരസ്സുണ്ടു നിർമ്മല–
മങ്ങൊരു ചങ്ങാതിയുമുണ്ടു ബുദ്ധിമാൻ;
മന്ദരനെന്നുപേരായുള്ള മദ്ബന്ധു
സുന്ദരൻ ധാർമ്മികൻ കൂർമ്മാധിനായകൻ,
മത്സഖിയാകുന്ന മന്ദരൻ വേണ്ടുന്ന
മത്സ്യാദിമാംസം നമുക്കു നല്കീടുവോൻ
എന്നതുകേട്ടു പറഞ്ഞു ഹിരണ്യനു–

മെന്നെയും തത്ര നീ കൊണ്ടുപോയീടണം;
കൊറ്റിനു ദുഃഖം നമുക്കുമുണ്ടിദ്ദിക്കിൽ,
മറ്റൊരുകൂട്ടുകാരില്ലാഞ്ഞു പാർക്കുന്നു;
അത്ര ദുഃഖം തനിക്കെന്തെന്നു വായസം;
തത്ര ചെന്നാൽ കഥിക്കാമെന്നു മൂഷികൻ.
കാകൻ ഹിരണ്യനെക്കൊക്കിലാക്കിക്കൊണ്ടു
വേഗം പറന്നങ്ങു ചെന്നുപറ്റീടിനാൻ.
സ്വച്ഛമായുള്ള മഹാതടാകത്തിന്റെ
കച്ഛപ്രദേശേ സുഖിച്ചു വസിക്കുന്ന
കച്ഛപശ്രേഷ്ഠനേക്കണ്ടു കുശലവും
പൃച്ഛിച്ചു മൂഷികം താഴത്തിറക്കിനാൻ.
മന്ദരൻ ചോദിച്ചു താനെന്തെടോ! മർത്ത്യ-
മന്ദിരംതന്നിൽക്കരണ്ടുകിടക്കുന്ന
മന്ദേതരോത്സാഹിയാമാഖുവൃദ്ധനെ-
സ്സന്ദേഹമെന്യേ പിടിച്ചുകൊണ്ടന്നതും?
കാകൻ പറഞ്ഞിതു മൂഷികന്മാരിൽവ-
ച്ചേകൻ മഹാരാജരാജൻ ഹിരണ്യകൻ
ലോകപ്രസിദ്ധനിദ്ദേഹവും ഞാനുമാ-
യേകാന്തബന്ധുത്വമുണ്ടായി സാമ്പ്രതം.
തദ്ഗുണം വർണ്ണിച്ചുചൊല്ലുവാൻ വാക്കിനു
വൽഗുത്വാമേതും മതിയല്ല മന്ദരാ!
ദൈവാനുകൂല്യേന സഖ്യം തുടങ്ങിയാൽ
ജീവാവസാനാന്തമല്ലോ മഹാത്മനാം?
ഏവം മഹാഗുണം മറ്റുള്ളഭൂവാസി-
ജീവജന്തുക്കൾക്കു കാണുന്നതില്ലെടോ!
പാശേ പതിച്ചൊരു മാടപ്പിറാക്കളെ-
പ്പാശങ്ങൾ ഖണ്ഡിച്ചു രക്ഷിച്ചു മൂഷികൻ
ദേശാന്തരേഷു പ്രസിദ്ധനാമിദ്ദേഹ-
മീശാനപുത്രനാം വിഘ്നന്റെ വാഹനം.
രണ്ടുശരീരമെന്നേയുള്ളു ഞങ്ങൾക്കു
രണ്ടുപേർക്കും പ്രാണനൊന്നെന്നറിക നീ.
പണ്ടുപണ്ടേ മമ ബന്ധുവാകും ഭവാൻ
കണ്ടുബോധിക്കുമി മൂഷികന്റെ ഗുണം.
എന്നതുകേട്ടു പ്രസാദിച്ചു കച്ഛപം

മന്ദരൻ മന്ദം പറഞ്ഞുതുടങ്ങിനാൻ:–
അങ്ങുന്നിവിടേയ്ക്കു പോരുവാനുള്ളൊരു
സംഗതിയെന്തെന്നുരചെയ്ക മൂഷികാ!
ചൊന്നാൻ ഹിരണ്യകൻ കൂർമ്മരാജൻ ഭവാ–
നെന്നാലതും കേട്ടുകൊൾക മഹാമതേ!?

## 2. ഭിക്ഷുമഠത്തിൽ എലിക്കു സംഭവിച്ചത്

ധന്യമാകും മിഹിളാരൂപ്യസന്നിധൗ
സന്ന്യാസിഗേഹമുണ്ടെത്രയുംപാവനം;
തത്ര ചൂഡാകർണ്ണനാമധേയൻ ബ്രഹ്മ–
ഗോത്രപ്രധാനപരിവ്രാജകോത്തമൻ
വാണരുളുന്നു ദിനേദിനേ ഭിക്ഷയാ
പ്രാണമാത്രം വൃത്തിചെയ്തുകൊണ്ടങ്ങനെ–
തത്ര സ്വയംപാകഭിക്ഷകഴിച്ചുടൻ
പാത്രം സ്വർഗംഗയിൽ വയ്ക്കും രജനിയിൽ;
പാത്രത്തിലങ്ങു ശേഷിച്ചോരു ഭോജനം
മാത്രം ലഭിക്കും നമുക്കതു ഭോജനം.
അക്കാലമഗ്ഗൃഹേ വന്നു ബൃഹൽസ്പിഗെ–
ന്നാഖ്യനായുള്ളോരു സന്ന്യാസിഭൂസുരൻ.
തത്ര ചൂഡാകർണ്ണ[1]സന്ന്യാസിതന്നുടെ
മിത്രമായുള്ള ബൃഹസ്പിക്കുമാദരാൽ
തത്ര വസിച്ചു പുരാണങ്ങൾ വായിച്ചു
മിത്രസന്ന്യാസിയെക്കേൾപ്പിക്കുമന്തരേ;
മൂഷികന്മാരെബ്ഭയപ്പേതുത്താനുള്ള
ഭീഷണിവാദ്യംമുഴക്കി ചൂഡാകർണ്ണൻ.
ആയതുകേട്ടു ചോദിച്ചു ബൃഹസ്പിക്കു–
മായതെന്തിപ്പോൾ തുടങ്ങി യോഗീശ്വര!

---

[1] സംസ്കൃതത്തിൽ അവന്റെ പേർ താമ്രചൂഢൻ എന്നാണ്. ഇരുവർക്കും തർക്കമുണ്ടായപ്പോൾ മഠാശ്രയത്തിനാൽ നരകപ്രാപ്തിയുണ്ടെന്നും ഒരുവൻ പറഞ്ഞു.

നരകായ മതിസ്തേ ചേത് പൗരോഹിത്യം സമാചര;
വർഷം യാവത് കിമന്യേന മഠചിത്യ ദിനത്രയം
വർഷം യാവത് കിമന്യേന മഠചിത്യ ദിനത്രയം.

തെല്ലും പുരാണശ്രവണത്തിലാഗ്രഹ
മില്ല ഭവാനെന്നു തോന്നുന്നു മേ സഖേ!
ഇച്ഛയില്ലായ്കകൊണ്ടല്ലെടോ! വില്ലുകൊ–
ണ്ടൊച്ചപ്പെടുത്തതിരുന്നാലെലി വന്നു.
ഭിക്ഷയ്ക്കുവെച്ചിരിക്കുന്ന ചോറൊക്കവേ
ഭക്ഷിക്കുമായതുകൊണ്ടിതു ചെയ്തു ഞാൻ
ഭാഷിതം കേട്ടു ബൃഹസ്പിക്കുരചെയ്തു:–
മൂഷികന്മാരൊരു കൂട്ടമോ ഏകമോ?
ഏകനേയുള്ളൂ സമൂഹമില്ലാ സഖേ!
ഏകനേയെങ്കിൽ തന്റെ ഭിക്ഷാന്നഭക്ഷണം
ഒന്നുതന്നെ കാര്യമെന്നുവരികയി–
ല്ലന്യപ്രയോജനമുണ്ടായ്‌വരും ദൃഢം.
എള്ളു പകരംകൊടുത്തു താനിങ്ങോട്ടു
മെള്ളു മേടിക്കുന്ന ശാണ്ഡലിമാതാവി–
ന്നന്യമായിട്ടൊരുകാരണമുണ്ടെന്നു
ധന്യനാം വിപ്രനൊരുത്തൻ പറഞ്ഞിതു
എങ്ങനെ സംഗതിയെന്നു ചൂഡാകർണ്ണ–
നെങ്കിലോ കേട്ടുകൊൾകെന്നു ബൃഹസ്പിക്കും.

## 3. അന്യമായിട്ടൊരു കാരണം (സ്ത്രീ എള്ളുകൊടുത്ത് എള്ളുമേടിച്ചത്)

ഞാനൊരു വിപ്രന്റെ മന്ദിരേ ചെന്നുടൻ
സ്നാനവും ചെയ്തു വസിക്കും ദശാന്തരേ,
ചൊന്നാൻ ഗൃഹസ്!ഥൻ ഗൃഹിണിയോടിങ്ങോട്ടു
വന്നാലുമൊന്നുണ്ടു വേണ്ടൂ നമുക്കെടോ!
നാളെക്കറുത്തവാവൂട്ടുവാനൊന്നുര–
ണ്ടാളെ ക്ഷണിച്ചേച്ചുപോന്നു ഞാനിന്നെടോ!
എള്ളുപുല്ലാജ്യഭോജ്യാദിസംഭാരങ്ങ–
ളെല്ലാം വഴിപോലെ സംഭരിച്ചീടുക.
ചൊല്ലിനാളപ്പോൾ ഗൃഹിണിയും നമ്മുടെ–
യില്ലത്തൊരുവസ്തുവില്ല സംഭാരങ്ങൾ.
കോപംകലർന്നുചൊന്നാൻ ദ്വിജൻ നിന്നുടെ

ലോഭം ചിതമല്ല പോടീ വിലക്ഷണേ!
അന്നുന്നു കൃത്യം കഴിക്കേണമല്ലാതെ–
യിന്നേയ്ക്കു നാളേയ്ക്കു മറ്റന്നാളേയ്ക്കെന്നും
അങ്ങനെ സംഭരിക്കുന്ന മർത്ത്യന്നു മാ–
ലെങ്ങനെ കർമ്മമെന്നാരാനറിഞ്ഞിതോ!
പണ്ടൊരുകാട്ടാളനസ്ത്രവും ചാപവും
കൊണ്ടുപുറപ്പെട്ടു കാടുപുക്കീടിനാൻ
മാനിനെശ്ശസ്ത്രം പ്രയോഗിച്ചുകൊന്നുടൻ
താനേ ചുമന്നു നടന്നുപോകും വിധൗ,
വമ്പനായുള്ളൊരു പന്നിയെക്കണ്ടു ന–
ല്ലമ്പു പ്രയോഗിച്ചനേരമപ്പന്നിയും
വേടനെച്ചാടിക്കടിച്ചുകൊന്നാശുതാൻ
കൂടെപ്പതിച്ചു മരിച്ചു വീണീടിനാൻ
ദംഷ്ട്രികനെന്നു നാമത്തെദ്ധരിച്ചൊരു
ക്രോഷ്ടാവുമപ്പോളവിടേക്കു വന്നിതു
ഇന്നേയ്ക്കു ഭക്ഷണം വേടന്റെ വിഗ്രഹം.
പിന്നേ നാളേയ്ക്കു മൃഗത്തിന്റെ ഭക്ഷണം
പന്നിയെക്കൊണ്ടു മറ്റേന്നാളുമിങ്ങനെ,
തിന്നീടുമാറൊന്നുറച്ചു മനക്കാമ്പിൽ,
ഇന്നിനി പ്രാതൽക്കു വില്ലിന്റെ ഞാണിതു
നന്നെന്നു കല്പിച്ചു ചെന്നു കടിച്ചുടൻ
കുത്തിക്കുഴിയെക്കുലച്ചു വിൽജ്യാവിന്മേ–
ലെത്തിക്കടിച്ചവൻ ഖണ്ഡിച്ചനേരത്തു
വില്ലിൽമുനകൊണ്ടു മാറത്തുനല്ലൊരു
തല്ലുകൊണ്ടപ്പൊഴേ ചത്തുവീണീടിനാൻ
എന്നതുകൊണ്ടുപറഞ്ഞു ഞാൻ ബ്രാഹ്മിണി–
യന്നന്നു കൃത്യംകഴിച്ചേ ചിതംവരൂ.
എള്ളോടുകൂടെപ്പചിച്ചീടുമോദന–
മല്ലോ കൃസരമെന്നുള്ളൊരു സാധനം
ആയതിന്നു തിലം കുത്തിത്തൊലികള–
ഞ്ഞായവണ്ണം നീയുണക്കീടണം പ്രിയേ!
പിറ്റേദ്ദിനമവളെള്ളുകുത്തിച്ചേറി
മുറ്റത്തുണക്കുവാൻ ചിക്കി നിൽക്കുംവിധൗ,
കുക്കുടംവന്നു തൊട്ടങ്ങമിങ്ങും ചിന്തി–

ദ്ദുർഘടമാക്കിച്ചമച്ചോരനന്തരം
ശോധനചെയ്യാത്തൊരെള്ളു വാങ്ങീടുവാൻ
ഭാവിച്ച ശാണ്ഡലിമാതാവിനോടങ്ങു
ചോദിച്ചു മെല്ലെ ഗൃഹസ്ഥൻ ദ്വിജോത്തമൻ:–
എങ്ങുപോവാൻ തുടങ്ങുന്നു നീയെന്നവ
നെള്ളുമാറാൻ ഗമിക്കുന്നു ഞാനെന്നവൾ;
അങ്ങനെയല്ല ഞാൻ ബോധിച്ച മറ്റൊരു
സംഗതികൂടുവാൻ പോകുന്നുവെന്നവൻ
എന്നതുകൊണ്ടിഹ മൂഷികന്റെസ്ഥിതി–
ക്കന്യം പ്രയോജനമുണ്ടെന്നു നിർണ്ണയം.

ഇത്ഥം പറഞ്ഞു ഖനിത്രേണ ഭൂതലേ
കുത്തിക്കുഴിച്ചോരു നേരത്തു കാണായി.
നമ്മുടെപക്കൽ പ്രയത്നേന ലബ്ധമാം
സ്വമ്മുള്ളതൊക്കെക്കരസ്ഥാമാക്കീടിനാൻ;
അന്നുതുടങ്ങി ദരിദ്രനായേഷ ഞാ–
നിന്നും നിലയ്ക്കുവന്നീലെടോ മന്ദിരാ!
അഷ്ടിയില്ലായ്കകൊണ്ടെന്റെ ശരീരവും
പുഷ്ടിയില്ലാതെയായെന്തുചെയ്യാവതും?
വൃഷ്ടിയില്ലാഞ്ഞാൽ നദികളും വറ്റിടു
മിഷ്ടിയില്ലാഞ്ഞാൽ ദ്വിജന്മാരിളപ്പെടും;
തുഷ്ടിയില്ലാഞ്ഞാൽ മനുഷ്യൻ മഹാജളൻ;
കൃഷ്ടിയില്ലാഞ്ഞാൽ വിളവും കുറഞ്ഞുപോം;
യഷ്ടിയില്ലാഞ്ഞാൽ നടക്കുമോ വൃദ്ധരും?
സൃഷ്ടിയില്ലാഞ്ഞാൽ പ്രജകളുണ്ടാകുമോ?
പട്ടിയില്ലാഞ്ഞാൽ ഗൃഹസ്!ഥനുറപ്പില്ല;
ചെട്ടിയില്ലാഞ്ഞാൽ മുഴുക്കുമോ വാണിഭം?
കുട്ടിയില്ലാഞ്ഞാൽ പശുക്കൾ കറക്കുമോ?
ചട്ടിയില്ലാഞ്ഞാൽ ദരിദ്രൻ പചിക്കുമോ?
കേട്ടു ചൂഡാകർണ്ണനാകുന്ന സന്യാസി
കേവലന്താനേ പറയുന്ന വാർത്തകൾ,
അർത്ഥമുണ്ടെങ്കിൽ സമസ്തജന്തുക്കളും
സാർത്ഥരായിടുമതില്ലാത്തപുരുഷൻ
വ്യർത്ഥം ശരീരംവഹിക്കുന്നു സർവം നി–

രർത്ഥമജ്ജീവന്റെ ജീവസന്താരണം.
നമ്മുടെ ഭിക്ഷാന്നഭോജിയാം മൂഷികൻ
സ്വമ്മു നശിച്ചതുമൂലം പരവശൻ.
ദ്രവ്യമുണ്ടെങ്കിലേ ബന്ധുക്കളുണ്ടാവൂ;
ദ്രവ്യമില്ലത്താവനാരുമില്ല ഗതി,
ദിവ്യനെന്നാകിലും ഭവ്യനെന്നാകിലും
ദ്രവ്യമില്ലാഞ്ഞാൽത്തരംകെടും നിർണ്ണയം,
ഏവംപറയുന്ന സന്യാസിയെച്ചെന്നു
സേവിച്ചു ജീവനും രക്ഷിക്ക ദുർഘടം
മറ്റൊരുദിക്കിനു പോകയ്കിൽ നമ്മുടെ
മാറ്റിത്തമിപ്പോളൊഴികയില്ലെന്നു ഞാൻ
തെറ്റന്നു ചിന്തിച്ചുറച്ചു പുറപ്പെട്ടു;
മുറ്റും ഭവാനെസ്സമാശ്രയിച്ചേനഹം.
പൊയ്യല്ലിരപ്പാളിയായാൽ മഹാകഷ്ട
മയ്യോ മരിച്ചെങ്കിലാപത്തൊഴിഞ്ഞിതു,
കയ്യുമ്പരത്തിപ്പിടിച്ചങ്ങു യാചനം
ചെയ്യുന്നദീനത്വമോർത്താൽ ജ്വലിക്കുന്ന
തീയിൽപ്പതിച്ചു ശരീരം ദഹിപ്പിക്കു–
മീയൽക്കുലത്തിൽ ജനിക്കതന്നേ സുഖം
കണ്ട ഭോഷ്കൊക്കവേ ജല്പിക്കയെക്കാട്ടിൽ
മിണ്ടാതൊരടത്തിരിക്ക തന്നേ ഗുണം.
കണ്ടപെണ്ണുങ്ങളെദ്ദോഷപ്പെടുക്കയിൽ
ഷ്ഷണ്ഡനായിട്ടു പിറക്കതന്നേശുഭം
ബൗദ്ധനെസ്സേവിച്ചു ജീവക്കയെക്കാട്ടി–
ലൂർദ്ധ്വംവലിച്ചു മരിക്കതന്നേ ശുഭം.
ചെമ്മേ ദരിദ്രനായുത്ഭവിക്കെക്കാട്ടി
ലമ്മയ്ക്കു ഗർഭംസ്രവിക്കതന്നെ ഗുണം.
രോഗംപിടിച്ചു വപുസ്സിന്റെ വക്കത്തു
വേഗംക്ഷയിച്ചുപോകെന്നകണക്കിനെ,
ദേഹിയെന്നക്ഷരം ചൊല്ലും ജനത്തിന്റെ
ദേഹത്തിൽനിന്നു മാറും മഹാലക്ഷ്മിയും
ലബ്ധമായുള്ളതിൽ തൃപ്തിയില്ലാതുള്ള
ലുബ്ധന്നൊരിക്കലും സൗഖ്യമില്ലാ സഖേ!
അല്പമെന്നാലും ലഭിച്ചതിൽസ്സന്തോഷ–

മുല്പന്നമാകുന്ന മാനുഷൻ മാനുഷൻ.
ഇങ്ങനെയുള്ളൊരു സന്തോഷിയാമവ–
നെങ്ങുമേ ചെന്നാൽ ദുഃഖം വരാനില്ലെടോ!
തോൽകൊണ്ടു പാദേ ചെരിപ്പുള്ളവനു ഭൂ–
ലോകങ്ങൾ ചർമ്മസംഭൂതങ്ങളല്ലയോ?
കിട്ടുന്നതിൽ തൃപ്തിയുണ്ടെങ്കിൽ മാനുഷ–
ന്നൊട്ടും മനഃക്ലേശമില്ലെടോ മന്ദരാ!
എന്നതുകൊണ്ടു ഞാനെപ്പൊഴും വൈരാഗ്യ–
മെന്നുള്ള സദ്ഗുണം കൈക്കൊണ്ടു സാമ്പ്രതം
ധർമ്മമേതെന്നു ചോദിച്ചേ,നൊരുനരൻ
നിർമ്മലം കാരുണ്യമെന്നതിനുത്തരം
മുഖ്യം മഹാവ്യാധികൂടാതെ വർത്തനം;
സാദ്ധ്യമേതെന്നു ചോദിച്ചതിനുത്തരം
സാധുസംസർഗ്ഗേണ വൈരാഗ്യ സംഭവം.
ബോദ്ധ്യമേതെന്നു ചോദിച്ചതിന്നുത്തരം,
ബുദ്ധ്യാ പരാല്പരവിജ്ഞാനമുത്തമം.

ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല;
ശാസ്ത്രോക്തമാചരിക്കതേ ഫലം വരാ.
എത്രയും നല്ല കഷായമെന്നാകിലും
മാത്രം കുടിക്കാതേ രോഗം ശമിക്കുമോ?
ഗ്രന്ഥം കരത്തിലുണ്ടായാൽ മതിയല്ല,
ചന്തത്തിലർത്ഥം ഗ്രഹിച്ചേ മതിവരൂ.
അന്ധനായുള്ളവൻ ദീപം കരത്തിങ്ക–
ലേന്തിനടന്നാൽ വഴിയറിഞ്ഞിടുമോ?
എന്തിന്നനേകം പറയുന്നു താനെന്റെ
ബന്ധുവായെന്നെപ്പൊറുപ്പിക്കിലുത്തമം.
തങ്ങടെ സ്ഥാനങ്ങൾ വിട്ടുപോകുന്നവ–
ക്കെങ്ങുമേ ചെന്നാൽ സുഖം വരത്തില്ലെടോ!
ദന്തം നഖം കേശമിത്യാദി നല്ലൊരു
ചന്തമുണ്ടംഗേഷു ചേർന്നിരിക്കം വിധൗ,
പെട്ടെന്നു ഗാത്രത്തിൽ നിന്നുവിട്ടാലത്
തൊട്ടാൽ കുളിക്കേണമെന്നുവന്നീലയോ?

എന്നതുകേട്ടു പറഞ്ഞിതു മന്ദരൻ:–
തന്നുടെ ദിക്കു വെടിഞ്ഞു പോയീടിലും
തെല്ലും മനോദോഷമില്ലാത്ത പൂരൂഷൻ
ചെല്ലുന്നദിക്കിൽ സ്സുഖിച്ചിരിക്കായ്‌വരും,
അന്നങ്ങളാകാശഗംഗാതടേ നല്ല
പൊന്നും സരോജാകരത്തെ ത്യജിച്ചിങ്ങു
മന്നിടന്തന്നിലെപ്പങ്കജപ്പൊയ്കയിൽ
തന്നെ സുഖിച്ചു വസിക്കുന്നതില്ലയോ?
മന്ദത്വവും മഹാവ്യാധിയും സർവദാ
സുന്ദരിമാരുമായുള്ള സംസർഗ്ഗവും
ജന്മഭൂമി സ്നേഹമെന്നുള്ളതും മഹാ
ദുർമ്മോഹികൾക്കേ ഭവിപ്പൂ ഹിരണ്യകാ!
ഉത്സാഹവും നല്ലവിദ്യയും ബോധവും
സത്സംഗമങ്ങളും സൽക്കർമ്മധർമ്മവും,
ഇങ്ങനെയുള്ള ഗുണങ്ങൾ തികഞ്ഞവർ
ക്കെങ്ങുമേ ചെന്നാലുമല്ലലില്ലേതുമേ.
തന്നുടെ ദിക്കെന്നുമന്യദിക്കെന്നുമി–
ദ്ധന്യരാം നിങ്ങൾക്കു ഭേദമില്ലാ ദൃഢം.
എന്നതുകൊണ്ടു പറഞ്ഞു ഞാൻ മൂഷികാ!
നന്നിഹ നമ്മോടുകൂടേ നിവാസവും,
മേഘത്തണലിലിരുന്നു സുഖിക്കയും
ശാകാദി സസ്യങ്ങൾകൊണ്ടു മോദിക്കയും
യൗവനമുള്ളൊരു നാരിയോടൊന്നിച്ചു
നിർവേദഹീനം വിനോദിച്ചിരിക്കയും
അല്പകാലംകൊണ്ടു നാസ്തിയാമൊട്ടും വി–
കല്പമില്ലെന്നു ധരിച്ചുകൊൾക ഭവാൻ,
കാകൻ പറഞ്ഞിതു സത്യം കഥിപ്പതി–
ന്നേകൻ ഭവാനേവ കൂർമ്മചൂഡാമണേ!
സത്തുക്കൾക്കാപത്തു വന്നാൽ നികത്തുവാൻ
സത്തുക്കൾതന്നെ സമർത്ഥരാകും ദൃഢം.
ആനക്കുഴിയിൽ നിന്നാനയെക്കേറ്റുവാ–
നാനയല്ലാതെ കണ്ടേകനുണ്ടാകുമോ?
കുണ്ടുള്ള കായലും തോടുമന്വേഷിച്ചു–
കൊണ്ടു നടക്കുന്ന മത്സ്യാദിജന്തുക്കൾ

വേണ്ടും മധുവുള്ള പുഷ്പങ്ങളിൽച്ചെന്നു
വണ്ടും മധുരസമുണ്ടു മേവീടുന്നു.
രാജഹംസങ്ങളും രാജീവവൃന്ദത്തി–
ലാജീവനാന്തം വസിക്കുന്നു മന്ദരാ!
എന്നതുപോലേ ഹിരണ്യൻ തവാന്തികേ
വന്നു വസിക്കുന്നു ഞാനുമവ്വണ്ണമേ.

## 4. ഘോരപാശത്തിൽ പതിപ്പാൻ എന്തു കാരണം?

ഇത്ഥം പറഞ്ഞങ്ങിരിക്കും ദശാന്തരേ
ലുബ്ധകാസ്ത്രത്തെ ബ്ഭയപ്പെട്ടൊരു മൃഗം
ചിത്രാംഗനെന്നു പേരായവൻ വേഗേന
തത്രാഗമിച്ചോരുനേരത്തു മന്ദരൻ
സ്വാഗതം ചോദിച്ചു സൽക്കാരവും ചെയ്തു
വേഗതോ ഭോജനം നൽകിപ്പറഞ്ഞിതു:–
എങ്ങുന്നു താനത്ര വന്നു മഹാമതേ!
ഞങ്ങടെ ദിക്കിനെശുദ്ധമാക്കീടുവാൻ?
പാടവമോടെ പറഞ്ഞു ചിത്രാംഗനും:–
വേടനെപ്പേടിച്ചു മണ്ടിവരുന്നു ഞാൻ;
പ്രൗഢരാം നിങ്ങളെക്കണ്ടനേരം നമു–
ക്കാടലെല്ലാമിന്നു തീർന്നു കൂ!ർമ്മേശ്വര!
മന്ദരൻ ചൊല്ലിനാനിട്ടിക്കു തന്നുടെ
മന്ദിരമെന്നു ധരിച്ചുകൊൾക ഭവാൻ.
ഒന്നിനും ദുഃഖമില്ലെന്നോടുകൂടിയാ–
ലിന്നുതുടങ്ങി മൽപ്രാണതുല്യൻ ഭവാൻ.
ആഖുപ്രവരൻ ഹിരണ്യനിദ്ദേഹവും
കാകപ്രവീരനും രണ്ടുപേർ മുന്നമേ
അത്രാഗമിച്ചിതു മിത്രാഭാവാലിന്നു
ചിത്രാംഗനാകും ഭവാനും തഥാവിധൻ.
മാന്യസുഹൃല്ലാഭസമ്പത്തിനെയൊഴി–
ച്ചന്യസമ്പത്തു സമ്പത്തായ് വരുന്നതോ?
അത്രാന്തരേ വനേ ഭക്ഷണാർത്ഥം മുദാ

ചിത്രാംഗസാരംഗമങ്ങു പോയീടിനാൻ.
മദ്ധ്യാഹ്നകാലം കഴിഞ്ഞോരനന്തരം
മന്ദരന്താനും ഹിരണ്യനും കാകനും
എന്തേ വരാഞ്ഞു ചിത്രാംഗനെന്നിങ്ങനെ
സ്വാന്തേ വിചാരിച്ചു ഖേദിച്ചു മേവിനാർ.
കാകൻ മൃഗത്തെത്തിരഞ്ഞു പുറപ്പെട്ടു.
വേഗം വനാന്തരേ ചെന്നു നോക്കുംവിധൗ
വേടൻ കെണിവച്ചു ചർമ്മപാശേ ചെന്നു
ചാടിശ്ശരീരവും കെട്ടുപെട്ടങ്ങനെ
തത്ര കിടക്കുന്ന ചിത്രാംഗനെ കണ്ടു
സത്രാസശോകേന ചോദിച്ചു വായസം:-
ഘോരപാശത്തിൽപ്പതിപ്പതിനെന്തൊരു
കാരണം സാരംഗ വീരചൂഡാമണേ!
കാരണം പിന്നെക്കഥിക്കാം ഹിരണ്യനെ
പ്പാരാതെ കൂട്ടിച്ചുകൊണ്ടു പോന്നീടുക
ഇത്തരം ചിത്രാംഗഭാഷിതം കേട്ടങ്ങു
സത്വരം കൊണ്ടന്നു മൂഷികാധീശനെ
മൂഷികാധീശനും ചോദിച്ചു; തന്നുടെ
വേഷമെന്തിങ്ങനെ ബദ്ധമായീടുവാൻ?
ചിത്രാംഗനും പറഞ്ഞീടിനാനപന്ന
മിത്ര ഭവാനെന്റെ പാശം മുറിച്ചാലും
അത്യന്തവൈരിയാം വേടൻ വരുംമുൻപേ
നിത്യമല്ലാതുള്ള ദേഹവും കൊണ്ടുനാം
അങ്ങൊരു ദിക്കിനു മാറിപ്പതുക്കവേ
സംഗതിയൊക്കെപ്പറഞ്ഞുകൊള്ളാം സഖേ!
പ്രൗഢനായുള്ള ഞാനന്തികേ നിൽക്കവേ
വേടനെപ്പേടിക്കരുതെന്നു മൂഷികൻ;
എങ്കിൽ ശ്രവിച്ചാലുമെന്നു ചിത്രാംഗനും
ശങ്കാവിഹീനം പറഞ്ഞു തുടങ്ങിനാൻ:-

ആറുമാസം പുക്കു ബാലനായുള്ളനാൾ
കൂറുള്ള മാതാവു വേർവിട്ടിരിക്കവേ,
വേടൻ വരുന്നതു കണ്ടുഭയപ്പെട്ടു
കൂടെയുള്ള മൃഗക്കൂട്ടങ്ങൾ മണ്ടിനാർ.

ഓടുവാൻ കൂടാഞ്ഞുഴലുമെന്നത്തദാ
വേടൻ പിടിച്ചങ്ങു കൊണ്ടുപോയീടിനാൻ
കേടുവരുത്താതേ കൊണ്ടുചെന്നാദരാൽ
നാടുവാഴിക്കവൻ കാഴ്ചവച്ചീടിനാൻ.
ആടും പശുക്കളും രാത്രൗ വസിക്കുന്ന
കൂടു തുറന്നതിലാക്കിനാന്മന്നവൻ
പുല്ലും ജലവും നമുക്ക നൽകിസ്സദാ
തെല്ലും മുഷിക്കാതേ നമ്മെ വളർത്തിതു.
ഏകദാ രാത്രൗ ശയിക്കുന്നനേരത്തു
മേഘശബ്ദംകേട്ട സന്തുഷ്ടനായി ഞാൻ
താനേ മനോരഥം ചിന്തിച്ചു ചൊല്ലിനേൻ:
ഞാനേവമെത്രനാൾ പാർക്കേണ്ടു? ദൈവമേ!
കാനനേ വൃഷ്ടി ചൊരിയുന്ന നേരത്തു
ഞാനനേകമൃഗക്കൂട്ടത്തിലൊന്നിച്ചു
കൂടിക്കളിക്കയും ചാടിമേളിക്കയും
ഓടിത്തിരിക്കയും തേടിനടക്കയും
എന്നുള്ള ലീലാവിധങ്ങൾക്കഹോ നമു-
ക്കെന്നുവാൻ സംഗതീ കൂടുന്നു? ദൈവമേ!
എന്നു ഞാൻ താനേ പറഞ്ഞതു ഭൂപാല-
നന്ദനൻ കേട്ടിങ്ങെഴുന്നള്ളി നിന്നുടൻ
നാലുഭാഗം നോക്കിയാരെയും കണ്ടീല;
ബാലസാരംഗം മനുഷ്യരെപ്പോലൊരു
വാക്കു പറകയോയെന്തൊരു വിസ്മയം!
പേക്കുലദേവത വന്നു ബാധിക്കയോ?
പേക്കൂത്തു കാട്ടും പിശാചുക്കൾ വന്നിങ്ങു
രാക്കൂറ്റിൽ മാനിനെക്കൊണ്ടു മിണ്ടിക്കയോ?
നീതിജ്ഞനെങ്കിലുമിങ്ങനെ ശങ്കിച്ചു
ഭീതിജ്വരം പിടിപെട്ടു വിറച്ചുകൊ-
ണ്ടന്തഃപുരത്തിൽപ്പതുക്കെ പ്രവേശിച്ചു.
സന്തപ്തനായിശ്ശയിച്ചു നൃപാത്മജൻ.
പേയും പിരാന്തും പറഞ്ഞു തിരുമേനി
കായുന്നിതെന്തൊരു കഷ്ടമെന്നിങ്ങനെ
സേവകന്മാരും ജനനിയുമുണ്ണിക്കു
ദേവതാപീഡയെന്നോർത്തു ഗണകനെ

കൂട്ടിച്ചുകൊണ്ടെന്നു പ്രശ്നവും വെപ്പിച്ചു
കേട്ടുവിചാരം തുടർന്നോരനന്തരം,
ദൈവജ്ഞനാമൊരു വിദ്വാനുര ചെയ്തു:-
വൈവശ്യമെന്തിനു? രാജപുത്രാ വിഭോ!
മർത്യരെപ്പോലെ മൃഗങ്ങളും മന്ത്രിക്കു-
മത്യന്തസങ്കടേ ശങ്കകൂടാതവർ.
ഗൂഢസ്ഥലങ്ങളിൽത്തന്റെ മനോരാജ്യ-
മൂഢപ്രമോദം കഥിക്കും മൃഗങ്ങളും.
എന്നതു കേട്ടു ഭയപ്പെടേണ്ടാ ഭവാ-
നിന്നുതുടങ്ങി ജ്വരം ശമിക്കും ദൃഢം
തത്വം ഗ്രഹിച്ചൊരുനേരം കുമാരനും
ചിത്തം തെളിഞ്ഞു; പനിയും ശമിച്ചിതു.
അന്നേരമേ വന്നു കെട്ടഴിച്ചാദരാ-
ലെന്നെയും ഗോപിച്ചയച്ചു നൃപാത്മജൻ.
അങ്ങനെ ബാല്യകാലത്തു നമുക്കൊരു
സംഗതിയുണ്ടായി ബദ്ധനായീടുവാൻ.

അന്നങ്ങനുഭൂതമായുള്ള ബന്ധന-
മിന്നു നമുക്കുഭവിച്ചു ഹിരണ്യകാ!
എന്നതുകൊണ്ടു പറഞ്ഞു ശരീരികൾ
ക്കിന്നതേ വന്നുഭവിക്കുമെന്നില്ലെടോ!

## 5. ബന്ധു എന്ന രണ്ടക്ഷരം

അങ്ങനെ തമ്മിൽപ്പറഞ്ഞിരിക്കും വിധൗ,
തങ്ങടെ ബന്ധുവാം കൂർമ്മാധിരാജനും
ബന്ധുവൃത്താന്തം ഗ്രഹിപ്പാൻ പുറപ്പെട്ടു
ബന്ധനസ്ഥാനത്തു ചെന്നിരുന്നീടിനാൻ.
അപ്പോൾ പറഞ്ഞു ഹിരണ്യകൻ ഹന്ത! താ-
നിപ്പോളിവിടേയ്ക്കു വന്നതു നന്നല്ല
കണ്ടകൻ വേടൻ വരുന്നേരമേ ഞങ്ങൾ
മണ്ടിത്തിരിപ്പാൻ സമർത്ഥരല്ലോ സഖേ!
തോയത്തെ വിട്ടുകരയ്ക്കു സഞ്ചാരമി-
ത്തോയത്തിലുള്ള ഭവാന്മാർക്കു സങ്കടം,

മന്ദസഞ്ചാരിയാകും ഭവാനെശ്ശഠൻ
വന്നു പിടിക്കയില്ലല്ലീ! മഹാമതേ!
മന്ദരൻ ചൊല്ലിനാനെന്തു ചെയ്യാവതു?
മന്ദഭാഗ്യത്വം നമുക്കു വരുമെങ്കിൽ.
വന്നതു വന്നു; ഭവാന്മാരെ വേർപിരി
ഞ്ഞങ്ങു വസിപ്പാനെളുതല്ലെനിക്കെടോ!
ബന്ധുക്കളൊടു വേർപെട്ടാൽ മനസ്സുമ–
ങ്ങന്ധമായീടും; വിഷാദമാമംബുധൗ
മജ്ജനം ചെയ്യും; മമത്വമേറീടുന്ന
സജ്ജനത്തിന്റെ സ്വഭാവമേവം സഖേ!
എന്നു മറഞ്ഞങ്ങിരിക്കുന്ന നേരത്തു
വന്നു കൃതാന്തനെപ്പോലെ കിരാതനും;
അപ്പോൾ ഹിരണ്യൻ മൃഗത്തിന്റെ പാശവും
കെല്പോടു കണ്ടിച്ചു മണ്ടിത്തിരിച്ചിതു;
ചിത്രാംഗസാരംഗവും മഹാകാകനും
തത്രനിന്നാശു ഗമിച്ചൊളിച്ചീടിനാർ!,
മന്ദം നടക്കുന്ന മന്ദരകൂർമ്മത്തെ
വന്നു പിടിച്ചു വനചരൻ വേഗേന,
വില്ലിന്റെ ഞാണുകൊണ്ടാശു ബന്ധിച്ചൊരു
കല്ലിന്റെ ചോട്ടിലുറപ്പിച്ചുവച്ചുടൻ
മറ്റൊരുദിക്കിനു പോയോരനന്തരം,
കാകൻ മൃഗം മൂഷികനിവർ മൂവരും
ശോകംമുഴുത്തു കരഞ്ഞു വിരഞ്ഞുടൻ
അന്തികേ വന്നൊരുനേരത്തു മന്ദരൻ
യന്ത്രിതനായ്ക്കിടന്നേവമുര ചെയ്തു:–
എന്തിനു കേഴുന്നു ബന്ധുക്കളേ നിങ്ങ
ളെന്തിങ്ങു സങ്കടം നിങ്ങൾ ജീവിക്കവേ
ബന്ധുവെന്നിങ്ങനെ രണ്ടക്ഷരം ജഗദ്–
ബന്ധുവാം സ്രഷ്ടാവു കല്പിച്ചതല്ലയോ?
പുത്രൻ സഹോദരൻ മാതാ ജനകൻ ക–
ളത്രവും ഭൃത്യനുമാപത്സമാഗമേ
മിത്രങ്ങളെപ്പൊലുപകരിക്കില്ലതു
സത്യമതൊക്കെപ്പുരാണസാരങ്ങളിൽ.
മിത്രന്റെ പുത്രനാം സുഗ്രീവവാനരൻ

മിത്രഭാവേന വർത്തിക്കകൊണ്ടല്ലയോ?
മിത്രവംശോത്ഭവൻ ശ്രീരാമചന്ദ്രനും
വൃത്രാരിവൈരിയാം രാത്രിഞ്ചരേന്ദ്രന്റെ
വക്!ത്രങ്ങൾ പത്തും ശരംകൊണ്ടു ഖണ്ഡിച്ചു
ധാത്രിതലം തന്നിലിട്ടുരുട്ടിത്തദാ
പത്രികൾക്കാഹാരമാക്കിച്ചമച്ചു ജ–
ഗത്രയത്രാണവും ചെയ്തിതു രാഘവൻ.
എന്നതുകൊണ്ടു സുഹൃല്ലാഭമിങ്ങനെ
വന്നതുകൊണ്ടു നമുക്കു വിപത്തിനു
സംഗതിയില്ലിഹ സംശയമില്ലെടോ!
മംഗലംതന്നെ ഭവിക്കും ക്രമേണ മേ.

തത്രാന്തരേ ഹിരണ്യാഖ്യനാം മൂഷികൻ
ചിത്രാംഗവായസന്മാരോടു ചൊല്ലിനാൻ:
ചിത്രാംഗസാരംഗവീരാ! ഭവാൻ ചെന്നു
മിത്രാംഗരക്ഷണം ചെയ്‌വാൻ സരസ്തടേ
ചത്തപോലെകിടന്നിടേണമന്നേര–
മെത്തുന്ന വേടനേച്ചെണ്ടകൊട്ടിക്കണം;
കാക! ഭവാനാ മൃഗത്തിന്റെ മേലിരു–
ന്നാകുലം കൂടാതെ കൊക്കിൻമുനകൊണ്ടു
കൊത്തുന്നപോലെ നടിക്കേണമന്നേര
മത്യന്തമൂഢനാം വേടൻ മൃഗമിതു
ചത്തുവെന്നോർത്തു കൃതാർത്ഥനായ്‌വന്നിടു–
മുത്താനബുദ്ധികൾക്കുണ്ടോ വിവേകവും?
കാണിനേരംകൊണ്ടു കൂർമ്മത്തെ ബന്ധിച്ചു
ഞാണും കടിച്ചു ഖണ്ഡിക്കുന്നതുണ്ടു ഞാൻ
മന്ദരൻ വാപിയിൽച്ചാടി മുങ്ങും ദ്രുതം;
മന്ദനാം വേടൻ ഗ്രഹിക്കയുമില്ലെടോ!
ഉള്ളിൽ പ്രസാദേന മാനിനെക്കെട്ടുവാൻ
വള്ളിയും കണ്ടിച്ചുകൊണ്ടു വനചരൻ
വന്നടുക്കും മുമ്പേ നാമങ്ങു മൂവരും
മന്ദേതരം മണ്ടിമാറിത്തിരിക്കയും.
ഇത്ഥം പറഞ്ഞവർക്കപ്രകാരം തന്നെ
സിദ്ധിമായ്പന്നിതു സിദ്ധാന്തമൊക്കവേ.

ആയതുനേരത്തു വന്നു വേടൻ മൃഗം
മായമെന്യേ ചത്തുപോയെന്നുറച്ചുടൻ
ആയതമായുള്ള വള്ളികൾകൊണ്ടു ഞാൻ
കായമശേഷം വരിഞ്ഞു മൃഗത്തിനെ,
കെട്ടിയെടുത്തങ്ങു കൊണ്ടുപോവേനെന്നു
അഷ്ടിക്കുറച്ചു പുറപ്പെട്ടു കാനനേ
കെട്ടിപ്പിണഞ്ഞു കിടക്കുന്ന വള്ളികൾ
വെട്ടിച്ചിതം വരുത്തിത്തുടങ്ങീടിനാൻ.
സാരത്വമുള്ളൊരു കാകനുമാഖുവും
സാരംഗവീരനും മൂന്നുപേരും തദാ
മന്ദതരം മണ്ടിയോടിഗ്ഗമിച്ചിതു;
മന്ദരകൂർമ്മവും വാപീജലന്തന്നിൽ
മുങ്ങിത്തിരിച്ചങ്ങു ബന്ധുക്കൾ മൂവരും
സംഗിച്ചിരിക്കുന്ന സാങ്കേതഭൂമിയിൽ
ചെന്നങ്ങുകൂടിസ്സുഖിച്ചു ഗമിച്ചാശു
തങ്ങടെ ദിക്കിനെ പ്രാപിച്ചുമേവിനാൻ
ഒന്നും ലഭിക്കാഞ്ഞു കുണ്ഠിതം പൂണ്ടങ്ങു
ചെന്നു ഗൃഹംപുക്കു മൂഢനാം വേടനും
മന്ദരൻ കാകൻ മൃഗവും ഹിരണ്യനും
മന്ദിരം പ്രാപിച്ചു മന്ദേതരോത്സവം
നാലുപേരുംകൂടി ലാളിച്ചുമേളിച്ചു
ലീലവിലാസേന വാണു യഥാസുഖം
ഇത്ഥം സുഹൃല്ലാഭമെന്നുള്ള തന്ത്രവും
സിദ്ധം സമസ്തം സമാപ്തം ശുഭം ശുഭം.

**ദ്വിതീയതന്ത്രം സമാപ്തം.**

# തൃതീയതന്ത്രം സന്ധിവിഗ്രഹം

## 1. തദ്വിധന്മാരെച്ചെറ്റും വിശ്വസിക്കരുത്.

അന്തികേ വരികെടോ ശാരികേ! മൂന്നാംതന്ത്രം
സന്ധിവിഗ്രഹമെന്നു ചൊന്നതു കഥിക്ക നീ.
സോമശർമ്മാഖ്യദ്വിജൻ ഭൂമിപാത്മജന്മാരെ–
സ്സാമപൂർവമാംനയം ബോധിപ്പിച്ചുരചെയ്തു:–
സന്ധിവിഗ്രഹമാകും തന്ത്രത്തിലാദ്യശ്ലോകേ
ബന്ധിച്ചോരർത്ഥം കേട്ടുകോൾകെടൊ ബാലന്മാരേ!
മുന്നമേതന്നെ മഹാശത്രുവാം ജനം വന്നു
തന്നുടെ സുഹൃത്ഭാവം പൂണ്ടുമേവുന്നാകിലും,
തദ്വിധന്മരെച്ചെറ്റും വിശ്വസിക്കരുതെന്നു
തന്ത്രവേദികൾ പറഞ്ഞീടുന്നു ശിശുക്കളേ!
കാകന്മാർ മുന്നമുലൂകങ്ങടേ വാസസ്ഥാന–
മാകവേ ദഹിപ്പിച്ചു ഭസ്മമാക്കിനാരല്ലോ.
തൽപ്രകാരത്തെക്കേൾപ്പാനിച്ഛിച്ചു കുമാരന്മാർ
വിപ്രസത്തമനുരചെയ്തിതു വഴിപോലെ:–

പണ്ടൊരു മഹാവനം തന്നിലങ്ങൊരുദിക്കി–
ലുണ്ടൊരു വടവൃക്ഷമെത്രയും മഹത്തരം.
കൊണ്ടൽ തൻനിറംപോലെ നീലയാം പത്രാവലി
കൊണ്ടഹോ മുഴുത്തൊരുകൊമ്പുകൾ കനംകൊണ്ടു
താണുപോമെന്നുള്ളൊരു ശങ്കകൊണ്ടെന്നുതോന്നും
തൂണുപോൽച്ചുഴലവും വേരുകൾ നിലത്തൂന്നി,
കാടുകൾക്കോരോ പുരകെട്ടിയപോലെ നാലു
കോടുകളൊക്കെ മൂടിക്കൊണ്ടഹോ നിന്നീടുന്നു.
കൂടുകൾ കെട്ടിപ്പക്ഷിക്കൂട്ടങ്ങൾ മറ്റും മഹാ–
കോടരങ്ങളിൽ നിറഞ്ഞെപ്പൊഴും പാർത്തീടുന്നു.
പോടുകൾ തന്നിൽ ബഹുസർപ്പങ്ങൾ തങ്ങൾക്കുള്ള
വീടുകളാക്കികൊണ്ടു സന്തതം മേവീടുന്നു.
മേഘമാർഗ്ഗത്തോളമങ്ങുയർന്ന പേരാലിന്മേൽ
മേഘവർണ്ണനെന്നൊരു കാകലോകാധിനാഥൻ

ആകുലംവിനാ ബഹുകാകസൈന്യങ്ങളോടും
സാകമദ്ധ്വാങ്ക്ഷശ്രേഷ്ഠൻ സവൈരമായ്വാണീടുന്നു.
ചാരുവാം പേരാൽമരം തന്നിൽനിന്നരക്കാതം
ദൂരവേയൊരു മഹാശ്വത്ഥപാദപന്തന്നിൽ
കൗശികാഖ്യങ്ങളാകും പക്ഷിവൃന്ദങ്ങൾക്കെല്ലാ–
മീശനാമമർദ്ദനനെന്നു പേരായുള്ളവൻ
തത്ര മേവുന്നു ബഹുമൂങ്ങാകൂട്ടങ്ങളോടെ.
രാത്രിയിൽക്കണ്ണുകാണ്മാൻ ദണ്ഡമില്ലവകൾക്കു;
വായസങ്ങൾക്കു രാത്രൗ കൺകൊണ്ടു ഫലമില്ല;
കൗശികങ്ങൾക്കു പകൽ കൺകൊണ്ടു ഫലമില്ല;
രണ്ടുകൂട്ടക്കാരവർ തങ്ങളിൽ മഹാവൈരം
കണ്ടുവെന്നാകിൽത്തമ്മിലപ്പൊഴേ കൊത്തിക്കൊല്ലും;
തങ്ങളിൽക്കണ്ടെത്തുവാൻ സംഗതിവരായ്കയാ
ലങ്ങനെ ജീവിച്ചിരിക്കുന്നിരുകൂട്ടക്കാരും
ഏകദാ രജനിയിൽ വീര്യവാനമർദ്ദനൻ
കാകവൃന്ദത്തെക്കൊലചെയ്വതിന്നൊരുമ്പെട്ടു.
തൽക്ഷണം ലക്ഷം മൂങ്ങാകൂട്ടങ്ങളോടു പേരാൽ–
വൃക്ഷത്തെ പ്രവേശിച്ചു വളഞ്ഞു ചുഴലവും.
കണ്ണുകാണാതുള്ളൊരു കാകവൃന്ദത്തെക്കൊത്തി
ഖണ്ഡിച്ചു കൊലചെയ്തു ചണ്ഡമാം കോപത്തോടേ.
മേഘവർണ്ണനും തന്റെ തന്ത്രീവീരന്മാരാകും
കാകന്മരഞ്ചു പേരുമേതാനും പ്രജകളും
തെറ്റെന്നു ഭയപ്പെട്ടു മറ്റൊരുമരംചെന്നു
പറ്റിനിന്നൊരുവണ്ണം ചാകാതെ ശേഷിച്ചിതു.
പിറ്റേന്നാൾ പുലർക്കലേ വന്നിങ്ങു വടമേറി
ച്ചുറ്റുമങ്ങിരുന്നവർ കാര്യത്തെ വിചാരിച്ചു.
അഞ്ചുപേർ സ്വരൂപികൾ മന്ത്രികൾ മനക്കാമ്പിൽ–
ച്ചഞ്ചലം കൂടാതവർ സ്വാമിയെ പ്രണമിച്ചു.
ഏകനങ്ങുദ്ദീപകൻ, രണ്ടാമൻ സന്ദീപകൻ,
മൂന്നാമൻ പ്രദീപകൻ, നാലാമനാദീപകൻ,
അഞ്ചാമൻ ചിരംജീവിയിങ്ങനെ സചിവന്മാ–
രഞ്ചുപേർ സമർത്ഥന്മാരെല്ലാരുമിരിക്കുമ്പോൾ
ആരെയും ഭേദംകൂടാതാസ്ഥയാ മേഘവർണ്ണൻ
ധീരതകൊണ്ടു പറഞ്ഞീതിനാന്മനോഗതം:–

മന്ത്രിവീരന്മാരാകും നിങ്ങടെ നിഗൂഢമാം
മന്ത്രശക്തികൊണ്ടല്ലോ നമ്മുടെ രാജ്യങ്ങളിൽ
സ്ഥാനവും മാനങ്ങളുമങ്കവും ചുങ്കങ്ങളു–
മൂനമെന്നിയേ വർത്തിച്ചിങ്ങനെ ചേർന്നിടുന്നു.
ഇക്കാലം ശത്രുക്കൾ വന്നിങ്ങനെ ബഹുതരം
ധിക്കാരം പ്രവർത്തിച്ചു നിഗ്രഹമേറ്റം ചെയ്തു.
വന്നതു വന്നു വിധി, മേല്പോട്ടു പരിഭവം
വന്നുപോകാതെ വൈരിനിഗ്രഹം ചെയ്തുകൊൾവാൻ
എന്തിനി നല്ലൂ? നമുക്കെന്നതു മനക്കാമ്പിൽ–
ച്ചിന്തിച്ചു പറഞ്ഞാലും മന്ത്രിപുംഗവന്മാരേ!
എന്നതുകേട്ടു പറഞ്ഞീടിനാനുദ്ദീപകൻ
എന്നുടെ മതമുള്ളിൽത്തോന്നിയതുണർത്തിക്കാം:–
ഉഗ്രവിക്രമന്മാരാം ശത്രുക്കൾ വന്നു നേർത്താൽ
നിഗ്രഹം ചെയ്തു ജയിച്ചീടുവാൻ പരാധീനം.
മറ്റൊരു ദിക്കിൽ മാറിപ്പാർക്കയെന്നതും കൊള്ളാം;
മറ്റൊരു ബലവാനെ സ്സേവചെയ്കിലും കൊള്ളാം;
വന്നുപദ്രവിക്കുന്ന വൈരിയെത്തന്നെ ശീഘ്രം
ചെന്നങ്ങു സമാശ്രയം ചെയ്കയെന്നാലും കൊള്ളാം.
ഇങ്ങനെ മൂന്നു നയം ദുർബ്ബലന്മാർക്കു യോഗ്യം
തിങ്ങിനബലമുള്ള വൈരികൾ വരുന്നേരം
ചൊല്ലിനാൻ സന്ദീപകനിദ്ദേഹം പറഞ്ഞതു
നല്ലൊരു നീതിമാർഗ്ഗമെങ്കിലും ചിതം വരാ.
തന്നുടെ രാജ്യം വെടിഞ്ഞന്യദിക്കിനു പോകും
മന്നവന്മാരും പിന്നെ ശ്വാക്കളുമൊരുപോലെ.
നാട്ടിലങ്ങിരിക്കുമ്പോൾ നല്ലവന്താനും മറു–
നാട്ടിലായ്വരുന്നേരമെല്ലാർക്കും പരിഹാസം
കൈക്കലുള്ളതും വിറ്റുതിന്നൊക്കെ വകയാക്കി
ദുർഘടസ്ഥലങ്ങളിൽ ദുഃഖിച്ചു തനിക്കൊരു
ചൊക്കനും കൂടെച്ചൊൽക്കീഴില്ലാതയ്വരും ക്രമാ–
ലക്കണക്കാകും നാടുവിട്ടുപോകുന്ന നൃപൻ.
കട്ടിലും വിട്ടു കലഹിക്കുന്ന പുരുഷനെ–
ക്കെട്ടിയ പെണ്ണുംകൂടിപ്പെട്ടെന്നു വെടിഞ്ഞീടും,
തന്നുടെ പ്രജകളും രാജ്യവും നഗരവു–
മെന്നുള്ള പരമാർത്ഥമൊന്നുമേ ചിന്തിക്കാതെ,

മാറ്റാനെക്കണ്ടേപ്പോഴെ മണ്ടിയങ്ങൊളിച്ചഹോ
മറ്റൊരു ദിക്കിൽപ്പോകും മന്നവന്മാർക്കും പിന്നെ
തങ്ങടെ നാട്ടിൽ വന്നു വസിപ്പാന്താനുള്ളന്നും
സംഗതി വരികയില്ലെന്നതു ബോധിക്കണം.
എന്നതുകൊണ്ടു രാജ്യം വിട്ടുപോകരുതെന്ന–
ങ്ങെന്നുടെ പക്ഷമെന്നു പറഞ്ഞു സന്ദീപകൻ.
ഉക്തവാൻ പ്രദീപകൻ നമ്മുടെ പക്ഷം പിന്നെ–
ശ്ശക്തിമാനായുള്ളൊരു ശത്രു വന്നെതിർക്കുമ്പോൾ
വാശ്ശതും ചൊല്ലുംപോലെ കേട്ടുകൊണ്ടദ്ദേഹത്തെ
സംശ്രയച്ചിട്ടു തന്റെ രാജ്യത്തെ രക്ഷിക്കണം.
ബാലരും വൃദ്ധന്മാരും സ്ത്രീകളും ദീനന്മാരും
കാലിനു മുടന്തുള്ളോർ കണ്ണുകാണാതുള്ളവർ,
ഇങ്ങനെ ബഹുവിധം രാജ്യവാസികളെല്ലാ–
മെങ്ങനെ പൊറുക്കുന്നു മന്നവന്മണ്ടിപ്പോയാൽ?
ആയതു വിചാരിക്കാതോടുന്ന നൃപൻ ദൂരെ–
പ്പോയെന്നാലെങ്ങും പിന്നെപ്പറ്റുകയില്ല ദൃഢം.
നാട്ടിലെ പ്രജകൾക്കു തങ്ങളെദ്ദണ്ഡിപ്പിച്ചു
കൂട്ടിച്ചുകൊണ്ടു വരാനുത്സാഹമുണ്ടാകില്ല.
വിശ്രുതന്മാരായുള്ള ഭൂപാലന്മാരെച്ചെന്ന–
ങ്ങാശ്രയിച്ചതുകൊണ്ടു ഹാനിയും വരാനില്ല.
ഗംഗയും താനേചെന്നു സാദരം സമുദ്രത്തെ–
സ്സംഗിച്ചു സേവിച്ചീടുന്നില്ലയോ കാകേശ്വരാ!
സ്വാമിയെ കൂപ്പിത്തൊഴുതീടിനാനാദീപകൻ:
സാമദാനാദി നമുക്കൊട്ടുമേ മതമല്ല
ചണ്ഡരാമുലൂകന്മാരിജ്ജനങ്ങൾക്കു രാത്രൗ
കണ്ണുകാൺകയില്ലെന്നു കല്പിച്ചു നിമ്മര്യാദം
നമ്മെ വന്നുപദ്രവം ചെയ്തതു ചിന്തിച്ചാലും;
ദുർമദന്മാരെച്ചെന്നു സേവിപ്പാൻ ചിതമുണ്ടോ?
അണ്ഡജാധമന്മാരാമക്കൂട്ടക്കാർക്കും പകൽ
കണ്ണുകാണ്കയില്ലെന്നു തമ്പുരാനോർക്കുന്നില്ലേ?
കാകസംഘത്തെ യോഗം തികച്ചു പകൽ ചെന്നാ–
ലാകവേ കൊത്തിക്കൊന്നു പോന്നുകൊള്ളരുതായോ?
ഇങ്ങനെ നാലുമന്ത്രിപ്രൗഢന്മാരുടെ മതം
സംഗ്രഹിച്ചനന്തരം വായസാദീശൻ മുദാ

അർത്ഥശാസ്ത്രങ്ങളെല്ലാമഭ്യസിച്ചവറ്റിലു–
ള്ളർത്ഥത്തെ വെളിവാക്കിച്ചൊല്ലുവാൻ സമർത്ഥനാം
മന്ത്രിപുംഗവൻ ചിരഞ്ജീവിതൻ മനോഗത–
മന്ത്രമെന്തെന്നു ചോദ്യം ചെയ്തപ്പോളവൻ ചൊന്നാൻ:–
നാലുപേരമാത്യന്മാരൊന്നിച്ചു പറഞ്ഞിതു
നാലുമാർഗ്ഗമെന്നാലും നന്നിതുവഴി നാലും.
എന്നതിൽ വിശേഷിച്ചൊന്നങ്ങോട്ടു ഗ്രഹിപ്പിപ്പാൻ
മന്ദനാമടിയനു മാനസേ തോന്നുന്നില്ല.
എങ്കിലുമൊരുവിധം ശാസ്ത്രമങ്ങറിയിക്കാ–
മെന്നുടെ ഗുരുക്കന്മാരഭ്യസിപ്പിച്ച വഴി.
മന്ത്രഗോപനത്തോളമാവശ്യം മറ്റില്ലെന്നു
മന്ത്രിപുംഗവന്മാരും സ്വാമിയും ബോധിക്കേണം.
കുംഭങ്ങൾ പിളർക്കുമ്പോളായതിന്നകത്തുള്ളോ–
രംഭസ്സു ചോർന്നു ചോർന്നു നാസ്തിയായ് വരുമല്ലോ.
കേവലം ചാർച്ചക്കാരെ ഗൂഢമായുള്ള മന്ത്രം
കേൾപ്പിച്ചു തുടങ്ങിയാൽ മന്ത്രഭംഗവും വരും
ചേർച്ചക്കാർ പലരുണ്ടാമായവർ കേൾക്കും ചില–
ചാർച്ചക്കാരവരുടെ വാഴ്ചക്കാരൊരുകൂട്ടം.
ചേർച്ചക്കാരവർക്കുള്ള ചാർച്ചക്കാരവരുടെ
വേഴ്ചക്കാരെന്നുവേണ്ട, കേട്ടുകേട്ടൊരുപോലെ
ഗൂഢസംസാരം നാട്ടിലൊക്കവേ വെളിവായാൽ
കൂടലർകുലം ബലപ്പെട്ടു പോമതുമൂലം
സന്ധിവിഗ്രഹം യാനമാസനം ദ്വൈധീഭാവം
സംശ്രയം നയങ്ങളിച്ചൊന്നതു നാലും രണ്ടും,
സാരമാം മന്ത്രത്തിനുമംഗങ്ങളഞ്ചാകുന്നു;
കാര്യമാരംഭിപ്പാനുള്ളുപായം പ്രഥമാംഗം,
വിത്തവും പുരുഷാകാരങ്ങളും സ്വരൂപിപ്പാ–
നുത്തമം വിചാരമെന്നുള്ളതു രണ്ടാമംഗം;
ദേശകാലങ്ങൾ വിചാരിപ്പതു മൂന്നാമംഗം;
നാശത്തിൻ പ്രതിക്രിയാചിന്തനം നാലാമംഗം;
കാര്യസാദ്ധ്യത്തെക്കുറിച്ചുദ്യോഗമഞ്ചാമംഗം;
കാര്യസാരജ്ഞന്മാർ പണ്ടിങ്ങനെ പറയുന്നു.
സാമവും ദാനം ഭേദം ദണ്ഡവുമുപായങ്ങൾ;
സാമോപായികന്മാർക്കു സാദ്ധ്യങ്ങളിവയെല്ലാം

ഉത്സാഹശക്തി പ്രഭുശക്തിയും മന്ത്രശക്തി
മത്സ്വാമി ഗ്രഹിക്കേണമീദൃശം നീതിശാസ്ത്രം,
സംഗരം ചെയ്പാനിപ്പോൾ സാമർത്ഥ്യം നമുക്കില്ല;
സംഗരത്തിന്നുള്ളൊരു കാലവും വന്നീലിപ്പോൾ,
ആഹവും ചെയ്തില്ലെന്നാൽ നിശ്ചയം മൃതിയെന്നു
മാഹവം ചെയ്താൽ മൃത്യു സംശയമെന്നും വരും.
അങ്ങനെയുള്ളേടത്തു സംഗരംതന്നെ വേണ-
മിങ്ങിപ്പോളപ്രകാരമാവശ്യം വന്നില്ലല്ലോ.
നമ്മുടെ രിപുക്കളാം കൗശികന്മാർക്കുമിപ്പോൾ
നമ്മേക്കാൾ ബലവീര്യം വിത്തസമ്പത്തുമേറും.
എന്നതുകൊണ്ടു ബകോടത്തിന്റെ ധർമ്മം കൈയ്ക്കൊ-
ണ്ടൊന്നുമേ ഭാവിക്കാതെ നിന്നുകൊണ്ടനുക്രമാൽ
സംഗതി വരുന്നേരം സിംഹധർമ്മത്തെപ്പൂണ്ടു
സംഗരേ രിപുക്കളെസ്സംഹരിക്കയും ചെയ്യാം.
വർദ്ധനം രിപുക്കൾക്കു തങ്ങൾക്കു ശക്തിക്ഷയം
ബുദ്ധികൊണ്ടിതു രണ്ടുമോർക്കാതെ പുറപ്പെട്ടു.
യുദ്ധത്തിന്നൊരുമ്പെട്ടു ചൊല്ലുന്നോരവിവേകി
ക്കൗദ്ധത്യം മാറുമെന്നല്ലൂർദ്ധ്വമായ് മണ്ടിപ്പോരും.
വൈരികൾ ദൂരസ്ഥന്മാരെങ്കിലുമവരുടെ
ഗൗരവം നിലപ്പിക്കുമുൽകൃഷ്ടൻ മഹീപാലൻ
എത്രയും വികൃഷ്ടനായുള്ളവൻ സമീപത്തെ-
ശ്ശത്രുവെപ്പോലും ജയിച്ചീടുവാനാളല്ലല്ലോ.
ദൂരവേ വന്നങ്ങുദിച്ചീടുന്ന ദിവാകരൻ
പാരിലെത്തിമിരങ്ങളൊക്കവേ നീക്കീടുന്നു.
അല്പമാം പ്രദീപത്തെക്കത്തിച്ചാലടുക്കെയു-
ള്ളന്ധകാരവും നിഴൽ പിടിച്ചു നിൽക്കേയുള്ളു.
ശത്രുക്കളുടെ ശക്തി വർദ്ധിക്കുംകാലം ധീരൻ
കുത്രചിൽ ക്ഷമിച്ചിരുന്നീടുകതന്നേ നല്ലൂ.
തത്ര വൈരികൾക്കല്പം താഴ്ചകാണുമ്പോൾത്തന്റെ
മിത്രസമ്പത്തും കൂടിച്ചേർന്നങ്ങു നേർത്തീടണം.
ധീരന്മാരായുള്ളൊരു മേദിനീപാലന്മാർക്കു
ചാരന്മാർ കണ്ണാകുന്നു; ദൂതന്മാർ വദനവും;
മന്ത്രമെന്നതു ചട്ട; ബുദ്ധിതാനസ്ത്രങ്ങളും;
മന്ത്രികളകമ്പടി കൂടുവാൻമാത്രം കൊള്ളാം.

ജൃംഭിച്ചുമേവും രിപുശ്രീയാകും ഭുജംഗിയെ
സ്തംഭിപ്പിപ്പതിന്നൊരു മന്ത്രമായ്പരും മന്ത്രം.
അങ്ങനെയുള്ള മന്ത്രം ഛിദ്രിച്ചുപോയെന്നാകി–
ലെങ്ങുമേ നിലനില്പാൻ കെല്പുമില്ലാതായ്വരും.
സ്വായത്തസിദ്ധി സചിവായത്തസിദ്ധിയെന്നും
നായകരെന്നുമുഭയായത്തസിദ്ധിയെന്നും
താനുതന്നെ കാര്യക്ലേശം ചെയ്യുന്നോനാദ്യൻ നൃപൻ;
മന്ത്രിയെത്തന്നെ കല്പിച്ചാക്കുന്നോൻ രണ്ടാം നൃപൻ;
താനുമസ്സചിവനും കൂടവേ വിചാരിച്ചു
സ്ഥാനങ്ങൾ നടത്തുന്ന മന്നവൻ മൂന്നാം നൃപൻ;
മന്നവൻതന്റെ പാട്ടിലേതൊരു കാര്യത്തിനും
തന്നുടെ സചിവന്മാർ നിൽക്കുമെന്നാകിൽ ഗുണം.
മന്ത്രഗുപ്തിയും നമുക്കെത്രയും പാരം കൃച്ഛ്രം;
മന്ത്രിപുംഗവന്മാർക്കു മന്ത്രകൗശലം നാസ്തി,
ദ്രവ്യവുമില്ല പുരുഷാരവും പാതി ചത്തു;
ദുർവ്യയം കൂടാതിനിക്കോപ്പുകൾ കൂട്ടാൻ മേലാ
സന്ധിയെന്നതും പിന്നെസ്സാധിപ്പാൻ പരാധീനം
സന്തതം വർദ്ധിക്കുന്ന മത്സരംകൊണ്ടു പാരം
അന്ധന്മാരുലൂകന്മാർ വൈരികളവർക്കിപ്പോ–
ളന്തരംഗത്തിലൊരു ശാന്തത തെല്ലുമില്ലാ
സന്ധിക്കും സംസാരിപ്പാനില്ലൊരു നേരം പാർത്താ–
ലന്തിക്കുമുമ്പേ കണ്ണുകാണാതാം നമുക്കെല്ലാം
അക്കാര്യം പകൽ ചെന്നു സാധിപ്പാനതു കൂടാ;
അക്കൂട്ടക്കാർക്കും പകൽ കണ്ണു കാണ്കയില്ലല്ലോ;

മേഘവർണ്ണനും ചൊന്നാനെന്തൊരു ഹേതുകൊണ്ടു
കാകലോകവുമുലൂകങ്ങളും തമ്മിൽ വൈരം?
ഇങ്ങനെ ദേവാസുരമെന്നതുപോലെ മുന്നം
സംഗതിവരാനെന്തു കേട്ടറിയുന്നോ ഭവാൻ?
മന്ദഹാസവും പൂണ്ടു പറഞ്ഞു ചിരഞ്ജീവി:–
മന്ദഭാഗ്യന്മാർ പക്ഷികൂട്ടങ്ങളെന്നേ വേണ്ടൂ.
വ്യാഘ്രചർമ്മത്തെക്കൊണ്ടു കുപ്പായമിട്ടുംകൊണ്ടു
ശീഘ്രചാരിയായൊരുഗർദ്ദഭം വേനൽക്കാലം
സൗഖ്യമായ് സസ്യങ്ങളും ഭക്ഷിച്ചു നടക്കുമ്പോൾ

വാക്കുദോഷത്തെക്കൊണ്ടു തനിക്കു നാശം വന്നു.
മേഘവർണ്ണനുമതു കേൾക്കേണമെന്നു ചൊന്നാൻ;
കാകമന്ത്രീശൻ ചിരഞ്ജീവിയുമുരചെയ്തു.

## 2. നാവടക്കുവാൻ കഴിയാത്തതു കൊണ്ടുള്ള ദോഷം

പണ്ടൊരു രജകന്റെ വസ്ത്രഭാണ്ഡവും പേറി–
ക്കൊണ്ടൊരു കഴുതയുണ്ടങ്ങാടിത്തെരുവതിൽ;
കണ്ടങ്ങൾ തോറും ചെന്നു ധാന്യങ്ങൾ തിന്നുന്നേരം
കണ്ടവരെറിഞ്ഞോട്ടി ദൂരവേ മണ്ടിക്കുന്നു.
തന്നുടെ കഴുതയ്ക്കു ഭക്ഷണമില്ലായ്കയാൽ
തന്നുടെ ഭാണ്ഡം പേറാൻ ശക്തിയില്ലാതായല്ലോ,
ഇത്തരം വിചാരിച്ചങ്ങേകദാ നിർണ്ണേജകൻ
പുത്തനാം പുലിത്തോലും കൊണ്ടുവന്നതുകൊണ്ടു
ഗർദ്ദഭത്തിന്റെ ദേഹമൊക്കവേ മൂടിക്കെട്ടി–
ത്തദ്ദിശി സസ്യം തിന്മാൻ വിട്ടിതു രജനിയിൽ.
കണ്ടത്തിൽച്ചാടിസ്സസ്യം ഭക്ഷിച്ചു തുടങ്ങിനാൻ;
കണ്ടെത്തി പ്രഹരിപ്പാൻ വരുന്ന കാവൽക്കാരും
വ്യാഘ്രമെന്നോർത്തു പേടിച്ചോടിനാർ കഴുതയ്ക്ക–
ങ്ങാക്രമിപ്പാനും പരാധീനമില്ലാതായ്‌വന്നു
അങ്ങനെ നാലുപത്തുരാത്രികൾ കഴിഞ്ഞപ്പോ–
ളങ്ങൊരു കാവൽക്കാരൻ കൗശലക്കാരൻ തദാ
ചിത്രകംബളംകൊണ്ടു തന്നുടെ ഗാത്രം മൂടി–
ത്തത്ര ചെന്നുടൻ വില്ലും ശരവും മറച്ചുടൻ
ഗർദ്ദഭമതുകണ്ടു ഗർദ്ദഭസ്ത്രീയെന്നോർത്തു
ഗർജ്ജനം ചെയ്തു മദനാർത്തനായണഞ്ഞിതു.
ഗർദ്ദഭമിതെന്നറിഞ്ഞസ്ത്രത്തെ പ്രയോഗിച്ചാൻ,
ശബ്ദദോഷത്താലങ്ങഗ്ഗർദ്ദഭം ശരമേറ്റു
ചത്തുവീണിതു ഭോഷനിങ്ങനെയവസാനം.
എന്നതുകൊണ്ടു ചൊന്നേൻ കാകകൗശികന്മാർക്കും
തന്നുടെ വാഗ്ദോഷംകൊണ്ടുണ്ടായി മഹാവൈരം.
പക്ഷിജാതികളൊക്കെക്കൂടവേ വിചാരിച്ചു,

രക്ഷിതാവൊരു യജമാനനെക്കല്പിക്കേണം.
പക്ഷിവർഗ്ഗത്തിൽപ്പെടുവാകിയ പുരുഷനെ–
പ്പക്ഷിരാജ്യാഭിഷേകം ചെയ്തിഹ വർത്തിക്കേണം.
ഇത്ഥമങ്ങെല്ലാവരും കൂടവേ വിചാരിച്ചു
സ്തിഗ്ദ്ധനാമുലൂകത്തെക്കൊള്ളിക്കാമെന്നുറച്ചു,
പക്ഷിപട്ടാഭിഷേകത്തിന്നുള്ള പദാർത്ഥങ്ങൾ
പക്ഷപാതികൾ ചെന്നു കൊണ്ടന്നു വട്ടംകൂട്ടി.
ഉത്തമൻ ചകോരവും വന്നിതു മന്ത്രിദ്വിജൻ;
സത്വരം കലശങ്ങൾ പൂജിച്ചു തുടങ്ങിനാൻ.
അന്നേരം വന്നാനൊരു വൃദ്ധനാം മഹാകാകൻ;
സന്നാഹമിതുകണ്ടു ചോദിച്ചു സഭാന്തരേ
എന്തൊരു ഭാവം നിങ്ങൾക്കേവനെ പ്രഭുവാക്കാ–
നന്തരം വിനാ വട്ടംകൂട്ടുന്നു? കഥിച്ചാലും
പക്ഷികളുരചെയ്താർ ഞങ്ങളിന്നുലൂകത്തെ–
പ്പക്ഷിരാജനായ്‌വച്ചു വാഴിപ്പാൻ തുടങ്ങുന്നു.
ചൊല്ലിനാൻ വൃദ്ധദ്ധ്വാങ്ക്ഷൻ നല്ലൊരു നീതിമാർഗ്ഗ
മല്ലിതുഭവാന്മാർക്കെന്തിങ്ങനെ തോന്നീടുവാൻ?
വംശശുദ്ധിയില്ലാത്ത കൗശികന്മാർക്കു രാജ്യം
സംശയം കൂടാതഹോ കൊടുത്താൽ സുഖം വരാ.
എന്തൊരു പരമ്പരാബന്ധമിദ്ദിവാന്ധന്മാ–
ർക്കെന്തൊരു സദാചാരമാചരിക്കുന്നോരവർ?
സർവദാ കോപംകൊണ്ടു കറുത്തഭാവത്തോടേ
പർവതഗുഹകളിലൊളിച്ചു പകലെല്ലാം,
രാത്രിയിൽപ്പുറപ്പെട്ടു ഭക്ഷണം തേടിക്കൊണ്ടു
രാത്രിയിലിരുട്ടത്തു സഞ്ചരിക്കുന്നകൂട്ടം
പക്ഷികൾക്കെജമാനനായ് വരുന്നേരം പകൽ
കുത്ര നിന്നിവൻ രാജ്യം രക്ഷിച്ചു പുലർത്തുന്നു?
യൽക്കുലന്തന്നിലൊരു വിശ്രുതനുണ്ടെങ്കിലേ
തല്ക്കുലേ ജനിക്കുന്നോർക്കുൽക്കർഷമുണ്ടായ് വരു.
ചന്ദ്രസേവിയാം ശശപ്രൗഢനങ്ങുണ്ടാകയാ
ലന്യനാമൊരു ശശം ദന്തിയെജ്ജയിച്ചല്ലോ.
എങ്ങനെ ജയിച്ചെന്നു പക്ഷികൾ ചോദിച്ചപ്പോ–
ളെങ്കിലോ കേൾക്കെന്നുരചെയ്തിതു കാകാധീശൻ.

# 3. ദന്തിരാജനക്കൊണ്ടുകൂട്ടത്തെ പിരിപ്പിച്ചത്

ഭൂതലെ പന്തീരാണ്ടു വർഷമില്ലായ്കമൂലം
ഭൂതജാലങ്ങളൊക്കെശ്ശോഷിച്ചു വശംകെട്ടു
കാനനേ മഹാഗജക്കൂട്ടങ്ങൾ ദാഹംകൊണ്ടു
ദീനതപൂണ്ടു ഗജശ്രേഷ്ഠനോടറിയിച്ചു.
കുംഭിരാജനായുള്ള തമ്പുരാൻ തിരുവടി
കുമ്പിടും ജനങ്ങളെക്കാത്തരുളേണം നാഥാ!
കാട്ടിലെക്കുളം തോടും പല്വലങ്ങളും വറ്റി-
ക്കാട്ടാനക്കൂട്ടങ്ങൾക്കും മറ്റുള്ള ജന്തുക്കൾക്കും
തോയപാനത്തിനെങ്ങും സംഗതി വരായ്കയാൽ
കായങ്ങൾ മെലിഞ്ഞേറ്റം നടപ്പാൻ മേലാതായി
ഏതൊരു ദിക്കിൽജ്ജലമുള്ളതെന്നന്വേഷിപ്പാൻ
ദൂതരെക്കല്പിച്ചയച്ചീടുകവേണം സ്വാമിൻ!
എന്നതുകേട്ടു ഗജശ്രേഷ്ഠനും വനേ വനേ
ചെന്നങ്ങു വിചാരിപ്പാൻ ദൂതരെ നിയോഗിച്ചു.
ആയതിലൊരു ദൂതൻ വന്നു നിന്നറിയിച്ചു:-
തോയപൂർണ്ണമായൊരു വാപിയുണ്ടൊരു ദിക്കിൽ.
ചന്ദ്രികാസരസ്സെന്നു നാമവും കേട്ടേനതിൽ-
സ്സാന്ദ്രശീതളം ജലം നിർമ്മലം നിരന്തരം.
അത്ര നിന്നൊരുകാതം മാത്രമേ വഴിയുള്ളു.
തത്ര ചെന്നംബുക്രീഡാസ്നാന്പാനങ്ങൾ സുഖം
എന്നതുകേട്ടു ഗജരാജനും വൃന്ദങ്ങളും
നന്ദിപൂണ്ടവിടേയ്ക്കു സത്വരം പുറപ്പെട്ടു.
ചന്ദ്രികാ സരസ്സിന്റെ തീരത്തു വസിക്കുന്ന
സുന്ദരശശങ്ങടെ വൃന്ദമുണ്ടനവധി.
ദന്തിയൂഥങ്ങൾ ചെന്നു ചവിട്ടിശ്ശശങ്ങടെ
പംക്തിയെപ്പാടേ കൊന്നുതുടങ്ങി മാർഗ്ഗങ്ങളിൽ.
അന്നേരം ശശങ്ങൾക്കു നാഥനാം ശിലീമുഖൻ
തന്നുടെ കാര്യക്കാരെ വരുത്തി വിചാരിച്ചു.
നമ്മുടെ സരസ്തടെ വാരണക്കൂട്ടം വന്നു
നമ്മുടെ പ്രജകളെച്ചവിട്ടിക്കൊന്നീടുന്നു.
എന്തൊരു മാർഗ്ഗംവേണ്ടൂ ദന്തിവൃന്ദത്തെ നീക്കാ-
നെന്നതു ചിന്തിക്കേണമെന്നുള്ള മൊഴികേട്ടു.

ചിന്തിച്ചു വിജയനെന്നുള്ളൊരു ശശാമാത്യൻ
ദന്തിരാജനെക്കൊണ്ടു കൂട്ടത്തെപ്പിരിപ്പിക്കാം.
ചന്ദ്രികാസരസ്സതിൽ വന്നിറങ്ങീടും മുമ്പേ
ചെന്നു ഞാൻ ഗജേന്ദ്രനേപ്പറഞ്ഞു നിർത്തീടുന്നേൻ.
തുഷ്ടനാം ശിലീമുഖൻ ചൊല്ലിനാൻ വിജയനെ–
ന്നെട്ടുദിക്കിലും പുകൾപൊങ്ങിന മുയൽ ഭവാൻ
ഒട്ടുമേ കാലക്ഷേപം കൂടാതെ ചെന്നു ഗജ–
ക്കൂട്ടത്തെപ്പിരിച്ചയച്ചീടുക മഹാബാഹോ!
അങ്ങിനെയെന്നങ്ങുരചെയ്തിതു വിജയനും
തുംഗനാം ഗജേന്ദ്രനേ പ്രാപിച്ചു വിചാരിച്ചു;
പ്രാണിക്കു ഗജങ്ങളൊടടുത്താൽ നാശം വരും;
ഘ്രാണിക്കുമ്പോലെ വന്നു വധിക്കും സർപ്പങ്ങളും;
പുഞ്ചിരിയിട്ടുംകൊണ്ടു കൊല്ലിക്കും ഭൂപാലന്മാർ;
വഞ്ചിക്കും ഖലന്മാരും ചേർന്നു നിൽക്കവേതന്നെ.
വമ്പനാം കൊലയാനക്കൊമ്പന്റെ പുറകിലും
മുമ്പിലുമിടംവലം രണ്ടു ഭാഗത്തിങ്കലും
ചെന്നു നിൽക്കരുതൊരുനേരവും തന്റെ പാട്ടിൽ
വന്നുവെന്നുള്ളബുദ്ധി തോന്നിയാൽ നാശം വരും,
എന്നതുകൊണ്ടു ഞാനും പർവതമുകളേറി
നിന്നുകൊണ്ടിവനോടു കല്യാണം പൃച്ഛിക്കുന്നേൻ.
ഇത്തരം വിചാരിച്ചു ബുദ്ധിമാൻ വിജയാഖ്യൻ
സത്വരം ഗിരിമുകളേറിനിന്നുര ചെയ്താൻ:–
നാഗരാജാവിന്നും തന്മന്ത്രിമാതംഗങ്ങൾക്കും
സ്വാഗതം ഭവിക്കുന്നോ ഭോഗസൗഖ്യവുമെല്ലാം?
രോഗങ്ങൾ കാര്യക്ഷയമിത്യാദി ദുഃഖത്തോടു
യോഗമെന്നിയേ വനേ വാണരുളുന്നീലയോ?
എന്നതു കേട്ടു ഗജശ്രേഷ്ഠനും കൂട്ടക്കാരു–
മെന്തൊരു മഹാത്ഭുതമാരുവാൻ പറയുന്നു?
ഇങ്ങനെ വിചാരിച്ചു മേല്പോട്ടു നോക്കുന്നേര–
മങ്ങിരുന്നുരചെയ്തു സാദരം വിജയനും.
താരകാധിപനാകും ചന്ദ്രനാം ഭഗവാന്റെ
ചാരനാമൊരുശശം ഞാനെന്നു ധരിച്ചാലും
നമ്മുടെ കുലംതന്നിൽ ശ്രേഷ്ഠനാമൊരുമുയൽ
ചന്ദ്രനെ സ്സേവിച്ചല്ലോ മേവുന്നു സദാകാലം

ചന്ദ്രനിജ്ജനങ്ങൾക്കു നിത്യസൗഖ്യത്തിനായി
ച്ചന്ദ്രികാസാരം ഭൂമൗ നിർമ്മിച്ചു മനോഹരം;
ആയതു കാപ്പാനെന്നെകല്പിച്ചു നിശാകരൻ.
ന്യായമല്ലാതെ വിഭോ ദൂതന്മാർ പറയുമോ?
ചന്ദ്രികാസാരന്തന്നിലാനകളനവധി
വന്നിറങ്ങിയാൽ വെള്ളമാകവേ കലങ്ങിപ്പോം.
എന്നതു കേട്ടു ഗജശ്രേഷ്ഠനെദ്ധരിപ്പിപ്പാ–
നെന്നുടെ സ്വാമി ചന്ദ്രൻ നമ്മളെ നിയോഗിച്ചു.
തന്നുടെ ഹിതന്മാർക്കു ശീതളൻ നിശാകരൻ;
തന്നുടെ ശത്രുക്കളെത്തപിപ്പിക്കയും ചെയ്യും.
കൈവരവങ്ങൾക്കു കാന്തി നൽകുന്ന നക്ഷത്രേശൻ
വൈരമുള്ളംഭോജത്തെക്കുണ്ഠിതമാക്കുന്നില്ലേ?
എന്നതു കേട്ടു ഭയപ്പെട്ടൊരു ഗജശ്രേഷ്ഠൻ
തന്നുടെ കൂട്ടക്കാരെപ്പിരിച്ചങ്ങയച്ചുടൻ
താനുമശ്ശശത്തോടു യാത്രയും ചൊല്ലിപ്പോയാ–
നെന്നതുകൊണ്ടു ചെന്നേൻ സൽക്കുലന്മാരേ നല്ലൂ
ക്ഷുദ്രനാം പുരുഷനെ വിശ്വസിപ്പവർക്കൊട്ടും
ഭദ്രമായ് വരികയില്ലെന്നതു ബോധിക്കേണം.
പണ്ടൊരു കപിഞ്ജലപ്പക്ഷിയും ശശകനും,
രണ്ടുപേർ മരിച്ചുപോൽ ക്ഷുദ്രവിശ്വാസം മൂലം
ആയതെങ്ങനെയെന്നു പക്ഷികൾ ചോദ്യം ചെയ്തു.

## 4. പക്ഷിയും ശശകനും അന്തികേ ചെന്നനേരം

വായസം പറഞ്ഞിതു; ഞാനൊരുകാലം മുന്നം
കാനനം തന്നിലൊരു വൃക്ഷത്തിൽ കൂടുംകെട്ടി;
ദീനമെന്നിയേ പല വാസരം വസിച്ചിതു;
കോടരേ കപിഞ്ജലമെന്നൊരു പക്ഷിവന്നു,
കൂടുമുണ്ടാക്കിത്തത്ര വാണിതു യഥാസുഖം.
സോഹമക്കപിഞ്ജലപക്ഷിയും തമ്മിൽ പ്രാണ–
സ്നേഹമായ്ച്ചമഞ്ഞിതു കൂടവേ വസിക്കയാൽ
ഏകദാ സന്ധ്യാഗമേ വന്നില്ല കപിഞ്ജലൻ;
ശോകകുണ്ഠിതം പൂണ്ടു വാണു ഞാൻ പുലരോളം.
അക്കാലം കപിഞ്ജലൻ പാർക്കുന്ന കോടരത്തിൽ

ദീർഘകർണ്ണനെന്നൊരു മുയൽ വന്നകംപുക്കു
യോഗമല്ലെടൊ ശശ! നമ്മുടെ സുഹ്രത്താകും
ഭാഗ്യവാൻ കപിഞ്ജലൻ തന്നുടെ ഗൃഹംതന്നിൽ
വന്നു നീ വസിപ്പതു നിന്നുടെ നിർമ്മര്യാദ–
മെന്നു ഞാൻ വിരോധിച്ചേനായവൻ കയ്ക്കൊണ്ടില്ല
മൂന്നുനാളഹോ രാത്രമിങ്ങനെ കഴിഞ്ഞപ്പോൾ
വന്നിതു കപിഞ്ജലൻ ദീർഘകർണ്ണനെക്കണ്ടു,
ആരെടൊ മമ സ്ഥാനേ വന്നിരുന്നിതു മൂഢാ
ദൂരെ മാറിപ്പൊകെന്നു പറഞ്ഞു കപിഞ്ജലൻ.
ദീർഘകർണ്ണനും ചൊന്നാനീദൃശസ്ഥാനങ്ങളി–
ലാർക്കുമേ ഭേദമില്ലെന്നുത്തമന്മാർ ചൊല്ലുന്നു
വാപികൾ തടാകങ്ങൾ കൂപങ്ങൾ വൃക്ഷങ്ങളും
പ്രാപിക്കുന്നവർക്കെല്ലാമാവാസസ്ഥലം തുല്യം.
ഞാനിതിനുടയവനെന്നുരചെയ്‌വാനൊരു
സ്ഥാനിയില്ലെന്നു മനുമന്നവനുര ചെയ്തു.
മന്നവന്മാർക്കും മറ്റും മാദൃശന്മാർക്കുമിന്നു
മാനവസ്!മൃതിയല്ലാതെന്തൊരു പ്രമാണവും?
നാലുപേർ തടസ്സന്മാരിക്കാര്യം കേട്ടാലനു–
കൂലമായ്പറഞ്ഞീടിലായതു ഞാനും കേൾക്കാം
ഇങ്ങവകാശമില്ലെന്നായവൻ വിധിച്ചെങ്കി
ലിങ്ങൊരു ശഠതയില്ലാശു ഞാൻ വാങ്ങിക്കൊള്ളാം
എങ്കിൽ നാം പോക സഖേ! നാല്ലൊരു വിശേഷജ്ഞൻ
തങ്കലാക്കേണം കാര്യമെന്തിനു മടിക്കുന്നു?
ഇങ്ങനെ കപിഞ്ജലപക്ഷിയും ശശകനും
തങ്ങളിലൊരുമിച്ചു തൽക്ഷണം പുറപ്പെട്ടു.
ഞാനുമങ്ങവരുടെ പിന്നാലേ പുറപ്പെട്ടു
ജ്ഞാനമുള്ളവർ വിധിക്കുന്നതു കേൾപ്പാനായേ.
ഏതൊരു തടസ്സരെച്ചെന്നു ഞാൻ സേവിക്കേണ്ടൂ?
കൈതവമില്ലാതവരെങ്കിലേ ഗുണം വരൂ.
ദീർഘകർണ്ണനോടേവം ചോദിച്ചു കപിഞ്ജലൻ;
ദീർഘകർണ്ണനും ചൊന്നാനുണ്ടൊരു മാർജ്ജാരകൻ
യമുനാതീരെ തപം ചെയ്തുകൊണ്ടിരിക്കുന്നു.
മാമുനീശ്വരന്മാരിലൊന്നുപോൽ വസിക്കുന്നു.
ചോദിച്ചു കപിഞ്ജലൻ പൂച്ചമാമുനി കാര്യം

ബോധിച്ചകണക്കിന്നു തീർക്കുമോ വിവാദങ്ങൾ?
ധൂർത്തനാം വിലാളത്തെ വിശ്വസിക്കാമോ വ്യാജ
മൂർത്തികൾ മാർജ്ജാരന്മാരെന്നു ഞാൻ കേട്ടിടുന്നു.
ചൊല്ലിനാൻ ദീർഘകർണ്ണൻ നല്ലൊരു പൂച്ചശ്രേഷ്ഠൻ
തെല്ലുമേ കപടമില്ലെന്നു ഞാനറിയുന്നു.
വാശ്ശതും കണ്ടാൽ കാണുമീശ്വരനല്ലോ സാക്ഷി?
വിശ്വസിക്കരുതെന്നു നമ്മുടെ സത്യം സഖേ!
ഇങ്ങനെ പറഞ്ഞു കൊണ്ടായവരിരുവരും
തങ്ങളിലൊരുമിച്ചു യമുനാതീരേ ചെന്നു
ധൂർത്തനാം ദധികർണ്ണനെന്നുള്ള മാർജ്ജാരനെ-
പ്പാർത്തുകണ്ടടിമലർ വന്ദിച്ചു നിന്നീടിനാർ.
കണ്ണുകൾ തുറന്നു നോക്കീടിനാൻ ദധികർണ്ണൻ;
കർണ്ണങ്ങൾ വഴിപോലെ കേൾക്കയില്ലെനിക്കെടോ
അന്തികേ വന്നു കാര്യം ചൊല്ലുവിൻ ധർമ്മാധർമ്മം
ചിന്തിയാതൊരു കാര്യം കല്പിക്കില്ലെടോ ഞാനും
ധർമ്മത്തെദ്വേഷിച്ചെങ്കിൽ ധർമ്മവും ദ്വേഷിച്ചീടും
ധർമ്മത്തെ രക്ഷിച്ചെങ്കിൽ ധർമ്മവും രക്ഷിച്ചീടും;
ധർമ്മത്തെ വഴിപോലെ സേവിക്കുന്നവർകളെ
ധർമ്മമെന്നുള്ള ദൈവം പാലനം ചെയ്യും ദൃഢം,
മറ്റുള്ള ബന്ധുക്കളിദ്ദേഹമുള്ളന്നേയുള്ളൂ.
മറ്റുമീധർമ്മബന്ധു ചത്താലും കൂടെപ്പോരും.
പ്രാണിഹിംസനത്തോളമധർമ്മം മറ്റൊന്നില്ലാ;
പ്രാണരക്ഷണത്തോളം ധർമ്മവും മറ്റൊന്നില്ലാ;
മാതവെപ്പോലെ പരസ്ത്രീകളെക്കണ്ടീടണം;
മാറോടുപോലെ പരദ്രവ്യത്തെക്കല്പിക്കണം;
തന്നെപ്പോൽ മറ്റുള്ളോരെക്കൂടവേ കാണുന്നവൻ
ധന്യപൂരുഷനെന്നു ചൊല്ലുന്നു മഹത്തുക്കൾ
ധർമ്മമീവണ്ണം പറയുന്നൊരു മാർജ്ജാരനെ
ധർമ്മവാനിവനെന്നു വിശ്വാസമുണ്ടാകയാൽ
പക്ഷിയും ശശകനുമന്തികേ ചെന്നനേരം.
തൽക്ഷണം പിടിപെട്ടു മാർജ്ജാരൻ മഹാപാപി.
രക്ഷണം മോഹിച്ചങ്ങു ചെന്നവർകളെക്കൊന്നു
ഭക്ഷണം കഴിച്ചവൻ പിന്നെയും തപം ചെയ്താൻ
അത്തൊഴിലെല്ലാംകണ്ടു ദൈവമേ! അയ്യോയെന്നു

ചിത്തത്തിലുറപ്പിച്ചു ഞാനുമിങ്ങോട്ടു പോന്നു.

എന്നതുകൊണ്ടു ചൊന്നേൻ ക്ഷുദ്രാനാമുലൂകത്തെ
മന്നവനാക്കിവച്ചാൽ ഭദ്രമായ്‌വരത്തില്ല.
വൃദ്ധവായസത്തിന്റെ വാക്കുകൾ കേട്ടനേരം
ബദ്ധസന്തോഷം പക്ഷിക്കൂട്ടങ്ങൾ പറഞ്ഞിതു:-
ധ്വാങ്ക്ഷവൃദ്ധന്റെ വാക്യമൊക്കവേ പരമാർത്ഥം;
കാംക്ഷയില്ലഭിഷേകം കൗശികത്തിന്നു ചെയ്‌വാൻ;
വേഗമിസ്സംഭാരങ്ങൾകൊണ്ടങ്ങു പൊയ്ക്കൊണ്ടാലും;
യോഗവും പിരിഞ്ഞാലും കൗശിക! നീയും പോക.
ബുദ്ധിയും കെട്ടു വൈരം മുഴുത്തോരുലൂകവും
വൃദ്ധകാകനോടുരചെയ്തിതു കോപത്തോടെ:-
എന്തൊരുദോഷം ചെയ്തേനിന്നു ഞാൻ നിനക്കെടോ
ചിന്തിതം കർമ്മം മുടക്കീടുവാനെന്തു മൂലം?
അമ്പുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നീടും;
കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളിർത്തീടും;
കാട്ടുതീവെന്താൽ വനം പിന്നെയും തളിർത്തീടും;
കേട്ടുകൂടാത്തവാക്കാമായുധം പ്രയോഗിച്ചാൽ
കർണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതു പിന്നെ-
പ്പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽപ്പോലും
എന്നെല്ലാമുരചെയ്തു കൗശികൻ നടകൊണ്ടാ
നന്നുതൊട്ടുണ്ടായൊരു വൈരമെത്രയും ഘോരം.
തങ്ങളിൽ കാകോലൂകന്മാർക്കതു ശമിക്കയി-
ല്ലിങ്ങനെ ചിരഞ്ജീവി പറഞ്ഞു കൂപ്പീടിനാൻ.

മേഘവർണ്ണനുമുരചെയ്തിതു മഹാത്മാവേ!
കാകമന്ത്രീശ! ഭവാനാകുലന്മാരായുള്ള
കാകന്മാർക്കൊരു ജയം കിട്ടുവാനുപായത്തെ
വൈകാതെ രാത്രി വരുംമുന്നമേ ചിന്തിക്കണം.
ഉക്തവാൻ ചിരഞ്ജീവി സന്ധി വിഗ്രഹം രണ്ടും
യുക്തമല്ലെന്നുവച്ചാൽപ്പിന്നെ നാലുണ്ടു നയം;
എന്നതിൽ യാനം ബലവാന്മാരിൽ വൃഥാഫലം:
തന്നുടെ നാശം ഫലമാസനം പ്രയോഗിച്ചാൽ,
ആശ്രയിച്ചിട്ടുവേണം വൈരിഷു ദ്വൈധീഭാവ-

മാശ്രയംതന്നെ മുന്നം ചെയ്കയെന്നെന്റെ പക്ഷം,
ജീവനെത്യജിച്ചിട്ടുമാശ്രയംകൊണ്ടു കാര്യം
കേവലം സാധിക്കുന്നേനിന്നു രാത്രിയിൽത്തന്നെ
വഞ്ചകപ്രവരന്മാർ വൈരികളുലൂകന്മാർ,
കിഞ്ചന പ്രയാസമുണ്ടാശ്രയിപ്പാനും വിഭോ!
ഇഷ്ടിക്കുവേണ്ടി ദ്വിജൻ കൊണ്ടന്ന മേഷത്തിനെ-
പ്പട്ടിയെന്നാക്കിത്തീർത്തു ദുഷ്ടന്മാർ ചിലർകൂടി.
എങ്ങിനെയതെന്നു ചോദിച്ചിതു മേഘവർണ്ണൻ;
സംഗതി പറഞ്ഞീടാമെന്നങ്ങു ചിരഞ്ജീവി

## 5. ചെണ്ടകൊട്ടിച്ചു നമ്മെക്കഷ്ടം അങ്ങാടിക്കാരൻ

നാട്ടിലെപ്പുഷ്ടിക്കിഷ്ടി ചെയ്വതിന്നൊരുവിപ്ര
നാട്ടിനെക്കൊണ്ടുംകൊണ്ടു പോരുന്നമാർഗ്ഗന്തന്നിൽ.
ദുഷ്ടന്മാരൊരുകൂട്ടം നായന്മാരതുകണ്ടു
ശിഷ്ടനാം ദ്വിജേന്ദ്രനെച്ചതിപ്പാൻ വട്ടംകൂട്ടി
തങ്ങളിൽപ്പറഞ്ഞൊത്തു മാർഗ്ഗത്തിന്നിടയ്ക്കിടെ-
ത്തങ്ങടെ കൂട്ടം പലദിക്കിലും പാർത്തീടുവാൻ.
അന്തണൻ വരുംമുമ്പേ തത്ര ചെന്നവരവ-
രന്തികേ മരംമറഞ്ഞൊളിച്ചു മേവീടിനാർ.
ആയതിലൊരുഭടൻ വിപ്രനെച്ചെന്നുകൂപ്പി
നായിനെക്കൊണ്ടങ്ങെഴുന്നെള്ളുന്നതെന്തേ പോറ്റി!
ഉത്തരം പറയാതെ വിപ്രനും നടകൊണ്ടു
സത്വരം പോകുന്നേരം മറ്റൊരുഭടൻ വന്നു,
പട്ടിയെക്കെട്ടിക്കൊണ്ടുപോകുന്നതെന്തെന്നവൻ;
പട്ടിയല്ലെന്നു വിപ്രൻ പിന്നെയും നടകൊണ്ടു.
ആ വഴി പോകുന്നേരം മറ്റൊരുനായർ വന്നു
ശ്വാവിനെക്കെട്ടിക്കൊണ്ടു പോകുന്നോ എന്നുചൊന്നാൻ
ഇങ്ങനെ മാർഗ്ഗേ മാർഗ്ഗേവന്നവരെല്ലാം ശ്വാവെ-
ന്നിങ്ങനെ പലർ പറയുന്നതുകേട്ടു വിപ്രൻ,
കണ്ടവരെല്ലാം ശ്വാവെന്നല്ലാതെചൊല്ലുന്നില്ല;
ചെണ്ടകൊട്ടിച്ചു നമ്മെക്കഷ്ടമങ്ങാടിക്കാരൻ

ഒന്നു രണ്ടല്ലിങ്ങിപ്പോൾ വന്നുകാണുന്നോരെല്ലാ
മൊന്നുപോലുരചെയ്താൽ വിശ്വസിക്കയേയുള്ളൂ.
ഇത്തരം വിചാരിച്ചുവിപ്രനങ്ങജത്തിനെ–
സ്സത്വരമുപേക്ഷിച്ചു ചെന്നു തന്നില്ലും പുക്കു,
പെട്ടെന്നു നായന്മാരുമൊക്കവേ യോഗംകൂടി–
യാട്ടിനെ വെട്ടിക്കൊന്നു കൊണ്ടുപോയ്‌വച്ചുതിന്നാർ.
എന്നതുകൊണ്ടു ചൊന്നേൻ വൈരികൾ പലർകൂടി
യൊന്നിച്ചുനിൽക്കുന്നതു ഭേദിപ്പാൻ പരാധീനം.

ഋശ്യശൃംഗാദ്രൗ വസിച്ചീടുവിൻ ഭവാന്മാരും.
വിശ്വസിപ്പിച്ചു ചതിച്ചീടുവാൻ പോകുന്നു ഞാൻ.
ഇത്ഥമങ്ങുരചെയ്തു ശിരസ്സുമുണ്ഡുമാക്കി–
ച്ചത്തകാകന്മാരുടെ ചോരയുമെടുത്തണി–
ഞ്ഞെത്രയും വികൃതമാം വിഗ്രഹത്തോടും പോയി–
ത്തത്ര കൗശികാവാസം പ്രാപിച്ചു ചിരഞ്ജീവി.
സൂര്യനസ്തമിച്ചപ്പോൾ മൂങ്ങകൾ പുറപ്പെട്ടു.
വൈരിശേഷത്തെക്കൊൽവാൻ വന്നിതു വടദ്രുമേ.
ന്യഗ്രോധദ്രുമന്തന്നിൽക്കണ്ടില്ല കാകന്മാരെ;
വ്യഗ്രതപൂണ്ടു പോന്നിങ്ങശ്വത്ഥം മുകളേറി,
അട്ടിക്കിൽച്ചിരഞ്ജീവിവല്ലാതെ വികൃതമായ്
ശബ്ദിച്ചാനതുകേട്ടു കൗശികക്കൂട്ടംചെന്നു,
കാക്കയെപ്പിടിച്ചു ബന്ധിച്ചുകൊണ്ടമർദ്ദന്റെ
കാൽക്കൽ വച്ചുടൻ വണങ്ങീടിനാരുലൂകന്മാർ.
ആരെടാ നീയെന്നുലൂകേശ്വരൻ ചോദ്യംചെയ്തു;
ധീരനാമവൻ ചൊന്നാനേഷ ഞാൻ ചിരഞ്ജീവി.
കാകലോകാധിപന്റെ മന്ത്രിപുംഗവൻ ഭവാ–
നാകുലപ്പെട്ടീവണ്ണം വന്നതിനെന്തുമൂലം?
ചൊല്ലിനാൻ ചിരഞ്ജീവി നിന്തിരുവടിയുടെ
ചൊല്ലേറും പ്രഭുത്വവും ശൗര്യാദിഗുണങ്ങളും
മന്ത്രശാലയിൽനിന്നു വർണ്ണിച്ചേനതുമൂലം
മന്ത്രിപുംഗവന്മാരും മേഘവർണ്ണനും പാരം
കയർത്തു ശത്രുപക്ഷക്കാരനാമിവനുടെ
കഴുത്തു ഖണ്ഡിക്കേണമെന്നതിൽച്ചിലജനം;
നരച്ച വൃദ്ധക്കാക്കക്കെള്ളന്റെ രോമം പാടേ

ചിരച്ചു വിട്ടീടുകെന്നെന്നുടെ തമ്പുരാനും;
അങ്ങനെ കല്പിക്കയാൽ മന്ത്രിവായസന്മാരു–
മിങ്ങനെ വികൃതമാക്കീട്ടവർ വിട്ടീടിനാർ
എന്നതു കേട്ടു മന്ത്രിശ്രേഷ്ഠരെ വേറെവിളി–
ച്ചെങ്ങനെ വേണ്ടുവെന്നു ചിന്തിച്ചാനമർദ്ദനൻ.
കുക്കുരാക്ഷനും വക്ത്രകപോതൻ ദീപ്താക്ഷനും
മുഷ്കരന്മാരാം മൂന്നുമന്ത്രികളുരചെയ്തു:–
ദൂതരെക്കൊലചെയ്ക യോഗ്യമല്ലെന്നു കേൾപ്പൂ;
ഭീതനാമിവനുടെ ഭീതിയുമൊഴിച്ചുടൻ
നൂതനങ്ങളായുള്ള മാംസശോണിതം നൽകി
പ്രീതനാക്കീടേണമെന്നെങ്ങൾക്കു തോന്നീടുന്നു.
മാന്യരായിരിപ്പവർക്കെല്ലാർക്കുമൊരുപോലെ
ദീനരിൽ കൃപ വേണമെന്നതു ധരിച്ചാലും.
ധീരാത്മാവമർദ്ദനൻ പിന്നെയും ബകനെന്നു
പേരായുള്ളമാത്യനെ വിളിച്ചു ചോദിച്ചിതു:–
കാകമന്ത്രിയെക്കൊലചെയ്കയോ മോചിക്കയോ
ലോകവീര്യനാം ഭവാനെങ്ങനെയഭിപ്രായം?
ഉക്തവാൻ ബകാമാത്യൻ ദീനനെക്കൊലചെയ്ക
യുക്തമില്ലതു സ്വാമിൻ അഞ്ജസാ രക്ഷിക്കേണം.
ബ്രഹ്മരാക്ഷസൻതാനും ചോരനും രക്ഷിച്ചുപോൽ
ബ്രാഹ്മണനെയുമദ്ദേഹത്തിന്റെ ഗോക്കളേയും,
എങ്ങനെയെന്നു സ്വാമി; കേട്ടാലുമെന്നു ബകൻ.

## 6. ഉത്തരം നമുക്കിപ്പോളാശ്രിതത്രാണം തന്നെ

തിങ്ങിന തിമിരത്താൽ പൂർണ്ണമായൊരു നിശി
ദുഷ്ടനാമൊരു ചോരൻ വിപ്രനു പ്രതിഗ്രഹം
കിട്ടിയ പശുരണ്ടുണ്ടായതു മോഷ്ടിപ്പാനായ്
ബ്രാഹ്മണഗൃഹം നോക്കിപ്പോകുമ്പോൾ മാർഗ്ഗേയൊരു
ബ്രഹ്മരാക്ഷസനെയും കണ്ടെത്തി യദൃച്ഛയാ;
ആരെടോ! താനെന്നഥ ചോദിച്ചു ചോരൻ ധീരൻ;
ആരെടോ! താനെന്നവൻ; ബ്രഹ്മരക്ഷസ്സും ചൊന്നാൻ:
തസ്കരൻ ഞാനെന്നവൻ, രാക്ഷസൻ ഞാനെന്നന്യൻ;
തസ്കരൻ ഭവാനെങ്ങു പോകുന്നു പറകേടോ!

വിപ്രന്റെ ഗൃഹംതന്നിൽ രണ്ടുഗോക്കളുണ്ടതു
ക്ഷിപ്രം മോഷ്ടിപ്പാനായിപ്പോകുന്നു; താനെങ്ങെടോ?
ഞാനുമദ്വിജേന്ദ്രനെ ക്കൊന്നുതിന്മാൻ പോകുന്നു;
നൂനമെന്നവർ തമ്മിൽപ്പറഞ്ഞു തത്ര ചെന്നാർ
നില്ലെടാ മുമ്പിൽ ഞാൻ പോയ് വിപ്രനെ ഹനിക്കണം;
നില്ലെടാ ഞാമ്പോയ് മുമ്പേ ഗോക്കളേ ഹനിക്കണം;
ഇങ്ങനെ തമ്മിൽ വാദിക്കുന്നതു കേട്ടു വിപ്രൻ
തിങ്ങിന ഭയത്തോടേ പുറത്തുവന്നനേരം,
ബ്രഹ്മരാക്ഷസൻ ചൊന്നാൻ തസ്കരനിവൻ തവ
ബ്രഹ്മസ്വം പശുക്കളെ മോഷ്ടിപ്പാൻ വന്നു വിപ്രാ!
തസ്കരൻ ചൊന്നാനെടൊ ബ്രാഹ്മണാ! ഭവാനെയും
മക്കളേയുമിന്നിവൻ കൊന്നുതിന്മാനായ്പന്നു.
അമ്മൊഴികേട്ടു മുദാഭൂസുരൻ രണ്ടുപേർക്കും
സമ്മാനം നല്കിയയച്ചീടിനാൻ വിരവോടേ.
ഞാനതുകൊണ്ടു ചൊന്നേൻ ജ്ഞാനമില്ലാതുള്ളോർക്കും
ദീനരിൽ കൃപയുണ്ടാം പിന്നെയെന്തീശന്മാർക്കോ?
ഉക്തവാൻ ദീപ്താക്ഷനെന്നുള്ളൊരു മഹാമാത്യൻ:–
യുക്തമേവ തൽ ബകാമാത്യനാലുദീരിതം.
പ്രത്യക്ഷമപരാധം ചെയ്തുവന്നാലും പിന്നെ
പ്രത്യക്ഷസ്തുതികൊണ്ടു ദുർജ്ജനം പ്രസാദിക്കും.
ഇത്തരമമാത്യന്മാരൊക്കവേ പറഞ്ഞപ്പോബ
ളുത്തമം നമുക്കിപ്പോളാശ്രിതത്രാണം തന്നേ.
എന്നു നിശ്ചയിച്ചുടൻ സാദരം ചിരഞ്ജീവി–
ക്കന്നുതൊട്ടധികാരം കൊടുത്താനമർദ്ദനൻ.
ഉക്തവാൻ ചിരഞ്ജീവി കൗശികാധീശ! വിഭോ!
ശക്തനാം ഭവാനെ ഞാൻ വർണ്ണിച്ചു പറകയാൽ
ക്രുദ്ധനാം കാകാധീശൻ നമ്മെയങ്ങുപേക്ഷിച്ചാ–
നുദ്ധതന്മാരാമവരൊക്കവേ ദുഷ്ടക്കൂട്ടം;
ഒന്നു ഞാൻ നിശ്ചയിച്ചേനിന്നു ഞാനെന്റെ ദേഹം
വഹ്നിയിൽ ദഹിപ്പിച്ചു വൈകാതെ പുനർജ്ജന്മം
ആശു ഞാനൂലൂകമായ്പ്പിറന്നു കാകന്മാരെ
യാകവെ കൊലചെയ്യുന്നുണ്ടു ഞാൻ കണ്ടുകോൾവിൻ.
ആയതുകേട്ടു പറഞ്ഞീടിനാനമർദ്ദനൻ:–
നീയതുഭാവിച്ചതു നിഷ്ഫലമെന്നേ വരൂ

തന്നുടെ ജാതി വെടിഞ്ഞന്യജാതിയിൽച്ചെന്നു
പിന്നെയുത്ഭവിക്കയില്ലേവനെന്നാലും സഖേ!
സൂര്യനെ പ്രാപിച്ചിട്ടും മേഘത്തെ പ്രാപിച്ചിട്ടും
മാരുതം പ്രാപിച്ചിട്ടും ശൈലത്തെ പ്രാപിച്ചിട്ടും
നിഷ്ഫലം പിന്നെത്തന്റെ ജാതിയിൽത്തന്നെ വന്നി–
ങ്ങുത്ഭവിച്ചതേയുള്ളൂ മൂഷികസ്ത്രീതാൻ മുന്നം.
എങ്ങനെയതെന്നുടൻ ചോദിച്ചു ചിരഞ്ജീവി;
മൂങ്ങകൾക്കധീശ്വരൻ ചൊല്ലിനാനമർദ്ദനൻ.

# 7. മൂഷികസ്ത്രീയും മഹർഷിയും

പണ്ടൊരു പരുന്തൊരു മൂഷികപ്പെൺകുഞ്ഞിനെ–
ക്കൊണ്ടങ്ങു പറക്കുമ്പോൾ കൊക്കിൽനിന്നധോഭാഗേ
വീണുപോയതങ്ങൊരു മാമുനിശ്രേഷ്ഠന്തന്റെ
പാണിയില്പതിച്ചിതു സന്ധ്യാകർമ്മം ചെയ്യുമ്പോൾ.
തന്നുടെ തപോബലം കൊണ്ടുടൻ തപോധനൻ
തന്നുടെ ഗൃഹിണിക്കു പുത്രിയായ് ദാനംചെയ്തു.
മൂഷികകുമാരിയെത്താപസകുമാരിയായ്
പോഷിപ്പിച്ചിതു മുദാ താപസേന്ദ്രന്റെ ഭാര്യ.
തന്മകളെന്നപോലെ താപസി വളർത്തൊരു
പെണ്മണികന്യാവിനും കല്യാണകാലം വന്നു.
വീര്യവും സൗന്ദര്യവും വിദ്യയും പ്രഭുത്വവും
ധൈര്യവുമുള്ളവന്നു പുത്രിയെ കൊടുക്കണം;
ആര്യനാം മുനിശ്രേഷ്ഠനിങ്ങനെ വിചാരിച്ചു
സൂര്യദേവനെച്ചെന്നു വന്ദിച്ചു ചൊല്ലീടിനാൻ;
ഉന്നതപ്രഭാവനം നിന്തിരുവടി മമ
കന്യയെപ്പാണിഗ്രഹം ചെയ്യേണം ദിനേശ്വര!
എന്നതു കേട്ടിട്ടരുൾ ചെയ്തിതു ദിനേശനു;
മെന്നെക്കാൾ മഹത്തരം മേഘമെന്നറിഞ്ഞാലും;
എന്നുടെ പ്രകാശത്തെ മറപ്പാൻ പോരുമവ:
നെന്നതുകൊണ്ടുമവൻ നമ്മേക്കാൾ മഹാപ്രഭു.
എന്നതു കേട്ടു മുനി മേഘത്തോടപേക്ഷിച്ചു:
എന്നുടെ മകളെ നീ വേട്ടുകോള്ളേണം സഖേ!
വാരിവാഹവും ചൊന്നനെന്നെക്കാൾ വലിയവൻ

മാരുതദേവൻ നമ്മെക്കൊണ്ടവൻ നടക്കുന്നു.
മാമുനീശ്വരൻ ചെന്നു മാരുതനോടു ചൊന്നാൻ:
മാമകാത്മജയ്ക്കു നീ വല്ലഭനായീടണം.
മാരുതനരുൾചെയ്തു പർവതമെന്റെ ഗതി
വാരണഞ്ചെയ്യുമവൻ നമ്മെക്കാൾ മഹാരഥൻ.
സർവതാപസശ്രേഷ്ഠൻ കന്യയെക്കൊണ്ടുചെന്നു,
പർവതത്തോടു ചൊന്നാൻ വേൾക്ക നീ കുമാരിയെ.
പർവതമുരചെയ്തു മൂഷികൻ മഹാബലൻ
സർവതോ നമ്മെക്കരണ്ടായവൻ തുളയ്ക്കുന്നു;
ശേഷിയായ് വരുമവൻ കന്യയെ വേട്ടിടുവാൻ.
മൂഷികന്തന്നെ പ്രാപിച്ചീടിനാൻ മുനീശ്വരൻ
മൂഷികാ! ഭവാനെന്റെ പുത്രിയെ വേട്ടീടണം.
ചൊല്ലിനാനെലിശ്രേഷ്ഠൻ കല്യാണം കഴിക്കാമെ–
ന്നില്ലത്തു കൊണ്ടുപോവാൻ തെല്ലുണ്ടു പരാധീനം.
നമ്മുടെ ഗൃഹമൊരു രന്ധ്രം മാത്രമേയുള്ളൂ,
പെണ്മണിയാളെയതിൽക്കടത്തിക്കുടിവെപ്പാൻ,
സാദ്ധ്യമായ്‌വരായെന്നു ശങ്കിച്ചു മടിക്കുന്നു.
ഞങ്ങൾക്കുതന്നെ പാരം ഞെരുങ്ങും ഗുഹതന്നിൽ
മംഗലസ്ത്രീയാമിവളെങ്ങനെ പോയീടുന്നു?
താപസൻ തപോബലംകൊണ്ടുടൻ തൻപുത്രിയെ–
ത്താമസം കൂടാതൊരു മൂഷികസ്ത്രീയാക്കിനാൻ.
മൂഷികൻ വിവാഹവും ചെയ്തിതുമുന്നേപ്പോലെ
മൂഷികസ്ത്രീ പിന്നെയും മുഷികസ്ത്രീയായ് വന്നു.

എന്നതുകൊണ്ടു ചൊന്നേൻ ജാതിക്കു വിപര്യയം
വന്നു സംഭവിക്കയില്ലന്യജന്മത്തിൽപ്പോലും,
ഇങ്ങനെ പറഞ്ഞുലൂകേന്ദ്രനാമമർദ്ദന–
നിംഗിതമവനുള്ളിലുള്ളതു ബോധിക്കാതെ,
ശത്രുമന്ത്രിയാം ചിരംജീവിയെസ്സമ്മാനിച്ചു
മിത്രമാക്കിനാനഹോ ബോധമില്ലായ്കമൂലം.
ബുദ്ധികൗടില്യം ഗ്രഹിയാഞ്ഞവൻ സ്വവൈരിയെ
പ്പത്തനപ്രവേശങ്ങളൊക്കെവെ ദർശിപ്പിച്ചു
നിന്നുടെ രാജ്യമിദമെന്നു ബോധിക്ക ഭവാ–
നെന്നുടെ മിത്രങ്ങളും പുത്രഭാര്യാദികളും

നിന്നുടെ ഗൃഹംപോലെ കണ്ടുകൊൾകെടോ! ഭവാ–
നെന്നുടെ ജനധനസ്ഥാനവും മാനങ്ങളും
ഒക്കവേ നിനക്കധീനങ്ങളെന്നുറച്ചുകൊ
ണ്ടിക്കുലം ബലപ്പെടുത്താശു നീ രക്ഷിക്കണം.
മൽക്കുലേ സുഖിച്ചുവാഴ്കെന്നുമങ്ങുരചെയ്തു,
ഭക്ഷണത്തിനു വകകല്പിച്ചു നിജസ്ഥാനേ,
രക്ഷണത്തിനുമാക്കി സ്വസ്ഥാനമമർദ്ദനൻ,
സൂര്യനങ്ങുദിക്കുമ്പോളന്ധരാം കൂട്ടത്തോടെ
സവൈരമായുറക്കവും തുടർന്നാനുലൂകേശൻ
സൂര്യനങ്ങുദിച്ചാൽ പിന്നസ്തമിപ്പോളമൊരു
കാര്യവും വിചാരവും ഭുക്തിയും സംസാരവും
ഒന്നുമില്ലവിടത്തിൽ മിണ്ടാതെ ശയിക്കുന്ന
പൊണ്ണനാം കൗശികൻ തൻ പ്രജകളോടു കൂടെ
ധീരനാം ചിരഞ്ജീവി ശത്രുസംസ്ഥാനങ്ങളിൽ
ദ്വാരങ്ങൾ കിടങ്ങുകൾ കോട്ടകൾ മതിലുകൾ
കൊത്തളം പുറത്തളം കൊട്ടിലും കോലാപ്പുറം
കൽത്തളം കളം കുളം കാനനസ്ഥാനങ്ങളും
ഒക്കവെ പകൽ കണ്ടു ഗ്രഹിച്ചു വഴിപോലെ
തക്കത്തിൽ ദഹിപ്പിപ്പാൻ കൗശലങ്ങളും നോക്കി,
വൈക്കോലും തൃണങ്ങളും പഞ്ഞിയുമിടയ്ക്കിടെ
പൊക്കത്തിൽ സ്വരൂപിച്ചു പച്ചിലകൊണ്ടുമൂടി,
ചിത്രമോരോന്നുണ്ടാക്കിയപ്പുരേ ചിരഞ്ജീവി,
എത്രയുമുചിതമെന്നോർത്തുകൊണ്ടുലൂകന്മാർ
രാത്രിയിൽ കണ്ടുകണ്ടുവിസ്മയിച്ചതേയുള്ളൂ.
കാകരാജനും പകൽ മുപ്പതുഘടികയു–
മേകരാജ്യമായ് നടന്നീവിധം പ്രയോഗിക്കും,
അന്തിവന്നടുക്കുമ്പോൾ മന്ത്രശാലയിൽചെന്നു
മന്ത്രിഭാവവും പ്രാപിച്ചീശനെസ്സേവിക്കയും;
അങ്ങനെ രണ്ടുമാസം കഴിഞ്ഞോരനന്തര–
മിങ്ങനെപാർത്താലെത്രനാളിനിപ്പാർത്തിടേണ്ടൂ?
വാശ്ശതും ക്രിയ കഴിച്ചീടുകെന്നുറച്ചവൻ
വിശ്വസ്സിപ്പിച്ചു ചതിച്ചീടുവാനൊരുമ്പെട്ടു.
ഏകദാ പുലർകാലേ കൂമങ്ങളുറക്കമെ
ങ്ങാകവേ തുടർന്നപ്പോൾക്കച്ചിലിൽക്കൊള്ളിവച്ചു

ശുഷ്കഗോമയങ്ങളിൽ തീക്കനലിട്ടു നാലു–
ദിക്കിലുമുറപ്പിച്ചങ്ങഗ്നിയും പിടിപെട്ടു.
അർക്കന്റെ പ്രതാപവും കാറ്റുമദ്ധൂമങ്ങളു–
മൊക്കവേയൊരുമിച്ചു പൊക്കത്തിൽപ്പുകപൊങ്ങി.
തൽക്ഷണം മൂങ്ങക്കൂട്ടമൊക്കയും മഹാശ്വത്ഥ–
വൃക്ഷവും ദഹിച്ചാശു ഭസ്മമായ് ധൂളിച്ചിതു,
ഇത്ഥമങ്ങുലൂകസംഹാരത്തെ ചെയ്തു വേഗാൽ,
സത്വരം ചിരംജീവി പോന്നിങ്ങു നിജസ്ഥാനേ,
മേഘവർണ്ണനെച്ചെന്നു വണങ്ങി പേരാൽവൃക്ഷേ
മോഘമെന്നിയേ കൊണ്ടന്നിരുത്തിസ്സുഖിപ്പിച്ചു.
പ്രൗഢസന്തോഷം ചിരംജീവിയെക്കാകാധീശൻ
ഗാഢമാശ്ലേഷം ചെയ്തു ഗൂഢമെന്നിയേ ചൊന്നാൻ:–
ഹേ സഖേ ചിരഞ്ജീവി! ഹേലയാ കൃതം കാര്യ
മാശു ഹേ സഖേ! നിന്നാലെങ്ങനെ ഭവാനഹോ
ശത്രുരാജ്യത്തെ പ്രാപിച്ചാസ്ഥയായ്പ്പുനസ്സഖേ!
തത്ര വാണതും ഭവാനിങ്ങനെയുപകൃതി
ചെയ്തതിന്നഹോ ഞാനുമെന്തു പ്രത്യുപകൃതി
ചെയ്തീടേണ്ടൂവെന്നെവം ചോദിച്ചു കാകാധീശൻ.
ഇങ്ങനെ ചോദിച്ചൊരുവായസപ്രവീരനോ
ടിംഗിതം ഹിതം പറഞ്ഞീടിനാൻ ചിരഞ്ജീവി
ദുർഘടം സ്ഥാനം ലഭിച്ചീടുവാൻ മഹത്തുക്കൾ
ദുർഘടസ്ഥലങ്ങളിൽചെന്നിരുന്നനേകധാ
ദുഃഖങ്ങളനുഭവിക്കുന്നവർ പതുക്കവേ
തൽക്കാര്യം ലഭിക്കുമ്പോൾ സ്വസ്ഥരായ് വരുന്നില്ലേ
പഞ്ചപാണ്ഡവന്മാരും പാഞ്ചാലിതാനും പിന്നെ
ചഞ്ചലം വിനാ വേഷം മറഞ്ഞു വിരാടന്റെ
പത്തനംഗന്മാർ മരിച്ചേകനായ്പ്പിറന്നപോൽ
എത്രയും മനോജ്ഞനാമർജ്ജുനൻതാനും പുരേ
തത്ര ചെന്നാണുപെണ്ണുമല്ലാതെ പാർത്തീലയോ?
സുന്ദരീ ദമയന്തീവല്ലഭൻ നളനൃപൻ
ചെന്നൊരു നരേന്ദ്രന്റെ പാചകസ്ഥാനം വാങ്ങി
ശ്ലോകവും മകക്കാമ്പിലടക്കിസ്സദാകാലം
പാകവും ചെയ്തുകൊണ്ടു മുഷിഞ്ഞു പാർത്തില്ലയോ?
കന്യകാവിവാഹത്തെക്കാംക്ഷിച്ചു ധനഞ്ജയൻ

സന്യസിച്ചഹോ വസിച്ചീലയോ ബഹുകാലം?
ശത്രുമാർഗ്ഗേണ മദ്ധ്യേ വാസമെന്നതു നൃണാ–
മെത്രയും പരാധീനമായതു നിരൂപിച്ചാൽ
ഖഡ്ഗധാരാഖ്യവ്രതം സാധിച്ചു പണിപ്പെട്ടു
സൽഗതിവരുത്തുന്ന യോഗിക്കു സമംതന്നെ.
ആസനം സ്ഥാനം യാനം ഭോജനം പാനം സ്നാന–
മായതു സർവം മഹാസങ്കടം ശത്രുസ്ഥലേ
സർവദിക്കിലും വിഷം സംഗമിപ്പിക്കുമതു
സർവദാ സമാധാനം ചെയ്തു സൂക്ഷിച്ചീടണം
ഏതൊരു ദുർമ്മന്ത്രിക്കു ദുർന്നയം ഭവിക്കാത്തൂ?
ഏതൊരു പുരുഷനെ സ്ത്രീ മദിപ്പിച്ചീടാത്തൂ?
ഏതൊരു മനുഷ്യന്മാരപഥ്യം ഭവിക്കയാ–
ലാതുരന്മാരല്ലാതെ സംഭവിക്കുന്നു വിഭോ?
ഏതൊരു നരന്മാർക്കു മൃത്യു സംഭവിക്കാത്തൂ?
യാത്രൊരു വിഷയിക്കു വിപത്തുമുണ്ടാകാത്തൂ?
സാവധാനത്വംകൂടാതുള്ളർക്കൊരുനാളും
സാധ്യമില്ലരിപുരേ ചെന്നുപോരികപോലും
വൈരിയെ സ്തുതിക്കേണം വൈരിയെബ്ഭജിക്കേണം.
വൈരിയെശ്ശിരസ്സിങ്കൽ വഹിച്ചു നടക്കേണം.
വൈരിയെച്ചതിക്കേണമെങ്കിലീവിധമെല്ലാം
വൈകാതെ ചെയ്തുപോക വാശ്ശജാതിയെന്നാലും.

## 8. രിപുക്കളെ സ്കന്ധത്തിൽ വഹിച്ചീടാം

പണ്ടൊരു കൃഷ്ണസർപ്പം മണ്ഡൂകക്കൂട്ടങ്ങളെ
ക്കണ്ഠത്തിൽ വഹിച്ചുകൊണ്ടാകവേ കൊലചെയ്തു.
അക്കഥ കേൾക്കേണമെന്നുക്തവാൻ കാകാധീശൻ.
സർക്കരിച്ചുരചെയ്തു സാദരം ചിരഞ്ജീവി.
ബുദ്ധിമാൻ മന്ദവിഷനെന്നൊരു കൃഷ്ണസർപ്പം
വൃത്തിക്കു ലഭിയാഞ്ഞു വിശന്നു നടന്നുടൻ
മുഷ്കരന്മാരായുള്ള ഭേകങ്ങൾ പെരുത്തൊരു
പുഷ്കലഹ്രദത്തിന്റെ വക്കത്തുചെന്നിരുന്നു,
ദുഃഖവും നടിച്ചുകൊണ്ടെത്രയും പരവശാൽ
തൽക്കയംതന്നിലുള്ള ദർദ്ദുരക്കൂട്ടങ്ങളിൽ,

ജലപാതനെന്നുള്ള ഭേകങ്ങൾക്കധീശ്വരൻ
ചാലവേ ദുഃഖത്തിന്റെ കാരണം ചോദിച്ചിതു.
കാളസർപ്പവും കനിഞ്ഞാസ്ഥയാ പറഞ്ഞിതു:–
കേളെടോ മഹാത്മാവേ മണ്ഡൂകേശ്വര! സഖേ!
വംശശുദ്ധിയുള്ളൊരു വിപ്രന്റെ കുമാരനെ–
ദ്ദംശനംചെയ്തേനഹം ദൈവകല്പിതംമൂലം
തൽപിതാവാകും വിപ്രൻ കോപിച്ചു ശപിച്ചു മാം;
കെല്പിയെന്നൊരുഭുജാംഗാധമാ! ദുരാത്മാവേ!
എന്നുടെ കുമാരനെദ്ദംശിക്കനിമിത്തമായ്
നിന്നുടെ ഭോജ്യങ്ങളാം മണ്ഡൂകവൃന്ദങ്ങളെ–
ത്തന്നുടെ തോളിൽച്ചുമന്നീടുക; തവളകൾ
തന്നുള്ളോരശനവും കഴിച്ചു നടന്നാലും
ഇങ്ങനെ ശപിച്ചോരു ശാപത്തെ നിവർത്തിപ്പാൻ
തങ്ങടെ മനസ്സുണ്ടെന്നാകിലേ കഴിവരൂ.
എന്നതുകേട്ടു മണ്ഡൂകാധിപനുരചെയ്തു:–
ഇന്നു തൊട്ടൊരോ മണ്ഡൂകങ്ങളെ വഹിക്ക നീ.
ഇക്കയം തന്നിൽനിന്നു മറ്റൊരു കയം തന്നിൽ
വെക്കമെങ്ങെടുത്തു കൊണ്ടാക്കിയാൽ മതിതാനും
കൃഷ്ണസർപ്പവും മുദാ ദർദ്ദുരങ്ങളെത്തിന്മാൻ
തൃഷ്ണപൂണ്ടോരോദിനമോരോരോ മണ്ഡൂകത്തെ
തന്നുടെ ഗളന്തന്നിൽച്ചുമന്നുകൊണ്ടുപോയി–
ത്തിന്നുതിന്നംഗങ്ങൾക്കു പുഷ്ടിയുമുണ്ടായ്‌വന്നു.
ഇങ്ങനെ പലദിനം കഴിഞ്ഞു; പോയതൊന്നു–
മിങ്ങോട്ടു വരുന്നില്ല; യെന്തുതാനിദമെന്നു
ചിന്തിച്ചു മണ്ഡൂകേന്ദ്രൻ താനുമങ്ങൊരുദിനം
ചന്തത്തിൽ ഫണീശ്വരൻ തന്നുടെ മുതുകേറി.
സന്തുഷ്ടൻ ഫണീശനും കൊണ്ടുപോയിരയാക്കി–
ജ്ജന്തുഹിംസകൻ സുഖിച്ചിങ്ങനെ മേവീടിനാൻ.
എന്നതുകൊണ്ടു ചൊന്നേൻ തന്നുടേ കാര്യത്തിനു
തന്നുടെ രിപുക്കളെ സ്കന്ധത്തിൽ വഹിച്ചീടാം.
കാലദേശാവസ്ഥകളറിഞ്ഞു പ്രവർത്തിച്ചാൽ–
ച്ചാലവേ സമീഹിതം സാധിക്കും സമസ്തവും.
നല്ലതാമൊരുശരം മോചിച്ചാലൊരുത്തനെ–
ക്കൊല്ലുമെന്നതും വരുമില്ലെന്നും വരും താനും.

ബുദ്ധിബാണത്തെ വിട്ടാലായതു ശത്രുകുലം
ശുദ്ധശൂന്യമാക്കീടുമെന്നതു ബോധിക്കേണം.
ബുദ്ധിക്കു വിഭൂഷണം നല്ലതു ശാസ്ത്രജ്ഞാനം.
സിദ്ധിക്കും ശൗര്യാടോപം ധൈര്യമുണ്ടെന്നു വന്നാൽ
തന്നുടെ കാര്യം ലഭിക്കേണമെന്നിച്ഛിക്കുന്നോ-
ർക്കിന്നതേ ചെയ്തീടാവു കാര്യമെന്നുണ്ടാകുമോ?
ഭാരവും ചുമന്നുകൊണ്ടോടുന്നു ശരീരികൾ;
വാരിധി കടക്കുന്നു കപ്പലിലൂടെ ചിലർ;
നീചരെച്ചെന്നു വന്ദിച്ചീടുന്നു മഹാജനം;
യാചനംചെയ്തു പൊറുത്തീടുന്നു ചിലജനം;
ഭോഷ്കുകൾ പറഞ്ഞു ജീവിക്കുന്നു ചിലജനം;
മൗഷ്കര്യംകൊണ്ടു ചിലർ വാസരം കഴിക്കുന്നു.

ഇങ്ങോട്ടു ചതിക്കുന്ന ദുർജ്ജനങ്ങളെ നന്നാ
യങ്ങോട്ടു നശിപ്പിച്ചാൽ ദോഷമില്ലെന്നു കേൾപ്പൂ.
കാട്ടുതീ പിടിപെട്ടു കാനനം ദഹിച്ചാലും
മൂട്ടിലെ വേരു വെന്തുപോകയില്ലതുമൂലം
പിന്നെയും മുളച്ചു പൊങ്ങീടുന്നു മരങ്ങളു-
മെന്നതുകൊണ്ടു മതിയായില്ല വൈരത്തിനു.
ശത്രുശേഷവുമഗ്നിശേഷവുമൃണശേഷം
ഗാത്രജം രോഗശേഷമെന്നിവ നാലും സമം.
അല്പമൊന്നുപേക്ഷിച്ചു പോയിതെന്നാകിൽപ്പിന്നെ
സ്വല്പകാലംകൊണ്ടതു വർദ്ധിച്ചു ബലപ്പെടും.
എന്നതുമൂലമുലൂകങ്ങളെസ്സമൂഹമേ-
യൊന്നുമേശേഷിക്കാതെ സംഹരിച്ചീടും ഞാനും.
ആപത്തു വരുംനേരമാകുലത്വവും വേണ്ട;
സമ്പത്തു വരുന്നേരം സംപ്രഹർഷവും വേണ്ടാ;
ക്രോധവും ദുർബോധവും ലോഭവും ദുർമ്മോഹവും
രോഷവും വിഷാദവുമീവിധങ്ങളും വേണ്ടാ!
സർവവും ക്ഷമിച്ചുകൊണ്ടിരുന്നു പതുക്കവേ
ദുർവിധം നീക്കിക്കാലം സാധുവായ്‌വരുന്നേരം,
സർവകർമ്മങ്ങളെല്ലാം ഫലിക്കും ധീരന്മാർക്കു,
സർവസമ്പത്തും തന്റെ ഹസ്തത്തിൽ വരുമപ്പോൾ.
പ്രാജ്യപൗരുഷനാകും ശ്രീരാമചന്ദ്രനഹോ

രാജ്യവിഭ്രംശേ വനവാസവും ഭവിച്ചില്ലേ?
പഞ്ചപാണ്ഡവന്മാരും നാടുവിട്ടരണ്യത്തിൽ–
സ്സഞ്ചരിച്ചഹോ ബഹുസങ്കടം പ്രാപിച്ചിലേ?
നൈഷധൻ നളൻതാനും ദേവിയെപ്പിരിഞ്ഞഹോ!
വൈഷമ്യം പലതനുഭൂതവാനായീലയോ?
ദുർഘടസ്ഥാനമവർക്കല്ലാർക്കുമൊഴിഞ്ഞപ്പോ–
ളുൽക്കടപ്രകാശവും പ്രാഭവങ്ങളും വന്നു.
എന്നതുകൊണ്ടു മമ സ്വാമിക്കുമനർത്ഥങ്ങൾ
വന്നതു വഴിപോലെയൊഴിഞ്ഞു സമസ്തവും
സന്ധിവിഗ്രഹംകൊണ്ടു ശത്രുസംഹാരം ചെയ്തു
സന്ധിച്ചു സദാനന്ദം സാമ്പ്രതം സുമംഗലം.
ഇങ്ങിനെ ചിരഞ്ജീവിതന്നുടെ ഗിരം കേട്ടു.
തിങ്ങിന സന്തോഷത്താൽ പൂർണ്ണനാം മേഘവർണ്ണൻ
കാകലോകാധിപത്യം പ്രാപിച്ചു ബഹുകാല–
മാകുലം വിനാ വാണു മംഗലം ശുഭം ശുഭം!

**തൃതീയതന്ത്രം സമാപ്തം.**

# ചതുർത്ഥതന്ത്രം ലബ്ധനാശനം

## 1. വനവിടപിയുടെമുകളിൽ മമഹൃദയം

ശുകതരുണി വരിക തവ സുകവിതകൾ കേൾക്കയാൽ
ശുദ്ധമെന്മാനസം മാനനീയാകൃതേ;
ലളിതതരമഭിലഷിതവരമരുളുമീശ്വരൻ.
ലബ്ധനാശാഖ്യമാം തന്ത്രം കഥിക്ക നീ.
സുമതികുലമകുടമണി ധരണിസുരപുംഗവൻ.
സോമശർമ്മാഖ്യൻ പറഞ്ഞു തുടങ്ങിനാൻ,
ധനമപി ച ജനമപി ച നിജകരതലാഗതം
ധർമ്മബുദ്ധ്യാ വെടിഞ്ഞീടുന്ന പൂരുഷൻ
അധികതരമധമനവനവനിപതിബാലരേ!
ആയവൻ വഞ്ചിതനായ്വരും നിർണ്ണയം.
വനനദിയിലിയലുമൊരു വലിയ ജലജന്തുവേ
വഞ്ചനം ചെയ്തുപോൽപ്പണ്ടൊരു വാനരൻ.
അവനിപതിവരനുടയതനയരതി കൗതുകാ-
ലായതു കേൾക്കണമെന്നു ചൊല്ലീടിനാർ.
കനിവിനൊടു ധരണിസുരവരനുമിദമൂചവാൻ:-
കാനനേ പണ്ടൊരു വൃദ്ധനാം വാനരൻ
ചപലബഹുകപികളുടെ നികരമതിൽ നിന്നുടൻ
ചാട്ടം പിഴയ്ക്കയാൽ കൂട്ടം പിരിഞ്ഞുപോയ്
കടലുടയനികടഭുവി വളരുമൊരുദുംബരേ
കായും പറിച്ചുതിന്നങ്ങനെ മേവിനാൻ.
'അതിമധുരമതിസരസമധികതരമോഹനം
അത്തിപ്പഴം ഭക്ഷണത്തിന്നുമുത്തമം'
ഇതി മനസി കുതുകമൊടു മദമുടയ മർക്കടൻ
ഇച്ഛയാ ചാടിത്തകർത്തു തുടങ്ങിനാൻ.
അതു സമയമതിബഹുള ഗുളുഗുളുരവത്തൊടും
അംഭസ്സിലാശു പൊഴിഞ്ഞു ഫലങ്ങളും.
നിഖിലജലപതിതഫലമതു ബത ഭുജിച്ചുടൻ.
ശിംശുമാരാഖ്യൻ ജലജന്തുപുംഗവൻ
അമൃതിനൊടു സദൃശമിതു മമ സതതഭോജനം
അത്രതന്നേ വാസസൗഖ്യമെന്നിങ്ങനെ.

അതികുതുകമകതളിരിലിയലുമഥ ശിംശുമാ–
രാഖ്യനാം ജന്തുരാജാവത്ര മേവിനാൻ.
പരിചിനൊടു പറക മമ കപിവര! തനിക്കെന്തു
പേരെന്നു ചോദിച്ചു ശിംശുമാരൻ മുദാ.
സലിലചര! സരസ! ശൃണു മമ ഖലു ബലിമുഖൻ
എന്നു പേരെന്നു പറഞ്ഞിതു വാനരൻ.
അധികതര കനിവിനൊടു പുനരിരുവരും മുദാ
അന്യോന്യബന്ധുത്വമോടു വാണീടിനാർ
ഭവനമതിൽ മരുവുമഥ ജലചരമഹേന്ദ്രന്റെ
ഭാര്യയാം ശിംശുമാരിക്കഹോ സങ്കടം
അവനുടയ ചരിതമിദമറിവതിനു ദൂതിയെ
ആശു നിയോഗിച്ചു ശിംശുമാരീ തദാ
അവളുമഥ നികടഭുവി കനിവിനൊടു ചെന്നുടൻ
ആലോകനം ചെയ്തു ശിംശുമാരേന്ദ്രനെ
സഖിയുടയ രമണനിവനൊരു കപിവരസ്ത്രിയാ
സാകം രമിച്ചു വാഴുന്നഹോ കശ്മലൻ
ഇതി മനസി കരുതി ബത കുപിതമതി ദൂതിയും
ഇങ്ങോട്ടു വന്നു സഖിയോടു ചൊല്ലിനാൾ:–
സഖിയെ തവ രമണനൊരു വിജനഭുവി വാനരീ–
സംഗമം ചെയ്തു വസിക്കുന്നു സന്തതം.
സഖിയുടയ വചനമിതു സപദി ബത കേൾക്കയാൽ
സന്താപകോപേന ശിംശുമാരീ തദാ
അധികതരപരവശത കലരുമൊരു ഭാവേന
അഭ്യംഗവും തേച്ചുരോഗം നടിച്ചുടൻ
സഖികളുടെ നടുവിലവളവശതരമെത്രയും
സന്താപമോടെ ശയിക്കും ദശാന്തരേ
ശിരസി ബഹുഫലനികരമഴകൊടു വഹിച്ചുടൻ
ശിംശുമാരൻ ചെന്നു ചോദിച്ചു മെല്ലവേ.
മമഹൃദയരമണിയുടെ വിവിശതയിതെന്തഹോ!
മാനിനിമാരേ വിരവോടു ചൊല്ലുവിൻ.
വടിവിനൊടു സഖിയുമഥ വചനമിദമോതിനാൾ.
വല്ലാത്ത രോഗം പിടിപെട്ടു സാമ്പ്രതം
വയമപിച സഖിയുടയ പരവശത കാണ്കയാൽ
വൈദ്യനെക്കൊണ്ടന്നു കാട്ടീ മഹാമതേ!

അവനുടയ വചനമതുമതിവിഷമമായ് വരും;
അങ്ങാടിയിൽപ്പോലുമില്ലാത്തൊരൗഷധം
ഇതിനു പുനരതിവിഹിതമതു ബത ലഭിക്കുമോ?
ഇന്നതെന്നുള്ളതു ചൊല്ലാം മഹൗഷധം
കപിയുടെയ ഹൃദയമതിനുചിതതരമൗഷധം.
കല്പിച്ചു വൈദ്യൻ കഷായത്തിനിങ്ങനെ.
അതിവിഷമമതു കിമപി വിരവൊടു ലഭിച്ചെങ്കിൽ
അപ്പൊഴേ രോഗം ശമിക്കുമെന്നുക്തവാൻ.
സഖിയുടെയ കപടമൊഴി വടിവിനൊടു കേട്ടുടൻ
സഞ്ചിന്തനം ചെയ്തു ശിംശുമാരൻ തദാ
അപരമൊരു കപിഹൃദയമതിനു നഹി ബലിവദന
നല്ലാതെ മറ്റൊരു മർക്കടൻ നാസ്തി മേ
അവനുടയ നിധനമതു ശിവ ശിവ മഹാകഷ്ടം!
അത്യന്തബന്ധു മേ ശുദ്ധൻ ബലിമുഖൻ
തരുണിയുടെ തനുവിനകളൊഴിവതിനുവേണ്ടീട്ടു
തന്നുടെ ബന്ധുവെക്കൊല്ലുന്നതെത്രയും
അധമമൊരു വിധമധികദുരിതഫലമെങ്കിലും
ആയതു ചെയ്കെന്നു വന്നുകൂടി ദൃഢം.
മികവിനൊടു മനസി സഖമുതകിന കളത്രവും,
മിത്രവും തമ്മിൽ വിശേഷമുണ്ടായ്വരും.
നിജതരുണിയുടെയപഹരണമതു നിമിത്തമായ്
നിഗ്രഹിപ്പിച്ചു സുഗ്രീവനും ബാലിയെ
പ്രണയിനിയിലനിശമൊരു കനിവുടയ പൂരുഷൻ
പ്രാണിഹിംസയ്ക്കു മടിക്കയില്ലേതുമേ.
ഇതി മനസി കരുതി ജളകുമതി ജലജന്തുത
ന്നിഷ്ടനാം കീശനെ പ്രാപിച്ചു മെല്ലവേ,
കപിവരനുമവനുടയ വരവുമവലോകയൻ
കല്യാണവാർത്തയും ചോദിച്ചു സാദരം
ജലചരനുമവൊടഥ കപടമിദമൂചിവാൻ:–
ജന്തുക്കൾ ബന്ധുക്കളന്യോന്യമിങ്ങനെ
വിധിവിഹിതമവനധികസുഖസഖിസമാഗമം
വേർപെടുന്നേരം മഹാദുഃഖമായ്വരും.
മമ തരുണിയുടെ മതിയിലധികതരമാഗ്രഹം
മർക്കടാധീശ്വരാ! നിൻമുഖം കാണുവാൻ.

വരിക മമ വപുഷി ഖലു സുഖമൊടു വസിക്ക നീ;
വാനരാ! നിന്നെ വഹിക്കുന്നതുണ്ടു ഞാൻ
മമ ഭവനമപി ച മമ കമനിയുടെ രൂപവും
മാനിച്ചു കണ്ടുപോരേണം സഖേ! ഭവാൻ.
പരിചിനൊടു കപിവരനുമുപരി ജലജന്തുതൻ–
പൃഷ്ഠേ കരേറി വസിച്ചോരനന്തരം.
നിജവപുഷി കപിവരനെ വിരവൊടു വഹിച്ചുടൻ
നീന്തിത്തിരിച്ചിതു ശിംശുമാരൻ തദാ,
കപിവരനുമവനൊടഥ കിമപി ഗിരമൂചിവാൻ:–
കാന്തയ്ക്കു സൗഖ്യമോ? ശിംശുമാരാ സഖേ!
കപടമതി ജലചരനുമവനൊടു കഥിച്ചു മേ
കാന്തയ്ക്കു ദേഹസൗഖ്യം നാസ്തി വാനരാ!
ഉദരമതിലതികഠിനമനിശമൊരു വേദന;
ഊണുമില്ലിപ്പോളുറക്കവുമില്ലഹോ!
അതിനു ചിലപൊടികളഥ ഗുളികകൾ കഷായമോ
ആശു വൈദ്യന്മാർ വിധിച്ചില്ലയോ സഖേ!
അതിവിഷമമതിനുടയശമനതരമൗഷധം
അങ്ങാടിതന്നിലും കിട്ടാത്ത സാധനം.
കപിയുടയ ഹൃദയപലലമൊരു പലമശിക്കാതെ
കായരോഗം ശമിക്കില്ലപോൽ വാനരാ!
സഖിയുടെയവചനമിതി സപദി ബത കേൾക്കയാൽ
സാരം ഗ്രഹിച്ചു വിചാരിച്ചു വാനരൻ.
ശിവനുടെയ ചരണമിഹ ശരണമധുനാ ശഠൻ
ശിംശുമാരൻ ചതിപ്പാൻ തുടങ്ങുന്നു മാം.
അപരനൊരു കപിയുമിഹ നഹി മമ വധം നൂന–
മാഗതം ദൈവമേ കാത്തുകൊള്ളേണമേ.
ഇവനുടെയ ഹൃദയമതികഠിനമിതി ഹന്ത ഞാ–
നിത്രനാളും ഗ്രഹിക്കാതെ പോയെന്തഹോ!
വിപിനഭുവി തപമിയലുമൃഷികളെയുമാർക്കുമേ
വിശ്വസിപ്പാൻ മേല പിന്നെയെന്തന്യനെ?
കരളിടയിലധികശമഗുണമുടയമർത്ത്യനു
കാനനം വേണമെന്നുണ്ടോ തപസ്സിനു?
നിജഭവനമതിലുമിഹ നിയമഗുണമുള്ളവർ
നിത്യം ഭജിച്ചു മോക്ഷം വരുത്തീടുവോൻ.

ഹൃദയമതിലമിതഗുണമതു കിമപി നാസ്തിയാ-
മിദ്ദേഹമെത്രയും മൂഢൻ മഹാജളൻ.
മമ മനസി കപടമതു നഹി നഹി കിനാവിലും;
മത്സ്വാമി നമ്മെച്ചതിക്കയില്ലീശ്വരൻ.
ഒരു കപടമിവനൊടിഹ കിമപി കഥയാമി ഞാ
നോർത്തുകൊണ്ടേവം പറഞ്ഞു ബലീമുഖൻ:-
കമനിയുടെ ഗദമതിനു കപിഹൃദയമൗഷധം
കല്പിതം മുന്നമേ ചൊല്ലാഞ്ഞതെന്തെടോ?
വനവിടപിയുടെ മുകളിൽ മമ ഹൃദയമങ്ങു ഞാൻ
വച്ചേച്ചുപോന്നു; ഞാനെന്തു ചെയ്യാമിനി?
പ്രഥമമിതു കിമപി മമ നഹി കഥിതമെങ്കിലും
പ്രസ്ഥാനകാലത്തുമെന്തു ചൊല്ലാഞ്ഞു നീ?
കപിയുടെയ കപടമൊഴി കനിവിനൊടു കേട്ടവൻ
കാര്യമെന്നോർത്തു മഹാജളൻ ചൊല്ലിനാൻ.
അതിസുഭഗ കപിവൃഷഭ! തവ ഹൃദയമത്തിമേ
ലങ്ങു വച്ചേച്ചു പോന്നെങ്കിലങ്ങോട്ടുതാൻ
വരവിനൊടു ഗമനമിഹ സമുചിതമയേ സഖേ!
വിക്രമാംഭോധേ! തിരിച്ചു നാം പോകെടോ!
അഥ സപദി പുനരപിച കടലുടെ തടേ നില്ക്കു-
മത്തിമേൽച്ചെന്നു കരേറി കപീന്ദ്രനും,
ബലിവദന! ഝടിതി തവ ഹൃദയമതുകൊണ്ടു നീ
വന്നാലുമെന്നുരചെയ്തു ജലചരൻ
നിപുണമതി കപിവരനുമവനൊടിദമൂചിവാൻ:-
നിന്നെക്കണക്കേ മഹാഭോഷനല്ല ഞാൻ;
ഗഹനഭുവി പുനരപി ച ഗമനമതുകാരണം
ഗർദ്ദഭത്തെപ്പോലെ ചാകയില്ലേഷ ഞാൻ.
അതു കഥയ കനിവൊടിതി ജലചരനുമൂചിവാൻ.
അക്കഥ കേട്ടലുമെന്നു കപീശ്വരൻ

## 2. ശിവശിവ! കിമിതി വദതി ചപലഹൃദയൻ ഭവാൻ?

ഗഹനഭുവി മരുവുമൊരു ഗജരിപു മൃഗാധിപൻ

ഗോമായുവാം തന്റെ ഭൃത്യനോടുക്തവാൻ
കുരു കിമപി മമ രുചിതമതി ചതുരജംബുകാ!
ഗർദ്ദഭത്തെക്കൊന്നു തന്നേ ശമം വരൂ.
കഴുതയുടെ രുദിതമിഹ വനഭുവി നമുക്കഹോ!
കാണ്മാനുമില്ല കേൾപ്പാനുമില്ലെങ്ങുമേ.
വരികരികിലയി സുഭഗ! കഴുതയുടെ മാംസത്തെ
വല്ലേടവും ചെന്നു കൊണ്ടുവാ നീ സഖേ!
ഹരിവരനെ നിമിഷമൊടു തൊഴുതഥ സൃഗാലവു–
മങ്ങാടിയിൽച്ചെന്നു രാത്രികാലേ മുദാ
രജകനുടെ കഴുതയൊടു രഹസി ഗിരമൂചിവാൻ:–
രാജസേവയ്ക്കു മോഹം നിനക്കില്ലയോ?
രജകനുടെ വസനഭരമനവധി വഹിച്ചു നീ
രാപകൽ ദുഃഖിക്കവേണ്ടെടോ രാസഭാ!
ഭയരഹിതമിഹ വരിക ഹരിനൃപതിസന്നിധൗ
ഭക്ഷണത്തിന്നെത്ര സൗഖ്യം ദിനേ ദിനേ?
അശനമപി വസനമപി സകലമിഹ സാധിക്കു–
മത്രമാത്രം കൈക്കലുണ്ടായ്‌വരും ക്രമാൽ
അവനുടയ ചതിവചനമതിജളതകൊണ്ടുട–
നങ്ങനെയെന്നു പുറപ്പെട്ടു ഗർദ്ദഭം
കുടിലമതി കുറുനരിയുമതിജളനെ വൈകാതെ
കൂട്ടിച്ചുകൊണ്ടങ്ങു ചെന്നുകൂപ്പിടിനാൻ.
അതിമുദിതഹൃദയനഥ മൃഗപതിയുമാദരാ–
ലത്താഴമൂണിന്നു കൊള്ളാമെനിക്കിവൻ:
സരസതരമിതി കരുതി മനസി മൃഗപുംഗവൻ
സന്ധ്യാനിയമം കഴിപ്പാൻ ഗമിച്ചിതു.
അതുസമയമതുലഭയതരളഗതി ഗർദ്ദഭ–
മാരും ഗ്രഹിയാതൊളിച്ചുമണ്ടീടിനാൻ.
കഴുതയുടെ ഗമനമതു വിരവൊടു ഗ്രഹിക്കയാൽ
കണ്ഠീരവേന്ദ്രനും കുണ്ഠിതം പൂണ്ടിതു.
അതിചപലനവ,നവനെയിനിയുടനൊരിക്കൽ നീ
യാഗമിപ്പിക്കെന്നയച്ചു ക്രോഷ്ടാവിനെ.
പുനരപി ച കഴുതയുടെ നികടഭുവി ചെന്നവൻ
പുത്രാ! വരികെന്നനുവദിച്ചീടിനാൻ
ഗതസുകൃതനതിവികൃതദുരിതനിധിയാകയാൽ

ഗർദ്ദഭഗർഭേ പിറന്നു നീയർഭക!
രജകനുടെ വിടുപണിയുമുടയ വിടുഭോഷനു
രാജസേവാരസജ്ഞാനമില്ലാ ദൃഢം.
വിപിനതലമതിലധികമനവധിസുഖം സഖേ!
വിശ്വാസവഞ്ചനം സിംഹത്തിനില്ലെടോ!
കിമപി സുഖമറിവതിനു മതി ബത നിനക്കില്ല.
കിം കാരണം നീയൊളിച്ചു പോന്നൂ വൃഥാ?
കഴുത പുനരവനൊടൊരുവചനമഥ ചൊല്ലിനാൻ:-
കശ്മലൻ നമ്മെക്കടിച്ചുതിന്നു ശഠൻ.
കരിവികരരിപുവിനുടെ കണ്ണുമദ്ദംഷ്ട്രവും
കണ്ടുപേടിച്ചു ഞാൻ മണ്ടീ സൃഗാലക!
ശിവശിവ! കിമിതി ചപലതരളഹൃദയൻ ഭവാൻ
ശീലം ഗ്രഹിക്കാതെ ശങ്കിച്ചതെന്തഹോ!
ഗുരുവിനയനയജലധിഗുണഗണമഹത്തരൻ
ഗോബ്രാഹ്മണപ്രിയൻ ഗോമായുസേവിതൻ
സകലജനഹിതകരണനിപുണമതിനീതിമാൻ
സർവദാ സൗമ്യൻ മൃഗാധിരാജൻ സഖേ!
അമലഗുണനവനപി ച വിരവൊടു ഭവാനെവ-
ന്നാലിംഗനം ചെയ്‌വതിന്നു ഭാവിച്ചിതു
കുശലമതു പറവതിനു തുനിയുമളവേഷ നീ
കൊല്ലുവാനെന്നു ശങ്കിച്ചുപോയീ വൃഥാ.
മഹിതഗുണമുടയ തവ കുലമഹിമ കേട്ടു ഞാൻ
മർക്കടപ്പെണ്ണിന്റെ വേളിക്കു പാടുവാൻ
കഴുതകളിലഴകുടയ പരിഷ പലതുണ്ടുപോൽ;
കള്ളമല്ലിങ്ങനെ നിങ്ങടെ വൈഭവം.
നലമുടയകുലമിയലുമതിസുഭഗ നിന്നുടെ
നാദങ്ങൾ കേൾക്കാൻ കൊതിക്കുന്നു തമ്പുരാൻ.
നിഖിലവനമൃഗനികരമതികുതുകമോടഹോ!
നിന്മുഖം കാണ്മാൻ കൊതിച്ചുവന്നൂ തദാ
ചലഹൃദയനതു പൊഴുതിലതിഭയമിയന്നു നീ
ചാടിയോടിപ്പോന്നതെന്തൊരു സാഹസം?
ഇഹ ജഗതി വൃഷലികടെ തുണികഖിലം ചുമ-
ന്നിങ്ങനെ കാലം കഴിക്കുന്നതെന്തെടോ?
ഇതി കപടപടുവിനുടെ പടുമൊഴികൾ കേൾക്കയാ

ലിന്നിയും പോകെന്നുറച്ചിതു ഗർദ്ദഭം.
പുനരപിച വിപിനഭുവി ഹരിണരിപുസന്നിധൗ
പുണ്യഹീനൻ ചെവികൂപ്പി നിന്നീടിനാൻ
മൃഗപതിയുമതിരഭസമവനെ നിഹനിച്ചങ്ങു
മൃത്യുലോകത്തേക്കയച്ചാനസംശയം.

നിഭൃതമഥ ഹരിണരിപു കുറുനരിയൊടുചിവാൻ:–
നിത്യകർമ്മം കഴിച്ചാശുവരുന്നു ഞാൻ.
അതിനിടയിലപരമൃഗമിതുബത ഭുജിക്കാതെ–
യാമിഷം സൂക്ഷിച്ചു നില്ലു നീ ജംബുക!
നിജസചിവനൊടു സരസമിതി കില പറഞ്ഞുടൻ
നിത്യകർമ്മത്തിനു പോയി സിംഹേന്ദ്രനും.
തദനു ഹതകഴുതയുടെ ഹൃദയമഥ കണ്ഠവും
താനങ്ങു ഭക്ഷിച്ചു ഗോമായു തസ്കരൻ.
നിയമവിധി വിധിവദഥ വിരവൊടു കഴിച്ചവൻ
നിക്ഷേപഭക്ഷണത്തിന്നു വന്നൂ ഹരി.
ഇതിനുടയഹൃദയമപി ഗളമപി കുതസ്സഖേ!
ഇങ്ങനെ ചോദിച്ചു കേസരീന്ദ്രൻ തദാ.
ഹൃദയഗളയുഗളമപി നഹി നഹി മഹാരാജൻ
ഇക്കഴുതയ്ക്കെന്നു ഗോമായു ചൊല്ലിനാൻ.
ഗജരിപുവുമതിനിഭൃതമവസദതുകാരണം;
ഗർദ്ദഭമല്ല ഞാനെന്നു ചൊന്നേനഹം
ശൃണു കുടില ചടുല തവ ഹിതമിതു വൃഥാഫലം
ശിംശുമാരാധമാ പൊയ്ക്കൊൾകെടോ ഭവാൻ.
ലഘുതവരുമളവു കപിവചനമതു കേട്ടുടൻ
ലബ്ധനാശാതുരൻ ശിംശുമാരൻ യയൗ
ലളിതതരചരിതമിതു നരവരകുമാരരേ!
ലബ്ധനാശാഖ്യമാം തന്ത്രം ശുഭം ശുഭം.

ചതുർത്ഥതന്ത്രം സമാപ്തം[2]

[2] സംസ്കൃതം പഞ്ചതന്ത്രത്തിൽ ശിംശുമാരനും കുരങ്ങും പത്തിലധികം കഥകൾ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഒരു ശ്ലോകം ഇവിടെ ചേർക്കുന്നു.
ഉപകാരിഷു യഃ സാധുഃ സാധുത്വേ തസ്യ കോ ഗുണഃ?
അപകാരിഷു യഃ സാധുഃ സഃ സാധുഃ സദ്ഭിരുച്യതേ

# പഞ്ചമതന്ത്രം അസംപ്രേക്ഷ്യകാരിത്വം
## (ആലോചന കൂടാതുള്ള പ്രവൃത്തി)

## 1. അന്തണശ്രേഷ്ഠനു കീരിമൂലം യഥാ

ശാരികപ്പൈതലേ! പഞ്ചമതന്ത്രവും
പാരാതെ ചൊൽക നീ പാരമുണ്ടാഗ്രഹം
ചതുരതരമധുരമൊഴി കിളിമകളുമാദരാൽ
ചൊന്നാളസമ്പ്രേക്ഷ്യകാരിത്വതന്ത്രവും
സോമശർമ്മാദ്വിജൻ ഭൂപാലപുത്രരോ-
ടാമോദമോടെ പറഞ്ഞുതുടങ്ങിനാൻ
യാതൊരു പൂരുഷൻ തത്വം ഗ്രഹിക്കാതെ
ജാതരോഷം പ്രവർത്തിക്കുന്നു ഭൂതലേ,
അവനു പുനരുപരി വരുമധിക പരിതാപവു-
മന്തണശ്രേഷ്ഠനു കീരിമൂലം യഥാ.
അക്കഥ കേൾക്കണമെന്നു ഭൂപാലന്റെ
മക്കൾ ചോദിച്ചു; പറഞ്ഞു മഹീസുരൻ.

'അപരീക്ഷ്യ ന കർത്തവ്യം
കർത്തവ്യം സുപരീക്ഷിതം;
പശ്ചാദ് ഭവതി സന്താപോ
ബ്രാഹ്മണ്യാ നകുലാദ്യഥാ'

ഗൗഡദേശേ ദേവശർമ്മനെന്നെത്രയും
പ്രൗഢനാം ബ്രാഹ്മണശ്രേഷ്ഠനുണ്ടായിപോൽ.
യമനിയമഗുണമുടയ ധരിണിസുരനാഥനും
യജ്ഞസേനാഖ്യയാം പത്നിയും ജാതയായ്.
ഭാര്യയ്ക്കു ഗർഭം പതുക്കെത്തികഞ്ഞിതു
ഭർത്താവു മോദാൽപ്പറഞ്ഞു മനോരഥം.
ഉഭയകുലശുഭകരണനിപുണനൊരുനന്ദന-
നൂനം വരാതെ ജനിക്കും നമുക്കെടോ.
അന്തണസ്ത്രീയും പറഞ്ഞു മനോരഥം:-

സന്തതിക്കാകാ സദാനന്ദഭൂസുര!
ഉപരിവരുമധികതരവിഭവശതമാഗ്രഹി
ച്ചുക്തി ഘോഷിക്കുന്നു ദുർമ്മോഹി പൂരുഷൻ
സോമശർമ്മാവിന്റെ പിതാവിനെപ്പോലവൻ
ഭൂമിയിൽ ഖേദിച്ചു മേവുമാറായ്‌വരും
കഥയ മമ കമലമുഖി! കഥമിതി മഹീസുരൻ
കാർമുകിൽവേണി കഥിച്ചു തുടങ്ങിനാൾ:

## 2. മനോരാജ്യം ഏറെ തുടങ്ങരുത്

പണ്ടൊരു ഭൂസുരബ്രഹ്മചാരീ സുഖം–
പൂണ്ടൊരു വിപ്രന്റെ മന്ദിരം പുക്കുടൻ
ശ്രാദ്ധം ഭുജിച്ചു മലർപ്പൊടി ദക്ഷിണ
മാത്രം ലഭിച്ച മൺപാത്രത്തിലാക്കിനാൻ
തവിടുപൊടി വടിവിനൊടു ഘടമതിൽ നിറച്ചുടൻ
താനേ തലയിൽച്ചുമന്നു നടന്നിതു.
മാർഗ്ഗേ മനോരാജ്യമോരോന്നു ചിന്തിച്ചു
മാനവൻ മെല്ലേ നടന്നു തുടങ്ങിനാൻ
ആപണേ ചെന്നു മലർപ്പൊടി വിറ്റു പെ–
ണ്ണാടിനെ മേടിച്ചുകൊണ്ടുപോയങ്ങു ഞാൻ
സാദരം നന്നായ് വളർത്തുകൊണ്ടീടുവൻ.
സംവത്സരത്തിലീരണ്ടു ശിശുക്കളെ
സ്സംഭവിപ്പിക്കുമിപ്പെണ്ണാടുമിങ്ങനെ
ആട്ടിൻകിടാങ്ങളെ വിറ്റു പശുവിനെ–
പ്പാട്ടിൽ നമുക്കൊന്നു മേടിക്കണം ദൃഢം.
പശുവിനൊരുശിശു ഭവതി ശിശുവിനു ശിശുക്കളും
പാരാതെ നാലഞ്ചു കാളക്കിടാങ്ങളും,
അങ്ങിനെ വാണാൽ കൃഷി തുടങ്ങാനുള്ള
സംഗതിവന്നുഭവിക്കും നമുക്കിനി.
നല്ലകണ്ടത്തിൽ കൃഷിചെയ്തുകൊണ്ടു ഞാൻ
നെല്ലും വളരെ സ്വരൂപിച്ചനന്തരം;
ഇരവുപകലധികതരസുഖമൊടു വസിക്കയും
ഇല്ലവും പുത്തനായിപ്പണിയിക്കയും
നല്ലൊരു പെണ്ണിനെ വേളികഴിക്കയു–

മില്ലത്തു മെല്ലെക്കുടിവെച്ചു കൊൾകയും;
ഇപ്രകാരം രമിക്കുംവിധൗ ഭാര്യക്കു
ഗർഭകുണ്ടാകും പ്രസവിക്കുമുണ്ണിയെ;
സുതനുടയജനനമതിശുഭകരമവന്നു ഞാൻ
സോമശർമ്മാവെന്നു പേരിട്ടുകൊള്ളുവാൻ.
അക്കാലമുണ്ണിയെ നോക്കാതെ മാതാവു
പയ്ക്കുറപ്പാനങ്ങു പൊയ്ക്കളഞ്ഞാകിൽ ഞാൻ
കോപിച്ചു കോൽകൊണ്ടു താഡനം കൂട്ടുവൻ
ഗോശാലയിൽച്ചെന്നകത്തു പുക്കീടിലും
പൊണ്ണനീവണ്ണം മനോരഥം ചിന്തിച്ചു
ദണ്ഡുകൊണ്ടൊന്നങ്ങടിച്ചു കുംഭോദരേ;
മൺകുടം പൊട്ടിത്തകർന്നു മലർപ്പൊടി
അടിമുടികൾ മുഴുവനഥ വെളുവെളെയണിഞ്ഞുകൊ
ണ്ടങ്ങനെ ചെന്നു ഗൃഹം പുക്കു വാണവൻ.
എന്നതുകൊണ്ടു പറഞ്ഞു മനോരാജ്യ–
മേറെത്തുടങ്ങരുതെന്നു ഞാൻ ബ്രാഹ്മണാ!

അഞ്ചാറുമാസം കഴിഞ്ഞനാ–
ളഞ്ചാതെ പെറ്റു കുമാരനുണ്ടായിതു;
നളിനമുഖി കനിവിനൊടു ദശമിദിവസോദയേ
സ്നാനത്തിനായിപ്പുറപ്പെട്ടു മെല്ലവേ,
പുത്രനെസ്സൂക്ഷിച്ചു തത്ര പാർത്തീടുവാൻ
ഭർത്താവിനെപ്പറഞ്ഞാക്കിഗ്ഗമിച്ചിതു.
അന്നേരമാശു രാജാവിന്റെ ദൂതനും
വന്നു ഗൃഹസ്ഥദ്വിജനോടു ചൊല്ലിനാൻ
ഇന്നങ്ങമാവാസ്യ കാൽകഴുകിബ്ഭുജി–
ക്കുന്നവർക്കീരണ്ടുരൂപാ പ്രതിഗ്രഹം
വെക്കം വരേണമെന്നിങ്ങനെ തമ്പുരാൻ
തൃക്കൺമുനകൊണ്ടു കല്പിച്ചയച്ചു മാം
ഇതി നൃപതിഭടനുടയ വചനമതു കേട്ടുട–
നിഷ്ടനാം പുത്രനെക്കാത്തു വാണീടുവാ–
നെത്രയും വിശ്വാസമുള്ളോരു കീരിയെ–
ത്തത്ര പാർപ്പിച്ചു ഗമിച്ചു മഹീസുരൻ.
ഉണ്ണിയെനോക്കിസ്സമീപേ നകുലവും

കണ്ണടയാതങ്ങു പാർക്കും ദശാന്തരേ
ശിശുവിനുടെ നികടഭുവി വലിയൊരു ഭുജംഗമം
ശീഘ്രം വരുന്നതും കണ്ടൊരു കീരിയും
സത്വരം ചെന്നുടൻ നാലഞ്ചുഖണ്ഡിച്ചു
രക്തവും മെയ്യിലണിഞ്ഞു പാർത്തീടിനാൻ.
ശ്രാദ്ധം കഴിഞ്ഞു വരുന്നോരു വിപ്രന്റെ
കാൽത്തളിർചെന്നു വണങ്ങി നകുലവും
കീരിതൻ മേനിയിൽ ചോരകണ്ടപ്പൊഴേ
പാരം കയർത്തു വിചാരമില്ലാത്തവൻ
അതിചപലമതി നകുലമഹഹ മമ പുത്രന്റെ–
യംഗംമുറിച്ചു ഭുജിച്ചു മഹാശഠൻ
എന്നു കല്പിച്ചു തടിക്കൊണ്ടടിച്ചാശു
കൊന്നാനസംപ്രേക്ഷ്യകാരി നകുലത്തെ.
ചെന്നങ്ങകം പുക്കു നോക്കുന്ന നേരത്തു
നന്ദനൻ കൈകാൽ കുടഞ്ഞു ക്രീഡിക്കുന്നു,
സർപ്പഖണ്ഡങ്ങളും കണ്ടാൻ സമീപത്തു;
വിപ്രനും പാരം വിഷാദിച്ചു നിന്നിതു.
ഉരഗതനു വിരവിനൊടു വിശകലിതമാക്കിയെ
ന്നുണ്ണിയെപ്പാലനം ചെയ്തൊരു കീരിയെ
യഷ്ടികൊണ്ടാശു വധിച്ചൊരു നമ്മുടെ
ചേഷ്ടിതമെത്രയും കഷ്ടം ശിവ! ശിവ!
അന്നേരമമ്മയും വന്നു ചോദിച്ചു പൊ–
ന്നുണ്ണിക്കുതുല്യനാം കീരിക്കുമാരനെ
അതികുടിലചപലമതി മനുജവരനാരുവാ–
നയ്യോ ശിവ! ശിവ! തല്ലിവധിച്ചതും?
എത്രയും പാരം വിഷണ്ണനാം വിപ്രനും
വൃത്താന്തമെല്ലാം പറഞ്ഞറിയിച്ചിതു
ബ്രാഹ്മിണിതാനും പറഞ്ഞിതു സാഹസം
ബ്രാഹ്മണ! നിങ്ങൾക്കു വേണ്ടുന്നതല്ലിതു;
കണ്ടതും കേട്ടതുമൊക്കെ പ്രമാണമായ്
കൊണ്ടുവിചാരവും കൂടാതെ ചെയ്വവൻ
പണ്ടൊരു മൂഢക്ഷുരകനു വന്നൊരു
ചെണ്ടത്വമെന്നതു പോലെ തരം കെടും.
അതുപറക വിരവിലിതി ധരണിസുരനൂചിവാ–

നായതു കേട്ടലുമെന്നു തത്ഭാര്യയും

## 3. ദ്രവ്യമില്ലാഞ്ഞു ദുഃഖിക്കവേണ്ടാ ഭവാൻ

ഉണ്ടായി പണ്ടൊരു ചെട്ടിക്കുമാരക-
നുണ്ടായനാളേ ജനനി മരിച്ചിതു.
അച്ഛനുമില്ലൊരു ബന്ധുക്കളുമില്ല;
ചാർച്ചയും ചേർച്ചയും വേഴ്ചയുമില്ലഹോ!
മാതാവുതന്നുടെ ദാസി മുലകൊടു
ത്തേതാവതാ വളർത്തീടിനാൾ ബാലനെ.
ദാരിദ്ര്യദുഃഖവും പാരം, പഴംകഞ്ഞി
കോരിക്കുടിച്ചുകഴിയുന്നു വാസരം.
സ്വജനധനരഹിതനവനൊരുദിനമെദൃച്ഛയാ
സ്വപ്നത്തിലേകനെക്കണ്ടു വരുന്നതു.
ദിവ്യപുമാനവൻ ബാലനോടൂചിവാൻ:
ദ്രവ്യമില്ലാഞ്ഞു ദുഃഖിക്കവേണ്ടാ ഭവാൻ,
കാലത്തെഴുനേറ്റു കാലും വദനവും
ചാലവേ ശുദ്ധി വരുത്തി വസിക്ക നീ
മഹിതഗുണഗണമുടയയതികളിഹ മൂന്നുപേർ
മദ്ധ്യാഹ്നകാലേ വരുവോർ തവാന്തികേ.
ഭിക്ഷുക്കൾ മൂവരും വന്നാലവരെ നീ
തൽക്ഷണം കോൽ കൊണ്ടടിച്ചു കൊന്നീടുക.
ഭിക്ഷുക്കൾ മൂവരുമന്നേരമേ മൂന്നു
നിക്ഷേപകുംഭങ്ങളായ്പ്പിറന്നീടുമേ.
നിയതമിതി പുരുഷവരനരുളി ഗതവാനസൗ
നിദ്രാവസാനേ വിധവാകുമാരകൻ
പാരാതെ കാലത്തെഴുനേറ്റു സത്വരം
ക്ഷൗരാദിശുദ്ധിവരുത്തിക്കുളിച്ചുടൻ
സപദി നിജനിലയമതിലവികലമിരുന്നാശു
സന്യാസിമാരെ പ്രതീക്ഷിച്ചു മേവിനാൻ
മധ്യാഹ്നകാലത്തു മൂന്നു സന്യാസിമാർ
മാധ്യംദിനസ്നാനമാചരിച്ചഞ്ജസാ
വന്നു വണിക്കിന്റെ മുറ്റത്തിരുന്നിതു;
വന്ദനം ചെയ്തു വണിക്കും പതുക്കവേ

കണ്ണുമടച്ചങ്ങിരിക്കും യതികളെ
ദണ്ഡുമെടുത്തങ്ങടിച്ചു മടിയാതെ
നിമിഷമഥ യതികളവരനഘകനകാഞ്ചിതം
നിക്ഷേപകുംഭങ്ങളായ്ത്തീർന്നു മൂവരും
പൊന്നും പണങ്ങളും സംപൂർണ്ണമായുള്ള
പൊന്നും കുടങ്ങളെക്കണ്ടു വണിഗ്വരൻ
ചെന്നുവലംവെച്ചു വന്ദിച്ചെടുത്തങ്ങു
തന്നുടെ ഭണ്ഡാരഗേഹത്തിലാക്കിനാൻ.
ക്ഷൗരകത്തിന്നൊരു പൊന്നുരൂപാ കൊടു-
ത്താരും ഗ്രഹിക്കാതെയങ്ങയച്ചീടിനാൻ.
നവകനകഘടജനനചരിതമതു കണ്ടുടൻ
നാപിതന്മാനസേ വിസ്മയിച്ചീടിനാൻ.
സന്യാസിമാർകളെത്തച്ചു കൊന്നാലുടൻ
സന്യാസകുംഭങ്ങൾ സംഭവിച്ചീടുമെ
ന്നിത്രനാളും ഗ്രഹിച്ചില്ലഹോ ഞാനിനി-
ത്തത്രകണ്ടീടുന്ന ഭിക്ഷുക്കളെത്തല്ലി
നിഗ്രഹിച്ചുംകൊണ്ടു നിക്ഷേപകുംഭം പ-
രിഗ്രഹിച്ചീടുന്നതുണ്ടെന്നുറച്ചവൻ
നിജഭവനനികടഭുവി വിരവിനൊടു ചെന്നുടൻ
നിന്നു ഭിക്ഷുക്കളെപ്പാർത്തു വാണീടിനാൻ.
ദണ്ഡും കഷായവസ്ത്രങ്ങളും നെറ്റിമേൽ
മണ്ണുകൊണ്ടുള്ള കുറികളും കുണ്ഡിയും,
മുണ്ഡിതമാകും ശിരസ്സും ധരിച്ചുള്ള
പണ്ഡിതന്മാർ മൂന്നു ഭിക്ഷുക്കൾ വന്നിതു.
ക്ഷുരകനതുപൊഴുതു നിജപുരമുറിയിൽ നിന്നുടൻ
ക്ഷുദ്രന്മഹാമൂഢനോടിവന്നീടിനാൻ.
സന്ന്യാസിമാരെ പ്രഹരിപ്പതിന്നുള്ള
സന്നാഹവും കൂട്ടിപ്പാഞ്ഞടുക്കും വിധൗ,
പേടിച്ചു മണ്ടുന്ന ഭിക്ഷുക്കളെച്ചെന്നു
താഡിച്ചു കോൽകൊണ്ടു നാപിതൻ കശ്മലൻ
ഹാഹാ മഹാരാജാ! രക്ഷിക്ക രക്ഷിക്ക.
ഹാഹാ മഹാദേവ! പാഹിമാം പാഹിമാം.
രഘുതനയ! യദുതനയ! മധുമഥന! മാധവ!
രക്ഷിക്ക രക്ഷിക്ക ഭിക്ഷുക്കളെ വിഭോ!

ഇത്ഥം മുറവിളി കേട്ടു ഭൂപാലന്റെ
ഭൃത്യപ്രധാനികൾ മണ്ടിവന്നീടിനാർ.
മൂർഖക്ഷുരകനെച്ചെന്നു പിടിപെട്ടു
മൂക്കും ചെവികളും ചെത്തിഗ്ഗദകൊണ്ടു
താഡിച്ചു പല്ലും തകർത്തുടൻ തീവച്ചു
താടിയും മീശയും ചുട്ടുകരിച്ചുകൊ–
ണ്ടാരോഹണാഗ്രേ കിടത്തിത്തിരിച്ചുവ–
ന്നാരോമൽ വന്ദനം ചെയ്തു യതികളെ.
ഇതി വിപദി പതനമതു വിധിവിഹിതമിദ്ദോഷ–
മെല്ലാമസംപ്രേക്ഷ്യകാരിത്വകാരണം.
മറ്റുമൊരുത്തൻ പ്രവർത്തിച്ചതിനെന്തു–
മൂലമെന്നുള്ള വിചാരവും കൂടാതെ;
മറ്റവൻ കൂടെ പ്രവർത്തിക്കിലിങ്ങനെ
കുറ്റം ഭവിക്കുമെന്നോർത്തു കണ്ടീടുവിൻ.
മിത്രഭേദം സുഹൃല്ലാഭം പുനസ്സന്ധി–
വിഗ്രഹം ലബ്ധനാശം തഥാസംപ്രേക്ഷ്യ–
കാരിത്വമിങ്ങനെ പഞ്ചതന്ത്രങ്ങൾ വി–
ചാരിച്ചു ബുദ്ധിക്കു ശുദ്ധിവരുത്തുവിൻ.
പരമഗുണഗണമുടയ നരപതി സുദർശനൻ
പാടലീപുത്രഗേഹത്തിന്നധീശ്വരൻ
നിങ്ങടെ താതൻ നിലിംപരാജോപമൻ
മംഗലാകാരൻ മഹീപാലശേഖരൻ
നിങ്ങൾക്കു നീതിശാസ്ത്രത്തെ ഗ്രഹിപ്പിച്ചു,
നിർമ്മലജ്ഞാനമുണ്ടാക്കുവാൻ നമ്മോടു
കല്പിച്ചതൊക്കവേ സാധിച്ചു ചെറ്റും വി–
കല്പമില്ലേതും വിവേകമേകും സുഖം
ജനകനുടെ നികടഭുവി കനിവിനൊടു ചെന്നുടൻ
ജാതസന്തോഷം വണങ്ങുവിൻ ബാലരേ!

പഞ്ചതന്ത്രം പഠിച്ചീടും ജനങ്ങൾക്കു
നെഞ്ചകത്തേറ്റം വിവേകമുണ്ടായ്‌വരും
സഞ്ചിതാനന്ദം സമസ്തകൃത്യാകൃത്യ–
സഞ്ചിന്തനത്തിന്നു പാത്രമാകും ദൃഢം.
സരസതരമിതി വചനമരചനുരചെയ്തുടൻ

സോമശർമ്മാഖ്യൻ മഹീസുരാഗ്രേസരൻ
പാടലീപുത്രാധിനാഥന്റെ മക്കൾക്കു
പാടവപ്രൗഢത്വമുണ്ടായി മെല്ലവേ
ദക്ഷിണന്മാരാം കുമാരകന്മാരോടു
ദക്ഷിണ വാങ്ങിഗ്ഗമിച്ചു; സുമംഗലം

## പഞ്ചതന്ത്രം സമാപ്തം[3]

കുദൃഷ്ടം കുപരിജ്ഞാതം കുശ്രുതം കുപരീക്ഷിതം
തന്നരേണ ന കർത്തവ്യം; നാപിതേനേഹ യൽകൃതം

ചക്രേ കഥാസമ്മിതസൂക്തയുക്തം
ശ്രീവിഷ്ണുശർമ്മാനൃപനീതിശാസ്ത്രം

[3] സംസ്കൃതത്തിലുള്ള അപരീക്ഷിതകാരിതം എന്ന പഞ്ചമതന്ത്രത്തി!ൽ പതിനഞ്ചു കഥകൾ അടങ്ങിയിരിക്കുന്നു.